# ആദ്ധ്യാത്മിക ദൈവശാസ്ത്രം

ഡോ. ജെയിംസ് കിളിയനാനിക്കൽ

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, Email: alphits@gmail.com

# ആദ്ധ്യാത്മിക ദൈവശാസ്ത്രം

**Title:** Spiritual Theology
**Published by:** The Director, Alpha Institute, Archdiocese of Tellicherry,
Sandesa Bhavan, Tellicherry, 670 101, Kannur, Kerala
Ph: 0490 - 2344727, 2343707
**Published on:** 2015 April 15 (Easter)

---

**Author :** Rev. Dr. James Kiliyananickal

---

**Office Assistance:** Rev. Sr. Glorista SABS
Mr. Renjith K.C
Mrs. Anitha Vijayan
Mrs. Maneesha Shinoj
Mrs. Jeshitha Vijesh
Miss. Bhavya K
**Language Mentor:** Rev. Fr. Mathew Edamula
**Design & Layout:** Mr. Midhun Thomas
**Printing:** Midas Offset, Kuthuparamba
**Copy Right:** © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher

# ഉള്ളടക്കം

1. ക്രൈസ്തവ ആദ്ധ്യാത്മീയതയ്ക്ക് ഒരാമുഖം ............................................ 5
2. മനുഷ്യാത്മാവിന്റെ ദാനം ................................................................. 15
3. ദൈവസാന്നിധ്യസ്മരണ ................................................................. 23
4. ഇന്ദ്രിയ നിയന്ത്രണവും ആന്തരീകതയുടെ ശക്തിപ്പെടലും .................... 31
5. ആത്മാവിന് കയ്പും വിഷവുമായി പാപം അനുഭവപ്പെടുന്നു................. 46
6. ശുദ്ധീകരണവും സമർപ്പണവും ................................................. 67
7. മനുഷ്യാത്മാവിന്റെ വിലയും മഹത്വവും .................................... 74
8. പുണ്യങ്ങളാൽ ആത്മാവ് അലംകൃതയാകുന്നു .......................................... 81
9. ആത്മാവ് സ്തുതിപ്പിൽ ലയിക്കുന്നു .......................................................... 87
10. ആത്മാവ് വിശുദ്ധിയിലേക്ക് പറന്നുയരുന്നു ........................................... 93
11. ദൈവം ആത്മാവിന്റെ ഏക സ്നേഹവിഷയമായി മാറുന്നു ....................... 108
12. സ്നേഹം കരുണയായി ഔന്നത്യം പ്രാപിക്കുന്നു ..................................... 117
13. സ്നേഹാഭിഷേകത്തിലേയ്ക്ക് ................................................................... 126
14. കുടുംബം: വിശുദ്ധിയുടെ വിളനിലം......................................................... 143

*Published for the use of the students of Alpha Institute of Theology and Science*

01

# ക്രൈസ്തവ ആദ്ധ്യാത്മീയതയ്ക്ക് ഒരു ആമുഖം

ആത്മീയതയെ നിർവചിക്കുക അത്ര എളുപ്പമല്ല. ഓരോമതത്തിനും അതാതിന്റെ ആത്മീയ ദർശനങ്ങളുണ്ട്. ക്രിസ്തീയ കാഴ്ചപ്പാടിൽ ആത്മീയത എന്നത് ഏതെങ്കിലും ഒരാശയത്തെയോ, ആദർശത്തെയോ പിൻതുടരുന്നതു വഴി സംലഭ്യമാകുന്നതല്ല. അത് ഏതെങ്കിലും കുറെ ആചാരാനുഷ്ഠാനങ്ങളിലൂടെ നേടിയെടുക്കാൻ കഴിയുന്നതുമില്ല. വിശ്വാസസത്യങ്ങളുടെ പ്രഖ്യാപനം മൂലമോ നിയമങ്ങളുടെ പാലനത്തിലൂടെയോ സ്വന്തമാക്കാനാവുന്നതുമല്ല ആത്മീയത. അത് ഒരുവ്യക്തി ബന്ധമാണ്. ക്രിസ്തുവാകുന്ന വ്യക്തിയെ കണ്ടുമുട്ടുന്നതിലൂടെയും, അവിടുത്തെ അനുഭവത്തിലൂടെയും മാത്രം സംലബ്ധമാകുന്നതാണ് ക്രിസ്തീയ ആത്മീയത. അത് ക്രിസ്തുവിനെ കണ്ടുമുട്ടുക, ക്രിസ്തുവിനെ അനുഭവിക്കുക, ക്രിസ്തുവിൽ വിശ്വസിക്കുക, ക്രിസ്തുവിനെ അനുധാവനം ചെയ്യുക, ക്രിസ്തുവിനെപ്പോലെ ആയിത്തീ

രുക, ക്രിസ്തുവുമായി ഐക്യപ്പെടുക എന്നീ ഘടകങ്ങൾ ഉൾക്കൊള്ളുന്നതാണ്.

ചരിത്രത്തിന്റെ ഏടുകളിൽ മൺമറഞ്ഞുപോയ ഒരുവ്യക്തിയല്ല ക്രിസ്തു. അവിടുന്ന് ഇന്നും ജീവിക്കുന്നു, അവിടുന്ന് തമ്മിൽ ഒരുവനായിരുന്നു. എന്നാൽ തമ്മിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. ഒരേ സമയം ദൈവവും മനുഷ്യനുമാണ് ക്രിസ്തു. അവൻ മരണവിധേയനായി, എന്നാൽ മരണത്തെ പരാജയപ്പെടുത്തി ഉത്ഥിതനായി. അവൻ പരീക്ഷിക്കപ്പെട്ടു, എന്നാൽ, ഒരിക്കലും പരാജിതനായില്ല. അവൻ സ്വജീവൻ ലോകത്തിന്റെ പാപപരിഹാരാർത്ഥം അർപ്പിച്ചുകൊണ്ട് നമുക്ക് പാപമോചനവും രക്ഷയും നേടിത്തന്നു. ഈ ക്രിസ്തുവിനെ കണ്ടുമുട്ടുകയും അനുഭവിക്കുകയും ചെയ്യാതെ ആത്മീയതയില്ല. ക്രിസ്തീയ ആത്മീയതയുടെ ആന്തരികഭാവങ്ങളിലേക്കുള്ള ക്ഷണമാണ് ഈ ഗ്രന്ഥം നമുക്കുപ്രദാനം ചെയ്യുന്നത്. ആത്മീയതയുടെ ചില അടിസ്ഥാന സവിശേഷതകളെ പരാമർശിക്കുകയാണ് ഈ അദ്ധ്യായത്തിൽ നാം ചെയ്യുന്നത്.

ക്രിസ്തീയ ആത്മീയദർശനത്തിന്റെ അടിസ്ഥാനസത്യങ്ങൾ മനുഷ്യൻ അവന്റെ പരിശ്രമഫലമായി കണ്ടെത്തിയവയല്ല, മറിച്ച് ദൈവം സ്വയം വെളിപ്പെടുത്തിയവയാണ് എന്നത് അതിന്റെ സവിശേഷതയാണ്. മനുഷ്യബുദ്ധിയുടെ കണ്ടെത്തലുകളോ, അതീന്ദ്രിയ ധ്യാനമാർഗ്ഗങ്ങളിലൂടെ ചെന്നെത്തിയ വസ്തുകളോ അല്ല ക്രൈസ്തവ ആത്മീയതയുടെ അടിസ്ഥാനം. പ്രപഞ്ചസൃഷ്ടിമുതൽ അരംഭിച്ചതും ചരിത്രത്തിൽ തുടർന്നുപോന്നതും ദൈവപുത്രനായ ക്രിസ്തുവിലൂടെ പൂർത്തീകരിക്കപ്പെട്ടതുമായ ദൈവികവെളിപാടുകളാണ് ആത്മീയദർശനത്തിന് ആധാരം.

ദൈവത്തിന്റെ ഈ വെളിപ്പെടുത്തൽ ഒന്നാമതായി ദൈവത്തെക്കുറിച്ചുതന്നെയുള്ളതായിരുന്നു. ദൈവം ആരാണെന്ന് മനുഷ്യന് ഗ്രഹിക്കാൻ കഴിഞ്ഞു. ഈ ദൈവദർശനം ആത്മീയദർശനത്തിന്റെ അടിസ്ഥാനശിലയാണ്. ദൈവത്തിന്റെ ഈ സ്വയം വെളിപ്പെടുത്തൽ സ്വയം ദാനം തന്നെയായിരുന്നു. ദൈവത്തെക്കുറിച്ചുള്ള ഏതാനും പ്രബോധനങ്ങളായിരുന്നില്ല, മറിച്ച് അവിടുന്ന് സ്വയം ദാനമായി നല്കിക്കൊണ്ട് ആരാണു താനെന്ന് നമുക്ക് അനുഭവവേദ്യനാക്കിത്തന്നു. ഈ അനുഭവം നുകരുകയാണ് ആത്മീയത. ആത്മീയത എന്നാൽ ക്രിസ്തുവിൽ സ്വയം ദാനമായി നല്കിയ ദൈവത്തെ മനുഷ്യൻ രുചിക്കുന്നതാണ്. ദൈവാനുഭവമാണ് ആത്മീയതയുടെ സാരസത്ത.

രണ്ടാമതായി, മനുഷ്യനെക്കുറിച്ചുള്ള സത്യങ്ങൾ ഉൾക്കൊള്ളു

ന്നതായിരുന്നു ദൈവത്തിന്റെ വെളിപ്പെടുത്തൽ. മനുഷ്യൻ ആരാണ്, അവൻ എവിടെനിന്നു വരുന്നു, അവന്റെ ഭാവിയെന്ത്, അവൻ എങ്ങനെ ജീവിക്കണം എന്നീ ചോദ്യങ്ങളുടെ ഉത്തരം ക്രിസ്തുവിൽ നമുക്കു ലഭിക്കുന്നു. ക്രിസ്തീയ ആത്മീയദർശനത്തിന്റെ അവിഭാജ്യഘടകമാണ് നിയതമായ മനുഷ്യദർശനം.

മൂന്നാമതായി, ദൈവികവെളിപാട് ഈ പ്രപഞ്ചത്തെക്കുറിച്ചും ചില വെളിപ്പെടുത്തലുകൾ ഉൽക്കൊള്ളുന്നതുമാണ്. നാലാമതായി, മനുഷ്യൻ എങ്ങനെ നന്മയിൽ ജീവിതത്തെ പടുത്തുയർത്തണമെന്നും ക്രിസ്തുവിൽ നാം പഠിക്കുന്നു. ഇപ്രകാരം ഒരു പ്രപഞ്ചദർശനവും ജീവിതധാർമിക ദർശനവും ക്രിസ്തീയ ആത്മീയ ദർശനത്തിന്റെ ഭാഗമാണ്. ദൈവമനുഷ്യബന്ധം എങ്ങനെ സാധ്യമാണെന്നും ക്രിസ്തുവിൽ മാനവരാശിക്ക് അറിയാൻ കഴിയുന്നു. ദൈവമനുഷ്യബന്ധത്തെക്കുറിച്ച് അറിയുക എന്നതിലുപരി അത് പൂർണമാംവിധം സാധ്യമായിരിക്കുന്നു എന്നതാണ് ക്രിസ്തീയ ആത്മീയതയുടെ സവിശേഷത. ഈ വിധം, ദൈവത്തെക്കുറിച്ചും, മനുഷ്യനെക്കുറിച്ചും, പ്രപഞ്ചത്തെക്കുറിച്ചും, ധാർമികതയെക്കുറിച്ചുമുള്ള ജ്ഞാനം സിദ്ധിക്കുകയും ദൈവത്തെ ക്രിസ്തുവിൽ അനുഭവിക്കുകയും ചെയ്യുകയാണ് ക്രിസ്തീയ ആത്മീയതയുടെ സവിശേഷമായ പ്രത്യേകത.

ദൈവാനുഭവവും ദൈവൈക്യവും ക്രിസ്തീയദർശനപ്രകാരം ദൈവകൃപയുടെ പ്രവൃത്തിയാണ്. ദൈവം ഒരാത്മാവിൽ നിർവഹിക്കുന്ന കാര്യമാണത്. അല്ലാതെ മനുഷ്യന് സ്വപ്രയത്നത്താൽ മാത്രം നേടിയെടുക്കാൻ കഴിയുന്നതല്ല. ആത്മീയ പൂർണതയ്ക്കായി മനുഷ്യൻ ചെയ്യേണ്ട ദൈവകൃപയോട് സഹകരിക്കുക എന്നതു മാത്രമാണ്. ദൈവകൃപയോടുള്ള സംപൂർണ സമർപ്പണംവഴി, ദൈവം ഹിതമായവ മാത്രം നിർവഹിക്കുക വഴി ആത്മാവിന് കൈവരിക്കാൻ കഴിയുന്ന കാര്യമാണത്. എന്നാൽ, സംപൂർണ സമർപ്പണവും സഹകരണവും കൂടാതെ ആത്മീയ പൂർണത പ്രാപിക്കുക അസാധ്യം എന്ന കാര്യവും പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. ഇപ്രകാരം, ഒരേസമയം ദൈവകൃപയുടെയും മനുഷ്യസഹകരണത്തിന്റെയും ഫലമാണ് ആത്മീയ പൂർണത.

സ്വയം വെളിപ്പെടുത്തുകയും സ്വയം ദാനമായി നല്കുകയും ചെയ്യുന്ന ദൈവത്തെ മനുഷ്യൻ അംഗീകരിച്ച് സ്വീകരിക്കുക എന്നതാണ് വിശ്വാസം. ദൈവം വെളിപ്പെടുത്തി എന്ന അടിസ്ഥാനകാരണത്താലാണ് മനുഷ്യൻ ഇത് അംഗീകരിക്കുന്നത്. സർവ്വ നന്മയും അനന്തസ്നേഹവുമായിരിക്കുന്ന സ്രഷ്ടാവുതന്നെ സ്വയം ദാനമായി

നല്കിയിരിക്കുന്നു എന്നതാണ് അതു സ്വീകരിക്കാനുള്ള നമ്മുടെ കടപ്പാടിന് ആധാരം. ഇതാകട്ടെ നമ്മുടെ രക്ഷയും വിശുദ്ധീകരണത്തിനുമായുള്ള ദൈവികപദ്ധതിയാണ്. വിശ്വാസം എന്നത് വെളിപ്പെടുത്തപ്പെട്ട സത്യങ്ങളെ ബുദ്ധികൊണ്ട് ഗ്രഹിച്ച് സ്വീകരിക്കുക മാത്രമല്ല, അതനുസരിച്ച് ജീവിക്കുക എന്നതുകൂടി ഉൾക്കൊള്ളുന്നു. വിശ്വാസസംഹിതകളെ സ്വീകരിക്കുക എന്നതും നന്മയിൽ ജീവിതം രൂപീകരിക്കുക എന്നതും ഒന്നിച്ചുപോകുമ്പോൾ മാത്രമാണ് യഥാർത്ഥ ക്രൈസ്തവ ആത്മീയത ഉണ്ടാവുന്നുള്ളൂ.

ക്രിസ്തീയ ആത്മീയതയുടെ മൂന്നു നെടുംതൂണുകളാണ് ദൈവികപുണ്യങ്ങളായ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവ. വെളിപ്പെടുത്തപ്പെട്ട സത്യങ്ങളിലേക്കും ദൈവികജ്ഞാനത്തിലേക്കും വിശ്വാസം വഴിയായി ഒരുവൻ പ്രവേശിക്കുന്നു. പ്രത്യാശവഴിയായി ഈ സത്യങ്ങളെ ഒരുവൻ ഉറപ്പായി കാത്തിരിക്കുന്നു. നിത്യസത്യങ്ങളെ ഭാവിയിലേക്കു നോക്കി കാത്തിരിക്കാനും അതിൻപ്രകാരം ഇന്ന് ജീവിതത്തെ പടുത്തുയർത്തുവാനും പ്രത്യാശ സഹായിക്കുന്നു. ഇത് കേവലം "നോക്കിപ്പാർത്തിരിക്കുക" മാത്രമല്ല, ഭാവിയാഥാർത്ഥ്യത്തെ ഇന്ന് അനുഭവവേദ്യമാക്കിത്തീർക്കുക കൂടിചെയ്യുകയാണ്. സ്നേഹമാകട്ടെ ക്രിസ്തീയതയുടെ ജീവിതശൈലിയാണ്. അത് ഒരേസമയം ദൈവത്തിന്റെ നിസ്സീമമായ സ്നേഹം അനുഭവിക്കലും, ദൈവത്തെ സർവ്വസ്വവുമായി സ്നേഹിക്കലും, സഹോദരങ്ങളുമായി ദൈവസ്നേഹം പങ്കുവെയ്ക്കലുമാണ്. ഈ ത്രിവിധസ്നേഹഭാവങ്ങൾ പൂർണതയിൽ യോജിക്കുമ്പോൾ ക്രിസ്തീയ ആത്മീയതയുടെ അന്തഃസത്ത രൂപപ്പെടുകയാണ്. വിശ്വാസത്താൽ സ്വർഗത്തെ ദർശിക്കുകയും പ്രത്യാശയാൽ അതിനെ നോക്കിപ്പാർക്കുകയും ചെയ്യുന്ന നാം ഭൂമിയിൽ അതിനെ അനുഭവിക്കുകയാണ് സ്നേഹം വഴിയായി. വിശ്വാസവും പ്രത്യാശയും സ്വർഗകവാടം വരെ നമ്മെ എത്തിച്ച് പിൻവാങ്ങുമ്പോൾ സ്നേഹം സ്വർഗത്തിൽ നമ്മോടൊപ്പമുണ്ടായിരിക്കും. സ്നേഹം ദൈവത്തിന്റെതന്നെ സ്വഭാവമായിരിക്കയാൽ സ്നേഹം വഴിയല്ലാതെ ആർക്കും ദൈവത്തിൽ വസിക്കാനാവുകയില്ല. ക്രിസ്തീയ ആത്മീയത എന്നാൽ സ്നേഹാനുഭവമാണ്, സ്നേഹത്തിലുള്ള വളർച്ചയാണ്.

ആത്മീയ വളർച്ച എന്നത് മനുഷ്യൻ സ്വയം പൂർണ്ണനായി, സ്വയം പര്യാപ്തതനേടി തനിച്ചു നില്ക്കുന്ന അവസ്ഥയല്ല. അത് ദൈവത്തിൽ സംപൂർണമായി ആശ്രയിക്കുകയും നാം ദൈവത്തിൽ വസിക്കുകയും ദൈവം തമ്മിൽ വസിക്കുകയും ചെയ്യുന്ന സ്ഥിതി വിശേ

ഷമാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകദൈവത്തിന്റെ സ്നേഹൈക്യത്തിൽ മനുഷ്യൻ പങ്കുചേർക്കപ്പെടുകയാണ് ആത്മീയത. ഇത് ദൈവം തമ്മിൽ കുടികൊള്ളുന്നതുവഴിയായി സാധ്യമാകുന്നതാണ്. ഇത് ദൈവകൃപയുടെ മാത്രം പ്രവൃത്തിയാണ്. ''ദൈവം നമ്മിൽ വസിക്കുന്നു, നാം ദൈവത്തിൽ വസിക്കുന്നു'' എന്ന സത്യം ജീവിക്കലാണ് ആത്മീയത.

ദൈവത്തിലുള്ള നമ്മുടെ ജീവിതം യാഥാർത്ഥ്യമാക്കുകയും, ദൈവികസാന്നിധ്യവും ദൈവകൃപയും നമ്മിൽ നിറയ്ക്കുകയും ചെയ്യുന്നത് സഭ വഴിയാണ്. സഭ കൃപയുടെ ചാനലും ദൈവസാന്നിധ്യത്തിന്റെ അടയാളവുമാണ്. തിരുവചനത്തിലൂടെയും, കൂദാശകളിലൂടെയും, വിശിഷ്യ വിശുദ്ധ കുർബാനയിലൂടെയും സഭ ഈ ആത്മീയ സഹവാസം സാധ്യമാക്കിത്തീർക്കുന്നു. സഭ ദൈവകൃപയുടെ വിളമ്പുകാരിയായി നിന്നുകൊണ്ട് ദൈവത്തെ ലോകത്തിന് നല്കുന്നവളായി മാറുന്നു. പരിശുദ്ധാത്മാവ് ഒരേസമയം ദൈവത്തിന്റെ ആത്മാവും സഭയുടെ ആത്മാവുമായി നിലകൊള്ളുകയും നമ്മുടെ ആത്മാവിനോട് ഒന്നുചേർന്ന് ഈ ദൈവൈക്യവും സഹവാസവും സാധ്യമാക്കുകയും ചെയ്യുന്നു. നമ്മുടെ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ നാം ദൈവൈക്യത്തിലായിരിക്കുന്നു. ഇത് സഭവഴിയായിട്ടാണ് ഏറ്റവും പൂർണമായ രീതിയിൽ യാഥാർത്ഥ്യമാകുന്നത്. ആകയാൽ ക്രിസ്തീയ ആത്മീയത അനിവാര്യമായും സഭാത്മകമായിരിക്കണം.

ആത്മീയജീവിതം രക്ഷയുടെ അനുഭവം സ്വന്തമാക്കലാണ് എന്നും മനസ്സിലാക്കാവുന്നതാണ്. രക്ഷയെക്കുറിച്ചുള്ള വിവിധ കാഴ്ചപ്പാടുകളുണ്ട്. രക്ഷയ്ക്ക് പ്രഥമതാ വീണ്ടെടുപ്പിന്റെ തലമുണ്ട്. നിയമത്തിന്റെ പിടിയിൽ നിന്നും, പാപത്തിൽ നിന്നും, ശിക്ഷയിൽ നിന്നും, മരണത്തിൽ നിന്നുമുള്ള വിമോചനമാണ് ഈ വീണ്ടെടുപ്പ്. ഒപ്പം, തിന്മയുടെ ശക്തിയായ സാത്താന്റെ ആധിപത്യത്തിൽനിന്നുള്ള വിടുതലും ഉൾക്കൊള്ളുന്നതാണ് രക്ഷ. ക്രിസ്തുവിന്റെ രക്തം ചിന്തിയുള്ള ബലിയാലാണ് ഈ രക്ഷ കൈവന്നത്. അവിടുത്തെ രക്തം ചിന്തൽ നമുക്ക് പാപമോചനം നേടിത്തന്നു. ''അവിടുത്തെ കൃപയുടെ സമൃദ്ധിക്കൊത്തവിധം നമുക്ക് ക്രിസ്തുവിൽ പാപമോചനവും അവന്റെ രക്തം വഴി രക്ഷയും കൈവന്നിരിക്കുന്നു'' (എഫേ 1:7). ക്രിസ്തുവിന്റെ രക്തം നമുക്കായി നല്കപ്പെട്ട വിലയായിരുന്നു, അത് മോചനദ്രവ്യമായിരുന്നു, ''മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കുവാനും അനേക

രുടെ മോചനദ്രവ്യമായി സ്വജീവൻ നല്കുവാനുമത്രെ'' (മർക്കോ 10:45). വീണ്ടും തിരുവചനം സാക്ഷിക്കുന്നു: ''അവൻ അവിടെ പ്രവേശിച്ച് നിത്യരക്ഷസാധിച്ചത് കോലാടുകളുടെയോ കാളക്കിടാങ്ങളുടെയോ രക്തത്താലല്ല, സ്വന്തം രക്തത്താലത്രെ'' (ഹെബ്രാ 9:12).

ക്രിസ്തു നമ്മുക്കു നല്ക്കുന്ന പാപമോചനം മാത്രമായി രക്ഷയെ ചുരുക്കിക്കാണാനാവില്ല. ദൈവികജ്ഞാനം നിറച്ച് അവിടുന്ന് നമ്മുടെ ബുദ്ധിയെ പ്രകാശിപ്പിച്ചു എന്നതും രക്ഷയുടെ സുപ്രധാനഘടകമാണ്. ദൈവം ആരെന്നും, പ്രപഞ്ചമെന്താണെന്നും ഉള്ള ദൈവിക വെളിപ്പെടുത്തലുകൾ ക്രിസ്തുനല്കി. അങ്ങനെ മനുഷ്യൻ അജ്ഞതയുടെയും പാപത്തിന്റെയും അന്ധകാരത്തിൽനിന്നും മാറ്റപ്പെട്ട് പ്രകാശിതനായിത്തീർന്നു എന്നതും രക്ഷയുടെ സുപ്രധാന തലമാണ്.

ക്രിസ്തുവിൽ നാം നീതീകരിക്കപ്പെട്ടിരിക്കുന്നു എന്നത് രക്ഷയുടെ മറ്റൊരുതലമാണ്. നാം ദൈവതിരുമുമ്പാകെ പാപികളായിരിക്കെ, ക്രിസ്തുപരിഹാരം ചെയ്തുകൊണ്ട് നമ്മെ നീതീകരിച്ചു. രക്ഷയുടെ സമുന്നതമായ മറ്റൊരുതലം നാം ദൈവികരാക്കപ്പെട്ടിരിക്കുന്നു എന്നതാണ്. നാം ദൈവമക്കളായിരിക്കുന്നു, പരിപൂർണരായിരിക്കുന്നു, ദത്തുപുത്രരായിരിക്കുന്നു എന്നിങ്ങനെ ഈ അവസ്ഥയെ മനസ്സിലാക്കാവുന്നതാണ്. ക്രിസ്തീയ ആത്മീയത എന്നാൽ ഈ രക്ഷയുടെ അനുഭവം സ്വന്തമാക്കലാണ്.

ക്രിസ്തീയ ആത്മീയ ദർശനത്തിന്റെ അവിഭാജ്യഘടകം തന്നെയാണ് അതുൾക്കൊള്ളുന്ന മനുഷ്യദർശനം. മനുഷ്യമഹത്വത്തിന് അടിസ്ഥാനമായി പ്രധാനമായും മൂന്ന് കാരണങ്ങളാണ് ക്രിസ്തീയത ഉയർത്തിപ്പിടിക്കുന്നത്. ഒന്നാമത്തെ കാരണം ദൈവം തന്റെ ഛായാസാദൃശ്യങ്ങളിൽ മനുഷ്യനെ സൃഷ്ടിച്ചു എന്നതാണ്. നിത്യത പുല്കാൻ വിളിക്കപ്പെട്ട ആത്മാവ് മനുഷ്യമുണ്ട്. അവൻ സ്വതന്ത്രനായ വ്യക്തിയാണ്. ബുദ്ധിശക്തിയും ഇഛാശക്തിയുമുണ്ട് മനുഷ്യന്. രണ്ടാമത്തെ കാരണമായി എടുത്തുപറയാവുന്നത് ദൈവപുത്രനായ ക്രിസ്തു മനുഷ്യശരീരം സ്വീകരിച്ചുകൊണ്ട് മനുഷ്യത്വത്തെ മഹത്വപ്പെടുത്തി എന്നതാണ്. ക്രിസ്തു നമ്മോട് താദാത്മ്യപ്പെട്ടുകൊണ്ട് നമ്മിൽ ഒരുവനായിത്തീരുക വഴി ദൈവത്തിന്റെ കണ്ണുകളിൽ മനുഷ്യൻ അമൂല്യനാണെന്നു സ്ഥാപിച്ചു. ക്രിസ്തു നമ്മുടെ ആത്മാവിന്റെ മാത്രമല്ല, ശരീരത്തിന്റെയും വീണ്ടെടുപ്പ് സാധിച്ചു. മൂന്നാമതായി, മിശിഹായുടെ ശരീരത്തോടെയുള്ള ഉത്ഥാനം മനുഷ്യമഹത്വത്തെ വിളംബരം ചെയ്യുന്നു. മാനവരാശി മുഴുവന്റെയും ഉത്ഥാനത്തിന്റെ അച്ചാരമാണ്. ക്രിസ്തുവിന്റെ ഉത്ഥാനം. ക്രിസ്തു

വിന്റെ ഉത്ഥാനത്തിലുള്ള പങ്കുചേരലാണ് നമ്മുടെ ഉത്ഥാനം. സ്വർഗത്തിൽ ദൈവസന്നിധിയിൽ മഹത്വീകരിക്കപ്പെടുന്നതാണ് മനുഷ്യശരീരം! ആയതിൻപ്രകാരം, ക്രിസ്തീയ ആത്മീയത മനുഷ്യനെ അവന്റെ പരമോന്നത മഹത്വത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു.

ക്രിസ്തീയ ആത്മീയത ശരീരത്തെ നിഷേധിക്കലല്ല, ദൈവം കാണുന്നതുപോലെ ശരീരത്തെ കാണാനുള്ള കഴിവിലേക്കുള്ള വളർച്ചയാണ്. അതുപോലെ തന്നെ, ഈ ലോകത്തോട് നിഷേധാത്മകമായ ഒരു സമീപനമല്ല ക്രിസ്തീയത പുലർത്തുന്നത്. ലോകം ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതും വചനത്താൽ നിരന്തരം താങ്ങിനിർത്തപ്പെടുന്നതുമാണ്. അത് ദൈവപുത്രന്റെ മനുഷ്യാവതാരത്താൽ സത്യമായിത്തീർന്നതുമാണ്. ഈ ലോകത്തുനിന്ന് ഓടിയൊളിക്കലല്ല, ആദ്ധ്യാത്മികത. പിന്നെയോ, ലോകത്തിൽ ജീവിച്ച് അതിനെ വിശുദ്ധീകരിക്കുകയും, ഈ സൃഷ്ടിപ്രപഞ്ചത്തെപ്രതിയും അതിനോടു ചേർന്നും ദൈവത്തെ മഹത്വപ്പെടുത്തി സ്തുതിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ ആത്മീയത. എന്നാൽ, ലൗകായതികത്വത്തിലേക്ക് നിപതിക്കാനോ, സ്രഷ്ടാവിനെ മറന്ന് സൃഷ്ടിയെ സ്നേഹിക്കാനോ, ലോകത്തെ അന്ത്യമായിക്കണ്ട് ജീവിക്കാനോ പാടുള്ളതല്ല. ദൈവം ആഗ്രഹിക്കുന്ന വിധം മാത്രമായിരിക്കണം മനുഷ്യൻ പ്രപഞ്ചത്തെ നോക്കികാണേണ്ടതും, പ്രപഞ്ചത്തെ ആസ്വദിക്കേണ്ടതും. ശരീരത്തിന്റെ പ്രവണതകളെ തൃപ്തിപ്പെടുത്തിക്കൊണ്ട്, ഇന്ദ്രിയവാസനകൾക്ക് വിധേയരായി, ആത്മീയ വളർച്ച പ്രാപിക്കുവാൻ ആർക്കും കഴിയുകയില്ല. ആത്മീയ ശക്തികൊണ്ട്, ദൈവകൃപയാൽ ജഢികപ്രേരണകളെയും അഹത്തിന്റെ ആശകളെയും നിയന്ത്രിച്ചുവേണം ആത്മീയവിജയം കൈവരിക്കാൻ. കുരിശിന്റെ പാതയല്ലാതെ ആത്മീയവളർച്ചയ്ക്ക് മറ്റൊരു പാതയില്ല എന്നസത്യം ഒരിക്കലും മറക്കാതിരിക്കുക.

ആത്മീയ ആചാര്യന്മാർ പറയുന്നതിൻപ്രകാരം ആത്മീയവളർച്ചയ്ക്ക് പ്രധാനമായും മൂന്ന് ഘടകങ്ങളുണ്ട്. ശുദ്ധീകരണഘട്ടം (stage of purification), പ്രകാശിതഘട്ടം (stage of illumination), ദൈവൈക്യഘട്ടം (stage of unification) എന്നിവയാണ് ഇവ. ഓരോ ഘട്ടത്തിനും അതിന്റേതായ പ്രത്യേകതകളുണ്ട്. ആത്മീയജീവിതത്തിന്റെ പ്രാരംഭഘട്ടമാണ് ശുദ്ധീകരണഘട്ടം. ഈ അവസ്ഥയിലായിരിക്കുന്ന ആത്മാവ് ദൈവസ്നേഹാനുഭവത്തിനായി ദാഹിച്ചുകൊണ്ട് ഉണരുന്നു. ദൈവത്തെ സ്നേഹിക്കുന്നതും വിളിച്ചപേക്ഷിക്കുന്നതും പലപ്പോഴും ഭൗതികആവശ്യങ്ങൾക്കും നേട്ടങ്ങൾക്കും വേണ്ടിയായിരിക്കും. നരകത്തിൽ പോകാതിരിക്കുവാനായി ദൈവത്തെ തേടു

കയായിരിക്കും ചെയ്യുന്നത്. ഈ ഘട്ടത്തിൽത്തന്നെ ആത്മാവ് ദൈവ സ്നേഹാനുഭവത്തിനുതടസ്സമായി തന്നിലുള്ള പാപത്തെയും ആസ ക്തികളെയും കണ്ടെത്തുകയും അവയെ നീക്കികളയാൻ പരിശ്രമി ക്കുകയും ചെയ്തുകൊണ്ടിരിക്കും. കഠിനമായ ആത്മീയ സമര ത്തിന്റെ അനുഭവമായിരിക്കും ഈ ഘട്ടത്തിൽ ഉണ്ടാവുക. പുണ്യ സമ്പാദനം, പ്രാർത്ഥന, വചനവായന ഇവയൊക്കെ ഏറെ ക്ലേശക രമായിരിക്കും. പാപത്തിൽ കൂടെക്കൂടെവീണ് ആത്മാവ് മുറിപ്പെ ടാനും ദൈവകരുത്തലാശ്രയിച്ച് വീണ്ടും എഴുന്നേല്ക്കാനും ഇട യാക്കുന്നു. പാപത്തോടും പാപസുഖങ്ങളോടും പുലർത്തേണ്ട അകൽചയും വെറുപ്പും പൂർണമാകണമെന്നില്ല. ദൈവസാന്നിധ്യ മാധുരി എപ്പോഴും ആസ്വദിക്കാനും ആത്മാവിന് ഈഘട്ടത്തിൽ കഴിയണമെന്നില്ല. സാത്താന്റെ പ്രേരണകൾ ഈ ഘട്ടത്തിൽ മുഖ്യ മായും ലോകമോഹങ്ങൾ ഉണർത്തിയും ജഡികാഭിലാഷങ്ങളെ വളർത്തിയും ആയിരിക്കും കടന്നുവരിക. യേശുവിന്റെ തിരുരക്ത ക്ഷാളനത്താലും, കൃപാവരസഹായത്താലും കൗദാശികജീവിതം വഴിയും ശുദ്ധീകരിക്കപ്പെടുന്ന ഘട്ടമാണിത്.

ആത്മാവ് പ്രകാശിത ഘട്ടത്തിലേക്ക് പ്രവേശിക്കുന്നതോടെ ദൈവസാന്നിധ്യാനുഭവം കൂടുതലായി ആസ്വദിക്കാൻ കഴിയുന്നു. പുണ്യങ്ങൾ നേടിക്കൊണ്ട് ആത്മാവിനെ അലങ്കരിക്കാനും ഈശോയെ പ്രീതിപ്പെടുത്താനും ആത്മാവ് ശ്രമിക്കുന്നു. വിശു ദ്ധിയും സ്വർഗവും ആത്മാവ് ലക്ഷ്യമായി സ്വീകരിക്കുകയാണ് ഈ ഘട്ടത്തിൽ. ആത്മാവിൽ ദൈവസ്തുതിയും നന്ദിയും കുറയും. പ്രാർത്ഥനയും സുകൃതസമ്പാദനവും കൂടുതൽ അനായാസകരവും ആനന്ദകരവുമായി അനുഭവപ്പെടും. ആത്മാവ് ദൈവഹിതം തേടാ നുള്ള ശ്രമത്തിലായിരിക്കും. വരങ്ങളും ആത്മീയാനുഭവവും ആത്മാ വിൽ ദൈവം വർഷിച്ചുകൊണ്ടും തന്റെ സാന്നിധ്യം അനുവദിച്ചു കൊണ്ടും ആത്മാവിനെ ദൈവം പ്രോത്സാഹിപ്പിക്കുകയും ചെയ്യും. പുണ്യസമ്പാദനത്തിൽ അഹങ്കാരം കലർത്തിയും, വലിയപരിഹാ രകൃത്യങ്ങൾ ചെയ്യിപ്പിച്ചും, സാത്താൻ ആത്മാവിനെ വീഴിക്കാൻ ശ്രമിക്കും. വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ ദൈവിക പുണ്യ ങ്ങളുടെ മേഖലയിൽ സംശയങ്ങൾ കൊണ്ടുവന്നും പ്രലോഭനം ഉണ്ടാക്കാം.

ദൈവൈക്യഘട്ടത്തിലേക്ക് പ്രവേശിക്കുന്നതോടുകൂടെ ആത്മാവ് സ്നേഹത്തിൽ ഉറപ്പിക്കപ്പെടുന്നു. ലഘുപാപങ്ങളിൽപോലും വീഴാതെ ദൈവകരം ആത്മാവിനെ താങ്ങുന്നു. അഗാധമായ എളി മയും ശൂന്യവത്കരണവും ആത്മാവ് സ്വായത്തമാക്കുകയും എല്ലാം

ദൈവകൃപയാണെന്ന തിരിച്ചറിവ് ഉണ്ടാവുകയും ചെയ്യുന്നു. സ്വർഗമോ വിശുദ്ധിയോ ലക്ഷ്യമല്ലാതാവുകയും ആത്മാവ് ദൈവത്തെ, ദൈവത്തെപ്രതിമാത്രം തേടുകയും ചെയ്യും. തന്റെ പുണ്യങ്ങളെക്കുറിച്ചോ കഴിവിനെക്കുറിച്ചോ ഒരുചിന്തപോലും ഇല്ലാതായി, ദൈവകരുണയും ദൈവകൃപയും എല്ലാമായി കരുതുകയും ചെയ്യും. ആത്മാവിൽ ദൈവം ദാനങ്ങൾ വർഷിക്കുകയും ദൈവകൃപയുടെ മഹനീയകൃത്യങ്ങൾ ചെയ്യാൻ ആത്മാവിനെ ഉപകരണമാക്കുകയും ചെയ്യും. ആത്മാവ് ആനന്ദപൂർണതയും, സഹനപൂർണതയും സ്നേഹപൂർണതയും ഒരുമിച്ച് ആസ്വദിക്കുന്നു. ആത്മാവ് സ്നേഹമായിത്തീരുന്നു. സ്നേഹം തന്നെയായ ദൈവത്തിലേക്ക് ആത്മാവ് ഐക്യപ്പെടുന്നു. ഈ ഘട്ടത്തിലേക്ക് പ്രവേശിക്കുന്നതിനു മുൻപെന്നോണം ആത്മാവ് ഇരുണ്ടരാത്രിയുടെ അനുഭവങ്ങളിലൂടെ കടന്നുപോയേക്കാം. ദൈവം തന്നെ ഉപേക്ഷിച്ച് മാറിനില്ക്കുന്നതായും സാത്താൻ നേരിട്ട് ആക്രമിക്കാൻ വരുന്നതായും അനുഭവമുണ്ടാകാം. ഇവയൊക്കെയും ദൈവകരുണയിൽ ആത്മാവ് ഉറപ്പിക്കപ്പെടേണ്ടതിനായി ദൈവം അനുവദിക്കുന്നവയത്രേ. എല്ലാം ദൈവകൃപ മാത്രമാണെന്ന് ആത്മാവ് അറിയുകയും ദൈവസ്നേഹത്തിൽ നിറഞ്ഞ് സ്നേഹസ്രോതസ്സുമായി, ഐക്യത്തിലേക്ക് പ്രവേശിക്കുന്നു.

ചുരുക്കത്തിൽ, ആത്മീയത എന്നത് ഒരുപ്രയാണമാണ്, ഒരു തീർത്ഥയാത്രയാണ്. മനുഷ്യാത്മാവ് ദൈവത്തെതേടി നടത്തുന്ന പ്രയാണം. ഒടുവിൽ അത് തന്റെ ആത്മനാഥനെ കണ്ടെത്തി സ്നേഹത്തിൽ സ്വയം സമർപ്പിക്കുന്നു, ദൈവവുമായി സഹവാസമുറപ്പിക്കുന്നു. എന്നാൽ, മറുവശത്ത് ദൈവം മനുഷ്യാത്മാവിനെ തേടിയിറങ്ങുന്നു, അതിനെ കണ്ടെത്തി ശുദ്ധീകരിക്കുന്നു, കൃപനിറച്ച് സ്വന്തമാക്കുന്നു. ഈ വിധം ദൈവത്തെ തേടുന്ന മനുഷ്യനെയും മനുഷ്യനെതേടി ഇറങ്ങുന്ന ദൈവത്തെയും ഒരേ സമയം അവതരിപ്പിക്കുകയാണ് ബൈബിൾ.

കത്തോലിക്കാതിരുസഭയിൽ വൈവിധ്യമാർന്ന ആദ്ധ്യാത്മികതകളുണ്ട്. അവയുടെയെല്ലാം അടിസ്ഥാനം ഒന്നുതന്നെയായിരിക്കെ അവ പലഭാവങ്ങളിലും രൂപങ്ങളിലും പ്രകടിതമായിരിക്കുന്നു. ഓരോ വ്യക്തിക്കും സഭാസമൂഹത്തിനും ഓരോ കാലഘട്ടത്തിൽ ലഭിച്ചിട്ടുള്ള പ്രത്യേക വിളിയും ദൗത്യവും പ്രചോദനവും അനുസരിച്ച് രൂപപ്പെട്ടിട്ടുള്ളവയാണ് അവയൊക്കെയും. സന്ന്യാസ ആദ്ധ്യാത്മികത ആത്മീയ ആദ്ധ്യാത്മികതയിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. സന്ന്യസ്ത ആദ്ധ്യാത്മികതയിൽത്തന്നെ ബഹുവിധങ്ങളായ

രൂപങ്ങളുണ്ട്. ഇഗ്നേഷ്യസ് ലയോളയിൽനിന്നാരംഭിച്ചത് ഒന്ന്, അമ്മ ത്രേസ്യാരൂപംകൊടുത്തത് മറ്റൊന്ന്, ചെറുപുഷ്പത്തിന്റെ ആദ്ധ്യാത്മികശൈലിവേറൊന്ന്, ബനഡിക്റ്റൈയിൻ ശൈലിവേറൊന്ന്. ഇങ്ങനെ ഓരോ വ്യക്തിയുടെയും വിളിയും കാരിസവും ദൗത്യവുമനുസരിച്ച് ആദ്ധ്യാത്മികതയിലും വൈവിധ്യം ഉണ്ടാകാം. എന്നാൽ, അവ തമ്മിൽ വൈരുദ്ധ്യമില്ല. എല്ലാ ക്രിസ്തു കേന്ദ്രീകൃതവും ക്രിസ്തുവിന്റെ വിവിധ ശൈലികളെ പ്രകടിപ്പിക്കുന്നതുമാണ്. ഇവയൊക്കെയും സഭയുടെ ആത്മീയസമ്പന്നതയുടെ പ്രകടനമാണ്. നാം ഇവിടെ പ്രതിപാദിക്കുന്നത് ഏതെങ്കിലും പ്രത്യേക ആദ്ധ്യാത്മികശൈലിയെ കുറിച്ചല്ല, എല്ലാ ആദ്ധ്യാത്മികതയും ഉള്ളിൽ സൂക്ഷിക്കേണ്ട ആത്മീയവളർച്ചയുടെ പടികളെക്കുറിച്ചുമാത്രമാണ്. അതോടൊപ്പം എടുത്തുപറയട്ടെ, ഈ ഗ്രന്ഥം അതിൽത്തന്നെ എല്ലാം ഉൾക്കൊള്ളുന്നതല്ല. ഇനിയും കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ചും ദൈവം നയിക്കുന്നതിനനുസരിച്ചും സഭയിൽ പുതിയ ആദ്ധ്യാത്മികത ഒഴുക്കുകൾ രൂപപ്പെടുക സാധ്യമാണ്. അവയൊക്കെയും ദൈവകൃപയുടെ പ്രവർത്തനശൈലിയായി ഗ്രഹിക്കാവുന്നതാണ്.

# 02

## മനുഷ്യാത്മാവിന്റെ ദാഹം

മനുഷ്യാത്മാവ് ദൈവാത്മാവുമായുള്ള ഐക്യത്തിനായി ദാഹിക്കുന്ന അവസ്ഥയിലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ദൈവത്തെ കൂടാതെ മനുഷ്യാത്മാവിന് സംതൃപ്തിയും സമാശ്വാസവും പ്രാപിക്കുക സാധ്യമല്ല. എല്ലാ മനുഷ്യരിലും ഉത്ക്കടമായ ഈ അന്തർദാഹം നിലനിൽക്കുന്നു. ദൈവസാന്നിധ്യം അനുഭവിക്കാനും ദൈവൈക്യം പ്രാപിക്കാനും ഓരോ ആത്മാവും കൊതിക്കുന്നുണ്ട്. അതാണ് ആത്മാവിന്റെ ദാഹം. മനുഷ്യാത്മാവിന്റെ അസ്തിത്വം തേടുന്നതെന്തോ അതാണ് ദൈവം. സങ്കീർത്തകൻ ഈ കാത്തിരിപ്പ് പ്രകടിപ്പിക്കുന്നു: "ഞാൻ കാത്തിരിക്കുന്നു. എന്റെ ആത്മാവ് കർത്താവിനെ കാത്തിരിക്കുന്നു .... പ്രഭാതത്തിനുവേണ്ടി കാത്തിരിക്കുന്ന കാവൽക്കാരേക്കാൾ ആകാംഷയോടെ ഞാൻ കർത്താവിനെ കാത്തിരിക്കുന്നു" (സങ്കീ. 130:5-6). "സൈന്യങ്ങളുടെ കർത്താവേ അങ്ങയുടെ വാസസ്ഥലം എത്ര മനോഹരം. എന്റെ ആത്മാവ് കർത്താവിന്റെ അങ്കണത്തിലെത്താൻ വാഞ്ചിച്ചു തളരുന്നു" (സങ്കീ. 84:1-2). "നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ ദൈവമേ എന്റെ ഹൃദയം അങ്ങയെ തേടുന്നു. എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു .... എപ്പോഴാണ് എനിക്ക്

ദൈവസന്നിധിയിലെത്തി അവിടുത്തെ കാണാൻ കഴിയുക" (സങ്കീ. 42:1-2). മനുഷ്യാത്മാവിന് ദൈവത്തിനായുള്ള ഈ അന്തർദാഹത്തിന് പ്രധാനമായും നാല് കാരണങ്ങൾ ഉണ്ട്.

1. മനുഷ്യാത്മാവ് ദൈവത്തെ പ്രാപിക്കുക എന്നത് അതിന്റെ ലക്ഷ്യമായി നല്കപ്പെട്ടിരിക്കുന്നു എന്നതാണ് ഒന്നാമത്തെ കാരണം. അത് ദൈവത്തിലേക്ക് തിരിഞ്ഞിരിക്കുന്നു. ലക്ഷ്യപ്രാപ്തിക്കായുള്ള പരിശ്രമങ്ങളാണ് ആത്മാവിന് സംതൃപ്തിദായകം. അല്ലാത്തവയൊക്കെയും ആത്മാവിന് മടുപ്പും വിരസതയും അസംതൃപ്തിയും ഉളവാക്കികൊണ്ടിരിക്കും. കാരണം ഇതാണ് : "അങ്ങയിലാണ് ജീവന്റെ ഉറവ; അങ്ങയുടെ പ്രകാശത്തിലാണ് ഞങ്ങളുടെ പ്രകാശം" (സങ്കീ. 36:9) എന്ന സത്യം ആത്മാവിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു.

2. ദൈവം സ്വന്തംഛായാസാദൃശ്യങ്ങളിൽ മനുഷ്യനെ സൃഷ്ടിച്ചു എന്നതും അനശ്വരമായ ആത്മാവിനെ നല്കി എന്നതും ദൈവൈക്യത്തിനായുള്ള അദമ്യമായ ആഗ്രഹത്തിന് കാരണമായിരിക്കുന്നു. കേലവം മൃഗജീവനാൽ മാത്രമല്ല ദൈവീകജീവൻ തന്നെ നല്കി സവിശേഷമാം വിധമാണ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. തനിക്ക് സ്വന്തം ഛായാസാദൃശ്യങ്ങൾ നല്കിയ ദൈവത്തിലേയ്ക്കും ജീവന്റെ ഉറവിടവും പൂർണതയുമായ ദൈവത്തിലേക്കും നോക്കി ആത്മാവ് വളരുന്നു എന്നതാണ് സ്വാഭാവിക തത്വം.

3. ഈശോ തന്റെ തിരുരക്തത്താൽ വീണ്ടെടുത്തതാണ് ഓരോ ആത്മാവിനെയും. ആത്മാവിന്റെ നാഥനും കർത്താവും ഈശോ തന്നെ. ആകയാൽ ഓരോ മനുഷ്യാത്മാവും കൊതിക്കുന്നത് ഈശോയുടെ സാന്നിധ്യമാണ്. ഈശോയുടെ സ്വന്തമായിത്തീരാനും ഈശോയ്ക്കായി സ്വയംസമർപ്പിതമാകാനും ആത്മാവിൽ ദാഹമുണ്ട്. മനുഷ്യാത്മാവിന്റെ പ്രേരണയും വിളിയും ഈശോയുടെ സ്വന്തമായിത്തീരാനാണ്.

4. പൂർണത ആഗ്രഹിച്ചുകൊണ്ട് പൂർണതയിലേക്ക് വളരാൻ തക്കവിധമാണ് മനുഷ്യാത്മാവ് സൃഷ്ടിതമായിരിക്കുന്നത്. ദൈവത്തിന്റെ പൂർണതയിലേക്ക് നോക്കി വളരാനുള്ള സഹജമായ പ്രേരണ അതിനുണ്ട്. പൂർണ്ണതയ്ക്കുവേണ്ടിയുള്ള ഈ ആഗ്രഹം ദൈവത്തെ പ്രാപിക്കും വരെ ഉണ്ടായിരിക്കും. ആത്മാവ് തേടുന്ന പൂർണത ഈ സൃഷ്ടപ്രപഞ്ചത്തിൽ അതിന് ഒരിക്കലും കണ്ടെത്താൻ കഴി

യുകയില്ല. അപൂർണമായവകൊണ്ടോ, ഭൗമികമായവകൊണ്ടോ ആത്മാവ് സംതൃപ്തമാവുകയില്ല.

പാപത്തിന്റെ സ്വാധീനം മൂലം തളർച്ചയിലും ഇന്ദ്രിയങ്ങളുടെ പ്രേരണകൾക്ക് വിധേയപ്പെട്ടിരിക്കുകയാൽ മയക്കത്തിലും കഴിയുന്ന നമ്മുടെ ആത്മാവ് ഉണർന്നാൽ മാത്രമേ ദൈവാനുഭവത്തിലേക്ക് വളരാനാവുകയുള്ളൂ. ഈശോയുടെ സാന്നിധ്യത്താലാണ് ആത്മാവ് ഉണരേണ്ടത്. ആത്മാവിന്റെ ദിവ്യമണവാളനായ ഈശോയുടെ സാന്നിധ്യവും സാമിപ്യവുമാണ് ആത്മാവിനെ ഉണർത്തുന്നത്. "കർത്താവേ അങ്ങേയ്ക്ക് വേണ്ടിയാണ് ഞാൻ കാത്തിരിക്കുന്നത്; എന്റെ ദൈവവമായ കർത്താവേ അങ്ങാണ് എനിക്ക് ഉത്തരമരുളേണ്ടത്" (സങ്കീ. 38:15).

അഥവാ, ആത്മാവ് സമരിയാക്കാരി സ്ത്രീയെപ്പോലെയാണ്. ദാഹാർത്തയായി അവൾ ചെന്നുനിൽക്കുന്നത് ജീവജലം പ്രദാനം ചെയ്യാൻ കഴിയുന്ന ആത്മാവിന്റെ നാഥന്റെ മുൻപിലാണ്. ആ സത്യം അവരുടെ കണ്ണുകളിൽനിന്ന് മൂടപ്പെട്ടിരിക്കുന്നു എന്നുമാത്രം. ആത്മാവ് ദാഹിക്കുന്നത് കിണറ്റിൽനിന്ന് കോരിയെടുക്കുന്ന ജലത്തിനുവേണ്ടിയല്ല മിശിഹായ്ക്കുവേണ്ടിയാണ് എന്ന് അവളുടെ സംഭാഷണം വ്യക്തമാക്കുന്നു. ഒരു തിരിച്ചറിവു കിട്ടിയപ്പോൾ - വരാനിരിക്കുന്ന മിശിഹാ തന്നെയാണ് തന്റെ മുൻപിൽ നിൽക്കുന്നത് എന്ന തിരിച്ചറിവ് - അവൾ കൊണ്ടുവന്ന കുടം നിറയ്ക്കാനോ, അതിൽനിന്നു കുടിക്കാനോ അവൾക്ക് ആഗ്രഹമില്ലാതായിരിക്കുന്നു. അവളോ ഇത്രയും നാൾ ദാഹശമനത്തിനായി സൂക്ഷിച്ചിരുന്ന ബന്ധങ്ങളൊക്കെയും ഉപേക്ഷിക്കുന്നു. ആത്മാവിനെ പ്രകാശിപ്പിക്കുന്ന തേജസ്വിയെ കണ്ടെത്തിയിരിക്കുന്നു. ആ തിരിച്ചറിവ് ആത്മാവിനെ പ്രമാദിപ്പിക്കുന്നു.

ആത്മാവിന്റെ ദാഹം ഭൗതീക നന്മകൾക്കോ സുഖാസ്വാദനങ്ങൾക്കോ വേണ്ടിയല്ല. ഭൗതീക വസ്തുക്കളും ലൗകീക സ്നേഹങ്ങളും എത്രയധികമായി ലഭിച്ചാലും ആത്മാവ് സംതൃപ്തമാവുകയില്ല. കാരണം ഈശോ തന്നെ വ്യക്തമാക്കുന്നതുപോലെ "ഈ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കും. എന്നാൽ ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല. ഞാൻ നൽകുന്ന ജലം അവനിൽ നിത്യ ജീവനിലേയ്ക്ക്

നിർഗ്ഗളിക്കുന്ന അരുവിയാകും" (യോഹ 4 : 13-14). ഭൗതീക പ്രപഞ്ചം കൊണ്ട് ആത്മാവ് തൃപ്തമാകുമെന്നത് സാത്താൻ വിതച്ച നുണയുടെ കളയാണ്. അത് ജഢത്തിന്റെ പ്രേരണയുമാണ്. ആ കള ബുദ്ധിയിൽ വളരുന്നതുകൊണ്ട് മനുഷ്യൻ സൃഷ്ടപ്രപഞ്ച ത്തിന്റെ പിന്നാലെ ഓടുന്നു. ആത്മാവിന്റെ ദാഹം ശമിപ്പിക്കണമേ എന്ന് അപേക്ഷിക്കേണ്ടത് ജീവജലം നൽകാൻ കഴിവുള്ളവനോടാ ണ്. അത് യേശു മാത്രമാണ്, ഈശോ അരുൾ ചെയ്യുന്നു: "ദൈവ ത്തിന്റെ ദാനമെന്തെന്നും എനിക്ക് കുടിക്കാൻ തരിക എന്ന് നിന്നോ ടാവശ്യപ്പെടുന്നത് ആരെന്നും അറിഞ്ഞിരുന്നെങ്കിൽ, നീ അവനോടു ചോദിക്കുകയും അവൻ നിനക്ക് ജീവജലം തരികയും ചെയ്യുമായി രുന്നു" (യോഹ. 4 : 10). ഈശോ സമരിയാക്കാരി സ്ത്രീയ്ക്ക് മാത്രം നൽകിയ വെളിപ്പെടുത്തലല്ലിത്. അവിടുന്ന് സകല മനു ഷ്യർക്കുമായി നൽകുന്ന ആഹ്വാനമിതുതന്നെ: "ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെയടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് വിശുദ്ധലിഖിതം പ്രസ്താവിക്കുന്നതുപോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും" (യോഹ. 7 : 37-38). ഇതാകട്ടെ സൗജന്യ ദാനവുമാണ് : "ദാഹിക്കു ന്നവന് ജീവജലത്തിന്റെ ഉറവയിൽ നിന്ന് സൗജന്യമായി ഞാൻ കൊടുക്കും" (വെളി. 21 : 6). "ദാഹാർത്തരേ; ജലാശയത്തിലേയ്ക്ക് വരുവിൻ. നിർദ്ധനൻ വന്ന് വാങ്ങിഭക്ഷിക്കട്ടെ. വീഞ്ഞും പാലും സൗജന്യമായി വാങ്ങിക്കൊള്ളുക... കർത്താവിനെ കണ്ടെത്താൻ കഴിയുന്ന ഇപ്പോൾത്തന്നെ അവിടുത്തെ അന്വേഷിക്കുവിൻ; അവി ടുന്ന് അരികെയുള്ളപ്പോൾ അവിടുത്തെ വിളിക്കുവിൻ" (ഏശ 55 : 16).

ആത്മാവ് ദൈവാത്മാവിനായി കൊതിച്ചുകൊണ്ട് ഉണരുക എന്ന താണ് ആത്മീയ ജീവിതത്തിന്റെ ആദ്യപടി. ആന്തരികതയെ ശക്തിപ്പെടുത്തിക്കൊണ്ടു മാത്രമേ ആത്മാവിനെ ഉണർത്താൻ കഴിയൂ.

ഈശോയുടെ സാന്നിധ്യവും സാമിപ്യവും ആത്മാവിന് തിരിച്ച റിയാൻ കഴിയും. ഉറക്കത്തിൽ അടുത്തുവന്ന് നിൽക്കുന്ന അമ്മയുടെ സാന്നിധ്യം അറിയാൻ കുഞ്ഞിന് കഴിയുന്നു. ആത്മാവാകട്ടെ ഉറ ങ്ങുന്നില്ല. അതുകൊണ്ട് സങ്കീർത്തകൻ ഇങ്ങനെ പ്രാർത്ഥിക്കുന്നു: "രാത്രിയിലും എന്റെ അന്തഃരംഗത്തിൽ പ്രബോധനം നിറയുന്നു" (സങ്കീ. 16:7). പാപം മൂലം സ്പന്ദനങ്ങൾ നഷ്ടമായിരിക്കുന്ന അവ സ്ഥയിലായിരിക്കാം ആത്മാവ്. എങ്കിലും ദൈവസാന്നിധ്യം ആത്മാവ് തിരിച്ചറിയും. പിശാചുക്കൾ പോലും ഈശോയുടെ

സാന്നിധ്യം ഏറെ പെട്ടെന്ന് തിരിച്ചറിയുന്നു. മനുഷ്യാത്മാവിനാകട്ടെ ദൈവീക സാന്നിധ്യത്തോട് തുറവിയുള്ള വിധമാണ് സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് ആത്മാവിന് ദൈവസാന്നിധ്യം വേഗം തിരിച്ചറിയാൻ കഴിയുക തന്നെ ചെയ്യും.

ഒരുവിധത്തിൽ പറഞ്ഞാൽ പാതയോരത്തിരുന്ന് ഭിക്ഷാടനം നടത്തുന്ന അന്ധനെപ്പോലെയാണ് ആത്മാവ്. നയനങ്ങൾ തുറന്ന് നാഥനെ കാണാൻ കഴിയാതിരിക്കുമ്പോഴും ഉൾത്തടം അന്വേഷിച്ചുകൊണ്ടിരിക്കും... ആരാണ് കടന്നുപോകുന്നത് എന്ന്. നസ്രായനായ ഈശോ കടന്നുപോകുന്നു എന്നുകേട്ടാൽ ഹൃദയം തുടിക്കുകയായി. പിന്നെ അതു നിലവിളിക്കാൻ തുടങ്ങും: "കർത്താവേ ദാവീദിന്റെ പുത്രാ, എന്റെമേൽ കരുണയായിരിക്കണേ." ആരെല്ലാം എതിർത്താലും അത് തന്റെ നിലവിളി നിർത്തുന്നില്ല. ജനക്കൂട്ടത്തിന്റെ ആരവത്തെ മറികടക്കാൻ മാത്രം ശബ്ദമുയർത്തുന്നത്. ഈശോയെ പിടിച്ചുനിർത്താൻ കഴിയുന്ന നിലവിളിയായി അതു മാറും. ഉടനെ ആത്മാവിന്റെ കാതുകളിൽ നാഥന്റെ സ്വരം ഇങ്ങനെ കേൾക്കും: "ധൈര്യമായിരിക്കുക, എഴുന്നേൽക്കുക, ഈശോ നിന്നെ വിളിക്കുന്നു." ആ ദിവ്യസ്വരം കേൾക്കേണ്ട താമസം ആത്മാവ് ഉപേക്ഷിക്കേണ്ടവയൊക്കെയും ദൂരെയെറിഞ്ഞ് കുതിച്ചുചാടി യേശുവിന്റെ പക്കലേക്ക് ഓടിയെത്തുകയായി. പാപത്തിനിഴചേർത്ത് നെയ്തെടുത്ത അതിന്റെ പുറങ്കുപ്പായം ഉപേക്ഷിക്കുകയായി. അവ എന്നേക്കുമായി വലിച്ചെറിയുകയായി. "മുകളിൽനിന്ന് പതിക്കുന്ന കല്ലിന് കേന്ദ്രത്തെ സമീപിക്കുന്തോറും ഗതിവേഗത വർധിക്കുന്നതുപോലെയാണ് ദൈവത്തിന്റെ പക്കലേക്ക് പ്രയാണം ചെയ്യുന്ന ആത്മാവിന്റെ കാര്യവും." (കുരിശിന്റെ വിശുദ്ധ യോഹന്നാൻ). ദൈവസാന്നിധ്യത്തിനായി കൊതിച്ച് കുതിക്കുന്ന ആത്മാവിന്റെ അവസ്ഥയാണിത്. ആ ദിവ്യസാന്നിധ്യത്തിൽ എത്തിച്ചേരാൻ മാത്രമാണ് ആത്മാവിന് ദാഹം. പിന്നെയോ, കാഴ്ച വീണ്ടുകിട്ടണം. പാപത്താൽ നഷ്ടമായ കാഴ്ചവീണ്ടുകിട്ടണം, തിരുമുഖം കാണണം, അതുമാത്രമായി അതിന്റെ ഏക ആഗ്രഹം. ലോകം കാണാനുള്ള ആഗ്രഹം തീരെ ഇല്ലാത്തതിനാൽ ആത്മാവ് നാഥനെ പിൻപറ്റുകയായി. അവിടുത്തോട് ചേർന്ന്, അവിടുത്തെ മഹത്വപ്പെടുത്തി, അവിടുത്തേക്ക് സ്തുതികളർപ്പിച്ച്, കാഴ്ച നൽകിയവന് ജീവിതം കാഴ്ചയായി നൽകി ആത്മാവ് യാത്ര തുടരുന്നു.

ഈശോയുടെ സ്വരം ആത്മാവ് തിരിച്ചറിയുകയും ഉണരുകയും ചെയ്യുന്നു. ഈശോയുടെ വചനത്തിന്റെ മാധുര്യം നുകരാൻ

കാതോർത്തിരിക്കുകയാണ് മനുഷ്യാത്മാവ്. വിദേശത്ത് നിന്ന് ഫോണിൽ വിളിക്കുന്ന പ്രിയപ്പെട്ടവന്റെ സ്വരം കേൾക്കുമ്പോൾ ജീവിതപങ്കാളിയുടെ ഹൃദയത്തിൽ സ്നേഹം ഉണരുന്നതുപോലെ, അഥവാ, അമ്മയുടെ വിളികേട്ട് കുഞ്ഞിന്റെ ഹൃദയത്തിൽ ആനന്ദം തിരതല്ലുന്നതുപോലെയൊക്കെയാണ് ഈശോയുടെ വാക്കു കേൾക്കുമ്പോൾ മനുഷ്യാത്മാവിൽ ഉണർവുണ്ടാകുക. "പ്രഭാതം തോറും അവിടുന്ന് എന്റെ കാതുകളെ ശിഷ്യനെ എന്നതുപോലെ ഉണർത്തുന്നു. ദൈവവമായ കർത്താവ് എന്റെ കാതുകൾ തുറന്നു" (ഏശ.50:4–5). ഈശോയുടെ ദർശനം ആത്മാവിൽ ആനന്ദത്തിന്റെ വേലിയേറ്റം തന്നെ സൃഷ്ടിക്കുന്നു. വിദേശ വാസം കഴിഞ്ഞ് മട ങ്ങിയെത്തുന്ന ഭർത്താവിനെ കാണാൻ വിമാനത്താവളത്തിൽ പോയി കാത്തുനിൽക്കുന്ന ഭാര്യയുടെ കണ്ണുകളിൽ നിറയുന്നത് ആ രൂപം മാത്രമായിരിക്കും. മറ്റൊന്നും ശ്രദ്ധിക്കാനവൾക്ക് ആഗ്ര ഹമില്ല. ഇതുപോലെ ആത്മാവ് കാണാൻ കൊതിക്കുന്ന ആ രൂപം ഈശോയുടെ തിരുമുഖമാണ്. ആ ദർശനത്താൽ മാത്രമേ ആത്മാവ് ഉണരുകയുള്ളൂ, സൗഭാഗ്യവതിയാവുകയുള്ളു, ആനന്ദപൂരിതയാ വുകയുള്ളൂ. ഈശോയുടെ സ്പർശനം ആത്മാവിൽ അമൃതധാര യായി അനുഭവിക്കും. ആത്മാവിൽ നിന്ന് ഇത് അടങ്ങാത്ത ദാഹവും പ്രാർത്ഥനയുമായി ഉയരുന്നു: "കർത്താവേ അങ്ങയുടെ മുഖം ഞാൻ തേടുന്നു എന്ന് എന്റെ ഹൃദയം അങ്ങയോട് മന്ത്രിക്കുന്നു. അങ്ങ യുടെ മുഖം എന്നിൽ നിന്ന് മറച്ചുവയ്ക്കരുതേ" (സങ്കീ. 27:8). "ഞാൻ അങ്ങയുടെ നേർക്ക് കരങ്ങൾ വിരിക്കുന്നു. ഉണങ്ങിവരണ്ട നിലം പോലെ എന്റെ ഹൃദയം അങ്ങേയ്ക്കായി ദാഹിക്കുന്നു. .... എന്നിൽ നിന്ന് മുഖം മറയ്ക്കരുതേ" (സങ്കീ. 143: 6–7). ഒരുവിധത്തിൽ പറ ഞ്ഞാൽ താബോറനുഭവം എന്നാൽ ഇതുതന്നെ. ഇത് രുചിച്ചറി യാൻ തുടങ്ങുമ്പോൾ തന്നെ ആത്മാവ് ഇങ്ങനെകൊതിക്കും: "നാം ഇവിടെയായിരിക്കുന്നത് നല്ലതാണ്" (മത്താ. 17:4). "കർത്താവേ അങ്ങു വസിക്കുന്ന ആലയവും അങ്ങയുടെ മഹത്വത്തിന്റെ ഇരിപ്പി ടവും എനിക്ക് പ്രിയങ്കരമാണ്" (സങ്കീ. 26:8) എന്ന് ആത്മാവ് അനു ഭവിച്ചു തുടങ്ങുന്നു.

"അവിടുന്ന് ആത്മാവിനെ ഉത്തേജിപ്പിച്ച് കണ്ണുകളെ പ്രകാശി പ്പിക്കുന്നു" (പ്രഭാ. 34:20) എന്നാണല്ലോ തിരുവചനം പറയുന്നത്. ആത്മാവിന്റെ നയനങ്ങൾ തുറന്ന് ഈശോയിലേക്ക് നോക്കാനും, ഈശോയെ മാത്രം നോക്കാനും, കാതുകൾ തുറന്ന് അവിടുത്തെ സ്വരം കേൾക്കാനും, അവിടുത്തെ സ്വരം മാത്രം കേൾക്കാനും, അവി

ടുത്തെ സ്പർശനം അനുഭവിക്കാനും വേണ്ടിയാണ് ഈശോ ആത്മാവിന് തന്റെ സാന്നിധ്യം അനുവദിക്കുന്നത്. അങ്ങനെ ആത്മാവ് ഉണരുകയും ഈശോയെ അനുഭവിക്കുകയും ചെയ്യുന്നു. ആന്തരികത ഉണരുന്നു. ആത്മാവ് ഉണർന്ന് ഈശോയെ അനുഭവിച്ച് തുടങ്ങുന്നതോടെ ആത്മാവ് ഈശോയോടുള്ള സംഭാഷണത്തിൽ മുഴുകുന്നു. ആത്മാവിന്റെ ഭാഷകൾ രൂപപ്പെട്ടു തുടങ്ങും. അതോടെ ഹൃദയത്തിൽ ആനന്ദം നിറയാൻ തുടങ്ങുകയായി. അതാണ് സൗഖ്യം, അഭിഷേകം എന്നൊക്കെ പറയുന്നതിന്റെ പ്രാരംഭ ഘട്ടം. പ്രാർത്ഥിക്കാൻ പുതിയ ഉണർവ് കിട്ടുന്നു; വചനം വായിക്കാൻ അഭിഷേകമായി, വിശ്വസിക്കാൻ എളുപ്പമായി, ആത്മാവിതാ ഉണർന്നുകഴിഞ്ഞു. "അങ്ങയുടെ വചനത്തെപ്പറ്റി ധ്യാനിക്കാൻ വേണ്ടി രാത്രിയുടെ യാമങ്ങളിൽ ഞാൻ ഉണർന്നിരിക്കുന്നു" (സങ്കീ. 199:148).

ഈശോ ഒരാത്മാവിനെ ഉണർത്തുന്നത് അവിടുത്തെ സ്നേഹത്താലാണ്. ഭയത്താലോ, കുറ്റബോധം നിറച്ചോ, കോപത്താലോ ഒന്നുമല്ല. സ്നേഹം ചൊരിഞ്ഞും സ്നേഹം നിറച്ചും കൊണ്ട് ദൈവം ആത്മാവിനെ ഉണർത്തുന്നു. "മനുഷ്യാത്മാവ് ഉണരേണ്ടത് അസ്ഥിരമായ സ്നേഹത്താലല്ല, സ്ഥിരവും ശാശ്വതവുമായ സ്നേഹത്താലത്രെ. അസ്ഥിരമായ സ്നേഹം സ്ഥലകാല വസ്തുതക്കനുസൃതമായി ഉത്ഭവിക്കുന്നു. അത് വൈകാരികമാണ്. അത് ആത്മാവിനെ പതനത്തിലേക്ക് നയിക്കുന്നു. സ്ഥിരമായ സ്നേഹം ദൈവിക സ്നേഹം തന്നെ. അതാണ് മനുഷ്യാത്മാവിനെ ഉണർത്തേണ്ടത്" (തിയറിയിലെ വില്യം). ആത്മാവ് ഈശോയുടെ സ്നേഹം അറിയുകയും അനുഭവിക്കുകയും ചെയ്യാൻ കഴിയുംവിധമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഇല്ലായ്മയിൽനിന്നും അസ്തിത്വത്തിന്റെ ഉള്ളായ്മയിലേക്ക് വിളിച്ച ദൈവത്തിന്റെ സ്നേഹം ആത്മാവ് അറിയുന്നു. സൃഷ്ടപ്രപഞ്ചത്തിലെ വസ്തുലോകവും വ്യക്തിലോകവും നൽകിക്കൊണ്ട് അനുഗ്രഹിക്കുന്ന ദൈവത്തിന്റെ സ്നേഹം ആത്മാവ് കണ്ടുമുട്ടുന്നു. തുടർന്ന് പുത്രനിലൂടെ സ്വയം ദാനമായി നൽകുകയും സ്വയം വെളിപ്പെടുത്തുകയും ചെയ്ത ദൈവത്തിന്റെ സ്നേഹം ആത്മാവ് മനസ്സിലാക്കുന്നു. കുരിശിൽ സ്വയം ദാനമായി നൽകി സ്നേഹത്തിന്റെ പൂർണതയിൽ നമുക്കുവേണ്ടി പാപപരിഹാരബലിയും രക്ഷയുമായിത്തീർന്ന സ്നേഹം, സ്വർഗം നമുക്ക് അവകാശമായിത്തന്ന സ്നേഹം ആത്മാവ് ദർശിക്കുന്നു. നമ്മുടെ കാര്യത്തിൽ ഏറ്റവും ശ്രദ്ധയുള്ളവനും ഉറപ്പുള്ള സ്നേഹിതനുമാ

യിരിക്കുന്ന ദൈവത്തെ ആത്മാവ് തിരിച്ചറിയുന്നു. മരണത്തിന്റെ താഴ്വരയിലൂടെ നടക്കേണ്ടിവന്നാലും കൂടെനടക്കുന്ന ദൈവത്തിന്റെ സ്നേഹം ആത്മാവ് അറിയുന്നു. അവിടുന്ന് തന്റെ നൊമ്പരമെല്ലാം കാണുന്നവനാണ്, നിലവിളി കേൾക്കുന്നവനാണ്, പ്രാർത്ഥനയ്ക്ക് ഉത്തരം അരുളുന്നവനാണ് സൗഖ്യവും സമാധാനവും നൽകുന്നവനാണ് എന്നിങ്ങനെ ആത്മാവ് ദൈവത്തിന്റെ സ്നേഹത്തിന്റെ വ്യത്യസ്ത ഭാവങ്ങൾ ഗ്രഹിക്കുന്നു. തന്റെ അയോഗ്യതയും പാപവും പരിഗണിക്കാതെ തന്നെ സ്നേഹിച്ചു സ്വന്തമാക്കുന്നു എന്നതാണ് ആ സ്നേഹത്തിന്റെ ഏറ്റവും വലിയ സവിശേഷത എന്നും ആത്മാവ് അറിയുന്നു. താൻ അകന്നു പോകുമ്പോഴും അകലാത്തവനായി, താൻ അവിശ്വസ്തനായിരിക്കുമ്പോഴും വിശ്വസ്തനായി, താൻ ദ്രോഹിക്കുമ്പോഴും മാറാത്ത സ്നേഹമായി, താൻ നിഷേധിക്കുമ്പോഴും തന്നെ നിഷേധിക്കാതെയും ഉപേക്ഷിക്കാതെയും കരുതുന്ന സ്നേഹമാണ് ദൈവത്തിന്റെ സ്നേഹമെന്ന് ആത്മാവ് അറിയുന്നു. ദൈവം സ്നേഹിക്കുന്നു എന്നതിലുപരി ദൈവം സ്നേഹമാണ് എന്ന സത്യത്തിലേക്ക് ആത്മാവ് ഉയരുന്നു. സ്നേഹത്തിന്റെ ഏക ഉറവിടവും ശക്തിസ്ത്രോതസ്സും ദൈവം മാത്രമായിരിക്കുന്നു എന്ന് ആത്മാവിൽ ജ്ഞാനം ലഭിക്കുന്നു. ഈ സ്നേഹാനുഭവമാണ് ആത്മീയ അനുഭവം, ക്രിസ്തീയ ആധ്യാത്മികതയുടെ അടിസ്ഥാനം.

ഈശോ ആത്മവിനെ ഉണർത്തുന്നത് അതിനെ അവിടുത്തെ സ്വന്തമാക്കിത്തീർക്കാനാണ്. സ്നേഹം മാത്രമാണ് സ്വന്തമാക്കാൻ കഴിയുന്ന ശക്തി.

ആത്മാവ് ഈ വേള ഈശോയുടെ സാന്നിധ്യം അനുഭവിച്ചു തുടങ്ങുന്നു. ഇതിനായി നമ്മുടെ ഭാഗത്തുനിന്നും നാം അനുവർത്തിക്കേണ്ടത് ദൈവസാന്നിധ്യ സ്മരണ - ഈശോയുടെ സാന്നിധ്യ സ്മരണ - പുലർത്തുക എന്നതാണ്. ദൈവസാന്നിധ്യം തിരിച്ചറിയാൻ ആത്മാവ് ബാഹ്യഇന്ദ്രിയങ്ങളെ നിയന്ത്രിച്ച് ആന്തരികതയിൽ ഉണരേണ്ടിയിരിക്കുന്നു.

03

## ദൈവസാന്നിധ്യസ്മരണ

ദൈവസ്നേഹസാന്നിധ്യത്തിൽ ഉണർന്ന മനുഷ്യാത്മാവ് ആ സാന്നിധ്യാനുഭവം സദാ ഹൃദയത്തിൽ അമൂല്യനിധിയായി കാത്തുസൂക്ഷിക്കുന്നു.. മാനുഷികമായ സ്നേഹത്താൽ ആകർഷിക്കപ്പെടുന്നവർ സ്നേഹിക്കുന്നവരെപ്പറ്റി സദാ ചിന്തിച്ചുകൊണ്ടിരിക്കും. അവരുടെ സ്തുതികൾ പാടിപ്പുകഴ്ത്തികൊണ്ടിരിക്കും. സ്നേഹം പ്രകടിപ്പിക്കാനുള്ള അവസരം അവർ പാഴാക്കുകയില്ല. എങ്ങനെയും ബന്ധം പുലർത്താൻ ശ്രമിക്കും. കത്തുകൾ, ഫോണുകൾ, ഇ-മെയിൽ സന്ദേശങ്ങൾ, ചാറ്റിംഗ് ഇങ്ങനെ ഏവം വിധം ബന്ധം പുലർത്തും. ഇതുപോലെതന്നെയാണ് ആത്മാവിന്റെ കാര്യവും. ഈശോയുടെ സാന്നിധ്യത്താൽ ഉണർന്ന മനുഷ്യാത്മാവിന് അവിടുത്തെ സ്നേഹം തേടാതിരിക്കാനാവില്ല. അതിനുള്ള എല്ലാ മാർഗ്ഗങ്ങളും അന്വേഷിക്കും. ഈശോയെക്കുറിച്ച് ചിന്തിക്കാതിരിക്കാനോ ഈശോയുമായി സംസാരിക്കാതിരിക്കാനോ കഴിയുകയില്ല. ഈശോയുടെ നാമം ഉരുവിട്ടുകൊണ്ടും അവിടുത്തെ മഹനീയ ചെയ്തികൾ മനസ്സിൽ മനനം ചെയ്തുകൊണ്ടും ആത്മാവ് ഈശോയുടെ സാന്നിധ്യാനുഭവത്തിൽ വളരുകതന്നെ ചെയ്യും.

ഇപ്രകാരം വളരുന്ന ഒരാത്മാവ് "ദൈവവുമായി നിരന്തരം സംഭാഷണത്തിൽ ഏർപ്പെട്ടിരിക്കുന്നതിനേക്കാൾ മധുരോദാരവും ആനന്ദകരവുമായ ഒരു ജീവിത രീതി ഈ ലോകത്തിൽ മറ്റൊന്നില്ല" എന്ന സത്യം ഗ്രഹിക്കും എന്ന് ബ്രദർ ലോറൻസ് ഉറപ്പിച്ചുപറയുന്നു. അദ്ദേഹം ഇങ്ങനെ എഴുതുന്നു. "ഞാനൊരു പ്രഘോഷകനായിരുന്നെങ്കിൽ ദൈവസാന്നിധ്യ പരിശീലനമൊഴികെ മറ്റൊന്നും ഞാൻ ഉപദേശിക്കുകയില്ലായിരുന്നു. ഞാൻ നേതൃസ്ഥാനത്തായിരുന്നെങ്കിൽ ഞാനത് എല്ലാവർക്കും ശുപാർശ ചെയ്യുമായിരുന്നു".

ദൈവസാന്നിധ്യ മാധുരി അല്പമെങ്കിലും നുകർന്ന ആത്മാവ് കർതൃസന്നിധി എത്രയധികമായി ആഗ്രഹിക്കാതിരിക്കയില്ല ! കർതൃസന്നിധി അതിന് ഏറ്റം സുരക്ഷിതവും ആനന്ദദാകയവുമായ ഇരിപ്പിടമായി അത് അനുഭവിക്കുന്നു. "എന്റെ രാജാവും ദൈവവുമായ സൈന്യങ്ങളുടെ കർത്താവേ, കുരികിൽ പക്ഷി ഒരു സങ്കേതവും മീവൽപക്ഷി കുഞ്ഞിന് ഒരു കൂടും അങ്ങയുടെ ബലിപീഠത്തിങ്കൽ കണ്ടെത്തുന്നുവല്ലോ. എന്നേയ്ക്കും അങ്ങയെ സ്തുതിച്ചുകൊണ്ട് അങ്ങയുടെ ഭവനത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ" (സങ്കീ. 84:3). ഈ ലോകത്തിലെ ഏറ്റവും ആനന്ദദായകമായ രക്ഷാസങ്കേതം ദൈവസന്നിധിതന്നെയെന്ന് തിരിച്ചറിഞ്ഞ് അതു മാത്രം കാംഷിക്കുന്നു. "അന്യസ്ഥലത്ത് ആയിരം ദിവസത്തേക്കാൾ ദൈവത്തിന്റെ അങ്കണത്തിൽ ഒരു ദിവസം ആയിരിക്കുന്നത് കൂടുതൽ അഭികാമ്യമാണ്. ദുഷ്ടതയുടെ കൂടാരങ്ങളിൽ വാഴുന്നതിനേക്കാൾ ദൈവത്തിന്റെ ആലയത്തിൽ വാതിൽ കാവൽക്കാരനാകാനാണ് ഞാൻ ആഗ്രഹിക്കുന്നത് (സങ്കീ. 84:10) എന്നും ആത്മാവ് പറഞ്ഞു തുടങ്ങും.

ദൈവസാന്നിധ്യാനുഭവത്തിൽ ആയിരിക്കുന്ന ആത്മാവ് അത് ഏറ്റം വിലയുള്ളതായി ഗണിക്കുന്നു. ദൈവം അത്തരമൊരാത്മാവിന്റെ ഹൃദയഗതങ്ങൾ സാധിച്ചുകൊടുക്കുന്നു. "സർവ്വ ശക്തൻ നിനക്ക് സ്വർണ്ണവും വിലപിടിച്ച വെള്ളിയും ആകുമെങ്കിൽ നീ സർവ്വശക്തനിൽ ആനന്ദിക്കുകയും ദൈവത്തിന്റെ നേരെ മുഖമുയർത്തുകയും ചെയ്യും. നീ അവിടുത്തോടു പ്രാർത്ഥിക്കുകയും അവിടുന്ന് ശ്രവിക്കുകയും ചെയ്യും. നിന്റെ നേർച്ചകൾ നീ നിറവേറ്റും. നീ തീരുമാനിക്കുന്ന കാര്യം നിനക്ക് സാധിച്ചുകിട്ടും. നിന്റെ പാതകൾ പ്രകാശിതമാകും" (ജോബ് 22 : 25-28).

യഥാർത്ഥത്തിൽ ദൈവസാന്നിധ്യാനുഭവം എന്നത് സ്വർഗ്ഗീയാനുഭവം തന്നെ. ഇത് എത്രയധികം ആനന്ദകരമാണെന്ന് നാം അനുഭവിച്ചിരുന്നെങ്കിൽ അത് നഷ്ടമാകാൻ നാം ഒരിക്കലും ഇടം കൊടുക്കുകയില്ലായിരുന്നു. ദൈവസാന്നിധ്യാനുഭവം നഷ്ടമായ ഒരാത്മാ

വിന്റെ നൊമ്പരം തന്നെയത്രേ നരകം ! ദൈവസാന്നിധ്യം രുചിച്ച റിഞ്ഞ ഒരാത്മാവിന്റെ ഏറ്റം വലിയ സഹനം എന്നത് ഏതെങ്കിലും ഒരു ലഘുവായ പാപം ചെയ്യാനിടയാകുക എന്നതാണ് എന്ന് ബ്രദർ ലോറൻസ് പറഞ്ഞു തരുന്നു. തന്റേതു മാത്രമായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്ന ഒരാത്മാവ് ദൈവത്തെ കൂടാതെ ആനന്ദം അനുഭവിച്ച് ജീവിക്കാമെന്ന് കരുതുന്നത് വൈരുധ്യം തന്നെ. ഇതാണ് നരകത്തിന്റെ വൈരുധ്യം !. "ഒരേ സമയം ശരീരത്തിന്റെ സ്വാഭാവിക ജീവിതത്തിലും ആത്മാവിന്റെ ദൈവിക ജീവിതത്തിലും ആയിരിക്കുന്നതുകൊണ്ടും ഇവ പരസ്പരം പൊരുത്തമില്ലാത്തതായതിനാലും ആത്മാവ് അനുഭവിക്കുന്ന വൈരുദ്ധ്യാത്മകമായ അസ്തിത്വഞെരുക്കമുണ്ട്. ഇതാണ് ആത്മാവിന്റെ നൊമ്പരം" (കുരിശിന്റെ വിശുദ്ധ യോഹന്നാൻ). ദൈവസാന്നിധ്യാനുഭവം നഷ്ടമാകുന്നത് ആത്മാവിന് പ്രാണവായു നഷ്ടമാകുന്നതുപോലെതന്നെ. മത്സ്യം കരയിൽ എന്നപോലെയാണ് ദൈവസാന്നിധ്യാനുഭവം നഷ്ടമായ ആത്മാവിന്റെ അവസ്ഥ.

ആത്മാവിന്റെ ആനന്ദവിഷയം ദൈവസാന്നിധ്യം തന്നെ. അവിടുത്തെ മാത്രം നോക്കിയിരിക്കാൻ ആത്മാവ് തത്രപ്പെടും : "ദൈവമായ കർത്താവിന് ഞങ്ങളുടെ മേൽ കരുണ തോന്നുവോളം ഞങ്ങളുടെ കണ്ണുകൾ അവിടുത്തെ നോക്കിയിരിക്കുന്നു" (സങ്കീ. 123:2). "അവിടുത്തെ കല്പനകളാണ് എന്റെ ആനന്ദമെന്നും" (സങ്കീ.119/24) "വലിയകൊള്ള മുതൽ ലഭിച്ചവനെപ്പോലെ ആത്മാവ് ദൈവവചനത്തിൽ ആനന്ദിക്കുന്നു" (സങ്കീ. 119:162) എന്നുമുള്ള അവസ്ഥ ആത്മാവ് അനുഭവിച്ചറിയുന്നു. ആത്മാവ് തിരിച്ചറിയുന്ന സത്യമുണ്ട്: "കർത്താവിന്റെ സന്നിധിയിൽ ആനന്ദത്തിന്റെ പൂർണതയുണ്ട്. അവിടുത്തെ വലതുകൈയിൽ ശാശ്വതമായ സന്തോഷമുണ്ട്" എന്ന സത്യം (സങ്കീ. 16:11).

ദൈവസാന്നിധ്യസ്മരണ ദൈവത്തിന്റെ പ്രകാശത്തിലേക്കും തേജസ്സിലേയ്ക്കും നമ്മുടെ ബുദ്ധിശക്തിയേയും അവിടുത്തെ സ്നേഹത്തിലേയ്ക്ക് നമ്മുടെ ഹൃദയത്തേയും പാപകരമായ ചായ്‌വുകളിൽ നിന്ന് വിശുദ്ധിയിലേക്ക് നമ്മുടെ ഇന്ദ്രിയങ്ങളെയും അജ്ഞതയിൽനിന്ന് ദൈവിക ജ്ഞാനത്തിലേക്ക് നമ്മുടെ ഇച്ഛാശക്തിയെയും തിരിച്ചുവിടുന്നു.

ദൈവസാന്നിധ്യം ഉളവാക്കുന്ന ഫലമിതാണ്: "അവിടുത്തെ നോക്കിയവർ പ്രകാശിതരായി" (സങ്കീ. 34:5). ആത്മാവ് ദൈവസാന്നിധ്യത്താൽ പ്രകാശിതമാകുന്നു. ദൈവത്തിന്റെ മുഖദർശനം ആത്മാവിന്റെ ഏക അഭിവാഞ്ഛയായി മാറുന്നു. സങ്കീർത്തകനോടൊപ്പം അത് പറഞ്ഞു തുടങ്ങും: "നീതി നിമിത്തം ഞാൻ അങ്ങ

യുടെ മുഖം ദർശിക്കും, ഉണരുമ്പോൾ ഞാൻ അങ്ങയുടെ രൂപം കണ്ട് തൃപ്തിയടയും" (സങ്കീ. 12:15).

ദൈവസാന്നിധ്യസ്മരണ പുലർത്താൻ നാലുവിധ ധ്യാനങ്ങളാണ് വി. ഫ്രാൻസിസ് സാലസ് ഉപദേശിച്ചുനൽകുന്നത്.

1. എല്ലായിടത്തും സന്നിഹിതനായിരിക്കുന്ന ദൈവത്തിന്റെ സാന്നിധ്യത്തെക്കുറിച്ചുള്ള അവബോധം സൂക്ഷിക്കുക.

2. ദൈവം നാം ആയിരിക്കുന്ന സ്ഥലത്തുമാത്രമല്ല, വളരെ പ്രത്യേകമായി നമ്മുടെ ഹൃദയത്തിലും ആത്മാവിന്റെ ആഴങ്ങളിലും സന്നിഹിതനാണ് എന്ന സത്യം ധ്യാനിക്കുക.

3. ഈശോ എല്ലാ മനുഷ്യരെയും പ്രത്യേകമായി ക്രിസ്ത്യാനികളെയും അതിലുപരിയായി പ്രാർത്ഥനയിലായിരിക്കുന്നവരെയും അവരുടെ പ്രവർത്തനങ്ങളെയും സദാ വീക്ഷിച്ചുകൊണ്ടിരിക്കന്നു. ഈശോയുടെ കൺമുൻപിലാണ് നാം ജീവിക്കുന്നതും ചരിക്കുന്നതും എന്ന അവബോധം കാത്തുസൂക്ഷിക്കുക.

4. നമ്മുടെ അടുത്ത് ദിവ്യനാഥൻ സന്നിഹിതനായിരിക്കുന്നത് അവിടുത്തെ മനുഷ്യരൂപം ഭാവനയിൽ ദർശിച്ചുകൊണ്ട് സ്മരണ പുലർത്തുക.

ദൈവം ആത്മാവിൽ സന്നിഹിതനായിരിക്കുന്നത് മൂന്നുവിധത്തിലാണെന്ന് കുരിശിന്റെ വിശുദ്ധ യോഹന്നാൻ.

1. സത്താത്മകമായ സാന്നിധ്യം : നീതിമാന്മാരിലും വിശുദ്ധരിലും മാത്രമല്ല, പാപികളിലും എല്ലാവരിലും സകല സൃഷ്ടവസ്തുക്കളിലും ജീവനും അസ്തിത്വവും നൽകിക്കൊണ്ട് സന്നിഹിതനായിരിക്കുന്നു.

2. പ്രസാദവരത്താലുള്ള സാന്നിധ്യം : പ്രീതിയോടും സംതൃപ്തിയോടും കൂടി ദൈവം ആത്മാവിൽ വസിക്കുന്ന സാന്നിധ്യം. മാരകപാപത്താൽ ഇത് നഷ്ടമാകുന്നു.

3. ആദ്ധ്യാത്മിക സൗഹൃദം മൂലമുള്ള സാന്നിധ്യം : ദൈവം തന്റെ സവിശേഷ സാന്നിധ്യം നൽകി ഭക്താത്മാക്കളെ അനുഗ്രഹിക്കുന്ന രീതിയാണിത്. ഇതിന് വിവിധ തലങ്ങളും വിവിധ മാർഗങ്ങളുമുണ്ട്. ഓരോ ആത്മാവിനും വിശേഷമാംവിധം ദൈവം ഇതനുവദിക്കുന്നു.

ഇതുകൂടാതെ, ഈശോ കത്തോലിക്കരായവർക്ക് ആത്മാവിൽ വിശേഷവിധിയായി നൽകുന്ന സാന്നിധ്യമാണ് കൗദാശിക സാന്നിധ്യം. ഇത് കൂദാശകളുടെ സ്വീകരണം വഴി സംലബ്ധമാകുന്നതാണ്.

ഈശോയുടെ കൂടെ നടക്കുന്നവർക്ക് പല കാര്യങ്ങളും സ്വകാര്യമായി അവിടുന്ന് വെളിപ്പെടുത്തിക്കൊടുക്കും; അപ്പസ്തോലന്മാരെ

അടുത്തുവിളിച്ച് ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ വ്യാഖ്യാനിച്ചു കൊടുത്തതുപോലെ. ഹൃദയം ഹൃദയത്തോട് ഐക്യപ്പെടുമ്പോൾ ഹൃദയരഹസ്യങ്ങൾ പങ്കുവെച്ച് നൽകും. ഇത് വലിയൊരു ഭാഗ്യം തന്നെ."നിന്നെ പേരുചൊല്ലി വിളിക്കുന്ന ഇസ്രായേലിന്റെ കർത്താവായ ദൈവം ഞാനാണെന്ന് നീ അറിയേണ്ടതിന് അന്ധകാരത്തിലെ നിധികളും രഹസ്യധനശേഖരവും ഞാൻ നിനക്കു തരും" (ഏശ 45 : 3). ദൈവികജ്ഞാനത്തിന്റെയും സ്വർഗീയരഹസ്യങ്ങളുടെയും അമൂല്യനിധി വെളിപ്പെട്ടുകിട്ടിയവരാണ് വിശുദ്ധാത്മാക്കൾ.

ദൈവസാന്നിധ്യം ആനന്ദമായി ആത്മാവിൽ നിറയുമ്പോൾ ആത്മാവ് ഇങ്ങനെ മന്ത്രിക്കും : "കർത്താവ് എത്രയോ നല്ലവനാണെന്ന് രുചിച്ചറിയുവിൻ" (സങ്കീ. 34:8). കർത്താവിന്റെ സാന്നിധ്യം കൂടുതൽ കൂടുതലായി അത് ആഗ്രഹിച്ചു തുടങ്ങും. ആ ആഗ്രഹം ഈ വിധം പ്രാർത്ഥനയായി ഉയരും: "ഒരു കാര്യം ഞാൻ കർത്താവിനോടപേക്ഷിക്കുന്നു. ഒരു കാര്യം മാത്രം ഞാൻ തേടുന്നു. കർത്താവിന്റെ മാധുര്യം ആസ്വദിക്കാനും കർത്താവിന്റെ ആലയത്തിൽ അവിടുത്തെ ഹിതം ആരായാനും വേണ്ടി ജീവിതകാലം മുഴുവനും അവിടുത്തെ ആലയത്തിൽ വസിക്കാൻ തന്നെ" (സങ്കീ. 27:4).

"ആത്മാവിന്റെ മനസ്സായ രസനേന്ദ്രിയം ദൈവസ്നേഹമാകുന്ന ആഹാരം രുചിച്ചും ആസ്വദിച്ചും തുടങ്ങിയിരിക്കയാൽ അത് ഏതു കാര്യത്തിൽ ഏർപ്പെട്ടാലും അവയിലെല്ലാം ഹൃദയ നാഥനെ അന്വേഷിക്കാനും അവിടുത്തെ ആസ്വദിക്കാനുമത്രേ അതിന്റെ വ്യഗ്രത. മറ്റു താത്പര്യങ്ങളും പരിഗണനകളുമൊന്നും അതിന് ആകർഷകമല്ല തന്നെ" (കുരിശിന്റെ വി. യോഹന്നാൻ).

ഏതുഘട്ടം വരെ ദൈവസാന്നിധ്യസ്മരണാപരിശീലനം തുടരണം എന്നുചോദിച്ചാൽ, "മരണം വരെ" എന്ന് ഉത്തരം. വ്യക്തമായി പറഞ്ഞാൽ "ദൈവത്തിന്റേതല്ലാതെ തനിക്ക് സ്വന്തമായി ഹിതങ്ങൾ ഇല്ലാതായിത്തീരും വരെ" എന്ന് ബ്രദർ ലോറൻസ് ഉത്തരം നൽകുന്നു.

ദൈവസാന്നിധ്യസ്മരണ പരിശീലിക്കുമ്പോൾ ചിലപ്പോഴെല്ലാം ബുദ്ധി സംശയത്തിന്റെ മേഖലയിലൂടെ കടന്നുപോകാനിടയുണ്ട്. ദൈവസാന്നിധ്യസ്മരണ കേവലം മിഥ്യയാണെന്ന തോന്നലുണ്ടാകാം. ഇത് വിഡ്ഢിത്തമാണെന്ന ചിന്ത ഉദിക്കാം. അതുമല്ലെങ്കിൽ പരിശീലനത്തിനിടെയുണ്ടാകുന്ന വീഴ്ചകളും പ്രലോഭനങ്ങളും നിരാശ ജനിപ്പിച്ചേക്കാം. അപ്പോഴൊക്കെ വിശ്വാസത്തിന്റെ കൈത്തിരിവെട്ടത്തിൽ സ്നേഹം രുചിച്ചറിഞ്ഞ് പ്രത്യാശ കൈവിടാതെ മുന്നേറണം.

ദൈവത്തോടു കൂടെയായിരിക്കുന്നതിന് എല്ലായ്പ്പോഴും ദേവാലയത്തിൽത്തന്നെ ആയിരിക്കേണ്ടതില്ല. പ്രാർത്ഥനയ്ക്കായി ജീവിതം മാറ്റിവച്ചിട്ടുള്ള സന്യാസികൾ മാത്രം പരിശീലിക്കേണ്ട ഒന്നല്ലിത്. ഏത് ജീവിതാവസ്ഥയിലുള്ളവരായിരുന്നാലും ഏത് ജോലി ചെയ്യുന്നവരായിരുന്നാലും എപ്പോഴും ദൈവസാന്നിധ്യസ്മരണ പുലർത്തേണ്ടതുണ്ട്. പ്രാർത്ഥനയുടെ ഏതാനും മണിക്കൂറുകൾമാത്രം പുലർത്തേണ്ടതുമല്ല ദൈവസാന്നിധ്യസ്മരണ. സദാ സമയവും ഒരുനിമിഷം പോലും വിടവില്ലാതെ ആത്മാവ് അനുഭവിക്കേണ്ട സത്യമാണ് ദൈവസാന്നിധ്യം. അതിനായി നാം പുലർത്തേണ്ട കാര്യമിതാണ്. നാം തന്നെ ദൈവത്തിന്റെ ആലയമാണെന്ന ബോധ്യം വളർത്തുക. ആ ദേവാലയത്തിൽ ഹൃദയമാകുന്ന സക്രാരിയിൽ ഈശോ എഴുന്നള്ളി വസിക്കുന്നു എന്നത് അനുഭവിച്ചു തുടങ്ങുക. എപ്പോഴും ഈശോയെ അനുസ്മരിക്കുക, അവിടുത്തെ കൂടെക്കൂടെ ആരാധിക്കുക, അവിടുത്തോട് കൃപ യാചിക്കുക, വേദനയും സങ്കടവും അദ്ധ്വാനഭാരവും പങ്കുവയ്ക്കുക, സമർപ്പിക്കുക, കിട്ടിയ അനുഗ്രഹങ്ങൾക്ക് നന്ദിപറയുക, അവിടുന്നിൽ ആശ്വാസം തേടുക, വിജയവും സന്തോഷവും സമർപ്പിക്കുക, ഇങ്ങനെയുള്ള അഭ്യസനരീതികൾ ശീലിച്ചെടുത്തുകൊണ്ട് എപ്പോഴും കൂടെയായിരിക്കുന്ന ഈശോയുമായി ബന്ധം പുലർത്താവുന്നതാണ്. യാത്രയിലായിരിക്കുമ്പോഴും വിശ്രമിക്കുമ്പോഴും കളിക്കുമ്പോഴും സുഹൃത്തുക്കളുമായി ഇടപെടുമ്പോഴുമെല്ലാം ഹൃദയം ഹൃദയത്തോട് സംഭാഷിച്ചുകൊണ്ടിരിക്കും. ദൈവസാന്നിധ്യം അനുഭവിച്ചറിയുന്ന ആത്മാവിന് ഒരിക്കലും ഏകാന്തത അനുഭവപ്പെടുകയില്ല.

ഈശോയിൽ ഹൃദയം ഉറപ്പിക്കുക എന്നതാണ് ദൈവസാന്നിധ്യസ്മരണയുടെ കാതൽ. ദൈവസാന്നിധ്യം അനുഭവിക്കുന്ന ഒരാത്മാവിന് ഇങ്ങനെ പറയാനാകും. "ഞാൻ വിശ്വസിക്കുന്നു, എന്നാൽ ഞാൻ വിശ്വസിക്കുകയല്ല, കാണുകയാണ്!". ദൈവത്തെ മുഖാമുഖം എപ്പോഴും കൺമുൻപിൽ കണ്ടുകൊണ്ടിരിക്കുന്ന ഹൃദയം രൂപപ്പെടുത്തുകയാണ് ഈ പരിശീലനത്തിന്റെ ഫലം.

ദൈവസാന്നിധ്യസ്മരണയിൽ നിലനിൽക്കാനാഗ്രഹിക്കുന്ന ആത്മാവ് വ്യത്യസ്തങ്ങളായ അനുഭവങ്ങളിലൂടെ കടന്നുപോകാനിടയാവും. ചിലപ്പോൾ അത് ഈശോയെ കാണാൻ കൊതിച്ച സക്കേവൂസിനെ പോലെ മരക്കൊമ്പത്ത് കയറിയിരുന്ന് വീക്ഷിക്കാനാഗ്രഹിക്കും. മറ്റുചിലപ്പോൾ അത് പാദാന്തികത്തിനരികെ ഇരുന്ന് വചനം കേട്ട മറിയത്തെപ്പോലെ ഇരിക്കും, ഇനിയും ചിലപ്പോൾ പശ്ചാത്താപ വിവശമായ ഹൃദയത്തോടെ ആത്മാവിലേറ്റ മുറിവു

കളേ ഓർത്ത് കരഞ്ഞ് വിലപിച്ച് ദിവ്യനാഥന്റെ പാദത്തിങ്കൽ കണ്ണീർ തൂകിക്കൊണ്ടിരിക്കും. മറ്റൊരവസരത്തിൽ, കുഷ്ഠരോഗിയെപ്പോലെ സാഷ്ടാംഗം പ്രണമിച്ച് മുറിവുകളിൽ തൊടണമേ എന്ന യാചനയുമായിക്കഴിയും. വേറേ ചിലപ്പോൾ, തുഴഞ്ഞ് തളർന്ന് അവശരായ ശിഷ്യർ വിളിച്ചുണർത്തിയതുപോലെ, ഈശോയുടെ സാന്നിധ്യത്തിനും രക്ഷയ്ക്കുമായി വിളിച്ചുണർത്തുന്നതിനും തുനിയും, ഇനിയും മറ്റുചിലപ്പോൾ ഓശാനയുടെ ഘോഷയാത്രയിൽ നമ്മുടെ ആത്മാവും അവിടുത്തെ പിൻപറ്റുന്ന അനുഭവം ഉണ്ടാകാം. അതുമല്ലെങ്കിൽ ചിലപ്പോൾ അവിടുത്തെ വക്ഷസിൽ ആത്മാവ് ചാരിക്കിടന്ന് ഹൃദയവ്യഥകൾ പങ്കിടും, മറ്റു ചിലപ്പോൾ ആത്മാവിലേക്ക് നോട്ടമയച്ചുകൊണ്ട് പത്രോസിനോടെന്നപോല അനുതാപത്തിന് ക്ഷണം തരുന്നത് ദർശിക്കാൻ അവസരമാകും, ചിലപ്പോഴെല്ലാം ആത്മാവ് കാൽവരിയിലെ നിലവിളി കേൾക്കാൻ കുരിശിൻ ചുവട്ടിൽത്തന്നെ നിൽക്കേണ്ട ദിനവും വരാം. ഇതെല്ലാം ഓരോ ആത്മാവിനും വ്യത്യസ്തങ്ങളായ വിധത്തിൽ അനുഭവവേദ്യമാകുന്നു. അനുഭവങ്ങൾ വ്യത്യസ്തങ്ങളായിരിക്കുമ്പോഴും ഈശോ ഒരാൾ തന്നെ എന്ന തിരിച്ചറിവ് "അത് കർത്താവാണ്" എന്ന് തിരിച്ചറിയാൻ ഈശോ സ്നേഹിച്ചിരുന്ന ശിഷ്യന് അന്ന് എന്നപോലെ അവിടുത്തെ സ്നേഹിക്കുന്ന ആത്മാവിന് ഇന്നും കാഴ്ച തെളിയും.

ദൈവസാന്നിധ്യം അനുഭവിച്ചറിയുന്ന ആത്മാവ് അതുമാത്രം ഹൃദയത്തിൽ സൂക്ഷിച്ച് ധീരമായി ഇങ്ങനെ തീരുമാനിക്കുന്നു. "ഞാൻ ദൈവത്തിന്റെ ബലിപീഠത്തിങ്കലേക്ക് ചെല്ലും. എന്റെ പരമാനന്ദമായ ദൈവത്തിങ്കലേയ്ക്ക് തന്നെ" (സങ്കീ. 43:4). "കർത്താവിന്റെ ആലയത്തിൽ ഞാൻ എന്നേക്കും വസിക്കും" (സങ്കീ. 23:6). കാരണം "അങ്ങയുടെ സാന്നിധ്യത്തിന്റെ സന്തോഷം കൊണ്ട് അവനെ ആനന്ദിപ്പിച്ചു" (സങ്കീ 21:6) എന്ന സത്യം ആത്മാവ് അനുഭവിക്കുന്നു. ദൈവസാന്നിധ്യം അമൂല്യനിധിയായി അനുഭവിച്ച ആത്മാവ് ലോകത്തോട് മുഴുവനുമായി ഇങ്ങനെ വിളിച്ചുപറയും "നിരന്തരം അവിടുത്തെ സാന്നിധ്യം തേടുവിൻ" (സങ്കീ. 105:4).

ദൈവസാന്നിധ്യാനുഭവത്താൽ ആത്മാവ് ധീരതകൈവരിക്കുന്നു. അത് ആത്മാവിന് ബലമേകുന്നു. ആത്മാവ് അതിൽ അഭിമാനം കൊള്ളുന്നു: "കർത്താവ് എപ്പോഴും എന്റെ കൺമുമ്പിലുണ്ട്. അവിടുന്ന് എന്റെ വലതുഭാഗത്തുള്ളതുകൊണ്ട് ഞാൻ കുലുങ്ങുകയില്ല. അതിനാൽ എന്റെ ഹൃദയം സന്തോഷിക്കുകയും അന്തരംഗം ആനന്ദം കൊള്ളുകയും ചെയ്യുന്നു. എന്റെ ശരീരം സുരക്ഷിതമായി വിശ്രമിക്കുന്നു" (സങ്കീ. 16:8). അത്തരം ഒരാത്മാവിന് ഇങ്ങനെ പറയാൻ കഴിയും "ഞാൻ ശാന്തമായി കിടന്നുറങ്ങുന്നു; ഉണർന്നെഴു

ന്നേല്ക്കുന്നു. എന്തെന്നാൽ ഞാൻ കർത്താവിന്റെ കരങ്ങളിലാണ്" (സങ്കീ. 3:5), മുൻപിലും പിൻപിലും അവിടുന്ന് എനിക്ക് കാവൽനില്ക്കുന്നു" (സങ്കീ. 139:5).

ദൈവസാന്നിധ്യസ്മരണ സഹനങ്ങളെ തൃണവൽഗണിക്കാനും പ്രലോഭനങ്ങളെ അതിജീവിക്കാനും നമ്മെ സഹായിക്കുന്നു. സ്നേഹം സഹനത്തെ മധുരിതമാക്കുന്നു. സ്നേഹസമ്പന്നനായ ദൈവമാണ് അവഹേളനത്തിന്റെയും ദു:ഖത്തിന്റെയും വേദനകളുടെയും അനുഭവങ്ങളിൽ നമ്മെ വഴിനടത്തുന്നതെന്നും അവിടുത്തെ തൃക്കരങ്ങളിലാണ് നമ്മുടെ കാര്യങ്ങളുടെ കർതൃത്വമെന്നും ബോധ്യപ്പെടുകയും ആ ദൈവം എപ്പോഴും നമ്മുടെ കൂടെയുണ്ട് എന്നനുഭവിക്കുകയും ചെയ്യുമ്പോൾ ആത്മാവ് സമാശ്വസിക്കും. ഈശോയുടെ സാന്നിധ്യമനുഭവിച്ച് സ്നേഹത്തിൽ വളരുന്ന ആത്മാവിന് സഹനവും സമാശ്വാസവും ഒരുപോലെ ആയിരിക്കും. പ്രലോഭനങ്ങൾ വിശ്വസ്തത തെളിയിക്കാനുള്ള അവസരങ്ങളായിത്തീരുകയും ധീരതയോടെ വിജയം വരിക്കുകയും ചെയ്യും. ദൈവസാന്നിധ്യത്തിൽ ഉണർന്ന ആത്മാവ് ഒരിക്കലും ഏകാന്തത അനുഭവിക്കുകയില്ല. ഞാൻ തനിച്ചാണ്, എന്നെ ആരും ഗൗനിക്കുന്നില്ല, എന്നിത്യാദിചിന്തകൾ ഉയരുന്നെങ്കിൽ ദൈവസാന്നിധ്യ അനുഭവത്തിൽ വേണ്ടത്ര പരിശീലനം ലഭിക്കാത്തതാണ് കാരണം. അത്തരം ഒരാത്മാവിന് ആത്മീയ വളർച്ച അസാധ്യം തന്നെ.

ദൈവസാന്നിധ്യാനുഭവം ആത്മാവിന് സൗഖ്യം പ്രദാനം ചെയ്യും. ഭയത്തിൽ നിന്നും നിരാശയിൽ നിന്നും അപകർഷതയിൽ നിന്നും ആന്തരികമുറിവുകളിൽ നിന്നും നമുക്ക് മോചനവും സൗഖ്യവും നൽകുന്നു.

ദൈവസാന്നിധ്യവും ജീവിതവിശുദ്ധിയും അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. അശുദ്ധിയിൽ ദൈവസാന്നിധ്യം ഉണ്ടാവുകയില്ല. ആത്മാവിന്റെ നോട്ടം എപ്പോഴും ദൈവത്തിങ്കലേക്കായിരിക്കണം. ഉൾക്കണ്ണുകൊണ്ട് ദൈവത്തെ ദർശിക്കുക, ഹൃദയം കൊണ്ട് ദൈവത്തെ സ്നേഹിക്കുക, ആത്മാവിൽ ദൈവത്തോട് സംഭാഷിക്കുക, ബാഹ്യപ്രവർത്തനങ്ങളൊക്കെയും ദൈവത്തിലും ദൈവത്തോടുകൂടെയും നിർവ്വഹിക്കുക - ഇതുതന്നെ ദൈവാസാന്നിധ്യാനുഭവത്തിനുള്ള വഴി. മനസിനെ ദൈവത്തോട് ഒട്ടിച്ചേർത്ത് സൂക്ഷിക്കാൻ സുകൃതജപങ്ങൾ പരിശീലിക്കുന്നത് ഏറെ സഹായകമാണ്. ആദരവോടെ യേശുനാമം ഉച്ചരിക്കുമ്പോൾ ഹൃദയം നിർമ്മലവും മൃദുലവുമായിത്തീരും. യേശുസാന്നിധ്യം അനുഭവിക്കാനിടയാവുകയും ചെയ്യും.

# 04

## ഇന്ദ്രിയങ്ങളുടെ നിയന്ത്രണവും ആന്തരീകതയുടെ ശക്തിപ്പെടലും

'ഇന്ദ്രിയ നിഗ്രഹം' എന്നതുകൊണ്ട് ഇന്ദ്രിയങ്ങളെയും വികാരങ്ങളെയും അടിച്ച മർത്തുക, നിഗ്രഹിക്കുക എന്നല്ല പ്രത്യുത അവയെ ബുദ്ധിക്കും ഇച്ഛാശക്തിക്കും കീഴിലാക്കുകയും നിയന്ത്രണ വിധേയമാക്കുകയും ചെയ്യുക എന്നാണ് അർത്ഥമാക്കുന്നത്. ശാരീരിക ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുകയും അടയ്ക്കുകയും ചെയ്താൽ മാത്രമേ ആന്തരികത ഉണരുകയുള്ളൂ. ഇതിനായി സ്വയം നിഗ്രഹം പാലിക്കുക അത്യന്താപേക്ഷിതമാണ്.

സ്വയം നിഗ്രഹം പ്രധാനമായും രണ്ടു കാര്യങ്ങൾ അടങ്ങിയതാണ്; ത്യാഗവും, സ്വയം പരിത്യാഗവും. സൃഷ്ടപ്രപഞ്ചത്തോടും പ്രപഞ്ചത്തിലെ വസ്തു ലോകത്തോടുമുള്ള ആസക്തി ഉപേക്ഷിക്കലാണ് ത്യാഗം. ശിഷ്യത്വം ത്യാഗം ആവശ്യപ്പെടുന്നു. ലൂക്കാ 14 : 33–ൽ നാം വായി

ക്കുന്നു. "തനിക്കുള്ളതെല്ലാം ഉപേക്ഷിക്കാതെ ആർക്കും എന്റെ ശിഷ്യനായിരിക്കുവാൻ സാധ്യമല്ല". സ്വയം പരിത്യാഗമാകട്ടെ നമ്മുടെ ശരീരത്തിന്റെ പ്രവണതകളെ നിയന്ത്രണ വിധേയമാക്കുന്നതിൽ അടങ്ങിയിരിക്കുന്നു. "സ്വയം പരിത്യജിച്ച് സ്വന്തം കുരിശുമെടുത്ത്" തന്നെ അനുഗമിക്കാൻ ഈശോ ആഹ്വാനം ചെയ്യുന്നു. (ലൂക്കാ : 9:23)

കൊളോ : 3:5 ൽ "നിങ്ങളിൽ ഭൗമികമായിട്ടുള്ളതെല്ലാം അസന്മാർഗികത, അശുദ്ധി, മനഃക്ഷോഭം, ദുർവിചാരങ്ങൾ, വിഗ്രഹാരാധന തന്നെയായ ദ്രവ്യാസക്തി ഇവയെല്ലാം നശിപ്പിക്കുവിൻ" എന്നും റോമാ: 8:13 ൽ "ശരീരത്തിന്റെ പ്രവണതകളെ ആത്മാവിനാൽ നിഹനിക്കുന്നുവെങ്കിൽ നിങ്ങൾ ജീവിക്കും" എന്നും ഗലാ : 5:24 ൽ "യേശുക്രിസ്തുവിനുള്ളവർ തങ്ങളുടെ ജഡത്തെ അതിന്റെ വികാരങ്ങളോടും മോഹങ്ങളോടും കൂടെ ക്രൂശിച്ചിരിക്കുന്നു" എന്നും ശ്ലീഹാ ഉപദേശിക്കുന്നു.

വീണ്ടും അപ്പസ്തോലൻ നമ്മെ ഓർമിപ്പിക്കുന്നു: "മറ്റുള്ളവരോട് സുവിശേഷം പ്രസംഗിച്ച ഞാൻ തന്നെ തിരസ്കൃതനാകാതിരിക്കുന്നതിന് ഞാൻ എന്റെ ശരീരത്തെ കർശനമായി നിയന്ത്രിച്ച് കീഴടക്കുന്നു" (1 കൊറി. 9:27). അതിനാൽത്തന്നെ "ശരീരത്തിൽനിന്ന് അകന്നിരിക്കാനും കർത്താവിനോട് അടുത്തിരിക്കാനും ഞങ്ങൾ ആഗ്രഹിക്കുന്നു" (2 കൊറി. 5:8).

തികച്ചും കാർക്കശ്യത്തോടെ ഈശോ നമ്മെ ഉപദേശിക്കുന്നു: "നിന്റെ കൈയ്യോ കാലോ നിനക്ക് പാപഹേതുവാകുന്നുവെങ്കിൽ അത് വെട്ടി എറിഞ്ഞു കളയുക ...... നിന്റെ കണ്ണ് നിനക്ക് ദുഷ്പ്രേരണയ്ക്ക് കാരണമാകുന്നെങ്കിൽ അത് ചുഴന്നെടുത്ത് എറിഞ്ഞ് കളയുക" മത്താ : 18:8.

സ്വയം നിഗ്രഹം പാലിക്കുന്നത് ചെയ്തുപോയ തെറ്റുകളെ പരിഹരിക്കാനും അവ ആവർത്തിക്കാതിരിക്കാനും സഹായിക്കുന്നു. നമ്മുടെ ഇച്ഛാശക്തി വർദ്ധിക്കുന്നു. പാപങ്ങളെയും തഴക്കദോഷങ്ങളെയും ഉപേക്ഷിക്കാനും അവ നൽകുന്ന സുഖം വേണ്ട എന്നുവയ്ക്കുവാനും ശക്തി കിട്ടുന്നു. നമ്മുടെ ഉപരി വിശുദ്ധീകരണത്തിനും, പുണ്യങ്ങളിൽ വളരുന്നതിനും ഇത് ഏറെ സഹായകവുമാണ്; സഹനങ്ങളും കുരിശുകളുമുണ്ടാകുമ്പോൾ അഭിമുഖീകരിക്കാൻ ശക്തികിട്ടുന്നു.

ക്രിസ്ത്വാനുകരണം ഇങ്ങനെ പഠിപ്പിക്കുന്നു; "നിന്നോടു തന്നെ എത്രത്തോളം ബലം നീ പ്രയോഗിക്കുന്നുവോ അത്രത്തോളം ആത്മീയ പുരോഗതി നിനക്കുണ്ടാകും". എല്ലാറ്റിലുമുപരി ഈശോ

യുടെ സാന്നിധ്യം അനുഭവിക്കാനും ഈശോയെ കേൾക്കാനും അവിടുന്നിൽ ആനന്ദിക്കാനും സ്വയം നിഗ്രഹം സഹായിക്കും. ഈശോയിൽ ഹൃദയം ഉറപ്പിക്കുകയാണ് സ്വയം നിഗ്രഹത്തിന്റെ ലക്ഷ്യം.

നമ്മുടെ ദുഷ്പ്രേരണകളെയും മാനസിക വ്യാപാരങ്ങളെയും നമ്മുടെ ബുദ്ധിക്കും ബുദ്ധിയെ ഇച്ഛാശക്തിക്കും വിധേയപ്പെടുത്താനും, ഇച്ഛാശക്തിയേ ദൈവതിരുമനസ്സിന് വിധേയപ്പെടുത്താനും നാം നടത്തുന്ന പരിശ്രമമാണ് സ്വയം നിഗ്രഹം.

കുരിശിന്റെ വിശുദ്ധ യോഹന്നാൻ ഈ വിധം പഠിപ്പിക്കുന്നു : "ഒരാത്മാവ് ഏതെങ്കിലും സൃഷ്ടിയുമായി ഗാഢമായ ബന്ധം പുലർത്തുകയാണെങ്കിൽ ആത്മാവ് ആ സൃഷ്ടിയെപ്പോലെ ആയിത്തീരുന്നു. ബന്ധം വർദ്ധിക്കുന്നതനുസരിച്ച് സാമ്യവും വർദ്ധിക്കുന്നു .... അതുകൊണ്ട് ഒരു സൃഷ്ടിയെ സ്നേഹിക്കുന്നയാൾ ആ സൃഷ്ടിയുടെ നിലയിലേയ്ക്ക് ഇഴഞ്ഞിറങ്ങുന്നു. പോരാ അതിലും താഴുന്നു".

**ബാഹ്യഇന്ദ്രിയങ്ങളുടെ നിയന്ത്രണം**

ഇന്ദ്രിയങ്ങളാണ് നമ്മെ, നമ്മുടെ മനസിനെ, പ്രപഞ്ചവുമായി ബന്ധിപ്പിക്കുന്നത്. പ്രപഞ്ചം ഉള്ളിൽ പ്രവേശിക്കുന്ന വാതിലുകളാണ് ഇന്ദ്രിയങ്ങൾ. അവ അടച്ച് ആന്തരിക ഇന്ദ്രിയങ്ങളെ സൂക്ഷ്മതയുള്ളതാക്കുക എന്നതിലാണ് ഇന്ദ്രിയ നിഗ്രഹം അടങ്ങിയിരിക്കുന്നത്.

കണ്ണുകളുടെ നിയന്ത്രണം എറെ പ്രധാനപ്പെട്ടതാണ്. "കണ്ണാണ് ശരീരത്തിന്റെ വിളക്ക്. കണ്ണ് കുറ്റമറ്റതെങ്കിൽ ശരീരം മുഴുവൻ പ്രകാശിക്കും" (മത്താ. 6 : 22) എന്നാണല്ലോ ഈശോ നമ്മെ പഠിപ്പിക്കുന്നത്. കണ്ണ് ഇന്ദ്രിയങ്ങളുടെ രാജാവുതന്നെ. ഇതര ഇന്ദ്രിയങ്ങളുടെ പ്രവർത്തനങ്ങൾ കണ്ണിന്റെ പ്രവർത്തനംപോലെ വിലയിരുത്തപ്പെടുന്നു. "നോക്കിക്കേ എന്തു രുചിയാണ് ഈ ഭക്ഷണത്തിന്!", "കണ്ടില്ലേ അദ്ദേഹത്തിന്റെ പാട്ട് എത്ര സുന്ദരം". 'നമ്മുടെ മിക്ക ദുരാശകളും ഉത്ഭവിക്കുന്നത് സൂക്ഷമില്ലാത്ത വീക്ഷണത്തിൽ നിന്നാണ്' എന്ന് വി.അൽഫോൻസ് ലിഗോരി ഉദ്ബോധിപ്പിക്കുന്നു. "നോട്ടത്തെ തുടർന്ന് വിചാരവും വിചാരത്തെ തുടർന്ന് സന്തോഷവും സന്തോഷത്തോടുകൂടി സമ്മതവും ഉണ്ടാകുന്നു" എന്ന് വി. അഗസ്തീനോസ് മുന്നറിയിപ്പ് നല്കുന്നു. കണ്ണുകളിലൂടെ ഫോട്ടോ സ്വീകരിച്ച് ഓർമയിൽ സൂക്ഷിക്കപ്പെടുന്നു. അശ്ലീല ചിത്രങ്ങൾ, സിനിമകൾ, പരസ്യങ്ങൾ ഇവയൊക്കെയും ഹൃദയത്തിൽ കയറിപ്പറ്റുന്നത് കണ്ണുകളിലൂടെയാണ്. മനുഷ്യബുദ്ധിയുടെ വലിയ പ്രത്യേ

കതയാണ് വസ്തുകൾപോലെ തന്നെ അറിവുകളും ആശയങ്ങൾ പോലും രൂപങ്ങളും ചിത്രങ്ങളുമായി ബുദ്ധിയിൽ പതിക്കുന്നു എന്നത്. അങ്ങനെ സൂക്ഷിക്കപ്പെടുന്നവ ഓർമയിൽ മായാതെ തങ്ങിനില്ക്കുകയും ചെയ്യുന്നു. കണ്ടു മറന്നു എന്നു കരുതിയ പല കാര്യങ്ങളും ഓരോരോ സമയത്ത് ഓർമ്മയിൽ തെളിഞ്ഞു വരും. ആകയാൽ സങ്കീർത്തകനോടു കൂടെ നമുക്കും പ്രാർത്ഥിക്കാം : "വ്യർത്ഥമായവ കാണാതിരിക്കാൻ എന്റെ കണ്ണുകളെ തിരിക്കണമേ" (118:37).

സംസാരത്തിലും കേൾവിയിലുമുള്ള നിയന്ത്രണവും ആത്മീയതയിൽ വളരാൻ അനിവാര്യമാണ്. "സംസാരത്തിൽ തെറ്റുവരുത്താത്ത ഏവനും പരിപൂർണ്ണനാണ്. തന്റെ ശരീരത്തെ മുഴുവൻ നിയന്ത്രിക്കാൻ അവനു കഴിയും" (യാക്കോ : 3:2). ഈശോ അരുൾചെയ്യുന്നു "മനുഷ്യൻ പറയുന്ന ഓരോ വ്യർത്ഥവാക്കിനും വിധി ദിവസത്തിൽ കണക്കു കേൾപ്പിക്കേണ്ടിവരും". വീണ്ടും അവിടുന്ന് ഉദ്ബോധിപ്പിക്കുന്നു. "നിങ്ങളുടെ വാക്കുകൾ കേവലം "അതെ", "അതെ" എന്നോ "അല്ല", "അല്ല" എന്നോ ആയിരിക്കട്ടെ. ഇതിനപ്പുറമുള്ളത് ദുഷ്ടനിൽ നിന്നും വരുന്നു". സങ്കീർത്തകൻ പഠിപ്പിക്കുന്നു : "നാവുകൊണ്ട് പാപം ചെയ്യാതിരിക്കാൻ ഞാൻ എന്റെ വഴികൾ ശ്രദ്ധിക്കും. എന്റെ മുൻപിൽ ദുഷ്ടർ ഉള്ളിടത്തോളം കാലം നാവിന് ഞാൻ കടിഞ്ഞാണിടും" (സങ്കീ. 39:1). "എന്റെ വായ്ക്ക് കാവൽക്കാരനും എന്റെ ചുണ്ടുകൾക്ക് വിവേകത്തിന്റെ മുദ്രയും ഉണ്ടായിരുന്നെങ്കിൽ ഞാൻ വീഴുകയോ നാവു മൂലം നശിക്കുകയോ ചെയ്യുകയില്ലായിരുന്നു" (പ്രഭാ. 22: 27). "പാപിയുടെ പതനത്തിനു കാരണം അവന്റെ ചുണ്ടുകളാണ്. ചീത്ത പറയുന്നവന്റേയും അഹങ്കാരിയുടേയും വീഴ്ചയ്ക്കുകാരണം നാവുതന്നെ" (പ്രഭാ 23 : 8). "വാക്ക് അളന്നുതൂക്കി ഉപയോഗിക്കുക. വായ്ക്ക് വാതിലും പൂട്ടും നിർമ്മിക്കുക" (പ്രഭാ. 28 : 25).

ആത്മപ്രശംസ, പരിഹാസം, അശുദ്ധഭാഷണം, ദ്വയാർത്ഥ പ്രയോഗങ്ങൾ, കുറ്റം പറച്ചിലുകൾ, ശാപം, തെറി വചനങ്ങൾ, അനാവശ്യ നിരൂപണങ്ങൾ, കേവല വാഗ്വാദങ്ങൾ, തർക്കങ്ങൾ, ബഹളം കൂട്ടലുകൾ ഇവയിൽ നിന്നും നാവിനെ നിയന്ത്രിക്കാത്തവന് ആത്മീയാനുഭവത്തിൽ വളരാനാവില്ല. പ്രഭാഷകൻ ഇങ്ങനെ പ്രബോധനം നൽകുന്നു. "വ്യർത്ഥ ഭാഷണത്തെ വെറുക്കുന്നവൻ തിന്മയിൽ നിന്ന് ഒഴിഞ്ഞിരിക്കും. കേൾക്കുന്നതെല്ലാം പറഞ്ഞുനടക്കരുത്" (പ്രഭാ. 19 : 6-7). വി.അൽഫോൻസ് ലിഗോരി പഠിപ്പിക്കുന്നു : "മൗനം വഴി എത്ര വലിയ അനുഗ്രഹങ്ങളാണ് ആത്മാവിന് ലഭിക്കുക .... സന്യാസികൾ നിരന്തരം സംസാരിക്കുന്ന കന്യകാലയം നരക സദൃശ്യ

മാണ്".

വിശുദ്ധ ജോൺ ക്രിസോസ്റ്റോമിന്റെ ഉപദേശമിങ്ങനെ: "സംസാരിക്കുന്നത് മൗനം പാലിക്കുന്നതിനേക്കാൾ പ്രയോജനകരമാണെങ്കിൽ മാത്രം സംസാരിക്കുക".

സംസാരത്തിൽ ആത്മനിയന്ത്രണം ശീലിക്കാൻ നാം അഞ്ചു വിധമുള്ള സൂക്ഷം പാലിക്കേണ്ടതുണ്ട്. ഇന്ന സ്ഥലത്ത്, ഇന്ന സമയത്ത്, ഇന്ന ആളോട്, ഇന്ന വിഷയം, ഇന്നവിധം സംസാരിക്കരുത്.

ഇന്ദ്രിയ നിഗ്രഹം എന്ന നിലയിൽ സംസാരിക്കാതിരിക്കുന്നത് പ്രത്യേക നിയോഗംവച്ചുകൊണ്ടായിരിക്കണം. ഒന്നാമതായി നാവിനെ നിയന്ത്രിക്കുക വഴി നമുക്ക് മനസ്സിനും ഇച്ഛാശക്തിയ്ക്കും ബലം കിട്ടുന്നു. കൂടാതെ അത് നമ്മുടെ നാവിന്റെ ദുരുപയോഗം വഴി വന്നിട്ടുള്ള തെറ്റുകൾക്ക് പരിഹാരമായിട്ട് സമർപ്പിക്കാവുന്നതാണ്. മൂന്നാമതായി, ലോകം നാവിന്റെ ദുരുപയോഗത്തിലൂടെ വരുത്തിവച്ചുകൊണ്ടിരിക്കുന്ന തിന്മകൾക്ക് പരിഹാരമായി കാഴ്ച വയ്ക്കാവുന്നതുമാണ്. ഇതിലെല്ലാമുപരി ആന്തരികതയിൽ ഈശോയുടെ സ്വരം കേൾക്കാൻ ഈ നിശബ്ദത അനിവാര്യമാണ്. ബാഹ്യ നിശബ്ദത ആന്തരികതയെ ഉണർത്തി ഈശോയെ കേൾക്കാൻ ആത്മാവിനെ ഒരുക്കുന്നു. ഈ വിധം ദൈവസ്വരം കേൾക്കാനും ദൈവത്തോട് സംസാരിക്കാനും നാവിനെ നിയന്ത്രിക്കുന്നതോടൊപ്പം വിശുദ്ധാത്മാക്കൾ ചെയ്തിരുന്നതുപോലെ ഇടയ്ക്കിടയ്ക്ക് ചില ദിവസങ്ങളിൽ മൗനവൃതം പാലിക്കുന്നത് ഏറെ ഉപകാരപ്രദമാണ്.

നിശബ്ദതയും നാവിന്റെ നിയന്ത്രണവും നമ്മെ എത്തിക്കേണ്ടത് ദൈവസ്വീകാര്യമായ കാര്യങ്ങൾ മാത്രം പറയുന്നതിലേക്കും ചിന്തിക്കുന്നതിലേക്കുമാകണം. അല്ലാതുള്ള നിശബ്ദത ശൂന്യതയ്ക്ക് വഴിയൊരുക്കും. വിചാരങ്ങളും വാക്കുകളും ഇല്ലാതാക്കുകയല്ല ദൈവസന്നിധിയിൽ സ്വീകാര്യമാക്കുകയാണ് വേണ്ടത്. സങ്കീർത്തകൻ ഇങ്ങനെ പ്രാർത്ഥിക്കുന്നു. "എന്റെ അഭയശിലയും വിമോചകനുമായ കർത്താവേ, എന്റെ അധരങ്ങളിലെ വാക്കുകളും ഹൃദയത്തിലെ വിചാരങ്ങളും അങ്ങയുടെ ദൃഷ്ടിയിൽ സ്വീകാര്യമായിരിക്കട്ടെ" (സങ്കീ 19 : 14). ഇങ്ങനെ നമുക്കും പ്രാർത്ഥിക്കാം: "കർത്താവേ എന്റെ നാവിന് കടിഞ്ഞാണിടണമേ, എന്റെ അധരകവാടത്തിന് കാവലേർപ്പെടുത്തണമേ" (സങ്കീ 141:3)

സംസാരത്തിൽ നാവിന് നിയന്ത്രണം കല്പിക്കുന്നതുപോലെ തന്നെ പ്രധാനപ്പെട്ടതാണ് കേൾവിയുടെ നിയന്ത്രണവും. നിഷിധ

ങ്ങളും പ്രയോജന രഹിതങ്ങളും ലൗകീകവുമായ കാര്യങ്ങൾ കേൾക്കാനും അവയിൽ നിന്നു ലഭിക്കുന്ന സന്തോഷം ആസ്വദി ക്കാനും ശ്രമിക്കാതിരിക്കുക. മറ്റുള്ളവർ നമ്മെക്കുറിച്ചും നമ്മോടും പറഞ്ഞട്ടുള്ള കാര്യങ്ങൾ ഹൃദയത്തിൽ മനനം ചെയ്തുകൊണ്ടു നടക്കാതെ ഈശോയുടെ വചനത്തിൽ ഹൃദയമുറപ്പിക്കുകയാണ് ആത്മീയ വളർച്ചയ്ക്ക് അനിവാര്യം. അന്യർ പറഞ്ഞിട്ടുള്ള പ്രോത്സാ ഹന വചനങ്ങളും സ്നേഹവചനങ്ങളും നമ്മെ ആകർഷിച്ചേക്കാം. വഷളത്തത്തിന്റെ വാക്കുകൾ പാപസ്വാധീനം വളർത്തിയേക്കാം. കോപവചനങ്ങളും കുറ്റപ്പെടുത്തലുകളും കേൾക്കേ മനസ്സിൽ വെറുപ്പും വേദനയും നിറഞ്ഞേക്കാം, ലോകത്തെക്കുറിച്ചുള്ള വിശേഷങ്ങൾ നമ്മിൽ ജിജ്ഞാസ ഉണർത്തിയേക്കാം. ഇവയിൽ നിന്നെല്ലാം അകന്നു നില്ക്കാൻ ആത്മീയ മനുഷ്യൻ ശീലിക്കണം. ഈശോയുടെ സ്വരം കേൾക്കാനും ഈശോയോട് സംസാരിക്കാനും ആത്മീയ മനുഷ്യന് ശ്രദ്ധയുണ്ടാകണം. അവൻ ഹൃദയത്തിൽ ദൈവവചനങ്ങൾ ഉരുവിട്ടും ധ്യാനിച്ചും കൊണ്ടു നടക്കേണ്ടതാണ്.

മനുഷ്യ ശരീരം മുഴുവൻ വ്യാപിച്ചിരിക്കുന്ന ത്വക്കും അതിലൂടെ നല്കപ്പെടുന്ന സ്പർശനവും ശരീരം കൊതിക്കുന്നു. അതുകൊണ്ടു തന്നെ സ്പർശനത്തിന്റെ കാര്യത്തിലും ഏറെ നിയന്ത്രണം പാലി ക്കേണ്ടതുണ്ട്. സ്പർശനം അനുഭവ തലത്തിൽ വേരുറപ്പിക്കപ്പെട്ടി രിക്കുന്നതിനാൽ ശാരീരിക പ്രേരണകളെ ഉണർത്താൻ സ്പർശന ത്തിന് ഏറെ കഴിവുണ്ട്.

അതുപോലെ തന്നെ ഏറെ ശ്രദ്ധിക്കേണ്ടതും നിയന്ത്രണം പാലി ക്കേണ്ടതുമായ മേഖലകളാണ് ഘ്രാണം, നടപ്പ്, വസ്ത്രധാരണം, കൈകാലുകളുടെ ചലനം എന്നിവ. ഇരിപ്പിലും നടപ്പിലും കിടപ്പിലും ശാരീരിക പ്രവർത്തനങ്ങളെ തൃപ്തിപ്പെടുത്തുന്ന വിധമായിരിക്ക രുത് നമ്മുടെ നിലപാടുകൾ. നമ്മുടെയും നമ്മുടെ സാന്നിധ്യം അനു ഭവിക്കുന്നവരുടെയും ആത്മീയ ഉത്കർഷത്തിന് ഉപകരിക്കുന്നവ യായിരിക്കണം ശാരീരിക വ്യാപാരങ്ങൾ.

**ആശാ നിഗ്രഹവും ആന്തരിക ഇന്ദ്രിയങ്ങളുടെ നിയന്ത്രണവും**

സുഖം അന്വേഷിക്കുക ശരീരത്തിന്റെ സ്വാഭാവിക പ്രവണത യാണ്. സുഖാസ്വാദനം കൂടുതൽ സുഖത്തിലേയ്ക്കും ക്രമേണ പാപ സുഖത്തിലേയ്ക്കും കൊണ്ടുചെന്ന് എത്തിക്കും. ആയതിനാൽ സുഖ ത്തോടുള്ള ആശയെ നിയന്ത്രിക്കുക അനിവാര്യമാണ്. ഭക്ഷണ സുഖം, ജഡിക സുഖം, ഇങ്ങനെ ശരീരം തേടുന്നവയിൽ മനസ്സ് ആഗ്രഹമുറപ്പിച്ചു കഴിഞ്ഞാൽ ഒരുവന്റെ അധഃപതനം ഏറെ വേഗ

ത്തിൽ സംഭവിക്കുന്നു. വിവിധ തരത്തിലുള്ള ആശയടക്കങ്ങൾ പരിശീലിക്കുന്നതു വഴി ഇന്ദ്രിയ വാസനകളെ നിയന്ത്രിക്കാനും ഇച്ഛാശക്തിയിൽ വളരാനും സാധിക്കുന്നു. വികാരങ്ങളെ നിയന്ത്രിക്കുകയും നേർവഴിക്ക് തിരിയുകയും ചെയ്യാതെ ആത്മീയ പക്വത പ്രാപിക്കാനാവില്ല. വികാരങ്ങളെ ബുദ്ധിക്ക് വിധേയമാക്കണം. "അധമ വികാരങ്ങൾക്കു കീഴടങ്ങാതെ തൃഷ്ണ നിയന്ത്രിക്കുക. അധമവികാരങ്ങളിൽ ആനന്ദിച്ചാൽ നീ ശത്രുക്കൾക്ക് പരിഹാസ പാത്രമായിത്തീരും" പ്രഭാ. 18:30–31 എന്നും, "വികാരം കൊണ്ട് ജ്വലിക്കുന്ന ഹൃദയം ആളുന്ന തീ പോലെയാണ്, ജീവിതം പൂർണ്ണായി നശിപ്പിക്കുന്നതുവരെ അത് അടങ്ങുകയില്ല, ഭോഗാസക്തിക്ക് അടിമപ്പെടുന്നവൻ അഗ്നി ദഹിപ്പിക്കുന്നതുവരെ അതിൽ നിന്ന് സ്വതന്ത്രനാവുകയില്ല" (പ്രഭാ. 23 : 16) എന്നും തിരുവചനം ഓർമ്മിപ്പിക്കുന്നു. ആകയാൽ തിരുവചനത്തോടുചേർന്ന് പ്രാർത്ഥിക്കാം. "അധമവികാരങ്ങൾക്ക് ഞാൻ അടിമയാകരുതേ, അമിതമായ ആഹാരപ്രിയമോ, ഭോഗാസക്തിയോ എന്നെ കീഴടക്കാതിരിക്കട്ടെ. നിർലജ്ജമായ വികാരങ്ങൾക്ക് എന്നെ ഏല്പിച്ചുകൊടുക്കരുതേ" (പ്രഭാ. 23 : 5–6).

സ്വാഭാവിക ജീവിതത്തിൽ അനുവദനീയവും ആവശ്യവുമെന്നു തോന്നുന്ന കാര്യങ്ങളോടുള്ള പ്രതിപത്തി നിയന്ത്രിക്കുന്നതിലാണ് ആശയടക്കം അടങ്ങിയിരിക്കുന്നത്. സിനിമ കാണുക, ഇഷ്ടഭോജ്യം ആസ്വദിക്കുക, കൂടുതൽ സുഖസൗകര്യങ്ങൾ ആസ്വദിക്കുക, ഇവയിലെല്ലാം നിയന്ത്രണം വരുത്താവുന്നതാണ്. ചാരിയിരിക്കുക, ഉച്ചയ്ക്ക് ഉറങ്ങുക ഇങ്ങനെയുള്ള ശീലങ്ങൾ തെറ്റല്ലെങ്കിൽ തന്നയും അവ ഉപേക്ഷിക്കുന്നത് കൂടുതൽ അഭികാമ്യമാണ്. പാപദുശ്ശീലങ്ങൾ ഉപേക്ഷിക്കേണ്ടതുണ്ട് എന്ന കാര്യം എടുത്തു പറയേണ്ടതില്ലല്ലോ. അതോടൊപ്പം ആർഭാടപൂർവകമായ വസ്ത്രധാരണങ്ങൾ, വലിയ വിരുന്നു സല്ക്കാരങ്ങൾ, ആഡംബരപൂർവ്വമായ ജീവിതശൈലി ഇവയും നിയന്ത്രിക്കേണ്ടതുണ്ട്. കൂടുതൽ അത്യാവശ്യങ്ങൾ എന്നു തോന്നുന്നവ ഉപേക്ഷിക്കുന്നതിൽ കൂടുതൽ മേന്മ അടങ്ങിയിട്ടുണ്ട്. ഉദാഹരണമായി തലയിണ ഉപയോഗിക്കാതെ ഉറങ്ങാൻ കിടക്കുക, ഭക്ഷണത്തിൽ ഏറ്റം ഇഷ്ടപ്പെട്ട ചില ഇനങ്ങൾ ഉപേക്ഷിക്കുക എന്നിവ ആത്മീയാഭിവൃദ്ധിക്ക് സഹായകരമാണ്. അവ അതിൽത്തന്നെ ആത്മീയത ഉണർത്തുന്നവയല്ല. പക്ഷേ ദൈവേഷ്ടത്തിന് വിധേയപ്പെടാനും ദൈവസാന്നിധ്യം അനുഭവിക്കാനും ഇത് സാഹചര്യമൊരുക്കുന്നു. ദൈവത്തെ അന്വേഷിക്കുന്നതിന് സുദൃഢവും സ്വതന്ത്രവുമായ ഹൃദയം ആവശ്യമാണ്. സകല

തിന്മകളിൽ നിന്നും ദൈവമല്ലാത്ത നന്മകളിൽനിന്നുപോലും അത് വിമുക്തമായിരിക്കണം.

കൂടുതൽ വിഷമകരമായ തപശ്ചര്യകൾ ജീവിതത്തെ കൂടുതൽ കരുത്തുള്ളതാക്കും. അങ്ങനെയാണ് വിശുദ്ധാത്മാക്കൾ ശീലിച്ച ത്. മുള്ളരഞ്ഞാണം ധരിക്കുക, ചമ്മട്ടിയടി സ്വീകരിക്കുക, ചാക്കുടു ക്കുക, ഉപവസിക്കുക എന്നിവയൊക്കെ അവർ നമുക്ക് കാണിച്ചുത രുന്നു. ഇവയൊക്കെ ശീലിക്കുമ്പോഴും ഇവയിലാണ് ആദ്ധ്യാത്മി കത അടങ്ങിയിരിക്കുന്നത് എന്ന് തെറ്റിദ്ധരിക്കരുത്. ദൈവൈക്യ ത്തിനായി സ്വയം ഒരുക്കുന്നതിന്റെ പ്രാരംഭഘട്ടം മാത്രമാണിത്. ഈ ഒരുക്കങ്ങളുടെയെല്ലാം പിന്നിൽ ഒരേയൊരു ലക്ഷ്യമേയുള്ളൂ. ദൈവസാന്നിധ്യം അനുഭവിക്കുക; തിരുവചന ഭാഷയിൽ "ശാന്ത മാവുക, ഞാൻ ദൈവമാണെന്നറിയുക" (സങ്കീ 46 : 10).

ആസ്വാദനത്തിലാണ് ആനന്ദം എന്ന് ലോകം നമുക്കു പറഞ്ഞു തരുന്നു. ഭക്ഷണം, വസ്ത്രം, ഭൗതിക വിഭവങ്ങൾ ഇവ ആസ്വദി ക്കുന്നതിലൂടെയാണ് ആനന്ദം ലഭിക്കുന്നത് എന്നത് സ്വാഭാവിക തത്വം. എന്നാൽ ആസ്വാദനത്തെക്കാൾ പരിവർജ്ജനത്തിലും അപ രനുമായുള്ള പങ്കുവെയ്ക്കലിലും ആനന്ദത്തിന്റെ ഉപരിപൂർണത ഉണ്ടെന്നത് ആത്മീയ തത്വം. വിശക്കുന്നവനുമായി ഭക്ഷണം പങ്കു വെയ്ക്കുന്നതിൽ ആനന്ദമുണ്ട്. വസ്ത്രമില്ലാത്തവന് അതു നല്കു മ്പോൾ സംതൃപ്തിയുണ്ട്. ഭൗതിക വിഭവങ്ങളുടെ ത്യജിക്കലിലും പങ്കുവെയ്ക്കലിലും ആനന്ദമനുഭവിക്കാൻ കഴിയും വിധമാണ് മനു ഷ്യമനസ്സ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. സ്വയം ത്യജിക്കലിലും സ്വയം സമർപ്പണത്തിലും ആനന്ദത്തിന്റെ പൂർണത കണ്ടെത്തുകയാണ് ആത്മീയഭ്യസനത്തിന്റെ പാത. "ഹൃദയസംതൃപ്തി കൈവരുന്നത് വിഭവങ്ങളുടെ സമൃദ്ധിയിലല്ല, അവയുടെ അഭാവത്തിലും ആദ്ധ്യാ ത്മിക ദാരിദ്ര്യത്തിലുമാണ്" എന്ന് കുരിശിന്റെ വി. യോഹന്നാൻ.

ആശാ നിഗ്രഹത്തോടൊപ്പം ഓർമയെയും ഭാവനയെയും ചിന്ത യെയും നിയന്ത്രണ വിധേയമാക്കിയാൽ മാത്രമേ ആത്മീയാഭിവൃദ്ധി കൈവരിക്കാൻ കഴിയൂ. ഓർമയും ഭാവനയും ബുദ്ധിക്ക് ചർച്ചചെ യ്യാനുള്ള വിഷയങ്ങൾ സമ്മാനിച്ചുകൊണ്ടിരിക്കും. തിന്മയായ ഓർമ കൾ, പാപകരമായ ഭവനകൾ എന്നിവ മനസ്സിൽ ഇരുൾ നിറയ്ക്കു ന്നു, ബുദ്ധിയെ അന്ധമാക്കുന്നു, ദൈവിക ജ്ഞാനത്തിന് മങ്ങലേ ല്പ്പിക്കുന്നു. ഇച്ഛാശക്തിയെ ക്ഷയിപ്പിക്കുന്നു. ആയതിനാൽ ആത്മീയ വളർച്ച ആഗ്രഹിക്കുന്നവൻ ആന്തരിക ഇന്ദ്രീയങ്ങളായ ഓർമയും ഭാവനയും സംശുദ്ധമായി കാത്തുസൂക്ഷിക്കേണ്ടതുണ്ട്. തെറ്റായ ആശയഗതികളും, ധാരണകളും, ബോധ്യങ്ങളായി ബുദ്ധി

യിൽ ഇരുൾ നിറയ്ക്കുന്നു. അത്തരം തെറ്റായ ബോധ്യങ്ങളാൽ നയിക്കപ്പെടുന്ന വ്യക്തി പാപത്തിൽ നിപതിക്കുന്നു എന്നു മാത്ര മല്ല, രക്ഷപെടാനുള്ള മാർഗ്ഗം ഇത്തരമാളുകൾക്ക് ആജ്ഞാതമായി രിക്കുന്നതിനാൽ തെറ്റിൽ തുടരാനിടയാകുന്നു. "ചിന്തയാണ് എല്ലാ പ്രവർത്തികളുടെയും ആരംഭം. എല്ലാ ഉദ്യമവും ആലോചനയുടെ തുടർച്ചയാണ്. ചിന്ത ഹൃദയത്തിൽ വേരൂന്നിയിരിക്കുന്നു. അതിന് നാല് ശാഖകളുണ്ട്. നന്മയും, തിന്മയും, ജീവനും, മരണവും. നാവാണ് ഇവയുടെ നിയന്താവ്" (പ്രഭാ. 37 : 16–18). ദൈവസാ ന്നിധ്യ സ്മരണയാൽ മാത്രമേ ബുദ്ധിയെയും മനസ്സിനെയും ഓർമ യെയും ഭാവനയെയും നന്മയിൽ ഉറപ്പിച്ച് സ്ഥിരപ്പെടുത്താൻ കഴി യുകയുള്ളു. "എന്റെ ചിന്തകളെ നേർവഴിക്ക് നയിക്കാൻ ഒരു ചാട്ടയും എന്റെ വികാരങ്ങൾക്ക് വിവേകപൂർണ്ണമായ നിയന്ത്രണവും ഉണ്ടാ യിരുന്നെങ്കിൽ" എന്ന് പ്രഭാഷകൻ ആഗ്രഹിക്കുന്നു. (23:2) നശ്വര വസ്തുക്കളും ജഢമോഹങ്ങളും മാത്രമല്ല, ദൈവാനുഭവ മാർഗത്തിൽ തടസ്സങ്ങളുണ്ടാക്കി അപകടം സൃഷ്ടിക്കുന്നത്, സ്വാർത്ഥപരമായ ആത്മീയാശ്വാസങ്ങളും ആനന്ദങ്ങളും അവയുടെ പേരിലുള്ള മമ തയും മാർഗതടസ്സത്തിന് കാരണമാകുന്നു എന്ന് യോഹന്നാൻ ക്രൂസ് ഉപദേശിക്കുന്നു.

ആത്മീയ മനുഷ്യൻ ഹൃദയം കർത്താവിൽ ഉറപ്പിക്കണം, കർത്താ വിൽ പ്രത്യാശ വയ്ക്കണം. കർത്താവിൽ ആനന്ദിക്കണം, സങ്കീർത്തനം ഇങ്ങനെ എഴുതിയിരിക്കുന്നു. "കർത്താവിൽ എന്റെ ഹൃദയം ശരണം വയ്ക്കുന്നു. (സങ്കീ 28 :7). "നമ്മുടെ ഹൃദയം കർത്താവിൽ സന്തോഷിക്കുന്നു. എന്തെന്നാൽ നമ്മൾ അവിടുത്തെ വിശുദ്ധ നാമത്തിൽ ആശ്രയിക്കുന്നു" (സങ്കീ 33 : 21). "ഒരു കാര്യം മനസ്സിലാക്കിക്കൊള്ളുക. അവസാന നാളുകളിൽ ക്ലേശപൂർണ്ണമായ സമയങ്ങൾ വരും. അപ്പോൾ സ്വാർത്ഥ സ്നേഹികളും, ധനമോഹി കളും, അഹങ്കാരികളും, ഗർവ്വിഷ്ഠരും ദൈവദൂഷകരും മാതാപി താക്കന്മാരെ അനുസരിക്കാത്തവരും നന്ദിയില്ലാത്തവരും വിശുദ്ധി യില്ലാത്തവരുമായ മനുഷ്യരുണ്ടാകും. അവർ മനുഷ്യത്വമില്ലാത്ത വരും ഒന്നിനും വഴങ്ങാത്തവരും അപവാദം പറയുന്നവരും ആത്മ നിയന്ത്രണമില്ലാത്തവരും ക്രൂരന്മാരും നന്മയെ വെറുക്കുന്നവരും വഞ്ചകരും എടുത്തുചാട്ടക്കാരും, അഹന്തയുള്ളവരും ദൈവത്തെ സ്നേഹിക്കുന്നതിനുപകരം സുഖഭോഗങ്ങളിൽ ആസക്തിയുള്ളവ രുമായിരിക്കും. അവർ ഭക്തിയുടെ ബാഹ്യ പ്രേരണ നിലനിർത്തി ക്കൊണ്ട് അതിന്റെ ചൈതന്യത്തെ നിഷേധിക്കും. അവരിൽ നിന്ന് അകന്നുനിൽക്കുക" (2 തിമോ. 3 : 1 – 4). ആത്മപരിത്യാഗം ദൈവ

ഹിതമല്ലാത്ത കൂട്ടുകെട്ടുകളെയും ബന്ധങ്ങളെയും ഉപേക്ഷിക്കുന്നതും ഉൾക്കൊള്ളുന്നു.

സ്വയം ത്യജിക്കലിന്റെ പാത തിരഞ്ഞെടുക്കുന്ന ആത്മീയ മനുഷ്യൻ ഹൃദയത്തിൽ സൂക്ഷിക്കേണ്ട വസ്തുതയുണ്ട്. എപ്പോൾ മുതൽ ആശാനിഗ്രഹത്തിന്റെയും വിശുദ്ധീകരണത്തിന്റെയും പാത നീ പിൻചെല്ലാൻ തുടങ്ങുന്നുവോ അപ്പോൾ മുതൽ ലോകം നിന്നെ മാറ്റിനിർത്താൻ ആരംഭിക്കും. സുഹൃത്തുക്കളായി നീ കരുതിയിരുന്നവർ നിന്നെ വിട്ടകലും. ലോകത്തിന് നീ വിലകുറഞ്ഞവനും വെറുക്കപ്പെട്ടവനുമായിത്തീരും. "മണ്ടൻ" എന്നു മറ്റുള്ളവർ നിന്നെ മുദ്ര കുത്തും. ജീവിക്കാൻ പഠിക്കാത്തവൻ എന്ന് നിന്നെ വിളിച്ച് ആക്ഷേപിക്കും. ആത്മീയ വിശുദ്ധീകരണത്തെ പ്രതി എന്തെല്ലാം നീ ഉപേക്ഷിച്ചുവോ അവയൊക്കെയും ലോകം സൗജന്യമായി വച്ചുനീട്ടും, സുഹൃത്തുക്കൾ അവ സമ്മാനിക്കും. നീ അവയെ അവജ്ഞയോടെ തിരസ്കരിക്കുമ്പോൾ അവർക്ക് നീ പരിഹാസപാത്രമാകും. ഇത് നിന്റെ ഉപേക്ഷയുടെ തലത്തെ ബലപ്പെടുത്താനും ഇച്ഛാശക്തിയെ പോഷിപ്പിച്ച് പുണ്യപാതയിൽ ഉറപ്പിക്കാനും അന്യരിൽ നിന്നുള്ള സ്നേഹസന്തോഷങ്ങൾ തേടാതിരിക്കാനുമായി ദൈവം അനുവദിച്ചു തരുന്നതാണ് എന്ന് മനസ്സിലുറപ്പിച്ച് കലപ്പയിൽ കൈവച്ച് പിൻതിരിയാതിരിക്കുക. നീ തെരഞ്ഞെടുത്ത ഈ ആത്മീയതയുടെ പുതിയ പാതയിൽ നിന്നോടൊപ്പം നീ മാത്രമേയുള്ളൂ എന്ന ശക്തമായ ഏകാന്തതയാൽ ഈ കാലഘട്ടത്തിൽ നീ പീഡിപ്പിക്കപ്പെട്ടെന്നും വരാം.

നീ വേണ്ട എന്നുവച്ചവയൊക്കെ നല്ലതാണെന്നും നീ പിൻചെല്ലുന്നത് മണ്ടത്തരത്തിന്റെ മാർഗമാണെന്നും, ഇപ്പോൾ ബുദ്ധിയും ഇന്ദ്രിയങ്ങളും പറഞ്ഞെന്നും വരാം, ആസ്വദിക്കാം, വിശ്രമിക്കാം, നാളെയാകട്ടെ, ഇത്രയും മതി, എല്ലാവരും ഇങ്ങനെയൊക്കെയാണ് എന്നീ ചിന്തകളും നിന്നെ അലട്ടിയേക്കാം. ഇന്ദ്രിയനിഗ്രഹത്തെക്കുറിച്ചും ആത്മസംയമനത്തെക്കുറിച്ചും തിയറിയിലെ വില്യം ഇങ്ങനെ ഉപദേശിക്കുന്നു : "നിർമലമായ ഹൃദയം, വിശുദ്ധിയുള്ള ശരീരം, മൗനവ്രതം, നിയന്ത്രിതഭാഷണം എന്നിവ ആരംഭകർ അനുസരണത്തിലൂടെ ശീലിക്കണം. അഹംഭാവം ഉപേക്ഷിച്ച്, കാതുകളെ നിയന്ത്രിച്ച്, ഊണിലും ഉറക്കത്തിലും മിതത്വം പാലിച്ചാൽ അവൻ നന്മപ്രവൃത്തികളിൽ തത്പരനാകും. കൈകാലുകളെ അടക്കത്തോടെ വിനയപൂർവ്വം ഉപയോഗിക്കട്ടെ. ഉള്ളിലെ ആസക്തികൾ അനിയന്ത്രിതമായി പ്രകടിപ്പിക്കരുത്. ഹൃദ്യമായ പുഞ്ചിരിയിലൂടെ മനസ്സ് അതിന്റെ പ്രസാദഭാവം പ്രകടമാക്കണം. വായനയിലും

ചിന്തയിലും ശുദ്ധിപാലിച്ചുകൊണ്ട് അവയെ ആത്മീയ ഉന്നതിക്കായി ഉപയോഗിക്കുക. ജിജ്ഞാസയുടെ പൂർത്തിക്കായി വായന നടത്തരുത് ..... ആസക്തികളെയും പാപവാസനകളെയും ഉരിഞ്ഞു മാറ്റി നവീകരിക്കപ്പെടേണ്ട സമയമാണിത്. പ്രയോജനമില്ലാത്ത ചില്ലകളെ വെട്ടിയൊരുക്കുന്നതു പോലെ മോഹങ്ങളെ നിഹനിക്കുമ്പോൾ തന്നിലുള്ള സദ്ഭാവങ്ങളെ പൂർണതയിലേക്ക് വളർത്താൻ കഴിയും. കഴിഞ്ഞകാല മോഹങ്ങൾ ജഡത്തിന്റെയും കണ്ണുകളുടെയും ദുരാശയും അഹംഭാവവും ആയിരുന്നുവെന്ന ഉൾക്കാഴ്ച കിട്ടുകയും ചെയ്യും".

തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നു : "ഒരിക്കൽ നിങ്ങൾ നിങ്ങളുടെ അവയവങ്ങളെ അശുദ്ധിക്കും അനീതിക്കും അടിമകളായി സമർപ്പിച്ചതു പോലെ ഇപ്പോൾ അവയെ വിശുദ്ധീകരണത്തിനു വേണ്ടി നീതിക്ക് അടിമകളായി സമർപ്പിക്കുവിൻ. നിങ്ങൾ പാപത്തിന് അടിമകളായിരുന്നപ്പോൾ നീതിയുടെ നിയന്ത്രണത്തിലല്ലായിരുന്നു. ഇന്ന് നിങ്ങൾക്ക് ലജ്ജാവഹമായിത്തോന്നുന്ന അക്കാര്യങ്ങളിൽ നിന്ന് അന്നു നിങ്ങൾക്ക് എന്തു ഫലം കിട്ടി? അവയുടെ അവസാനം മരണമാണ്. എന്നാൽ ഇപ്പോൾ നിങ്ങൾ പാപത്തിൽ നിന്ന് മോചിതരായി ദൈവത്തിന് അടിമകളായിരിക്കുകയാൽ നിങ്ങൾക്കു ലഭിക്കുന്നത് വിശുദ്ധീകരണവും അതിന്റെ അവസാനം നിത്യജീവനുമാണ് (റോമ: 6:19-22). ഇന്ദ്രിയ നിഗ്രഹം പൂർണ്ണതയിൽ അനുവർത്തിച്ചുകഴിഞ്ഞാൽ ആത്മാവ് തിരിച്ചറിയുന്ന സത്യമുണ്ട്, "ശരീരത്തിലെന്നതിനെക്കാൾ, സാരാംശവും സ്നേഹവും പ്രത്യാശയും വഴി ആത്മാവ് ജീവിക്കുന്നത് ദൈവത്തിൽ തന്നെയാണെന്ന സത്യം" (യോഹന്നാൻ ക്രൂസ്).

സൃഷ്ടികളോടുള്ള സ്നേഹം സ്രഷ്ടാവിനോടുള്ള സ്നേഹത്തെ തടയും. ആകയാൽ ഇന്ദ്രിയ നിഗ്രഹമില്ലാതെ ദൈവസാന്നിധ്യത്തിൽ വളരുക അസാധ്യമെന്ന് ബ്രദർ ലോറൻസ് സാക്ഷിക്കുന്നു. ഇന്ദ്രിയങ്ങളുടെ നിയന്ത്രണം, ആശാനിഗ്രഹം ഇവയൊക്കെ നിസ്സാരങ്ങളും ബാലിശങ്ങളുമാണെന്ന് തോന്നിയേക്കാം. എന്നാൽ ആത്മീയതയിൽ മുന്നേറാൻ കൊതിക്കുന്ന ആത്മാവ് ഈ സത്യം തിരിച്ചറിയണം - വലിയ കാര്യങ്ങളിൽ പൂർണനാകാൻ ആഗ്രഹിക്കുന്നവൻ നിസ്സാര കാര്യങ്ങൾ അവഗണിക്കാൻ പാടില്ല. അഥവാ, നിസ്സാരകാര്യങ്ങളിൽ വീഴ്ചവരുത്തുന്നവൻ ഒരിക്കലും പുണ്യപൂർണത എത്തിപ്പിടിക്കുകയില്ല. ചെറിയ കാര്യങ്ങളെ അവഗണിക്കുന്നവൻ പടിപടിയായി നശിക്കും. ചെറിയ കാര്യങ്ങളെ അവഗണിക്കാൻ ഒട്ടനവധി ന്യായീകരണങ്ങൾ ഉണ്ടാകും. മാരകപാപം ചെയ്ത് നരക

ത്തിൽ പോകുന്നവരെക്കാൾ അധികമാളുകൾ ലഘു പാപം ചെയ്ത കൃപ നഷ്ടമാക്കുന്നു. ആത്മനിയന്ത്രണവും ഇന്ദ്രിയനിഗ്രഹവും പരിശീലിയ്ക്കായ്കയാലാണിത്.

ഇന്ദ്രിയങ്ങളെ തൃപ്തിപ്പെടുത്തുന്നവന് ഒരുനാളും ആത്മീയതയിൽ വളരാൻ കഴിയുകയില്ല. എന്തെന്നാൽ "ആത്മാവിന്റെ അഭിലാഷങ്ങൾ ജഢത്തിനെതിരാണ്. ജഡത്തിന്റെ അഭിലാഷങ്ങൾ ആത്മാവിനും". ഒരു പാപവും അതുകൊണ്ടു മാത്രം തൃപ്തിപ്പെടുന്നില്ല. ഒരിന്ദ്രിയവും ഒരാസ്വാദനം കൊണ്ടുമാത്രം അടങ്ങുന്നുമില്ല. അത് കൂടുതൽ ശക്തിപ്പെട്ട് സുഖം തേടിക്കൊണ്ടിരിക്കും. അടുത്ത പാപം കൂടുതൽ ആസ്വദിക്കാൻ തന്ത്രങ്ങൾ മെനയും. അങ്ങനെ വലിയ തെറ്റുകളിൽ, കൂടുതൽ മ്ലേച്ഛമായവയിൽ നിപതിക്കും.

ജഡം ആത്മാവിന് വഴികാട്ടിയല്ല. വഴി പറഞ്ഞു കൊടുക്കാൻ അനുവദിക്കരുത്. ജഢത്തിന് പറയാനുള്ള വഴി പാപത്തിലേയ്ക്കുള്ള വഴിയാണ്. നേരെ മറിച്ച് ആത്മാവ് ജഢത്തിന് വഴി പറഞ്ഞുകൊടുക്കണം. ആത്മാവിനുപറയാനുള്ളത് നിത്യജീവനിലേയ്ക്കും ദൈവത്തിങ്കലേയ്ക്കുമുള്ള വഴിയാണ്.

ആശയടക്കങ്ങൾ, ഇന്ദ്രിയ നിഗ്രഹങ്ങൾ, പരിത്യാഗ പ്രവൃത്തികൾ, പരോപകാര പ്രവൃത്തികൾ ഇവ ആത്മാവിന്റെ പ്രേരണകളെ ഉണർത്തും. ശരീരത്തിന്റെ പ്രേരണകളെ നിയന്ത്രിക്കും. ഇച്ഛാശക്തി വർദ്ധിക്കും. ജഢമോഹങ്ങൾ പ്രബലപ്പെടാതെ കാക്കും. സ്വാർത്ഥത ത്യജിക്കാൻ സഹായകമാകും. നമ്മുടെ മനസ്സിനും ചിന്തയ്ക്കും എപ്പോഴും അലഞ്ഞുതിരിയുന്ന പ്രകൃതമാണുള്ളത്. എന്നാൽ ദൈവഹിതത്തിനനുസരിച്ച് രൂപ്പപെട്ട ഇച്ഛാശക്തി അവയ്ക്ക് മാർഗദർശനം നല്കി അവയെ ദൈവത്തിങ്കലേയ്ക്ക് തിരിച്ചുകൊണ്ടുവന്ന് ദൈവത്തിലുറപ്പിക്കുന്നു.

സഭ ഇങ്ങനെ പഠിപ്പിക്കുന്നു: "പരിപൂർണതയുടെ വഴി കുരിശിലൂടെയാണ് കടന്നുപോകുന്നത്. പരിത്യാഗവും ആത്മീയ സമരവും ഇല്ലാതെ വിശുദ്ധീകരണമില്ല. തപശ്ചര്യകളും പരിത്യാഗവും ആത്മീയ പുരോഗതിക്ക് ആവശ്യമാണ്" (മതബോധനഗ്രന്ഥം 2015).

"പാപജീവിതം പരിത്യജിച്ച്, ദൈവസ്നേഹത്തിൽ നിന്നകറ്റുന്ന എല്ലാ തടസ്സങ്ങളെയും മാറ്റി, ജഢികാഭിലാഷങ്ങളെ വെട്ടി നീക്കി, പാപകരമായ സഹജവാസനകളിൽ നിന്ന് ശുദ്ധീകരിക്കപ്പെടുക എന്നതാണ് ആദ്ധ്യാത്മികതയുടെ ആദ്യപടി" എന്ന് വി.ഫ്രാൻസിസ് സാലസ് ഉദ്ബോധിപ്പിക്കുന്നു.

ഇന്ദ്രിയ നിഗ്രഹം യഥാർത്ഥത്തിൽ ഒരാത്മീയ സമരം തന്നെയാണ്. പക്ഷേ, ആത്മീയ സമരത്തിലെ സത്യമിതാണ് : നാം യുദ്ധം

ചെയ്യാൻ സന്നദ്ധരായിരിക്കുന്നിടത്തോളം കാലം വിജയം സുനിശ്ചിതമാണ്. നമ്മെ വിജയിപ്പിക്കുക എന്നത് ദൈവത്തിന്റെ കർത്തവ്യമായിരിക്കുന്നു. കാരണം നാം ദൈവത്തെ പ്രതിയാണ് ആത്മാവിനു വേണ്ടി ജഡത്തോട് സമരം ചെയ്യുന്നത്.

ഇന്ദ്രിയ നിഗ്രഹത്തിലും ജഡമോഹങ്ങൾക്കെതിരായ സമരത്തിലും ഏറെ വിജയം വരിച്ച് മുന്നേറി എന്നു തോന്നുമ്പോഴും ചില പ്രലോഭനങ്ങൾ തേടിയെത്താം. ഇസ്രായേൽ ജനം ഈജിപ്ത് ഉപേക്ഷിച്ച് ബഹുദൂരം മുന്നേറിയപ്പോഴും ഈജിപ്തിനോടുള്ള ചില പ്രതിപത്തികൾ ഉപേക്ഷിച്ചിരുന്നില്ല. അതുകൊണ്ട് മരുഭൂമിയിൽ വച്ച് അവരിൽ ചിലർ ഈജിപ്തിലെ ഉള്ളിയുടെയും ഇറച്ചിയുടെയും അഭാവത്തിൽ പിറുപിറുത്തു (സംഖ്യ : 11:4-5). ലോത്തും ഭാര്യയും സോദോമിൽ നിന്ന് ഓടിയെങ്കിലും ലോത്തിന്റെ ഭാര്യ സോദോമിലേയ്ക്ക് തിരിഞ്ഞു നോക്കി (ഉല്പ : 19:26). അവളുടെ ഹൃദയത്തിൽ സോദോം വിട്ടുപേക്ഷിക്കാൻ മടിയായിരുന്നിരിക്കണം. പത്രോസും താൻ ഒരിക്കൽ ഉപേക്ഷിച്ച വലയും വഞ്ചിയും തേടി, മീൻപിടുത്തവും ലക്ഷ്യം വച്ച് പിന്നീട് തിരിച്ചു നടക്കുന്നു.

പലരും അവർ ഉപേക്ഷിച്ചവയുടെ വിലയെക്കുറിച്ചോർത്ത് പര്യാകുലരാകുന്നു. ഉപേക്ഷിച്ച സുഖങ്ങളെ ഹൃദയത്തിൽ കൊണ്ടു നടക്കുന്നു. പണ്ട് ഞാൻ അങ്ങനെയായിരുന്നു എന്ന് പാപാസക്തിയെക്കുറിച്ച് വീമ്പിളക്കുന്നു. പാപത്തെക്കുറിച്ച് മതിപ്പോടും ആഹ്ലാദത്തോടും കൂടി സംസാരിക്കുകയും ഒരു വേള സുരക്ഷിതമായി പാപസാചര്യം വന്നുകിട്ടിയാൽ പാപം ചെയ്യാൻ മടിയില്ലാത്തവരായിരിക്കുകയും ചെയ്യുന്നു.

പലരും ആഗ്രഹത്താൽ ഇപ്പോഴും ഈജിപ്തിൽ തന്നെ. ചിലർ തിരിച്ച് ഈജിപ്തിലേക്ക് പോകാൻ തയ്യാറായി നില്ക്കുന്നു. അനാശാസ്യ ബന്ധങ്ങൾ ഉപേക്ഷിച്ച ശേഷവും ഹൃദയത്തിൽ സുഖം സൂക്ഷിക്കുന്നു; വെറുത്തുപേക്ഷിക്കാൻ പറ്റാത്തവരായി മരുഭൂമിയിൽ ക്ലേശിക്കുന്നു. മദ്യം ഹൃദയത്തിൽ ഇപ്പോഴും ലഹരിയായി നില്ക്കുന്നു. പാപം കയ്പായി മാറാത്ത ഹൃദയത്തിന് പാപത്തെ പരിത്യജിക്കുക സാധ്യമല്ല. ഓർമയിൽ എന്നൊക്കെ പാപം മധുരിക്കുന്നതായി അവശേഷിക്കുന്നുവോ അപ്പോഴെല്ലാം പാപം നമ്മെ കീഴ്പ്പെടുത്തി കഴിഞ്ഞിരിക്കുന്നു എന്ന ആത്മീയ സത്യം മറക്കാതിരിക്കുക.

പാപം ചെയ്യുന്നവരെക്കുറിച്ച് മിടുക്കന്മാർ, ധൈര്യശാലികൾ, ഭാഗ്യവാന്മാർ എന്നിങ്ങനെ കരുതുന്നു. താനുപേക്ഷിച്ചതും ഇന്ദ്രിയ നിഗ്രഹം പാലിച്ചതും മണ്ടത്തരമായിപ്പോയി എന്ന മട്ടിൽ സംസാ

രിക്കുന്നു. ആത്മീയ മുന്നേറ്റത്തിന്റെ പാതയിൽ ഈജിപ്തിലെ ഇറച്ചിച്ചട്ടികളും ഉള്ളിക്കറികളും ഒരിക്കൽ കൂടി നമ്മെ തേടിയെത്താതിരിക്കട്ടെ. ഈശോയെ പ്രതി ചെയ്തവയും ദൈവരാജ്യത്തെ പ്രതി ഉപേക്ഷിച്ചവയും നഷ്ടക്കച്ചവടമായിരുന്നു എന്ന് പറയാനിടയാകാതിരിക്കട്ടെ. ആത്മാക്കളുടെ രക്ഷയ്ക്കായി ഓടിയതും പാപം പരിത്യജിക്കാൻ സ്വീകരിച്ച ത്യാഗങ്ങളും നഷ്ടമായി എന്ന് ചിന്തിക്കാൻ നമുക്കിടവരാതിരിക്കട്ടെ. ആത്മാവിൽ ഈശോയുടെ സാന്നിദ്ധ്യവും ആത്മീയാനന്ദവും നിറഞ്ഞാൽ പരിഭവങ്ങൾ ഇല്ലാതാകും.

ദൈവത്തെ സമീപിക്കുന്നതിന് മികച്ച കഴിവുകളോ, അറിവോ, ഒന്നും ആവശ്യമില്ല. അറിവോ, കഴിവോ നോക്കിയല്ല ദൈവം ഒരാത്മാവിന് തന്റെ സാന്നിധ്യം അനുവദിച്ചുകൊടുക്കുന്നത്. പിന്നെയോ അവിടുന്നിലേയ്ക്ക് തിരിയാൻ ദൃഢനിശ്ചയം ചെയ്ത ഒരു ഹൃദയം മാത്രം മതിയാവും. "അവിടുത്തേയ്ക്ക് വേണ്ടി മാത്രമുള്ളതും അവിടുത്തെ മാത്രം സ്നേഹിക്കുന്നതുമായ ഹൃദയം" എന്ന് ബ്രദർ ലോറൻസ് ഉപദേശിക്കുന്നു. ഇതാണ് ഇന്ദ്രിയ നിഗ്രഹം വഴി നാം നേടിയെടുക്കേണ്ടത്. ദൈവത്തിലേയ്ക്ക് നമ്മെ നയിക്കാൻ സഹായകമാവുകയില്ലെന്ന് തിരിച്ചറിഞ്ഞ എല്ലാ കാര്യങ്ങളും ഉപേക്ഷിക്കുക എന്നതിലാണ് സ്വയം പരിത്യാഗത്തിന്റ അന്ത:സത്ത. അദ്ദേഹം പഠിപ്പിക്കുന്നതുപോലെ "അരൂപിയിലുള്ള ജീവിതമാകുന്ന ലക്ഷ്യം നേടുന്നതിന് ഒരുവന്റെ ഹൃദയം മറ്റെല്ലാറ്റിനെ സംബന്ധിച്ചും ശൂന്യമായിരിക്കണം. എന്തുകൊണ്ടെന്നാൽ ദൈവം ആ ഹൃദയത്തിന്റെ ഒരേയൊരു ഉടമസ്ഥനായിരിക്കാൻ ആഗ്രഹിക്കുന്നു. അങ്ങനെ ശൂന്യമാകാത്ത ഒരു ഹൃദയത്തിന്റെ ഒരേ ഒരു ഉടമസ്ഥനായിരിക്കാനോ, അവിടെ തന്റെ ഹിതം നിറവേറ്റാനോ ദൈവത്തിനു കഴിയുകയില്ല". സങ്കീർത്തകൻ ഇങ്ങനെ പ്രാർത്ഥിക്കുന്നു. "എന്റെ ഹൃദയം തിന്മയിലേയ്ക്ക് ചായാൻ സമ്മതിക്കരുതേ (സങ്കീ 141 : 4); "ഒരുക്കമുള്ള ഹൃദയം നൽകി എന്നെ താങ്ങണമേ" (സങ്കീ. 51 : 12).

ഒരുപമയിലൂടെ വ്യക്തമാക്കിയാൽ, നിധി കണ്ടെത്തിയ വ്യക്തി നിധി ഒളിഞ്ഞിരിക്കുന്ന വയൽ സ്വന്തമാക്കാൻ തനിക്കുള്ളതെല്ലാം വില്ക്കണം. ഇതാണ് ത്യാഗം, തുടർന്ന് നിധി കണ്ടെത്തുന്നതുവരെ തളരാതെ കുഴിക്കണം. നിധി അനന്തമാകയാൽ കുഴിക്കുന്തോറും കൂടുതൽ കൂടുതൽ കണ്ടെത്തിക്കൊണ്ടിരിയ്ക്കും. കൂടുതൽ ആനന്ദം അനുഭവിച്ചുകൊണ്ടിരിക്കും. ഓരോ ആത്മനിയന്ത്രണവും സുകൃതാഭ്യസനവും ഇതു തന്നെ. ഒരേ സമയം അത് ത്യാഗം ആവശ്യപ്പെടുന്നു. അതേ സമയം ആനന്ദം പ്രദാനം ചെയ്യുന്നു.

ദൈവസാന്നിദ്ധ്യാനുഭവം രുചിച്ചറിഞ്ഞ ആത്മാവ് തന്നിലായിരിക്കുന്ന ഈശോയ്ക്ക് അഹിതമായതൊന്നും പറയുകയോ പ്രവർത്തിക്കുകയോ നിരൂപിക്കുക പോലുമോ ചെയ്യാതെ ഈശോയ്ക്ക് സന്തോഷം നല്കുന്നതിൽ വ്യാപൃതയാകും. ഈശോയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്ന അവസ്ഥ ഉണ്ടാകണം. അതാണ് ഇന്ദ്രിയ നിഗ്രഹം കൊണ്ട് സാധിച്ചെടുക്കേണ്ടത്.

എന്നാൽ എപ്പോഴും ഓർത്തിരിക്കേണ്ട മറ്റൊരു കാര്യമുണ്ട്. കഠിനമായ ഉപവാസത്തേക്കാളും തപശ്ചര്യകളെക്കാളും ആദ്ധ്യാത്മിക വളർച്ചയ്ക്ക് കൂടുതൽ ഉപകാരപ്പെടുന്നത് സ്വന്തമായ ഒരു ആസക്തിയെ - അത് എത്ര നിസ്സാരമായിരുന്നാൽ പോലും - നിയന്ത്രിച്ചു നിർത്തുന്നതാണ് എന്ന് വി.ഫിലിപ്പുനേരി പഠിപ്പിക്കുന്നു. അദ്ദേഹം തുടരുന്നു, "പ്രാർത്ഥനാ ജീവിതത്തിനുള്ള ഏറ്റവും നല്ല തയ്യാറെടുപ്പ് പരിത്യാഗ പ്രവൃത്തികളാണ്. അവ കൂടാതെ ആത്മീയതയിൽ അഭിവൃദ്ധി ആഗ്രഹിക്കുന്നവൻ ചിറകുമുളയ്ക്കുന്നതിനു മുൻപേ പറക്കാൻ കൊതിക്കുന്ന പക്ഷിയെപ്പോലെയാണ്".

ശരീരത്തെ മൃദുലമായി ശുശ്രൂഷിക്കാനും പരിചരിക്കാനും സുഖസംരക്ഷണം നല്കാനും എല്ലാവർക്കും താത്പര്യമുണ്ട്. ആത്മീയ ജീവിതത്തിൽ പക്വത പ്രാപിക്കാനാഗ്രഹിക്കുന്നവർ സ്വശരീരത്തിനു നല്കുന്ന പരിചരണം കഴിവതും ഒഴിവാക്കണം. അതികഠിനമായ ശാരീരിക ദണ്ഡനങ്ങൾ ഏറ്റെടുക്കണമെന്നല്ല പ്രത്യുത, സ്വന്തം ശരീരപ്രവണതകളെയും ഇച്ഛയെയും ബുദ്ധിയേയും നിയന്ത്രണവിധേയമാക്കുകയും ശരീരത്തെ താലോലിക്കാതിരിക്കുകയും ചെയ്യണമെന്നതാണ് പുരോഗതിക്ക് ആവശ്യം.

ഒറ്റദിവസം കൊണ്ട് വിശുദ്ധനാകാം എന്നാരും വ്യാമോഹിക്കേണ്ടതില്ല. പരിത്യാഗം കൂടാതെ വിശുദ്ധനാകാമെന്നും വൃഥാ കരുതേണ്ടതില്ല. നിരന്തരമായ ആത്മീയ ശിക്ഷണത്തിലൂടെ ഹൃദയവും മനസ്സും ഒരുക്കാതെ വിശുദ്ധിയിൽ മുന്നേറാനാവില്ല. ജഢമുള്ളിടത്തോളം കാലം ജഢികാഭിലാഷങ്ങളും ഉണ്ടാകും. അത്രത്തോളം നാൾ തന്നെ ഇന്ദ്രിയ നിഗ്രഹവും പരിത്യാഗവും പാലിക്കുകയും വേണം. അതുപോലെ തന്നെ പ്രധാനപ്പെട്ടതാണ് ശരീരത്തിന്റെ പ്രവണതകളെ തൃപ്തിപ്പെടുത്താതിരിക്കുക എന്നതും, അതിനായി സ്വീകരിച്ചിട്ടുള്ള നല്ല തീരുമാനങ്ങളെ ഉടനടി പ്രാബല്യത്തിൽ വരുത്തുക എന്നതും. പിന്നീടാകട്ടെ എന്നു കരുതുന്നവൻ ഒരിക്കലും വിജയം ആസ്വദിക്കില്ല. "ദൈവരാജ്യം ബലപ്രയോഗത്തിന് വിഷയമായിരിക്കുന്നു. ബലവാന്മാർ അതിനെ സ്വന്തമാക്കുന്നു"എന്ന കാര്യം ഇന്ദ്രിയ നിഗ്രഹത്തിന്റെ കാര്യത്തിൽ ഏറെ പ്രസക്തമാണ്.

# 05

## ആത്മാവിന് കയ്പും വിഷവുമായി പാപം അനുഭവപ്പെടുന്നു

മനുഷ്യാത്മാവ് ദൈവസാന്നിധ്യ മാധുരി നുകരുന്നതനുസരിച്ച് പാപകരമായ എല്ലാ കാര്യങ്ങളിൽനിന്നും അകന്നു നിൽക്കാൻ ബദ്ധശ്രദ്ധയാകും. പാപം ആത്മാവിന് മരണകാരണവും കയ്പും വിഷവുമാണെന്ന തിരിച്ചറിവ് ലഭിക്കും. ദൈവസാന്നിധ്യം തനിക്ക് സ്വർഗീയമാധുര്യമാണെന്ന് ആസ്വദിക്കുന്ന ആത്മാവ് സ്വമനസാ പാപസുഖങ്ങളെയും ലൗകീകമോഹങ്ങളെയും ത്യജിക്കുന്നതിൽ തൽപരയാകുന്നു. ആരുടെയും നിർബന്ധത്താലോ ശിക്ഷയെക്കുറിച്ചുള്ള ഭയത്താലോഅല്ല, ദൈവസാന്നിധ്യ സൗഭാഗ്യം നഷ്ടമാകുന്നതോർത്ത് ദൈവത്തെ വേദനിപ്പിക്കുന്നതിൽനിന്നു മാറാനായി സ്വാഭാവികമായി പാപത്തെ ഉപേക്ഷിക്കുകയാണ്. ആത്മീയവളർച്ചയിൽ ശുദ്ധീകരണത്തിന്റെ ഘട്ടമെന്ന് ആദ്ധ്യാത്മികാചാര്യർ പറഞ്ഞുതരുന്നത് ഈ ഘട്ടത്തെക്കുറിച്ചാണ്.

**ശത്രുവിനെയും അവന്റെ ആക്രമണങ്ങളെയും വിവേചിച്ചറിയുന്നു:**

'ദൈവത്തിന്റെ ശത്രു' ആത്മാവിന്റെയും ശത്രുവാണെന്ന തിരിച്ചറിവ് ആത്മാവിനു ലഭിക്കുന്നു. ആത്മീയ ജീവിതം ഒരു യുദ്ധമാണെന്നും ആ യുദ്ധത്തിൽ താൻ അഭിമുഖീകരിക്കേണ്ട യഥാർത്ഥ ശത്രു സാത്താനാണെന്നും ആത്മാവിൽ വിവേചനമുദിക്കുന്നു. ശത്രുവിനെ തിരിച്ചറിയാതെ ആത്മീയ യുദ്ധത്തിൽ മുന്നേറാനാവുകയില്ല. ആത്മാവിന്റെ ആദ്യശത്രുവും 'ഏക' ശത്രുവും സാത്താനാണെന്നും സാത്താന്റെ ഉപകരണങ്ങളായി വർത്തിക്കുന്നതനുസരിച്ച് മാത്രം ലോകവും ജഡവും ആത്മനാശത്തിനു കാരണമായേക്കാമെന്നുള്ള ജ്ഞാനം ആത്മാവ് കൈവരിക്കുന്നു. അങ്ങനെ ആത്മീയ സമരത്തിൽ താൻ അഭിമുഖീകരിക്കേണ്ടിവരുന്ന പ്രത്യക്ഷവും പരോക്ഷവുമായ ശത്രുക്കളെ ലോകം, ജഡം എന്നീ പ്രത്യക്ഷ ശത്രുക്കളെയും സാത്താനെന്ന പരോക്ഷശത്രുവിനെയും - ആത്മാവ് വിവേചിച്ചറിയുന്നു.

അതോടൊപ്പം തന്നെ ശത്രുവിന്റെ ആക്രമണരീതികളെക്കുറിച്ചും ആത്മാവ് അവബോധമുള്ളതാകുന്നു. പറുദീസയിൽ ആദിമാതാപിതാക്കന്മാരുടെ അധഃപതനത്തിന് കെണിയൊരുക്കിയ ശത്രു തന്നെ ഇന്നും ആവർത്തിക്കപ്പെടുന്നു. ''അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നൻമയും തിൻമയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെയാകുമെന്നും ദൈവത്തിനറിയാം''( ഉല്പ 3:5). തിന്മയെ നന്മയായി അവതരിപ്പിക്കുന്നുഎന്നതുതന്നെ സാത്താന്റെ തന്ത്രം......തുടർന്ന് ''ആ വൃക്ഷത്തിന്റെ പഴം ആസ്വാദ്യവും, കണ്ണിനു കൗതുകകരവും അറിവേകാൻ കഴിയുമെന്നതിനാൽ അഭികാമ്യവുമാണെന്നു കണ്ട് അവൾ അതു പറിച്ചുതിന്നു''(ഉല്പ 3:6). പ്രലോഭനത്തിന്റെ ശൈലിയും പ്രലോഭകന്റെ തന്ത്രവും ഇതാണ്. പാപം ഒരിക്കലും തകർച്ചയോ, നാശമോ, നഷ്ടമോ, ദുരിതമോ ആയി അവതരിപ്പിക്കപ്പെടുന്നില്ല. പാപം ലാഭത്തിന്റെ കഥകൾപറയുന്നു, പാപം സുഖത്തിന്റെ വഴി പറഞ്ഞുതരുന്നു, പാപം നേട്ടത്തിന്റെയും വിജയത്തിന്റെയും കുറുക്കുവഴി കാണിച്ചുതരുന്നു. പാപം ഒരിക്കലും അതിന്റെ യഥാർത്ഥമുഖം വെളിപ്പെടുത്തുന്നില്ല. അത് വിജയത്തിന്റെയും ലാഭത്തിന്റെയും സുഖത്തിന്റെയും നേട്ടത്തിന്റെയും മുഖാവരണമണിഞ്ഞ് പ്രത്യക്ഷപ്പെടുന്നു. കോപ്പിയടിക്കുന്നതിൽ വിജയത്തിന്റെ കുറുക്കുവഴിയുണ്ട്, മോഷ്ടിക്കുന്നതിൽ നേട്ടത്തിന്റെ തന്ത്രമുണ്ട്, കൊള്ളപലിശ ഈടാക്കുന്നതിൽ ലാഭത്തിന്റെ എളുപ്പവഴിയുണ്ട്, മദ്യപാനത്തിൽ സംതൃപ്തിയും സുഖ

വുമുണ്ട്, ജഡികപാപത്തിൽ സുഖവും സന്തോഷവുമുണ്ട്. അപരനെ വീഴിക്കുന്നതിൽ വിജയമുണ്ട്. ഇങ്ങനെ നീളുന്നു പാപത്തിന്റെ മുഖംമൂടികളുടെ നിര. നന്മയുടെ രൂപം ധരിച്ചായിരിക്കും തിന്മ പ്രത്യക്ഷപ്പെടുന്നത് എന്ന വസ്തുത അറിഞ്ഞിരിക്കേണ്ടത് ആത്മീയ യുദ്ധത്തിൽ വിജയിക്കേണ്ടതിന് അനിവാര്യമാണ്.

പാപം....

വസ്തുതകൾ ഇങ്ങനെയായിരിക്കെ, സാത്താന്റെ കുടില തന്ത്രങ്ങളെ ഗ്രഹിക്കാനും, അവയെ ചെറുക്കാനും ആത്മാവിന് പരിശുദ്ധാത്മാവിന്റെ പ്രത്യേക സഹായം കൂടിയേ തീരൂ. പരിശുദ്ധാത്മാവിന്റെ സമ്മതമില്ലാതെ മനുഷ്യാത്മാവിന് തനിച്ച് പ്രലോഭനത്തെ അതിജീവിക്കാൻ കഴിയുകയില്ല. പാപത്തെയും പാപകാരണങ്ങളെയും പാപതന്ത്രങ്ങളെയും വിവേചിച്ചറിയാൻ മനുഷ്യാത്മാവ്, ദൈവാത്മാവിനോട് ചേർന്നിരുന്ന് കൃപസ്വീകരിക്കണം.

പാപം പകുത്തുവച്ചുതരുന്ന വിജയം ശ്വാശതമല്ല; പാപം വച്ചുനീട്ടുന്ന സുഖവും ലാഭവും നിത്യമല്ല; പാപം വിളമ്പിത്തരുന്ന സംതൃപ്തിയും സന്തോഷവും കയ്പുനിറഞ്ഞതുതന്നെയാണ്. ഈ യാഥാർത്ഥ്യം ആത്മാവ് ഗ്രഹിക്കുന്നു. ചൂണ്ടയിൽ ഇൗരയെ കോർത്തിട്ട് മത്സ്യത്തെ ആകർഷിക്കുന്നതുപോലെയോ. ഈഷ്ടഭക്ഷണത്തിൽ വിഷം ഒളിപ്പിച്ചുവച്ച് എലിയെ കുടുക്കിലാക്കുന്നതുപോലെയാണ് പ്രലോഭകൻ നിത്യനാശം ഒളിപ്പിച്ചുവച്ച് താത്ക്കാലിക സുഖവും നേട്ടവും അവതരിപ്പിച്ച് മനുഷ്യനെ കബളിപ്പിക്കുന്നത്. നിത്യവും ശാശ്വതവുമായ നന്മ മാത്രമേ ആത്മാവിന് എന്നേക്കുമായി ആനന്ദ വിഷയമാകുന്നുള്ളൂ. പാപത്തിന് ശ്വാശത വിജയമില്ല എന്നത് ആത്മീയ സത്യമാണ്.

ഒരിക്കൽ ലോകാത്ഭുതമെന്ന നിലയിൽ പുകൾകൊണ്ട പിസയിലെ ചെരിഞ്ഞഗോപുരം അതിന്റെ പുറമെ അത്ഭുതത്തിന്റെ മഹിമ പുലർത്തി നിന്നിരുന്നപ്പോഴും അതിന്റെ ചരിവ് വർദ്ധിക്കുകയും അതിന്റെ വീഴ്ച ഉറപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. അത് നിലം പൊത്താതിരിക്കാൻ പ്രത്യേക സാങ്കേതിക വിദ്യകൾ ഉപയോഗിക്കേണ്ടി വന്നു. പാപം മഹിമയും പ്രതാപവും കാണിച്ച് അവതരിപ്പിക്കുമ്പോഴും ഉള്ളിൽ സുനിശ്ചിതമായ ഒരു വീഴ്ച ഉറപ്പാക്കുന്നുണ്ട്. അതു തിരിച്ചറിയാനുള്ള വിവേകമാണ് ആത്മാവ് നേടിയെടുക്കേണ്ടത്. ലോകവും അതിന്റെ മഹത്വവും ചൂണ്ടിക്കാണിച്ചുകൊണ്ട് ഇവയെല്ലാം എന്റേതാണ് എന്ന് ദൈവപുത്രനോടുപോലും പറയാൻ സാത്താൻ ലജ്ജിച്ചില്ലല്ലോ! തന്നെ ആരാധിക്കണമെന്നുപോലും അവൻ പറഞ്ഞുവച്ചു.

ലാഭവും നേട്ടവും വിജയവും സുഖവും വച്ചുനീട്ടുമ്പോൾത്തന്നെ പ്രലോഭകൻ അതിനുള്ളിൽ നാശവും തകർച്ചയും ഒളിപ്പിച്ചിരിക്കുന്നു എന്ന് ആത്മാവ് ഉറപ്പാക്കികൊള്ളണം. പ്രലോഭകൻ ചൂണ്ടിക്കാണിക്കുന്ന വിജയത്തിലേക്കുള്ള കുറുക്കുവഴി ആത്മനാശത്തിന്റെ വിശാലവീഥിയാണെന്ന സത്യം യഥാർത്ഥജ്ഞാനി തിരിച്ചറിയുന്നു.

വനാന്തരത്തിലൂടെ ഒഴുകുന്ന വൻനദികളിൽ മൃഗങ്ങൾ വീണ് ചത്തുവീർത്ത് ഒഴുകിയെത്തുമ്പോൾ അവയുടെമേൽ പറന്നിറങ്ങി നഖമൂന്നികൊത്തിവീഴുങ്ങുന്ന ശവംതീനികഴുകന്മാരുടെ അവസ്ഥ തന്നെയാണ് പാപത്തിൽ അടിയുറയ്ക്കുന്ന മനുഷ്യാത്മാവിനും സംഭവിക്കുന്നത്. നദിവെള്ളച്ചാട്ടത്തിലെത്തവേ ഒഴുക്കു വർദ്ധിക്കുകയും കഴുകന്മാർ പറന്നുപോകാൻ ആഗ്രഹിക്കുകയും ചെയ്യും. എന്നാൽ നഖങ്ങൾ മാംസപിണ്ഡത്തിൽ ആഴ്ന്നിറങ്ങി അസ്ഥികളിൽ കോർത്ത് ഉറപ്പിച്ചിരിക്കുന്നതിനാൽ അത് പറിച്ചെടുത്ത് പറക്കാൻ വിഷമം! ഒപ്പം വെള്ളച്ചാട്ടം തൊട്ടടുത്താണെന്നറിയുന്നതിനാൽ ഉണ്ടാകുന്ന ഭയവും വിഭ്രാന്തിയും! എന്നാലോ, ഈ ആഹാരം എന്നേക്കുമായി ഉപേക്ഷിക്കാനുള്ള വിഷമം മൂലം വീണ്ടും കൊത്തിവലിച്ച് തീറ്റിവീഴുങ്ങാനുള്ള അത്യാർത്തി! അങ്ങനെ കഴുകൻ താൻ കാലുനിന്നിരുന്ന ശവത്തോടൊപ്പം വെള്ളച്ചാട്ടത്തിൽ നിപതിക്കുന്നു. തലകീഴായിമറിഞ്ഞ് നശിക്കുന്നു! പാപത്തിൽ മനസ്സൂന്നിയ ആത്മാവിന്റെ ദുരവസ്ഥയും ഇതുപോലെതന്നെ. അത് രക്ഷപ്പെടാനാഗ്രഹിക്കുമ്പോഴും പാപസുഖം ഉപേക്ഷിക്കാൻ തയ്യാറാവുന്നില്ല.

ശുദ്ധീകരണത്തിന്റെ അവസ്ഥയിലൂടെ കടന്നുപോകുന്ന ആത്മാവ് പാപത്തിന്റെ കാരണങ്ങളെക്കുറിച്ചും അതു കടന്നുവരുന്ന വഴികളെക്കുറിച്ചും മനസ്സിലാക്കേണ്ടതുണ്ട്. പാപം മുഖ്യമായും ആസക്തികളെ ഉണർത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു. അങ്ങനെ നമ്മെ സ്വാധീനിക്കുയും കീഴ്പ്പെടുത്തുകയും ചെയ്യുന്നു. പ്രലോഭനങ്ങൾ ത്രിവിധ ദുരാശകളെ ഉണർത്തുന്നതുവഴിയാണ് മനുഷ്യനെ വശീകരിക്കുന്നത്. ജഡത്തിന്റെ ദുരാശ, കണ്ണുകളുടെ ദുരാശ, ജീവിതത്തിന്റെ അഹന്ത ഇവയാണ് ത്രിവിധപാപാസക്തികൾ അഥവാ ദുരാശകൾ (1 യോഹ 2:15-16).

ഈ ത്രിവിധപാപസക്തികളിൽനിന്നാണ് മൂലപാപങ്ങൾ രൂപപ്പെട്ടു വളരുന്നത്. ആത്മീയ ശുദ്ധീകരണത്തിന്റെ നാളുകളിൽ ഓരോ ആത്മാവും തിരിച്ചറിയേണ്ടകാര്യമാണ് തന്നിൽ പ്രബലമായിരിക്കുന്ന മൂലപാപം ഏതാണെന്ന്. മൂലപാപങ്ങൾ അവയിൽത്തന്നെ

പാപപ്രവൃത്തികളല്ല പാപത്തിലേക്കു നയിക്കുന്ന ദുർഗുണമാണ്. അത് പാപത്തിന്റെ വിത്താണ്, അല്ലെങ്കിൽ പാപത്തിന്റെ വേരാണ്. പ്രധാന ദുർഗുണങ്ങൾക്കെതിരായ പോരാട്ടത്തിലെ സുപ്രധാനമായ ഘട്ടമാണ് മൂലപാപത്തെ കണ്ടെത്തി അവയുടെ തല തകർക്കുക എന്നത്. മൂലപാപങ്ങൾ ഏഴാണ് എന്ന് ആത്മീയ ഗുരുക്കന്മാർ പഠിപ്പിക്കുന്നു. അഹങ്കാരം, അസൂയ, ദ്രവ്യാഗ്രഹം, മോഹം, ഭോജനപ്രീയം, കോപം, അലസത എന്നീവയാണത്. ഇവയോരോന്നും ഒട്ടനവധി പാപസന്തതികളെ ജനിപ്പിക്കുന്നു. ത്രിവിധപാപാസക്തികളെയും മൂലപാപങ്ങളെയും ചുവടെ ചേർക്കും വിധം ബന്ധമുള്ളതായി കാണാവുന്നതാണ്.

| | | |
|---|---|---|
| ജഡത്തിന്റെ ദുരാശ | ഭോജനപ്രിയം | |
| | ജഢികാസക്തി | |
| | അലസത | |
| കണ്ണുകളുടെ ദുരാശ | ദ്രവ്യാശ | |
| ജീവിതത്തിന്റെ അഹന്ത | | അഹങ്കാരം |
| | | അസൂയ |
| | | കോപം |

ജഡത്തിന്റെ ദുരാശയിൽ നിന്ന് ഭോജനപ്രിയം, ജഢികാസ്തി (മോഥം) അലസത എന്നിവ രൂപംകൊള്ളുന്നു. കണ്ണുകളുടെ ദുരാശ ലോകമോഹങ്ങളോടും സമ്പത്തിനോടുമുള്ള താത്പര്യമായി ദ്രവ്യാശവളർത്തുന്നു. ജീവിതത്തിന്റെ അഹന്തയിൽനിന്നും അഹങ്കാരവും അസൂയയും കോപവും ജന്മമെടുക്കുന്നു.

ആത്മീയ വളർച്ച ആഗ്രഹിക്കുന്ന ആത്മാക്കൾ നിർബന്ധമായും ത്രിവിധ ആസക്തികൾക്കെതിരായും അവയിൽ നിന്നു രൂപമെടുക്കുന്ന മൂലപാപങ്ങൾക്കെതിരായും സന്ധിയില്ലാ സമരം ചെയ്യേണ്ടതുണ്ട്. എന്തുകൊണ്ടെന്നാൽ, യാക്കോബു ശ്ലീഹാ പഠിപ്പിക്കുന്നതുപോലെ "ഓരോരുത്തരുംപരീക്ഷിക്കപ്പെടുന്നത് സ്വന്തം ദുർമോഹങ്ങളാൽ വശീകരിക്കപ്പെട്ട് കുടുക്കിലാകുമ്പോഴാണ്. ദുർമോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു. പാപം പൂർണ്ണവളർച്ച പ്രാപിക്കുമ്പോൾ മരണത്തെ ജനിപ്പിക്കുന്നു" (യാക്കോ 1:14-15). ആധ്യാത്മിക കുസുമങ്ങളെ കരണ്ടുതിന്നുന്ന കീടങ്ങളാണ് ഈ ദുർഗുണങ്ങൾ.

**1. അഹങ്കാരം:** ദൈവത്തെ ദൈവമായി അംഗീകരിക്കുന്നതിനു പകരം സ്വയം ദൈവസ്ഥാനത്ത് പ്രതിഷ്ഠിക്കുന്ന ഭാവമാണ് അഹങ്കാരം. ഇത് പ്രത്യക്ഷത്തിൽ പ്രഖ്യാപിക്കുന്ന ദൈവനിഷേധമോ പരോക്ഷമായി പ്രയോഗത്തിൽ വരുത്തുന്ന അഹങ്കാരത്തിന്റെ പ്രവൃ

ത്തികളോ ആകാം. എല്ലാം ദൈവദാനമാണെന്നിരിക്കെ അവയെ സ്വന്തമെന്നു കരുതുന്ന അവസ്ഥയുമാകാമിത്. കഴിവും നേട്ടങ്ങളും വിജയവും ആരോഗ്യവും സമ്പത്തും എല്ലാം സ്വന്തമെന്നു കരുതി ദൈവത്തിന് മഹത്വം നല്കാതിരിക്കലാണിത്.

അഹങ്കാരം ഒട്ടനവധി രൂപഭാവങ്ങൾ സ്വീകരിക്കുന്നു. അഹങ്കാരി സ്വന്തം തെറ്റുകളെ ന്യായികരിക്കുകയും ഇല്ലാത്തഗുണങ്ങൾ ഉണ്ടെന്നു ഭാവിക്കുകയും ചെയ്യുന്നു. താൻ മറ്റുള്ളവരെക്കാൾ മെച്ചപ്പെട്ടവനാണെന്ന് ചിന്തിച്ച് സ്വയം പുകഴ്ത്തി സംസാരിക്കുകയും മറ്റുള്ളവരെ പുച്ഛിച്ചും വിമർശിച്ചും നിന്ദിച്ചും സംസാരിക്കുകയും ചെയ്യും. അന്യരുടെ നിസ്സാര വീഴ്ചകളെപ്പോലും തേടിക്കണ്ടെത്താനും അവയെ പരസ്യപ്പെടുത്താനും അഹങ്കാരം ഇടയാക്കുന്നു. അഹങ്കാരത്തിന്റെ ഇതര സന്തതികളാണ് ഔന്നത്യം, ബഹുമാനേച്ഛ, വ്യർത്ഥാഭിമാനം, കപടഭക്തി, പ്രകടനമനോഭാവം, സ്വയം പര്യാപതമെന്ന ചിന്ത, സ്വയം നീതീകരണം, തെറ്റുതിരുത്തായ്ക, പിടിവാശി, കുറ്റംവിധിക്കൽ, അപരന്റെ അഭിപ്രായങ്ങളെമാനിക്കായ്ക, പ്രതിഫലേച്ഛ, ധിക്കാരം, അനുസരണക്കേട്, സ്വാർത്ഥത ഇവയെല്ലാം.

കണ്ടുപിടിക്കാൻ ഏറ്റം വിഷമുള്ളതും കീഴടക്കാൻ ഏറ്റം പ്രയാസമുള്ളതുമായ തിന്മയാണ് അഹങ്കാരം. അത് എളിമയുടെ പോലും വേഷം ധരിക്കുമെന്നതാണ് വിരോധാഭാസം. അഹങ്കാരിയുടെ ജീവിതം ബാബേൽഗോപുരത്തിന്റെ തനിയാവർത്തനമോ ഹേറോദസിന്റെ അന്ത്യം പോലെയോ ആയിത്തീരുന്നു. ദൈവകരങ്ങളിൽ നിന്ന് കൃപ സ്വീകരിക്കുന്നതിൽനിന്ന് അഹങ്കാരം നമ്മെ തടയുന്നു. പാപങ്ങൾ അനുതപിച്ച് ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നതിൽനിന്നും നമ്മെ അത് തടസ്സപ്പെടുത്തുന്നു. ആത്മീയ വളർച്ചയ്ക്ക് ഏറ്റം വലിയ ശത്രുവും ആഹങ്കാരം തന്നെയെന്നു പറയാവുന്നതാണ്. ദൈവം അഹങ്കാരികളെ ശിക്ഷിക്കുന്നു എന്നുതന്നെ വചനം പഠിപ്പിക്കുന്നു. "ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ദൈവം ചിതറിച്ചു എളിയവരെ ഉയർത്തി" എന്നാണല്ലോ വി. ഗ്രന്ഥം പറയുന്നത് (ലൂക്കാ 1: 51-52).

**2. അസൂയ:** അന്യരുടെ നന്മയും ഉയർച്ചയും കാണുമ്പോൾ ഉണ്ടാകുന്ന അസ്വസ്ഥതയും ദുഃഖവുമാണ് അസൂയ. നമ്മുടെ വളർച്ചയ്ക്ക് അന്യൻ തടസ്സമാണെന്ന ചിന്തയും മറ്റുള്ളവരാൽ നാം പിൻതള്ളപ്പെട്ടേക്കാമെന്ന ഭയവും നമ്മിൽ അസൂയ ജനിപ്പിച്ചേക്കാനിടയുണ്ട്. ഭൗതിക കാര്യത്തിൽ മാത്രമല്ല ആത്മീയ നന്മകളുടെ കാര്യത്തിലും അസൂയകടന്നുവരാനിടയുണ്ട്. അസൂയ വളർന്ന്

പകയും വെറുപ്പും കലഹവും ഭിന്നതയും ജനിപ്പിക്കും, കൊലപാതകത്തിലേക്കുവരെ അത് മനുഷ്യനെ എത്തിച്ചേക്കാം. ഉപവി എന്ന പുണ്യത്തിന് ഘടകവിരുദ്ധമാണ് അസൂയ. സ്വന്തം സഹോദരനായ ആബേലിനെ വധിക്കാൻ കായേനെപ്രേരിപ്പിച്ചത് അവനിലെ അസൂയയാണ്. പൂർവ്വ യൗസേപ്പിനെ അസൂയ നിമിത്തം സഹോദരങ്ങൾ വിറ്റു. അസൂയ നിമിത്തമാണ് സാവൂൾ ദാവീദിനെ വധിക്കാൻ പുറപ്പെട്ടതും ദാനിയേലിനെതിരെ കുറ്റാരോപണമുയർന്നതും, ഹേറോദോസ് ശിശുക്കളെ വധിക്കാൻ ആജ്ഞാപിച്ചതും അസൂയയാൽത്തന്നെയത്രെ ഈശോയെ ജനപ്രമാണികൾ മരണത്തിന് ഏൽപിച്ച് കൊടുത്തതും. ക്രൂരത നിറഞ്ഞ ദുർഗുണമാണ് അസൂയ. മറ്റുള്ളവരെ നശിപ്പിക്കാൻ ഏതു കുത്സിതമാർഗങ്ങളും സ്വീകരിക്കാൻ അസൂയ പ്രേരിപ്പിക്കുന്നു.

**3. കോപം:** സ്നേഹത്തിനെതിരായ വികാരങ്ങളിൽ പ്രധാനമായ ഒന്നാണ് കോപം. അത് അപരന്റെമേൽ ഉപദ്രവമേൽപിക്കുന്നു. വിദ്വേഷത്തിലേക്ക് നയിക്കുന്നു. ''കോപം മനുഷ്യബോധത്തെ കലക്കുകയും ആത്മനിയന്ത്രണം നശിപ്പിക്കുകയും, മനുഷ്യനെ മൃഗതുല്യനാക്കുകയും ചെയ്യുന്നു. മനുഷ്യത്വംതന്നെ കൈവിട്ട് നായയെപ്പോലെ കുരയ്ക്കുന്നതിനും തേളിനെപ്പോലെ കുത്തുന്നതിനും, സർപ്പത്തെപ്പോലെ ദംശിക്കുന്നതിനും മനുഷ്യനെ പ്രേരിപ്പിക്കുന്നു''. എന്ന് വി. ബേസിൽ പഠിപ്പിക്കുന്നു. വിരോധം, കാപട്യം, അവഹേളനം, പ്രതികാരേച്ഛ, കലഹം, ചിത്രം, യുദ്ധം മുതലായവയെല്ലാം കോപത്തിന്റെ സന്താനങ്ങളത്രെ. അത് മറ്റുള്ളവരെ നമ്മിൽ നിന്ന കറ്റുന്നു. നാം ചെയ്യുന്ന ഇതര നന്മകൾപോലും കെടുത്തിക്കളയുന്നു. യേശുവിന്റെ ഹൃദയശാന്തതയും എളിമയും ആർജ്ജിച്ചുകോണ്ടു മാത്രമേ ആത്മീയതയിൽ വളരാനാവൂ. പലരും പല വിധത്തിൽ കോപത്തെ ന്യായീകരിക്കുന്നു. അവരു തെറ്റുചെയ്തതുകൊണ്ടല്ലേ ഞാൻ കോപിച്ചത്? പല പ്രവാശ്യം പറഞ്ഞിട്ടുള്ളതല്ലേ? എനിക്ക് അധികാരമുള്ളതുകൊണ്ടല്ലേ, മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടിയല്ലേ, എന്നിങ്ങനെയുള്ള ന്യായീകരണങ്ങൾ കടന്നുവരാം. കോപം പുരുഷത്വ ലക്ഷണമാണെന്നും കോപിക്കാത്തത് കഴിവുകേടാണെന്നും പലരും ധരിച്ചുവശായിരിക്കുന്നു. ജീവിതവ്യഗ്രതകളും ദുഃഖങ്ങളും, കഠിനാദ്ധ്വാനവും ശാന്തതയെ കെടുത്തുകയും മനുഷ്യൻ കോപിഷ്ഠനായിത്തീരുകയും ചെയ്യാനിടയുണ്ട്. കോപം കോപിക്കുന്ന ആളുടെ ബലഹീനതയാണെന്നും സ്നേഹശക്തി വളരാത്തതുമൂലം ഉണ്ടാകുന്നതാണെന്നും കോപിക്കുന്നത് പരാജയമാണെന്നും തിരിച്ചറിവുലഭിച്ച് സ്നേഹാഭിഷേകത്തിൽ വളരുകയാ

ണാവശ്യം. എപ്പോഴെങ്കിലും കോപിക്കുന്നത് ദൈവഹിതമാണെന്നു തിരിച്ചറിയുമ്പോൾ ഉള്ളിൽ വെറുപ്പുനിറയാതെ സ്നേഹത്താൽ പ്രേരിതനായി, തിന്മയ്ക്കെതിരെ ശാസിക്കാനുള്ള കഴിവാണ് നേടിയെടുക്കേണ്ടത്. ഈശോ ഫരിസേയപ്രമാണിമാരെയും നിയമജ്ഞരെയും ശാസിക്കുന്നതും ദേവാലയത്തിൽ ക്രയവിക്രയം ചെയ്തിരുന്നവരെ പുറത്താക്കുന്നതും ഇപ്രകാരമുള്ള പ്രവൃത്തിയാണ്. അത് സ്നേഹത്തിന്റെ പ്രകടനമായിരുന്നു.

**4. ഭോജനപ്രിയം:** ഭക്ഷണപാനിയങ്ങളോടുള്ള അമിതമായ ആസക്തിയാണ് ഭോജനപ്രിയം. അതിൽ കുടുങ്ങുന്നവർ ഭക്ഷിക്കാൻവേണ്ടി ജീവിക്കുന്ന അവസ്ഥയിൽ ചെന്നെത്തുന്നു. ആവശ്യത്തിലധികവും, ഇടയ്ക്കിടയ്ക്കും,ആസക്തിയെ തൃപ്തിപ്പെടുത്താനായി ഭക്ഷിക്കുന്നവരും, വളരെ രുചികരമായവമാത്രം തിരഞ്ഞെടുത്തു ഭക്ഷിക്കുന്നവരും, ക്രമവും നിയന്ത്രണവും കൂടാതെ ഭക്ഷിക്കുന്നവതും ആത്മീയ മനുഷ്യനെ യോജിച്ചതല്ല. ഭോജനപ്രിയം ഭോഗാസക്തിക്ക് വളമാണ്. ആരോഗ്യമോ ധനമോ നഷ്ടമാകുകയോ, കടമാനിർവഹണത്തെ തടസ്സപ്പെടുത്തുകയോ, ശരിരത്തിന്റെ മാന്യതയെ കളങ്കപ്പെടുത്തുകയോ ചെയ്യും വിധമുള്ള ഭക്ഷിക്കൽ തെറ്റാകുന്നു. ലഹരി വസ്തുക്കളുടെ ഉപയോഗം തികച്ചും വർജ്ജിക്കേണ്ടതാണെന്ന് പറയേണ്ടതില്ലല്ലോ. ഭോജനപ്രിയം സുഖലോലുപതയെയും ജഢികാസക്തിയെയും വളർത്തുന്നു. ''മാംസത്തിന്റെ ദുരാശയിൽ ഉൾപ്പെടാതിരിക്കാൻ ഞാൻ മാംസം വർജ്ജിക്കുന്നു'' എന്ന വി. ബർണാർദിന്റെ നിലപാട് മാതൃകാപരമാണ്.

ഭക്ഷിക്കുന്നതിനു മുൻപ് കൃതജ്ഞതയർപ്പിച്ചും, പ്രാർത്ഥിച്ചും ഉദ്ദേശ ശുദ്ധി പുലർത്തി നിയോഗംവച്ചും ഭക്ഷിക്കുന്നത് ഭോജനത്തെ വിശുദ്ധീകരിക്കാനും ഭക്ഷണാസക്തിയെ നിയന്ത്രിക്കാനും സഹായിക്കും. ''നിങ്ങൾ ഭക്ഷിക്കുകയോ പാനംചോയ്യുകയോ എന്തുതന്നെ ചെയ്താലും അവയൊക്കെയും ദൈവമഹത്വത്തിനായി ചെയ്യുവിൻ''(1 കോറി 10:31) എന്ന് ശ്ലീഹാ ഉപദേശിക്കുന്നത് ഓർമ്മയിൽ സൂക്ഷിക്കേണ്ടതാണ്. ഭക്ഷണമേശ ആത്മാവിന് പുണ്യസമ്പാദനവേളകളാണെന്ന് ആത്മീയാചാര്യന്മാർ പറഞ്ഞു തരുന്നു.

**5. ജഢികാസക്തി:** ആത്മീയ മനുഷ്യൻ ജഢികാസക്തിയെ നിയന്ത്രിക്കാൻ കഴിവുള്ളവനായിരിക്കണം. മനുഷ്യവംശത്തിന്റെ നിലനിൽപിനായി ദൈവം മനുഷ്യനു നൽകിയിരിക്കുന്ന ലൈംഗികതയെ സ്നേഹം പങ്കുവെച്ച് ജീവൻ നൽകുക എന്ന ലക്ഷ്യത്തിനു വിരുദ്ധമായി ഉപയോഗിക്കുമ്പോൾ അത് തെറ്റായിത്തീരുന്നു. കുടുംബ ജീവിതത്തിൽ ദാമ്പത്യ ബന്ധത്തിൽ മാത്രമാണ് ലൈംഗികത

യുടെ ഉപയോഗം അനുവദനീയമായിട്ടുള്ളത്. ബാഹ്യമായ പ്രവൃത്തികളിൽ മാത്രമല്ല, ആന്തരികമായ വ്യാപാരങ്ങളിലും - ആഗ്രഹങ്ങൾ, വിചാരങ്ങൾ, ഭാവനകൾ എന്നിവയിലും - നിയന്ത്രണം പാലിക്കേണ്ടതുണ്ട്. ''ഞാൻ അശുദ്ധകാര്യങ്ങൾ ഒന്നും പറഞ്ഞില്ല, കേട്ടതേയുള്ളൂ'', ''ഞാൻ പ്രവൃത്തിച്ചില്ല വിചാരിച്ചതേയുള്ളു'', ''അന്യരോടുകൂടിയൊന്നും ചെയ്തില്ല തനിച്ചാണ് ചെയ്തത്'', നിർബന്ധിച്ചല്ല സമ്മതത്തോടെയാണ്, '', ''ഇതൊക്കെ സ്വാഭാവിക ആവശ്യങ്ങളാണ്'' എന്നിങ്ങനെയുള്ള ന്യായവാദങ്ങൾ ആത്മവഞ്ചനയാണ്. ശരീരം ദുർവൃത്തിക്കുള്ളതല്ലെന്നും, അത് മിശിഹായ്ക്കുള്ളതാണെന്നും, ദൈവത്തിന്റെ ആലയമാണെന്നും, അന്ത്യദിനത്തിൽ ഉത്ഥാനം പ്രാപിക്കാനുള്ളതാണെന്നുംതിരുവചനം പഠിപ്പിക്കുന്നു.

ജഢികാസക്തി ഒരു വ്യക്തിയിൽ പിടിമുറുക്കിയാൽ പ്രാർത്ഥനയും പുണ്യാഭിവൃദ്ധിയുമുള്ള താത്പര്യങ്ങൾ കുറയും. ആത്മീയാനന്ദത്തെക്കാൾ ശാരീരിക സുഖത്തെ അന്വേഷിച്ചു തുടങ്ങും. മനഃശക്തി ക്ഷയിക്കുകയും ദുരാസക്തിക്ക് അടിപ്പെടുകയും ചെയ്യും. മനസ്സ് അലസവും ബലഹീനവുമായിത്തീരും. അലസത കൂട്ടിനു വരും. ഭോജനപ്രിയം തേടിയെത്തും.

പാപകരമായേക്കാവുന്ന സാഹചര്യങ്ങൾ ഒഴിവാക്കുക എന്നത് നിർബന്ധബുദ്ധ്യാ നിർവ്വഹിക്കേണ്ട കാര്യമാണ്. വായന, സന്ദർശനങ്ങൾ, കേൾവികൾ, കാഴ്ചകൾ, കലാപ്രകടനങ്ങൾ, വസ്ത്രധാരണം, കൂട്ടുകെട്ടുകൾ എന്നിവയൊക്കെ ദൈവ പൈതലിനു യോജിച്ച വിധമായിരിക്കണം.സാഹചര്യങ്ങളിൽ പെടാതെ ശ്രദ്ധിക്കുമ്പോൾപോലും നമ്മിൽ നിന്നുതന്നെ ആവിർഭവിക്കുന്ന പ്രലോഭനങ്ങൾ ഉണ്ടാകാം.ഇന്ദ്രിയനിഗ്രഹങ്ങളും ആശയടക്കങ്ങളും അഭ്യസിച്ചുകൊണ്ട് അവയെ നേരിടണം. തീഷ്ണമായ പ്രാർത്ഥനയിലൂടെയും കൂദാശകളുടെ സ്വീകരണത്തിലുടെയും വചനവായനയിലൂടെയും കൃപയിൽ വളർന്നു വേണം ശുദ്ധതാപാലനം സാധ്യമാക്കാൻ.

**6. അലസത:** കഴിവതും അധ്വാനിക്കാതെയും ക്ലേശിക്കാതെയും ജീവിതം ചിലവഴിക്കണമെന്ന സ്വാഭാവിക വാസനയാണ് അലസതയ്ക്കു പിന്നിലെ പ്രേരകഘടകം. ആത്മീയതയും അലസതയും വിരുദ്ധചേരിയിൽ നിൽക്കുന്നു. എന്നാലിന്ന് പലരും അലസരായി ആത്മീയതയുടെ വേഷമണിയുന്നവരാണ്. അലസൻ അദ്ധ്വാനത്തെ വെറുക്കുന്നു; ജോലി ചെയ്യാൻ മടിക്കുന്നു; ചെയ്യുന്ന ജോലിയാകട്ടെ ശ്രദ്ധയും താത്പര്യവുമില്ലാതെ ചെയ്യുന്നു; ജോലി പൂർത്തിയാക്കാതെ പിന്നീടാകാം എന്ന് കരുതി നീട്ടിവയ്ക്കുന്നു, ക്ലേശകര

മായ ജോലികൾ ഏറ്റെടുക്കാതിരിക്കുന്നു, സമയം വൃഥാ ചിലവഴിക്കുന്നു, വിശ്രമവും ഉറക്കവും വിനോദവുമായി ജീവിതം നയിക്കുന്നു. ഭൗതീക ജീവിത കടമകളിലെന്നപോലെ തന്നെ ആദ്ധ്യാത്മീക കാര്യത്തിലും അലസത കടന്നുകൂടാനിടയുണ്ട്. പ്രാർത്ഥനയും ഭക്താനുഷ്ഠാനങ്ങളും വചനവായനയും കൂദാശകളുടെ സ്വീകരണംപോലും പിന്നീടാകട്ടെ എന്നു പറഞ്ഞ് തള്ളി നീക്കിവിടുന്നു. അലസൻ "ഉപേക്ഷയാൽ" പാപം ചെയ്യുന്നു. ദൈവിക നന്മകളും അനുഗ്രഹങ്ങളും സ്വീകരിക്കാതെ നഷ്ടമാക്കുന്നു. ജീവിത കടമകൾ നിർവഹിക്കാത്തവൻ നിത്യരക്ഷതന്നെ അപകടത്തിലാക്കുന്നു. അലസത പുണ്യപൂർണ്ണത പ്രാപിക്കുന്നതിന് ഏറ്റം വലിയ വിഘ്നാതമാകുന്നു.അലസതമൂലം ആത്മീയത മന്ദതയിലായിത്തീരുകയും ദുരാശകൾ വേരുപിടിച്ച് പാപപ്രവൃത്തികൾ ഉണ്ടാകുകയും ചെയ്യും. വി.ഗ്രന്ഥം അലസതയെക്കുറിച്ച് പഠിപ്പിക്കുന്നത് ശ്രദ്ധിക്കുക: "ഞാൻ അലസന്റെ വയലും ബുദ്ധിശൂന്യന്റെ മുന്തിരിത്തോപ്പും കടന്നുപോയി. അവിടെയെല്ലാം മുള്ളുകൾ നിറഞ്ഞിരുന്നു. നിലമാകെ കളകൾകൊണ്ട് മൂടിയിരുന്നു. അതിന്റെ കൽഭിത്തി ഇടിഞ്ഞുപൊളിഞ്ഞു കിടന്നു. അതുകൊണ്ട് ഞാൻ ചിന്തിച്ചു; ഒരു ഗുണപാഠം പഠിക്കുകയും ചെയ്തു. കുറച്ചുകൂടി ഉറങ്ങാം. തെല്ലുനേരം കൂടി മയങ്ങാം. കൈയുംകെട്ടിയിരുന്ന് അല്പം കൂടി വിശ്രമിക്കാം. ഫലമോ ദാരിദ്ര്യം കവർച്ചക്കാരനെപ്പോലെയും ദുർഭിക്ഷം ആയുധപാത്തിയെപ്പോലെയും നിന്നെ സമീപിക്കും "(സുഭാ 24:30-34). "നല്ല ഫലം കായ്ക്കാത്ത വൃക്ഷമെല്ലാം വെട്ടി തീയിൽ എറിയപ്പെടും" (മത്താ 3:10) എന്നതുതന്നെയായിരിക്കും അലസതയുടെ പരിണിതഫലം.

അലസതയുടെ രൂപഭേദമാണ് മന്ദത. ഒന്നിനും ഉത്സാഹമില്ലാതെ നിരുന്മേഷതയിൽ കഴിയുക എന്നതാണിത്. ആത്മീയവളർച്ചയ്ക്ക് വലിയ വിപത്താണ് മന്ദത. തിരുവചനം പറയുന്നു: "നീ തണുപ്പോ ചൂടോ ഉള്ളവനല്ല, തണുപ്പോ ചൂടോ ഉള്ളവനായിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു. ചൂടോ തണുപ്പോ ഇല്ലാതെ മന്ദോഷ്ണനാകയാൽ നിന്നെ ഞാൻ എന്റെ വായിൽനിന്ന് തുപ്പിക്കളയും" (വെളി 3:15-16).

അലസതയോട് അഹങ്കാരം ചേർന്നാൽ ഉണ്ടാകുന്ന അവസ്ഥ കൂടുതൽ ശോചനീയമായിരിക്കും. എനിക്കാവശ്യത്തിന് പണമുണ്ട് ഞാൻ അദ്ധ്വാനിക്കേണ്ടതില്ല. എനിക്ക് നല്ല ബുദ്ധിശക്തിയുണ്ട്. പ്രവർത്തന പാടവമുണ്ട്, കേശിക്കേണ്ടതില്ല എന്നിങ്ങനെയുള്ള ചിന്ത കടന്നുകൂടാത്തത്ര വരും. വചനം വീണ്ടും ഓർമ്മിപ്പിക്കുന്നു.

"ഞാൻ ധനവാനാണ് എനിക്കു സമ്പത്തുണ്ട്, ഒന്നിനും കുറവില്ല എന്നു നീ പറയുന്നു. എന്നാൽ നീ നികൃഷ്ടനും, ദയനീയനും, ദരിദ്രനും, അന്ധനും, നഗ്നനും ആണെന്നു നീ അറിയുന്നില്ല" (വെളി 3:17).

അദ്ധ്വാനിക്കുക എന്നത് ദൈവഹിതം തന്നെയാണ്. ദൈവഹിതമനുസരിച്ചാണ് അദ്ധ്വാനിക്കേണ്ടത് എന്നതും ശ്രദ്ധേയമാണ്. അഞ്ചുകിട്ടിയവന് അത് പത്താക്കാനും രണ്ടു കിട്ടിയവന് അത് നാലാക്കാനും ഒന്നുകിട്ടിയവന് അത് അലസനായി കുഴിച്ചിടാതെ വർദ്ധിപ്പിക്കാനും കടമയുണ്ട്. ദൈവഹിതമനുസരിച്ച് അദ്ധ്വാനിക്കുമ്പോൾ അത് പുണ്യമായി മാറുന്നു. പ്രത്യേക നിയോഗമുറപ്പിച്ച് സമർപ്പിക്കുന്ന അദ്ധ്വാനത്തിന് വിശുദ്ധീകരണ ശക്തിയുണ്ട്, അത് രക്ഷാകരമായിത്തീരുന്നു.

**ദ്രവ്യാശ:** ലൗകീക സമ്പത്തിനോടുള്ള അമിതമായ ആഗ്രഹമാണ് ദ്രവ്യാശ. സമ്പത്തിന്റെ ഉടയവൻ ദൈവമാണെന്നും നമ്മുടെയും സഹജീവികളുടെയും നന്മയ്ക്കായി വിനിയോഗിക്കുവാൻ ദൈവം നമ്മെ ഭരമേല്പ്പിച്ചതാണ് സമ്പത്തെന്നും നാം ബോധ്യപ്പെടണം. ലൗകീക സമ്പത്തിന്റെ നശ്വരതയെക്കുറിച്ചും സ്വർഗീയ സമ്പത്തിന്റെ അനശ്വരതയെ ക്കുറിച്ചും ആത്മാവിൽ ജ്ഞാനമുദിക്കുമ്പോൾ മാത്രമേ ദ്രവ്യാസ്ക്തിയുടെ സ്വാധീനതയിൽ പെടാതിരിക്കാൻ കഴിയുകയുള്ളൂ. ന്യായവും സത്യസന്ധവുമായ മാർഗത്തിലൂടെ മാത്രം സമ്പത്ത് സമ്പാദിക്കുക എന്നത് ഏറെ പ്രധാനമാണ്. യൂദാസിന്റെ ദ്രവ്യാസ്ക്തി തന്റെ ഗുരുവിനെ ഒറ്റുകൊടുക്കുന്നതിലേക്കുവരെ എത്തിച്ചു. ആ മുപ്പത് വെള്ളിക്കാശ് അവന് ഭാരമയിത്തീർന്നു. തിന്മയുടെ കറപുരണ്ട പണം ജീവിതത്തിന് ഐശ്വര്യം സമ്മതിക്കുകയില്ല എന്നത് സ്വാഭാവിക നീതിയുടെ തത്വം തന്നെ. നാബോത്തിന്റെ മുന്തിരിത്തോപ്പിന്റെ മേൽ ദ്രവ്യാശക്തിയോടെ കണ്ണുവച്ച ആഹാബു രാജാവിന്റെ പാതകവും അദ്ദേഹത്തിന്റെ ദാരുണമായ അന്ത്യവും വി.ഗ്രന്ഥം നമ്മുടെ മുൻപിൽ അവതരിപ്പിക്കുന്നത് ഓർമയിൽ സൂക്ഷിക്കേണ്ടതാണ്.

സമ്പത്തിൽ ശരണം വയ്ക്കാതിരിക്കുകയും സമ്പത്ത് വർദ്ധിക്കുമ്പോൾ മതിമറന്ന് ആഹ്ലാദിക്കാതിരിക്കുകയും ചെയ്യുന്നതിൽ ആത്മീയ മനുഷ്യൻ ശ്രദ്ധാലുവാകണം. ദാരിദ്ര്യത്തിൽ എല്ലാം നശിച്ചുവെന്ന് നിരാശപ്പെടുന്നത് സമ്പത്തിൽ ശരണം വയ്ക്കുന്നതിന്റെ മറുരൂപമാണ്. അന്യന്റെ വസ്തുക്കൾ മോഷ്ടിക്കുകയോ മോഹിക്കുകയോ ചെയ്യരുത് എന്നതും

പ്രധാനപ്പെട്ടതാണ് എന്നു പറയേണ്ടതില്ലല്ലോ. അപരന് അവകാശപ്പെട്ടത് നിഷേധിക്കുന്നതും ഗൗരവമായ തെറ്റുതന്നെ. നീതിയുടെ ലംഘനമാണത്. ലുബ്ധും ധൂർത്തും ദ്രവ്യാശയുടെ ഫലമായി കടന്നു കൂടാനിടയുള്ള തിന്മകളാണ്. ആഡംബര പൂർണമായ ധാരാളിത്തം, സ്വാർത്ഥ സുഖത്തിനായി മാത്രം സമ്പത്ത് വിനിയോഗിക്കൽ എന്നിവ തിന്മയായിരിക്കുന്നതുപോലെ ആവശ്യങ്ങൾ നിറവേറ്റാതെ പിശുക്കു കാണിക്കുന്നതും തെറ്റുതന്നെ. വി. ബേസിൽ ചോദിക്കുന്നു: "മറ്റൊരാളുടെ വസ്തുക്കൾ എടുക്കുന്നവനെ കള്ളനെന്നല്ലേ നിങ്ങൾ വിളിക്കുന്നത്? എന്നാൽ മറ്റൊരുവന് അവകാശപ്പെട്ടത് കൊടുക്കാതെ പിടിച്ചു വയ്ക്കുന്നവനെ നിങ്ങൾ എന്തു വിളിക്കും? നിങ്ങളുടെ അലമാരയിൽ സൂക്ഷിച്ചിരിക്കുന്ന വസ്ത്രങ്ങൾ പാവങ്ങളുടേതാണ്. നിങ്ങൾ സൂക്ഷിച്ചുവെച്ചിരിക്കുന്ന ചെരിപ്പുകൾ നഗ്നപാദരുടേതാണ്; നിങ്ങൾ വിളമ്പുന്ന വിഭവങ്ങൾ പട്ടിണി പാവങ്ങളുടേതാണ്. ആകയാൽ അപരനെ സഹായിക്കാൻ കഴിയുമായിരുന്നിട്ടും അതുചെയ്യാത്തവൻ വലിയ അപരാധം ചെയ്യുന്നു." ആയതിൻ പ്രകാരം, അപരന്റെ വസ്തുക്കൾ കൈയടക്കി വയ്ക്കുന്നത് പാപം, അപരന് അവകാശപ്പെട്ടത് കൊടുക്കാതെ പിടിച്ചുവയ്ക്കുന്നത് പാപം, അപരന്റെ ആവശ്യങ്ങളിൽ സഹായിക്കാതിരിക്കുന്നതും പാപം. കൊള്ളപ്പലിശ, കൈക്കൂലി ഇവ സേവനത്തിന്റെ മുഖമണിയുന്നതും പാപം വേലക്കാരന് കൂലികൊടുക്കാതിരിക്കുന്നതും, കൂലിക്കാരൻ വേതനത്തിനനുസരിച്ച് ജോലിചെയ്യാതിരിക്കുന്നതും പാപം.

ദ്രവ്യാസ്ക്തി ധനത്തെ പൂജിക്കുന്നതിലേക്കും സമ്പത്തിനെ ലാളിക്കുന്നതിലേക്കും അതിന്റെ സ്മരണയിലും ദർശനത്തിലും സുഖമനുഭവിക്കുന്നതിലേക്കും എത്തിക്കുന്നു. പെട്ടിയിൽ സൂക്ഷിച്ചുവച്ചിരിക്കുന്ന ആഭരണങ്ങളും പണവും കൂടെക്കൂടെ എടുത്ത് കണ്ട് ആനന്ദിക്കുക, അവയെ ലാളിക്കുക എന്നിങ്ങനെ പലവിധ ദ്രവ്യാസക്തിയിൽ മനുഷ്യൻ അധപതിക്കുന്നു.

ദൈവപരിപാലനയോടുള്ള ധിക്കാരമാണ് ദ്രവ്യാസ്ക്തി. ദൈവപൈതൽ ദൈവപരിപാലനയിൽ ആശ്രയിക്കുകയാണ് വേണ്ടത്. (മത്താ 6:26). ദ്രവ്യാസ്ക്തി ദൈവത്തെപ്പോലും മാറ്റിനിറുത്തി തത്സ്ഥാനത്ത് സമ്പത്തിനെ പ്രതിഷ്ഠിക്കുന്നു. തിരുവചനം പഠിപ്പിക്കുന്നു: ആർക്കും രണ്ട് യജമാനന്മാരേ സേവിക്കുക സാധ്യമല്ല, ദൈവത്തെയും മാമോനെയും സേവിക്കാൻ നിങ്ങൾക്ക് കഴിയുകയില്ല (മത്താ 6:24). സമ്പത്തിൽ അമിതമായി

ആശ്രയം വയ്ക്കുമ്പോൾ അതു സമ്പാദിക്കാൻ അവിഹിത മാർഗങ്ങൾ തേടുകയും സാത്താനെപ്പോലും കൂട്ടുപിടിക്കുകയും ചെയ്യാനിടയായേക്കും. സമ്പത്തിന്റെ പേരിൽ കൊലപാതകം പോലും ചെയ്യാനും മടിക്കുകയില്ല. അന്യരെ വിളിച്ച് പണം കൈക്കലാക്കാൻ ഏറ്റം നീചശ്രമങ്ങൾ പോലും നടത്തിയെന്നുവരാം. ആത്മാവ് ഇത്തരം അധ:പതനത്തിലെത്താതിരിക്കാൻ ഏവരും ശ്രദ്ധിക്കട്ടെ. ദരിദ്രരിൽ ദരിദ്രനായി ജീവിച്ച ഈശോയോടുള്ള സ്നേഹം ആത്മാവിൽ നിറയുമ്പോൾ ദ്രവ്യാശ കുറഞ്ഞുകിട്ടും. ദൈവം നമുക്ക് മതിയായവനായിത്തീരും.

ആത്മീയ വളർച്ച ആഗ്രഹിച്ച് പാപത്തിൽ നിന്ന് ശുദ്ധീകരണം അഭിലഷിക്കുന്ന ആത്മാവ് പാപത്തെ ന്യായീകരിക്കാൻ സാത്താൻ ഓതികൊടുക്കുന്ന എല്ലാ മാർഗങ്ങളെക്കുറിച്ചും ബോധമുള്ളതായിരിക്കണം. മനുഷ്യബുദ്ധിയിൽ ഇരുൾ നിറയ്ക്കുകയും വക്രത പറഞ്ഞുകൊടുക്കുകയും ചെയ്തുകൊണ്ട് പാപത്തെ ന്യായീകരിക്കാൻ മനുഷ്യനെ ശീലിപ്പിക്കുകയാണ് സാത്താന്റെ തന്ത്രം. ആത്മീയ മനുഷ്യനാകട്ടെ ഏറ്റം നിസാരങ്ങളായ ലഘുപാപങ്ങളെപ്പോലും ന്യായീകരിക്കാതെ വെറുത്തുപേക്ഷിക്കുന്നു. ആത്മീയതയിൽ ഉപരിപൂർണതയിലേക്ക് വളരുന്ന ആത്മാവ് ബോധപൂർവ്വമല്ലാതെ വരുത്തുന്ന ലഘുപാപങ്ങളെ പോലും ഗൗരവമുള്ളതായി കരുതുന്നു. അത്രമേൽ ദൈവസ്നേഹത്തെക്കുറിച്ചും കരുണയെക്കുറിച്ചുമുള്ള ബോധ്യം ആത്മാവ് സമ്പാദിച്ചിട്ടുണ്ടാകും. പാപത്തെ മനുഷ്യൻ ന്യായീകരിക്കുന്നത് വിവിധ രീതികളിലാണ്: “ഇനിയും സമയം കിട്ടും, ഇപ്പോൾചെറുപ്പമല്ലേ” എന്ന് ചിലർ ന്യായീകരിച്ച് പാപത്തിൽ തുടരുമ്പോൾ മറ്റുചിലർ “ഇതൊന്നും സാരമില്ല ഇത് വലിയ തെറ്റൊന്നുമല്ല” എന്നു ചിന്തിക്കുന്നു. ഇനിയും ചിലർ “മനുഷ്യനായാൽ കുറവുകളൊക്കെയുണ്ടാവും കുറവില്ലാത്തവരായി ആരാ ഉള്ളത് ”എന്നായിരിക്കും ന്യായവാദം ഉന്നയിക്കുന്നത്. മറ്റൊരു കൂട്ടർ “ഈ സാഹചര്യത്തിൽ ഇതല്ലേ പറ്റുകയുള്ളൂ, അവരൊക്കെ അങ്ങനെ പെരുമാറിയതുകൊണ്ടാണ് ഞാൻ ഈങ്ങനെ പെരുമാറുന്നത്”എന്ന ചിന്ത പുലർത്തുന്നു. “ഞാൻ മാത്രം നന്നായിട്ടെന്താ കാര്യം ലോകത്തെ മുഴുവൻ നന്നാക്കാൻ എനിക്കാവില്ലല്ലോ” എന്ന ന്യായീകരണത്താൽ ചിലർ പാപ ജീവിതം തുടരുന്നു. ഇപ്പോഴത്തെ കാലത്ത് പിടിച്ചു നില്ക്കണമെങ്കിൽ ഇതൊക്കെ വേണമെന്ന പ്രായോഗിതയാണ് ചിലർക്ക് ന്യായം. “എല്ലാവരും ഇങ്ങനെ

യാക്കെ തന്നെയാ, തെറ്റുപറ്റാത്ത ഏതുപുണ്യവാനാ ഉള്ളത് ”എന്നും ന്യായീകരിക്കാൻ ചിലർ തുനിയുന്നു. ഒരേയൊരു ബലഹീനതയേ എനിക്കുള്ളൂ. എന്നും മറ്റുപലരെക്കാളും ഞാൻ ഭേദപ്പെട്ടവനാണ് എന്നും ചിന്തിക്കുന്നവരും കുറവല്ല. വികാര വിക്ഷോഭത്തിലും പ്രതികാരത്തിലും തന്നിഷ്ടത്തിലും അടിപെട്ട് പലതും ചെയ്തുകൂട്ടിയിട്ട് എന്റെ മനസാക്ഷി പറയുന്നത് ഇങ്ങനെയാണ്: എന്റെ മന:സാക്ഷി പറയുന്നത് ഞാൻ ചെയ്തു എന്നു വാദിക്കാനും ചചിലർ മുതിരാറുണ്ട്. അവരറിയുന്നോ അവരുടെ മന:സാക്ഷി എത്രകണ്ട് തെറ്റായി രൂപീകരിക്കപ്പെട്ടിരിക്കുന്നു എന്ന കാര്യം!

ഇപ്രകാരം പാപത്തെ ന്യായീകരിക്കുന്നതിന്റെ പിന്നിൽ എന്തായിരിക്കും കാരണങ്ങൾ? ദൈവത്തിന്റെ അനന്ത സ്നേഹവും നന്മയും രുചിച്ചറിയായ്കയായിരിക്കാം. ദൈവത്തെ യഥാവിധം അനുഭവിച്ചറിഞ്ഞ ഒരാത്മാവിന് പാപത്തെ ന്യായീകരിക്കുക സാധ്യമല്ല. അതല്ലെങ്കിൽ പാപം നല്കുന്ന താത്കാലിക സുഖസന്തോഷങ്ങളെയും ലാഭങ്ങളെയും ഉപേക്ഷിക്കാൻ കഴിയായിരിക്കാം പാപത്തെ ന്യായീകരിച്ച് അതിൽ തുടരാൻ പ്രേരിപ്പിക്കുന്നത്. ആത്മാവിന്റെ വിലയെക്കുറിച്ച് ബോധ്യമല്ലാത്തതിനാലും പാപം ആത്മാവിൽ വരുത്തിവയ്ക്കുന്ന നാശത്തെക്കുറിച്ച് അജ്ഞനായിരിക്കുകയാലുമാകാം പാപത്തെ ന്യായീകരിക്കുന്നതും അതിൽ തുടരുന്നതും. സ്വന്തം ശക്തിയിലും കഴിവിലും ആശ്രയിച്ച് അഹങ്കാരത്തിൽ വളർന്നതിനാലും ജാഡിക പ്രവണതകൾ ശക്തിപ്പെട്ട് പാപ ദൂശീലങ്ങളിൽ അടിപ്പെട്ടിരിക്കുന്നതിനാലും ഇപ്രകാരം ന്യായീകരണങ്ങൾ ഉന്നയിക്കാനിടയുണ്ട്. ശരിയായ വിധം മന:സാക്ഷി രൂപീകരിക്കപ്പെടാത്തതും ഇതിനു കാരണമാകാം. ദൈവത്തിന്റെ കരുണയും പാപത്തിന്റെ ഹീനതയും അറിഞ്ഞിരുന്നെങ്കിൽ മനുഷ്യൻ പാപത്തെ ന്യായീകരിക്കുകയില്ലായിരുന്നു.

പാപത്തെ ന്യായീകരിക്കുന്നപതുപോലെയോ അതിലും ഹീനമോ ആണ് പാപത്തെ മൂടിവയ്ക്കുന്നത്. പാപത്തെ മൂടിവയ്ക്കാൻ പുണ്യത്തെത്തന്നെ എടുത്തണിയുന്നവരുണ്ട്. ഭക്തിയുടെ ബാഹ്യരൂപം ധരിച്ച് ഉള്ളിൽ ജീവിത പരിവർത്തനം വരുത്താതെ പാപത്തെ പൂജിക്കുന്ന ആത്മാക്കൾക്ക് നന്മയിൽ വളരുക അസാധ്യം തന്നെ. അത്തരം ആത്മാക്കൾ അന്ത്യദിനത്തിൽ വെളിപ്പെടുമ്പോൾ ലജ്ജിച്ച് തലതാഴ്ത്തേണ്ടിവരുമെന്നും നഷ്ടപ്പെടുത്തിയ അവസരങ്ങളോർത്ത് മനമുരുകേണ്ടി

വരുമെന്നുമുള്ളതിൽ സംശയമില്ല. പാപത്തെ മൂടിവയ്ക്കാൻ സമ്പത്തും, സ്ഥാനമാനങ്ങളും, കഴിവുകളും, അധികാരവും, പൊതുസമ്മതിയും ഉപയോഗിക്കുന്നവരും കുറവല്ല. പ്രഭാഷകൻ നമ്മെ ഓർമ്മിപ്പിക്കുന്ന ഞെട്ടിപ്പിക്കുന്ന സത്യമിതാണ്: ''ആരാണ് എന്നെ കാണുക? ഇരുട്ട് എനിക്കു മറവാണ് ഭിത്തികൾ എന്നെ ഒളിപ്പിക്കുന്നു. ആരും എന്നെ കാണുന്നില്ല. ഞാൻ എന്തിനു പേടിക്കണം?........ കർത്താവിന്റെ കണ്ണുകൾ സൂര്യനേക്കാൾ പതിനായിരം മടങ്ങ് പ്രകാശമുള്ളതാണെന്ന് അവൻ അറിയുന്നില്ല. അവിടുന്ന് മനുഷ്യന്റെ എല്ലാ മാർഗങ്ങളും നിരീക്ഷിക്കുകയും നിഗൂഢ സ്ഥലങ്ങൾ കണ്ടുപിടിക്കുകയും ചെയ്യുന്നു. (പ്രഭാ 23:18-19)

ചെയ്തുപോയ പാപത്തെ മൂടിവയ്ക്കാൻ ഒരുവനെ പ്രേരിപ്പിക്കുന്നത് ദൈവത്തിന്റെ കരുണയെക്കുറിച്ചുള്ള അജ്ഞതയാണ്. പാപിയെ ഏറ്റം അധികമായ ദയാവായ്പയോടെ സ്വീകരിക്കാൻ കാത്തിരിക്കുന്നവനാണ് ദൈവം എന്ന സത്യം ഗ്രഹിച്ചിരുന്നെങ്കിൽ മനുഷ്യൻ പാപത്തെ മറച്ചുവച്ച് ജീവിക്കുമായിരുന്നില്ല. ദൈവത്തേയും ശിക്ഷയേയും കുറിച്ചുള്ള ഭയവും പാപം മറച്ചുവയ്ക്കാൻ കാരണമായേക്കാം. സ്വന്തം അഹങ്കാരവും മിഥ്യാബോധവും പാപത്തെ മൂടിവയ്ക്കാൻ പ്രേരിപ്പിച്ചുകൊണ്ടേയിരിക്കും. അന്ത്യദിനത്തിൽ വിധിയാളനായി പ്രത്യക്ഷപ്പെടുന്ന ദൈവപുത്രന്റെ മുൻപിൽ നിർത്തപ്പെടുമ്പോൾ ആത്മാവനുഭവിക്കുന്ന വെന്തുരുകുന്ന വേദന ഇതായിരിക്കും - ഓ ദൈവമേ പാപങ്ങളൊക്കെയും വെറുത്തുപേക്ഷിക്കാൻ അങ്ങു കനിഞ്ഞു നല്കിയ സ്നേഹക്ഷണങ്ങളെല്ലാം ഞാൻ തിരസ്കരിച്ചല്ലോ. പാപം മൂടിവച്ചും ന്യായീകരിച്ചും തള്ളിനീക്കിയ ദിനങ്ങളെക്കുറിച്ച് ആത്മാവ് അനുഭവിക്കാൻ പോകുന്ന ദു:ഖം ആത്മാവിനെ ദഹിപ്പിക്കാതിരിക്കുമോ ?

പാപത്തെ മൂടിവയ്ക്കുന്നതിനേക്കാൾ മ്ലേച്ഛകരമാണെന്നു പറയാം പാപം ചെയ്തിട്ട് അതിൽ അഭിമാനിക്കുന്നതും പാപത്തെ വിജയമായി കരുതി ആഘോഷിക്കുന്നതും. പാപം നിയമത്തിന്റെ പിൻബലത്തോടെ സ്വാഭാവിക കാര്യമായി വളരുന്നതും പാപം ചെയ്യാൻ നിയമത്താൽ അനുമതി നല്കുന്നതും ഏറെ ഖേദകരമാണ്. ഇത് സമൂഹത്തേയും രാഷ്ട്രത്തേയും ദുരിതത്തിലേയ്ക്ക് തള്ളി വിടുന്നു. ഗർഭഛിദ്രം , സ്വവർഗവിവാഹം, എന്നിവയൊക്കെ നിയമത്താൽ അംഗീകരിച്ച് ആഘോഷിക്കുന്ന സംഘങ്ങളും നിലവിൽ വന്നുകൊണ്ടിരിന്നു എന്നത് ദൈവപൈതൽ ഞെട്ടലോടെ അറിയേണ്ട വസ്തുതയാണ്.

ലോകത്തിലെ ഏറ്റം ദുർഭഗനായ മനുഷ്യൻ ആരായിരിക്കാം? അത് മറ്റാരുമായിരിക്കില്ല! ദൈവത്തിന്റെ കരുണയും സ്നേഹവും അനുഭവിച്ചറിഞ്ഞിട്ടും പാപം പാപമാണെന്ന തിരിച്ചറിവു ലഭിച്ചിട്ടും വീണ്ടും പാപം ചെയ്തിട്ട് അതിൽ അഭിമാനിക്കുന്ന വ്യക്തിതന്നെ! ഈ സത്യം ഗ്രഹിക്കുന്ന ആത്മീയ മനുഷ്യൻ ഓരോ ദിവസവും ഏറ്റം നിസാരമായ പാപത്തിൽ നിന്നുപോലും ഓടിയകന്ന് ഈശോയോട് ചേർന്നിരിക്കാൻ എത്രയധികമായി ശ്രദ്ധിക്കാതിരിക്കുകയില്ല! പാപക്കറകളെ ആത്മാവിൽനിന് കഴുകിക്കളയാൻ എത്രയധികമായി ശ്രദ്ധാലുവായിരിക്കും?

പാപത്തെ ആഘോഷിക്കുന്നതിനേക്കാൾ ശോചനീയവും സങ്കടകരവുമാണ് പാപത്തിലേക്ക് മറ്റൊരാത്മാവിനെ പ്രേരിപ്പക്കുന്നത്? ആത്മനാശം അപരന്റെ നാശത്തിലേക്കു കൂടി എത്തിക്കുന്ന വിധം പാപ പ്രേരണ നല്കുന്ന മനുഷ്യന്റെ അവസ്ഥ എത്രയോ ശോചനീയം! അവൻ സ്വയം നശിക്കുന്നു എന്നു മാത്രമല്ല, മറ്റുള്ളവരെയും നശിപ്പിക്കുന്നു. വിധി ദിനത്തിൽ ഒരാത്മാവ് അഭിമുഖീകരിക്കേണ്ടിവരുന്ന വേദന ഇതും ഉൾകൊള്ളുന്നതായിരിക്കും. താൻ മൂലം നിത്യനാശത്തിലേയ്ക്ക് വലിച്ചഴയ്ക്കപ്പെട്ട ആത്മാക്കളുടെ നിര കണ്ടുകൊണ്ടും അവരുടെ വിലാപം കേട്ടുകൊണ്ടും അവർ തന്നെ നോക്കി കുറ്റപ്പെടുത്തുന്നത് മുഖാമുഖം ദർശിച്ചുകൊണ്ടും നില്ക്കേണ്ടി വരിക! യേശുവിന്റെ വചനം ഹൃദയത്തിൽ ഇറക്കപ്പെട്ട വാൾപോലെ അന്നും കേൾക്കും. എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവനിൽ ഒരുവന് ദുഷ്പ്രേരണ നൽകുന്നവൻ ആരായാലും അവന് കൂടുതൽ നല്ലത് കഴുത്തിൽ ഒരു വലിയ തിരികല്ലുകെട്ടി കുടലിന്റെ ആഴത്തിൽ താഴ്ത്തപ്പെടുകയായിരിക്കും. (മത്താ 18:6)

പാപം മൂന്ന് തലങ്ങളിൽ സ്ഥിതി ചെയ്യുന്നു. വേരുറപ്പിച്ച് വളർന്ന് ഫലം ചൂടി നില്ക്കുന്ന വൃക്ഷം പോലെയാണ് പാപം. അതിന് പാപ വേര്, പാപവൃക്ഷം, പാപഫലം എന്നിങ്ങനെ ത്രിവിധ തലങ്ങളുണ്ട്. പാപം ആത്മാവൽ ഏതു വിധത്തിൽ വേരുറപ്പിക്കുന്നു എന്നും എങ്ങനെ വളർന്നു പന്തലിച്ച് ഫലം ചൂടുന്നുവെന്നുമുള്ള അറിവ് ആത്മാവ് നേടിയെടുത്തുകൊണ്ടുവേണം ശുദ്ധീകരണത്തിന്റെ പാതയിൽ മുന്നേറാൻ. ആത്മീയതയിൽ പ്രാരംഭകർ പലപ്പോഴും ചിന്തിക്കാറുള്ളത് പാപം എന്നാൽ പാപപ്രവൃത്തികൾ മാത്രമാണ് എന്നാണ്. പാപപ്രവൃത്തികൾ കണ്ടെത്തി അവയെ നീക്കം ചെയ്യാനുള്ള വ്യഗ്രതയിലാണ് പലരും. ഈ പ്രവൃത്തിയുടെ പിന്നിലുള്ള ദുരാശകളും ആസക്തികളും അവിടെത്തന്നെ

യുണ്ടാകും. പാപവൃക്ഷം വെട്ടിക്കളയാതെ പാപക്കനികൾ നിർമാർജനം ചെയ്യാനാവില്ല. പലരും ധ്യാനങ്ങളിൽ പങ്കെടുത്ത് മദ്യപാനം, പുകവലി, പാപങ്ങൾ ഇവയൊക്കെ ഉപേക്ഷിക്കാനുള്ള വ്യഗ്രതകാട്ടുന്നു. എന്നാൽ ദുരാശകൾ പിഴുതെറിയാൻ ശ്രമിക്കാറില്ല. അതുകൊണ്ട് വീണു പോകാനിടയാകുന്നു. ഉപേക്ഷിച്ചു എന്നു കരുതിയ പാപപ്രവൃത്തികൾ വീണ്ടും ആവർത്തിക്കാനിടയാകുന്നു. പാപപ്രവൃത്തികൾ ഉപേക്ഷിക്കേണ്ടതിന് ആസക്തികളാകുന്ന പാപവൃക്ഷത്തെ തന്നെ വെട്ടികളയുകയാണ് വേണ്ടത്. എന്ത്കൊണ്ട് ആസക്തികൾ മനുഷ്യഹൃദയങ്ങളിൽ വളർന്നുവരാൻ കാരണം? പാപത്തിന്റെ തായ്വേര് പാപാവസ്ഥ യെന്നോ പാപസ്ഥിതിയെന്നോ മനസിലാക്കാവുന്ന തലമാണ്. ദൈവസാന്നിധ്യം നിറയപ്പെടാത്ത അവസ്ഥയാണത്. ദൈവനിഷേധത്തിന്റെ അവസ്ഥയെന്നോ ദൈവം നിറയപ്പെടാത്ത അവസ്ഥയെന്നോ ഇതിനെ മനസ്സിലാക്കാവുന്നതാണ്. ആത്മാവിന്റെ ശൂന്യതാവസ്ഥ എന്നു പറയ്പെടുന്നതും ഇതുതന്നെയാണ്. ദൈവസാന്നിധ്യാനുഭവം നിറയാത്ത ആത്മാവ്

ശൂന്യതയനുഭവിക്കുന്നു. ദൈവം സ്വയം ദാനമായി നല്കിയിട്ടും മനുഷ്യൻ അവിടുത്തെ സ്വീകരിക്കായ്കയാണ് പാപം, ദൈവം സ്വയം വെളിപ്പെടുത്തിയിട്ടും അവിടുത്തെ അറിഞ്ഞു സ്ഥീകരിക്കായ്കയാണ് പാപം. ദൈവത്തിൽ വിശ്വസിക്കാതിരിക്കുകയാണ് മനുഷ്യാത്മാവിന് പാപം. ഈ ദൈവനിഷേധം പ്രത്യക്ഷമായ ഈശ്വര നിഷേധമോ പരോക്ഷമായുള്ള പ്രായോഗിക നിരീശ്വരത്വമോ ആയിരിക്കുവാനിടയുണ്ട്. ചുരുക്കത്തിൽ നിരീശ്വരത്വമാണ് പാപത്തിന്റെ തായവേര്. പുതിയനിയമത്തിലേക്കു വരുമ്പോൾ യേശുവിലൂടെയാണ് ദൈവം മാനവരാശിക്ക് സ്വയം വെളിപ്പെടുത്തുന്നതും രക്ഷിക്കുന്നതും. ആകയാൽ യേശുവിനെ സ്വീകരിക്കായ്കയാണ്പാപം എന്നു സാരം. ഈ വസ്തുത ജ്ഞാനമായി ആത്മാവിന് ലഭിക്കുമ്പോഴാണ് പാപത്തിന്റെ സ്വഭാവം എന്തെന്ന് ഗ്രഹിക്കുവാൻ കഴിയുന്നത്. ധാർമ്മിക നിയമങ്ങളുടെ ലംഘനം മാത്രമായി പാപത്തെ കരുതാനാവില്ല. ആത്മാവ് ദൈവത്തെ തള്ളിപ്പറയുന്നതും തിരസ്കരിക്കുന്നതുമാണ് പാപം. ദൈവത്തെകൊണ്ട് നിറയപ്പെടാത്ത ഏത് അവസ്ഥയും പാപാവസ്ഥയാണ്. ഈ അവസ്ഥയിലാണ് ആസക്തികൾ പ്രബലപ്പെടുന്നത്. പാപാസക്തികൾ പാപപ്രവൃത്തിയിലേക്ക് നയിക്കുന്നു. റോമാലേഖനം ഒന്നാം അദ്ധ്യായം പതിനെട്ടു മുതലുള്ള തിരുവചനങ്ങൾ ഇതു വ്യക്തമാക്കുന്നു:

ദൈവത്തെക്കുറിച്ച് അറിയാൻ കഴിയുന്നതൊക്കെ അവർക്ക് വ്യക്തമായി അറിയാം, ദൈവം അവയെല്ലാം അവർക്ക് വെളിപ്പെടുത്തിയിട്ടുണ്ട്..... അവർ ദൈവത്തെ അറിഞ്ഞിരുന്നെങ്കിലും അവിടുത്തെ ദൈവമായി അംഗീകരിക്കുകയോ അവിടുത്തേക്ക് നന്ദി പ്രകാശിപ്പിക്കുകയോ ചെയ്തില്ല........ അതുകൊണ്ട് ദൈവം അവരെ തങ്ങളുടെ ഭോഗാസ്ക്തികളുടെ കൂടെ ശരീരങ്ങൾ പരസ്പരം അവമാനിതമാക്കുന്നതിന് അശുദ്ധിക്ക് വിട്ടുകൊടുത്തു. എന്തെന്നാൽ അവർ ദൈവത്തിന്റെ സത്യമുപേക്ഷിച്ച് വ്യാജം സ്വീകരിച്ചു.... ദൈവത്തെ അംഗീകരിക്കുന്നതു പോരായ്മയായി അവ കരുതിയതു നിമിത്തം അധമ വികാരത്തിനും അനുചിതർ പ്രവൃത്തികൾക്കും ദൈവം അവരെ വിട്ടുകൊടുത്തു.''

ഈ വസ്തുതയ്ക്ക് ഒര മറുവശമുണ്ട്. ദൈവത്തെകൊണ്ടുനിറ യലാണ് ആദ്ധ്യാത്മിക ജീവിതത്തിന്റെ അന്ത:സത്ത ആത്മീയ ജീവിതത്തിന്റെ ലക്ഷ്യം ഏതെങ്കിലും ദു:ശീലങ്ങൾ അകറ്റുക എന്നതായിരിക്കരുത് – ദൈവത്തെകൊണ്ട് നിറയപ്പെടുക എന്നതാ യിരിക്കണം. ദൈവത്തെകൊണ്ടു നിറയപ്പെട്ടു കഴിയുമ്പോൾ പാപതാത്പര്യങ്ങൾ താനെ ഇല്ലാതായികൊള്ളും. മുളതിന്ന് എരിച്ചിൽ അനുഭവപ്പെടുന്ന കുഞ്ഞ് മധുരം എരിവ് അകറ്റുന്നതുപോ ലെ ദൈവസ്നേഹ മാധുരി നുകർന്ന് അകറ്റുകയാണ് ചെയ്യേണ്ടത്. ദുരാശകളോട് പോരാടി മടുത്തും പാപപ്രവൃത്തികൾ ഉപേക്ഷിക്കാ ൻ ശ്രമിച്ച് നിരാശപ്പെട്ടും പലരും ആത്മീയതയിൽ ശുഷ്കതയ മുഭവിക്കുന്നു. അവരറിയുന്നില്ല യഥാർത്ഥ മാർഗം ദൈവ സ്നേഹം കൂടുതലായി അനുഭവിക്കുക എന്നതാണെന്ന്.

ഒരുവശത്ത് പാപമുപേക്ഷിക്കാനുള്ള വ്യഗ്രതയാലും ചെയ്തു പോയ പാപങ്ങളോർത്തുള്ള മനോദു:ഖത്താലും ഇന്ദ്രിയനിഗ്രഹ ങ്ങളും ആശയടക്കങ്ങളും തപശ്ചര്യകളും കൂടുതൽ തീവ്രമായി അനുഷ്ഠിക്കുകയും മറുവശത്ത് ദൈവസ്നേഹം കൂടുതലായി രുചിച്ചറിയാൻ ആത്മാവ് കൊതിക്കുകയും ചെയ്യുന്നു. ഇതാണ് രൂപീകരണ ഘട്ടത്തിലൂടെ കടന്നുപോകുന്ന ആത്മാവിന്റെ അവസ്ഥ. എന്നാൽ ഇവയ്ക്കൊന്നിനും തനിക്ക് സ്വയമേവ ശക്തിയില്ലെന്നു കണ്ട് ദൈവത്തിൽ കൂടുതലായി ആശ്രയിക്കുന്നു. ഓരോ വീഴ്ചയും കൂടുതലായി യേശുവിനെ ആശ്രയിക്കാനും ക്രിസ്തുവിനെകൊണ്ട് നിറയപ്പെടാനുമുള്ള ആഹ്വാനമായി കണ്ടുകൊണ്ട് പ്രത്യാശ കൈവിടാതെ ആത്മാവ് മുന്നേറുന്നു.

പ്രലോഭനം ആത്മാവ് പാപത്തിലേക്കു നയിക്കുന്നതിനുള്ള വിവിധ ഘട്ടങ്ങളെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടതുണ്ട്. പ്രലോഭന

ങ്ങൾക്ക് മൂന്നു ഘട്ടങ്ങളുണ്ട്. ഒന്നാമതായി, പ്രലോഭനത്തെക്കുറിച്ച് അത് പാപപ്രേരണയാണെന്ന് ബോധമുദിക്കുന്നഘട്ടം, രണ്ടാമതായി, പ്രലോഭനത്തിൽനിന്നുണ്ടാകുന്ന ആനന്ദവും ജിജ്ഞാസയും അനുഭവിക്കാനാരംഭിക്കുന്ന ഘട്ടം, മൂന്നാമതായി പ്രലോഭനത്തിന് സമ്മതം നല്കുന്ന ഘട്ടം ആദ്യഘട്ടത്തിൽ തന്നെ പ്രലോഭനങ്ങളെ തിരിച്ചറിഞ്ഞ് എതിർക്കാൻ എളുപ്പമാണ്. ഭാഗികമായി സമ്മതം നല്കുകയോ ചെറുത്തു നില്ക്കാൻ ശ്രദ്ധിക്കാതിരിക്കുകയോ ചെയ്യുമ്പോൾ പരാജയം ഉറപ്പുവരുത്തുകയാണ് ചെയ്യുന്നത്. പ്രലോഭനം ആസ്വദിക്കുകയും സമ്മതം കൊടുക്കുകയും ചെയ്യുന്നതോടെ അത് പാപമായിത്തീരുന്നു. പ്രലോഭനത്തെ തോല്പിക്കുമ്പോൾ അത് പുണ്യമായിത്തീരുകയും ചെയ്യുന്നു. വെറുപ്പോടെ പ്രലോഭനത്തെ ഉപേക്ഷിക്കുകയും ശക്തിയോടും കൂടെ അതിനെ നേരിടുകയും ചെയ്യേണ്ടതാണ്.

പാപിയോടുള്ള ദൈവത്തിന്റെ മനസ്സ് എന്താണെന്നറിയുന്നതും ആത്മീയ വളർച്ചയ്ക്ക് അനിവാര്യമാണ്. പാപിയെ സ്നേഹവായ്പോടെ നോക്കുകയും കരുണയാൽ സ്വീകരിക്കുകയും ചെയ്യുകയാണ് ദൈവം. പാപിയെ മാറ്റിനിർത്തി തള്ളിക്കളയുകയല്ല, ശിക്ഷിച്ച് ശപിക്കുകയുമല്ല ദൈവം ചെയ്യുന്നത് മറിച്ച് അവനെ തേടിയെത്തി സ്വീകരിക്കുകയാണ്. ആദത്തെ തേടിയെത്തുന്ന ദൈവം കായേന് സംരക്ഷണ മുദ്രവച്ച് പരിപാലിക്കുന്ന ദൈവം! ഇസ്രായേലിനെ മരുഭൂമിയിൽ ഉപേക്ഷിക്കാത്ത ദൈവം, ഇതാണ് പഴയനിയമത്തിൽ നാം കണ്ടുമുട്ടുന്ന ദൈവപിതാവിന്റെ മനസ്സ്. പുതിയനിയമത്തിൽ ഈശോ ദൈവത്തിന്റെ കരുണ തന്നെയായി അവതരിക്കുന്നു. വഴിതെറ്റിപ്പോയ കുഞ്ഞാടിനെ കണ്ടെത്തി തോളിലേറ്റുന്നവതും ധൂർത്ത പുത്രന്റെ വരവിൽ ആനന്ദിക്കുന്നവനുമായി നാം ഈ സ്നേഹത്തെ കണ്ടുമുട്ടി അനുഭവിക്കുന്നു. കുരിശിൽ ഈശോയെ ദർശിക്കുകയാണ് പാപി തന്നെക്കുറിച്ചുള്ള ദൈവത്തിന്റെ മനസറിയുന്നതിനുള്ള ഏറ്റം പൂർണമായ മാർഗം. കുരിശ് പാപത്തിന്റെ ഗൗരവം നമ്മെ അറിയിക്കുന്നു. സ്നേഹത്തിന്റെ കുരിശ് പൂർണതയും ക്ഷമയുടെ ഉറവിടവുമായി നില്ക്കുന്നു. പാപിയോട് ദൈവം ഇനിയും ക്ഷമിക്കാൻ ഒന്നും ബാക്കിയില്ലെന്ന് കുരിശു പറഞ്ഞുതരുന്നു. കാൽവരിയിൽ കുരിശ് ഉയർത്തപ്പെട്ട നാൾ മുതൽ ലോകത്തിൽ ഒരു പാപിയും ദൈവം തന്നെ ഉപേക്ഷിച്ചുവെന്ന് പരിതപിക്കാൻ സാധ്യമല്ലാതായി. തനിക്കായി മുറിവേല്ക്കപ്പെടുകയും തന്റെ പാപത്തിന് പരിഹാര ബലിയായി തീരുകയും തനിക്ക് പാപക്ഷമ നല്കുകയും ചെയ്ത് ദൈവത്തെ

പാപി കുരിശിൽ ദർശിക്കുകയാണ്. പാപത്തിൽ വീണ വ്യക്തി ഓടിയെത്തേണ്ടത് കാൽവരിയിലെ കുരിശിൻ ചോട്ടിലാണ്. ആവിടെയാണ് പാപിക്ക് അഭയസ്ഥാനം. ആദിപാപത്താൽ ലജ്ജിതരും ഭയചകിതരുമായ ആദിമാതാപിതാക്കൾ മരണത്തിന്റെ മറവിൽ ഒളിച്ചെങ്കിൽ സകല മാനവരാശിയും അഭയം ഗമിക്കേണ്ടത് കാൽവരിയിലെ മരക്കുരിശിന്റെ നിഴലിലാണ്.

കത്തോലിക്കാസഭയുടെ കുമ്പസാരവേദിയും അനുരഞ്ജന ശുശ്രൂഷയും ദൈവ കരുണയുടെ അവതരണമാണ്. പാപിക്കായി ദൈവം കാത്തിരിക്കുന്ന വേദിയാണിത്. ദൈവം നമ്മുടെ പാപം ക്ഷമിച്ച് അനുഗ്രഹമരുളുന്ന വേദിയാണിത്.

കുരിശിലെ ഈശോയെ കണ്ടുമുട്ടിയ വ്യക്തിക്കു മാത്രമേ കുമ്പസാര വേദിയിൽ അനുവാദത്തോടെ മുട്ടുകുത്താൻ കഴിയുകയുള്ളൂ. ലോകം മുഴുവനും വേണ്ടി കുമ്പസാര വേദിയൊ രുക്കി പാപിയെ കാത്തിരിക്കുന്ന മതമാണ് ക്രിസ്തുമതം, കത്തോലിക്കാ തിരുസ്സഭ. ദൈവത്തിന്റെ കരുണ കാൽവരിക്കുമപ്പുറം ഇന്ന് ലോകത്തിലേയ്ക്ക് ഒഴുക്കപ്പെടുന്ന വേദിയാണ് കുമ്പസാരക്കൂടുകൾ. ആത്മാക്കൾ സ്വർഗത്തിലേക്കു പ്രവേശിക്കുന്ന ത് കത്തോലിക്കാ സഭയിലെ കുമ്പസാര കൂടാകുന്ന പ്രവേശന കവാടത്തിലൂടെ യായിരിക്കും.

06

## ശുദ്ധീകരണവും സമർപ്പണവും

ഈശോ തന്റെ സാന്നിധ്യത്താൽ മനുഷ്യാത്മാവിനെ ഉണർത്തുന്നത് അതിനെ സ്വന്തമാക്കാനാണ്. ദൈവസാന്നിധ്യത്തിൽ ഉണർന്ന ആത്മാവ് സ്വയം ദൈവേഷ്ടത്തിന് അടിയറവ് വയ്ക്കുന്നു. ദൈവഹിതത്തിനുള്ള സമർപ്പണം മാത്രമല്ല ദൈവത്തിനുതന്നെയുള്ള വിട്ടുകൊടുക്കലാണിത്. ആത്മനാഥനായ ഈശോ ഓരോ മനുഷ്യാത്മാവിൽ നിന്നും ആഗ്രഹിക്കുന്നത് ഈ സ്വയം സമർപ്പണമാണ്. ഇന്ദ്രിയ നിയന്ത്രണത്തിലൂടെ ഇഛാശക്തിയെ വളർത്തി ദൈവേഷ്ടത്തിന് വിധേയമാക്കിയ ആത്മാവിന് സമർപണം ഏറെ പ്രയാസമുള്ളതല്ല. അത് സ്വയം പരിത്യാഗത്തിലൂടെ സമർപ്പണത്തിനായി സ്വയം ഒരുങ്ങി കഴിഞ്ഞു. ദൈവസാന്നിധ്യം ആത്മാവിൻ ആനന്ദമായിത്തീർന്നതോടെ സമർപ്പണം ആത്മാവിന് ആനന്ദ പൂർണ്ണത കൈവരിക്കാനുള്ള മാർഗ്ഗമാണെന്ന് ബോധ്യപ്പെടുന്നു.

ശുദ്ധീകരണത്തിന്റെ ഈ ഘട്ടത്തിൽ ദൈവ

ഹിതത്തിനും ദൈവ പരിശുദ്ധിക്കും ചേരാത്തവയും ആത്മാവിന്റെ സൗരഭ്യം നഷ്ടമാകുന്നവയുമായി തന്നിൽ കുടികൊള്ളുന്നവയെ ആത്മാവ് കണ്ടെത്തുന്നു. അങ്ങനെ മാരകമായ പാപങ്ങളെ ഉപേക്ഷിക്കാൻ ആത്മാവ് തന്ത്രപ്പെടുന്നു. ആത്മാവിന്റെ ശത്രുവിനെ ആത്മാവ് തിരിച്ചറിയുന്നു. ലോകം, പിശാച്, ശരീരം എന്നീ ത്രിവിധ പാപശക്തികളെ വിവേചിച്ചറിഞ്ഞ ആത്മാവ് അവയുടെ സ്വാധീനത്തിൽപ്പെടാതെ സൂക്ഷിക്കുന്നു. ലോകവും ശരീരവും തിന്മയുടെ ശക്തികളാണെങ്കിലും അവയ്ക്ക് പിന്നിൽ നിൽക്കുന്നതും തിന്മയുടെ പ്രഥമകാരണവുമായ സാത്താനെ ആത്മാവ് വിവേചനത്തോടെ മനസ്സിലാക്കുന്നു. സാത്താന്റെ ഉപകരണങ്ങളായി ലോകവും ശരീരവും മാറ്റപ്പെട്ടേക്കാമെന്നും അവയും തനിക്ക് ആത്മനാശത്തിന് കാരണമായി തീർന്നേക്കാമെന്നും ആത്മാവിൽ ജ്ഞാനമുദിക്കുന്നു. തിന്മയുടെ ശക്തികളെ തിരിച്ചറിഞ്ഞ ആത്മാവ് ത്രിവിധ ദുരാശകളെയും അവയുടെ വിപത്തിനെയും കുറിച്ച് ബോധവതിയാകുന്നു. ജഡത്തിന്റെ ദുരാശ, കണ്ണുകളുടെ ദുരാശ (ദ്രവ്യാശ), ജീവിതത്തിന്റെ അഹന്ത ഇങ്ങനെ ത്രിവിധ ആസക്തികൾ തനിക്കെതിരെ നിലക്കുന്നു എന്ന് ആത്മാവ് ഗ്രഹിക്കുന്നു. ത്രിവിധ പാപശക്തികളിൽ നിന്നും ത്രിവിധ ദുരാശങ്ങളിൽ നിന്നും അകന്നിരിക്കാൻ ആത്മാവ് ബന്ദശ്രദ്ധയാകുന്നു. ഇവയുടെ സ്വാധീനതയാൽ ഉണ്ടായേക്കാവുന്ന പാപപ്രവർത്തികൾ ആത്മാവിന് ഹാനികരമാണെന്ന തിരിച്ചറിവ് ലഭിക്കുന്നതോടെ ഇവയെ എന്നെക്കുമായി ദൂരയകറ്റാൻ അത് വ്യഗ്രചിത്തയാകും.

ആത്മാവിൽ ദിവ്യസാന്നിധ്യാനുഭവം ഉണരുന്നതിനനുസരിച്ച് ഏറ്റം നിസ്സാരമായ പാപങ്ങൾ പോലും ഏറ്റം വെറുപ്പോടെ ഉപേക്ഷിക്കാൻ ആത്മാവ് തിടുക്കം കൂട്ടുന്നു. മാരകപാപങ്ങൾ, തഴക്കദോഷങ്ങൾ, എന്നിവ മാത്രമല്ല, നിസ്സാരമായ തെറ്റുകളും വരാതെ ആത്മാവ് സൂക്ഷ്മതയിൽ കഴിയുന്നു. തെറ്റുകൾ മാത്രമല്ല തെറ്റുകളിലേക്ക് നയിച്ചേക്കാവുന്ന ബന്ധങ്ങൾ, വായനകൾ, സാഹചര്യങ്ങൾ, പ്രവർത്തികൾ ഇവയൊക്കെയും പരിവർജിക്കാൻ ആത്മാവ് സന്നദ്ധമാകുന്നു. ഒരിക്കൽ “സാരമില്ല” എന്ന് കരുതിയിരുന്നവയൊക്കെയും ഇന്നിപ്പോൾ ഗൗരവമായി കരുതി ഉപേക്ഷിക്കാൻ സന്നദ്ധമാകും. ഏറ്റം ലഘുവെന്ന് കരുതുന്ന ഒരു സംഭാഷണമോ, ചലനമോ പോലും ആത്മാവിന് സൗന്ദര്യം കെടുത്തുമെന്ന് കണ്ടാൽ അതീവശ്രദ്ധയോടെ ഉപേക്ഷിക്കാൻ തിടുക്കം കൂട്ടുകയായി.

ആത്മാവ് ഈശോയുടെ തിരുമുഖത്തേയ്ക്കും തന്റെ തന്നെ അവസ്ഥയിലേയ്ക്കും മാറി മാറി നോക്കിക്കൊണ്ട് അനുതാപത്തിന്റെ

അശ്രുകണങ്ങൾ ധാരധാരയായി പൊഴിച്ചു തുടങ്ങും. സ്നേഹം വർദ്ധിക്കുന്നതനുസരിച്ച് ആത്മാവിൽ നൊമ്പരമേറും. ആത്മാവിന്റെ വിലയും, ആത്മനാഥൻ അതിനെ സ്വന്തമാക്കാൻ നല്കിയ വിലയും മനസ്സിലാക്കുന്നതോടെ അനുതാപം അതിന്റെ പാരമ്യത്തിലെത്തും. “അങ്ങേയ്ക്കെതിരായി, അങ്ങേയ്ക്ക് മാത്രമെതിരായി ഞാൻ പാപം ചെയ്തു” (സങ്കീ.51:4) എന്ന് ആത്മാവ് തിരുമുഖത്തേയ്ക്കു നോക്കി വിതുമ്പിക്കൊണ്ടിരിക്കെത്തന്നെ ശുദ്ധീകരണത്തിനായുള്ള പ്രാർത്ഥന ഉതിർക്കും: “ഹിസോപ്പുകൊണ്ട്’, (അല്ല തിരുരക്തം കൊണ്ട് എന്നുതന്നെ പറയും) എന്നെ പവിത്രീകരിക്കണമേ, ഞാൻ നിർമലനാകും, (അങ്ങേ ഹൃദയരക്തത്താൽ) എന്നെ കഴുകണമേ ഞാൻ മഞ്ഞിനെക്കാൾ വെൺമയുള്ളവനാകും” എന്ന ദാവീദിന്റെ പ്രാർത്ഥന ആത്മാവ് സ്വന്തമാക്കും. പാപത്തിന്റെ കയ്പും ഭീകരതയുമോർത്ത് ഭയന്നിട്ടെന്നവണ്ണമോ. സ്വർഗ്ഗീയമാധുരി നഷ്ടമാകുമോയെന്ന അതിരറ്റ വേദനയാലോ, ദൈവസാന്നിധ്യത്തെക്കുറിച്ചുള്ള ആഴമായ ‘ആസക്തി’ യാലോ ആത്മാവ് പേർത്തും പേർത്തും അതിന്റെ ഹൃദയഭാവം ഇങ്ങനെ ചൊരിയും: “അങ്ങയുടെ സന്നിധിയിൽനിന്ന് എന്നെ തള്ളിക്കളയരുതേ, അങ്ങയുടെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുത്തുകളയരുതേ” (സങ്കീ. 51:11).

ശുദ്ധീകരണമെന്നത് തനിക്ക് തന്നിൽത്തന്നെ നേടിയെടുക്കാൻ കഴിയുന്നതല്ല എന്ന് ഗ്രഹിക്കുന്ന ആത്മാവ് ഈശോയോടുതന്നെ അത് കൃപയായി നല്കാൻ കരുണയ്ക്കായി അപേക്ഷിക്കുന്നു. ഈശോയുടെ തിരുരക്തത്താൽ കഴുകി വിശുദ്ധീകരിക്കപ്പെടാനും പാപത്തിൽ നിന്നും സംരക്ഷണം ലഭിക്കാനും യാചിക്കുന്നു. പഞ്ചേന്ദ്രിയങ്ങളുടെയും മനസ്സിന്റെയും ബുദ്ധിയുടെയും ഹൃദയത്തിന്റെയും ആത്മാവിന്റെയും ക്ഷാളനം സ്വീകരിക്കുകയാണ് ഈ ഘട്ടത്തിൽ. ഈശോയുടെ തിരുരക്തത്താൽ ക്ഷാളനം സ്വീകരിക്കപ്പെടുമ്പോൾ തിന്മയുടെ ആസക്തികളിൽ നിന്നും സ്വാധീനതയിൽ നിന്നുമുള്ള സംരക്ഷണം ആത്മാവിന് ലഭിക്കുന്നു. പാപക്കറകൾ കഴുകി വിശുദ്ധീകരിക്കപ്പെടുന്നു. ദൈവസാന്നിധ്യം കൂടുതലായി അനുഭവിക്കാൻ ആത്മാവിന് കൃപ കിട്ടുന്നു.

ഈശോയുടെ തിരുരക്തത്തിന്റെ ക്ഷാളനവും സംരക്ഷണവും ലഭിച്ച ആത്മാവ് തിരുഹിതത്തിന് സ്വയം സമർപ്പണം ചെയ്യുന്നു. പഞ്ചേന്ദ്രിയങ്ങളെ സമർപ്പിക്കുന്നു. ഓർമയെയും ഭാവനയെയും സമർപ്പിക്കുന്നു, മനസിനെയും ബുദ്ധിയേയും സമർപ്പിക്കുന്നു, ആത്മാവിനെ സമർപ്പിക്കുന്നു.

പഞ്ചേന്ദ്രിയങ്ങളുടെ ക്ഷാളനവും സമർപ്പണവും നിർവഹി

ക്കവേതന്നെ നിശ്ചയദാർഢ്യത്താലുണർന്ന് ആത്മാവ് ഇങ്ങനെ പ്രാർത്ഥനയും വാഗ്ദാനവും നടത്തും. "കർത്താവേ എന്റെ അധര ങ്ങളെ തുറക്കണമേ, എന്റെ നാവ് അങ്ങയുടെ സ്തുതികൾ ആല പിയ്ക്കും" (സങ്കീ. 51:15) വീണ്ടും, "ഞാൻ അങ്ങയെ പ്രകീർത്തി ക്കുമ്പോൾ എന്റെ അധരങ്ങളും അങ്ങുസൃഷ്ടിച്ച എന്റെ ആത്മാവും ആനന്ദം കൊണ്ട് ആർത്തുവിളിക്കും. എന്റെ നാവ് അങ്ങയുടെ നീതി പൂർവ്വകമായ സഹായത്തെ പ്രഘോഷിക്കും" (സങ്കീ. 71/23-24).

ഹൃദയത്തിന്റെയും മനസ്സിന്റേയും സമർപ്പണം നിർവ്വഹിക്കു മ്പോഴും ഈ വിധം പ്രാർത്ഥിക്കും "ഒരുക്കമുള്ള ഹൃദയം അങ്ങ് എനിക്കു തരുമ്പോൾ ഞാൻ അങ്ങയുടെ പ്രമാണങ്ങളുടെ പാത യിൽ ഉത്സാഹത്തോടെ ചരിക്കും" (സങ്കീ. 119:32). സത്യത്തിന്റെ വചനം അധരങ്ങളിൽ നിന്ന് നിശേഷം എടുത്തുകളയരുതേ (സ ങ്കീ. 119:43) എന്ന് പ്രാർത്ഥന അധരങ്ങളുടെ സമർപണത്തിൽ അഭി ഷേകമായി വരും.

ദൈവമഹത്വത്തിനായി വേലചെയ്യാനുള്ള കൃപ നിറയാൻ ഈ സമർപ്പണം സഹായിക്കുന്നു. ചെയ്തുപോയ പാപങ്ങൾക്ക് പരി ഹാരമായും ഈ സമർപ്പണം നടത്താവുന്നതാണ്. ശാരീരികവും മാനസികമായ മുറിവുകളും രോഗങ്ങളും സുഖപ്പെടാനും ഈ സമർപ്പ ണവും ശുദ്ധീകരണവും സഹായമാണ്. ഇച്ഛാശക്തിയുടെ ക്ഷാള നവും സമർപ്പണവും വഴി ദൈവതിരുമനസിന് വിധയപ്പെടാനും ദൈവതിരുമനസ് നിറവേറ്റാൻ ശക്തി കിട്ടാനും ഇടയാകുന്നു. നന്മ യിൽ ഉറച്ച് നിൽക്കാനും പ്രലോഭനങ്ങളെ ബോധപൂർവ്വം ചെറുത്തു തോല്പിക്കാനും ശക്തി ലഭിക്കുന്നു. തെറ്റായ ബോധ്യങ്ങൾ ഉപേ ക്ഷിക്കാനും ദൈവീകജ്ഞാനം നിറയാനും ഇടയാകുന്നു. സ്നേഹ ത്തിന്റെ ഇരിപ്പിടമായ ഹൃദയം സമർപ്പിച്ച് തിരുരക്തത്താൽ കഴുകി ശുദ്ധീകരിക്കാൻ പ്രാർത്ഥിക്കുന്നു. ഭൗതിക സ്നേഹത്തിനായുള്ള ആഗ്രഹം, സ്നേഹിക്കപ്പെടാത്തതിന്റെ വേദനകൾ, സ്നേഹജീവി തത്തിലുണ്ടായ മുറിവുകൾ, ഇവയൊക്കെ സൗഖ്യപ്പെട്ട്, സ്നേഹാഭിഷേകം സ്വീകരിക്കാൻ ഹൃദയം ഒരുക്കപ്പെടുന്നു. ബുദ്ധി യെയും ആലോചനയെയും ചിന്തകളെയും വിശുദ്ധീകരിക്കാൻ പ്രാർത്ഥിക്കുന്നു. ദൈവം ആഗ്രഹിക്കാത്ത പഠനങ്ങൾ, ബോധ്യ ങ്ങൾ, ആദർശങ്ങൾ ഇവ മാറ്റപ്പെട്ട് നിത്യസത്യങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ചകളും ജീവിതത്തെക്കുറിച്ച് സത്യസന്ധമായ കാഴ്ചപ്പാടും സ്വീകരിക്കാൻ ഒരുങ്ങുന്നു. ആത്മാവിന്റെ സമർപ്പണത്തിലൂടെ ദൈവാത്മാവായുള്ള ഐക്യത്തിലേക്ക് അടുക്കുന്നു. ആത്മാവിൽ നിന്ന് പാപക്കറകൾ നീക്കപ്പെടുന്നു. ആത്മാവിൽ നൈർമല്യം ഉള

വാകുന്നു.

ഈ വിധമുള്ള ക്ഷാളനവും സമർപ്പണവും ആത്മാവ് ബോധ പൂർവ്വം ഓരോ ദിവസത്തിന്റെയും പ്രഭാതത്തിലും ഇടയ്ക്കിടയ്ക്കും ആവർത്തിക്കുന്നു.

ഈ തിരുരക്ത ക്ഷാളനവും സമർപ്പണവും വിശുദ്ധി ആഗ്രഹി ച്ചുകൊണ്ടും ദൈവത്തോടുള്ള സ്നേഹത്തെ പ്രതിയും ആത്മാക്ക ളുടെ രക്ഷയെക്കുറിച്ചുള്ള തീഷ്ണതയാലും ലോകത്തിന്റെ പാപ ത്തിന് പരിഹാരമായും നടത്തുമ്പോൾ ആത്മീയ വളർച്ച എത്രയും വേഗം സാധ്യമാകുന്നു. ഈശോയിൽ നിന്ന് സന്ദേശങ്ങൾ സ്വീക രിക്കാനും ദർശനങ്ങൾ പ്രാപിക്കാനും ആത്മാവ് ഒരുക്കപ്പെടുന്നു. ഒരു നിർമ്മല ദർപ്പണത്തിൽ എന്നപോലെ ആത്മാവിൽ സ്വർഗീയ ദർശനങ്ങൾ ലഭിക്കാൻ ഇടയാകുന്നു.

നാം ചെയ്യുന്ന കാര്യങ്ങളിൽ മാറ്റം വരുത്തുന്നതിലല്ല നമ്മുടെ വിശുദ്ധീകരണം അടങ്ങിയിരിക്കുന്നത്, പിന്നെയോ നമുക്ക് വേണ്ടി മാത്രം നാം ചെയ്തിരുന്ന കാര്യങ്ങൾ ദൈവത്തിന് വേണ്ടി ചെയ്യു ന്നതിലാണ്. ഇതാണ് സമർപ്പണത്തിന്റെ കാതൽ "ഞാൻ അമ്പേ ഷിച്ചത് ഇതു മാത്രമാണ്. പൂർണമായും ദൈവത്തിന്റെ സ്വന്തമായി രിക്കാനുള്ള വഴി. അത് എനിക്കുള്ളതെല്ലാം ദൈവത്തിന് സമർപ്പി ക്കുന്നതിലേക്ക് എന്നെ നയിച്ചു" എന്ന് ബ്രദർ ലോറൻസ് തന്റെ ആത്മീയ വളർച്ചയെകുറിച്ച് എഴുതിയിരിക്കുന്നു.

വലിയ കാര്യങ്ങൾ ചെയ്ത് കാഴ്ചവെക്കുന്നു എന്നതിലല്ല സമർപ്പണത്തിന്റെ വില, ചെറിയ കാര്യങ്ങളും വലിയ സ്നേഹ ത്തോടെയും തീഷ്ണതയോടെയും നിറവേറ്റി സമർപ്പിക്കുന്നു എന്ന തിലാണ്. എല്ലാം സമർപ്പിക്കുക, ഒന്നും തനിക്കായി മാറ്റിവയ്ക്കാ തെ – അതും ആത്മീയസാധനയിൽ പ്രധാനമായതാണ്. സമർപ്പണം എന്നത് ദൈവകൃപയിൽ ആശ്രയിക്കുക എന്നതും ഉൾക്കൊള്ളു ന്നു. സ്വന്തം കഴിവുകളിൽ ആശ്രയിക്കാതെ ദൈവത്തിൽ മാത്രം ആശ്രയിക്കുന്ന അവസ്ഥയിലേക്കുള്ള വളർച്ചയാണത്. വിശുദ്ധി യിലും നന്മയിലും വളരാൻ സ്വന്തം കഴിവിനാൽ സാധിക്കുകയില്ല, ദൈവകൃപക്ക് സ്വയം വിട്ടുകൊടുക്കുകയാണ് വേണ്ടത് എന്ന് ആത്മാവ് വിവേചിച്ചറിയുന്നു. ഞാനല്ല എന്നിലുള്ള ദൈവകൃപ യാണ് എല്ലാറ്റിനും നിദാനമെന്ന ബോധ്യമാണ് സമർപ്പണഭാവം. കഴിവുകൾ വർദ്ധിപ്പിക്കാനും വളരാനുമുള്ള വ്യഗ്രതയിൽ നിന്നകന്ന് സമർപ്പിക്കാനുള്ള തീഷ്ണതകൊണ്ട് ആത്മാവ് നിറയുന്നു.

സമർപ്പണമെന്നത് അത്യുദാരപൂർണമായി നാം നടത്തുന്ന പുണ്യപ്രവൃത്തിയല്ല. അതിനുള്ള ഒരുക്കം മാത്രമാണ്. നാം ദൈവ ത്തിന്റേതായിരിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ദൈവ

ഹിതത്തിന് സമർപ്പിക്കുക എന്നത് കടമാനിർവ്വഹണം മാത്രമാണ്. അത് പുണ്യപൂർണതയാണെന്ന് തെറ്റിദ്ധരിക്കേണ്ടതില്ല. ദൈവത്തിനവകാശപ്പെട്ടത് ദൈവത്തിനു കൊടുക്കുന്നു എന്ന സ്വാഭാവിക നീതി മാത്രം. നാം "സീസറിന്റേതല്ല" എന്ന് തിരിച്ചറിയുക. പലരും ആതമീയജീവിതത്തിൽ ദൈവത്തിന്റേത് എടുത്ത് സീസറിന് നൽകുന്നവരായി തരം താഴുന്നു.

ദൈവത്തിൽ നാം എത്രയധികമായി ആശ്രയിക്കുന്നവോ അത്രയധികം നാം ദൈവത്തെ മഹത്വപ്പെടുത്തുകയാണ് ചെയ്യുന്നത്. എല്ലാ വ്യക്തികൾക്കും അവനവനിൽത്തന്നെയും ഭൗതീക ലോകത്തിന്റെ വിഭവങ്ങളിലും ആശ്രയിക്കാൻ പ്രേരണയുണ്ട്. ഈ ആശ്രയങ്ങൾ ഉപേക്ഷിക്കലാണ് സ്വയം പരിത്യാഗത്തിലൂടെ ആത്മാവ് നേടുന്നത്. സ്വാർത്ഥതയുടെ സമ്പൂർണ്ണമായ ത്യജിക്കലാണത്; സ്വയം ബലിയാകലാണത്. ആ വിധം ആയിത്തീർന്ന ആത്മാവ് ദൈവതിരുക്കരങ്ങളിൽ പൂർണ്ണമായ അർപണം നടത്തുന്നു. "എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല" എന്ന സത്യം ഗ്രഹിച്ച് ഈശോയിൽ പൂർണ ആശ്രയം വയ്ക്കുന്നു. അത് ദൈവമഹത്വം ഉളവാക്കുന്ന അവസ്ഥ തന്നെ. ദൈവമഹത്വത്തിനായി ഒരു സൃഷ്ടിക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ കാര്യമാണ് സമ്പൂർണ സമർപ്പണം.

സ്വാർത്ഥതയും അഹങ്കാരവും അല്പമെങ്കിലും അവശേഷിക്കുന്നിടത്തോളം സമ്പൂർണ്ണ സമർപ്പണം അസാധ്യം തന്നെ. "അഹം" "മമ" ഇവയുടെ നിഗ്രഹത്താലല്ലാതെ സമർപ്പണം പൂർണമാകുന്നില്ല.

സമർപ്പണത്തിന്റെ പ്രേരകശക്തി സ്നേഹമാണ്. സ്നേഹത്താലുള്ള സമർപ്പണമാണ് വിലയുള്ളത്. ഭയത്തിന്റെയോ, നിർബന്ധത്തിന്റെയോ കാര്യലാഭത്തിന്റേയോ പേരിലുള്ള സമർപ്പണം അപൂർണമാണ്.

ലോകം നമ്മെ വിലമതിക്കുന്നത് നമ്മുടെ കഴിവുകളുടെ അടിസ്ഥാനത്തിലായിരിക്കും. വ്യക്തിപരമായ നേട്ടങ്ങൾ, വിജയങ്ങൾ, ഭൗതികമായ വിഭവങ്ങളുടെ വർദ്ധനവ് ഇവയെല്ലാം നമ്മുടെ 'വില' വർദ്ധിപ്പിക്കുന്നു. എന്നാൽ ദൈവം ആഗ്രഹിക്കുന്നത് നമ്മുടെ കഴിവുകളുടെ വർദ്ധനവല്ല, നമ്മുടെ സമർപ്പണമാണ്. ദൈവഹിതത്തിനായി നാം അവയെ ഉപയോഗിക്കുന്നില്ലെങ്കിൽ അവ നമ്മുടെ ആത്യന്തിക പരാജയത്തിനു തന്നെ കാരണമായേക്കാം. എല്ലാവർക്കും കഴിവുകൾ ദാനമായി നൽകിയ ദൈവം നമ്മുടെ കഴിവുകുറവിൽ നമ്മെ പഴിക്കുന്നില്ല. എന്നാൽ നമ്മുടെ സമർപ്പണ കുറവിന് നാം ഉത്തരവാദികളായിരിക്കും. ആകയാൽ കഴിവ് കൂടുതൽ ഒരാളെ

ദൈവതിരുസന്നിധിയിൽ മെച്ചപ്പെട്ടവനോ, കഴിവ് കുറവ് ഒരുവനെ ദൈവതിരുമുൻപിൽ വിലകെട്ടവനോ ആക്കുന്നില്ല. ദൈവഹിതത്തിന് സ്വയം സമർപ്പിക്കാത്തവൻ കൃപയെ നഷ്ടമാക്കുന്നു. ഇതാണ് ആത്മീയ സത്യം.

സ്വയം പരിത്യാഗം അതിൽത്തന്നെ പുണ്യമല്ല. ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷക്കും സമർപ്പിക്കുമ്പോഴാണ് അത് പുണ്യമായിത്തീരുന്നത്. ദൈവസ്നേഹത്തെ പ്രതിയും പരസ്നേഹത്തെ പ്രതിയും ചെയ്തതെല്ലാം സംശുദ്ധമായ ബലിയായി ദൈവസന്നിധിയിൽ സ്വീകരിക്കപ്പെടുകയും സ്വാർത്ഥസ്നേഹത്തെപ്രതി അനുഷ്ഠിച്ചവയൊക്കെയും വിലകെട്ടവയായി തിരസ്ക്കരിക്കപ്പെടുകയും ചെയ്തിരിക്കുന്നു എന്ന സത്യം ഒരുനാൾ ആത്മാവ് തിരിച്ചറിയും.

ഞാൻ മുഴുവൻ ദൈവത്തിന്റേതായിരിക്കുന്നു, എനിക്കുള്ളവയും മുഴുവനായി ദൈവത്തിന്റേതുതന്നെ എന്നതാണ് സമർപ്പിതമായ ആത്മാവിന്റെ ഹൃദയഭാവം. ഞാൻ എന്റെ സ്വന്തമല്ല, എന്റെ ഈശോയുടേതു മാത്രമാണ് എന്നുപറയത്തക്കവിധമുള്ള അർപ്പിത മനസ്സാണ് സമർപ്പണ ഭാവം.

സമർപ്പണമെന്നത് കേവലം കാഴ്ചകൊടുക്കലല്ല. ദൈവൈക്യത്തിനായി സ്വയം വിട്ടുകൊടുക്കലും ദൈവേഷ്ടം നിറവേറ്റാൻ സദാ സന്നദ്ധമാകുകയും ചെയ്യലാണ്. സമർപ്പണത്തിന് നിഷേധാത്മക തലവും ഭാവാത്മക തലവും ഉണ്ട്. സമർപ്പണത്തിന്റെ നിഷേധാത്മകതലമെന്നത് ഞാനും എനിക്കുള്ളവയും ദൈവത്തിന് വിട്ടുകൊടുക്കുന്നതിൽ അടങ്ങിയിരിക്കുന്നു. ഭാവാത്മക തലത്തിൽ ദൈവഹിതം നിറവേറ്റലാണത്. അതുവഴി ആത്മാവ് ദൈവൈക്യത്തിലേക്ക് കൂടുതലായി അടുക്കുന്നു. ശൂന്യവത്ക്കരണമൊ സ്വയം ത്യജിക്കലോ പുണ്യമാകുന്നില്ല; ദൈവതിരുമനസ് നിറവേറ്റലാണ് പുണ്യം. ദൈവഹിതത്തിന് വിധേയപ്പെടുക എന്നത് കേവലം നിസ്സംഗഭാവത്തിൽ എന്തും സംഭവിക്കട്ടെ എന്നു കരുതുന്ന നിർവികാരതയല്ല. ദൈവഹിതം തിരിച്ചറിഞ്ഞ് സ്നേഹത്താൽ പ്രചോദിതനായി ദൈവമഹത്വത്തിനായി പ്രവർത്തിക്കലാണത്. നിർവികാരതയിലും നിസ്സംഗതയിലും ഒന്നും ചെയ്യാതിരിക്കുന്നതിനേക്കാൾ 'ഭേദം' സ്വാർത്ഥതയിലാണങ്കിൽ പോലും സ്വാഭാവിക നന്മ ചെയ്യുന്നതായിരിക്കും. എന്നാൽ സമർപ്പണം ചെയ്യുന്ന വ്യക്തി ഒരു ശൂന്യതയെ വരിക്കുകയല്ല, നിസ്സംഗത പ്രാപിക്കുകയുമല്ല, ദൈവേഷ്ടത്തെ സ്വാഭിഷ്ടമാക്കിമാറ്റുകയാണ്. അങ്ങനെ വർദ്ധിച്ച തീഷ്ണതയാൽ എരിഞ്ഞ് ദൈവഹിതം സംഭവിക്കാൻ വിട്ടുകൊടുക്കലാണ് സമർപ്പണം. ഇനി ഞാനല്ല ക്രിസ്തു എന്നിൽ ജീവിക്കുന്നു എന്നുപറയാൻ

സാധിക്കുന്ന അവസ്ഥയാണ് സമർപ്പണം. അതുകൊണ്ട് സമർപ്പണം എന്നത് അസ്ഥിത്വത്തിന്റെ ഹനിക്കലല്ല, അതിന്റെ ലക്ഷ്യപ്രാപ്തിയാണ്. ഒരുവൻ സമർപ്പണത്തിലൂടെ ഇല്ലാതാവുക യല്ല, അവൻ എന്തായിത്തീരണമോ അതായിത്തീരുകയാണ്. തന്റെ അസ്ഥിത്വത്തിന്റെ പൂർത്തീകരണമാണ് സ്വയം സമർപ്പണത്തിലൂടെ സംഭവിക്കുന്നത് എന്നും, താൻ ആയിത്തീരേണ്ടിടത്ത് എത്തുക യാണ് ദൈവഹിതാനുഷ്ടാനത്തിലൂടെ എന്നും ബോധ്യ പ്പെട്ടുകൊണ്ട് വേണം സമർപ്പണം നടത്താൻ. അല്ലാതെയുള്ള സമർപ്പണം കേവലം നിരാശയ്ക്കും നിസ്സംഗതയ്ക്കും നമ്മെ അടി മപ്പെടുത്തും. സമർപ്പണം നേട്ടമാണ് എന്ന തിരിച്ചറിവാണ് നാം ആർജ്ജിച്ചെടുക്കേണ്ടത്.

സംപൂർണ സമർപണം നിർവഹിക്കവേ ആത്മാവ് ഇങ്ങനെ ദൈവസ്വരം കേൾക്കാൻ തുടങ്ങുകയായി. “നീ നടക്കേണ്ട വഴി ഞാൻ കാണിച്ചുതരാം. ഞാൻ നിന്റെ മേൽ ദൃഷ്ടിയുറപ്പിച്ച് നിന്നെ ഉപദേശിക്കാം” (സങ്കീ. 32/8).

07

# മനുഷ്യാത്മാവിന്റെ വിലയും മഹത്വവും

മനുഷ്യാത്മാവ് തന്റെ വിലയും മഹത്വവും അറിയുക എന്നത് ആത്മീയ ജീവിതത്തിന്റെ അടിത്തറയാണ്. ഈ അറിവാകട്ടെ ദൈവിക വെളിപാടിന്റെ ഭാഗവുമാണ്. ഇത് ബോധ്യമായി മാറുമ്പോൾ ജീവിതത്തെ തദാനുസാരം ക്രമീകരിക്കാൻ ഇടയാകും. വിശുദ്ധിയിൽ വളരാനും ഇന്ദ്രിയ നിഗ്രഹം പാലിക്കാനും ദൈവോന്മുഖമായി ജീവിക്കാനും ഈ ബോധ്യം അനിവാര്യമാണ്.

ഈ ലോകത്ത് വിലയുള്ളവരായി ഗണിക്കപ്പെടാൻ ഏതൊരു മനുഷ്യനും ആഗ്രഹിക്കുന്നു. നമ്മുടെ യഥാർത്ഥ വിലയെന്താണെന്ന് പറഞ്ഞുതരാനോ ആ വിലയിൽ നമ്മെ പരിഗണിക്കാനോ ഈ ലോകത്തിൽ ആർക്കെങ്കിലും സാധിക്കുമോ? സാധിക്കുകയില്ല എന്നതല്ലേ വസ്തുത? ഈ ലോകത്ത് മറ്റുള്ളവർ നൽകുന്ന വിലയുണ്ട്. ഭർത്താവ് വില കല്പിക്കണമെന്ന് ഭാര്യയ്ക്ക് നിർബന്ധം. ഭാര്യ വിലകൽപിക്കാതിരുന്നാൽ ഭർത്താവിന് പിണക്കം. മാതാപിതാക്കൾ വില കല്പിക്കണമെന്ന് മക്കൾക്ക് ആഗ്രഹം. മക്കൾ വില കല്പിക്കുന്നില്ലെങ്കിൽ മാതാപിതാക്കൾക്ക്

പരാതി. കൂട്ടുകാർ വില കല്പിക്കണമെന്ന് കൂട്ടുകാർ.

മറ്റുള്ളവർ നമുക്ക് വില കല്പിക്കുന്നതും നാം മറ്റുള്ളവർക്ക് വില കല്പിക്കുന്നതും ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. സാധാരണഗതിയിൽ അത് ഭൗതീക മാനദണ്ഡങ്ങളായിരിക്കും. സമ്പത്ത്, അറിവ്, അധികാരം, കഴിവുകൾ, ജനപ്രീതി, സൗന്ദര്യം, ഇതൊക്കെ മാനദണ്ഡങ്ങളായിവരാം. സമ്പന്നന് ദരിദ്രനേക്കാൾ വിലയുണ്ട് നമ്മുടെ കണ്ണുകളിൽ; പാണ്ഡിത്യമുള്ളവന് പാമരനെക്കാൾ വില കല്പിക്കപ്പെട്ടിരിക്കുന്നു ലോകദൃഷ്ടിയിൽ; അധികാരിക്ക് സാധാരണക്കാരനേക്കാൾ വലിയ വില!

എന്നാൽ ഒരു സത്യമുണ്ട്. ലോകം നൽകുന്ന ഏറ്റവും വലിയ വിലയും യഥാർത്ഥ വിലയാകുന്നില്ല. ആ വിലകൊണ്ട് മനുഷ്യാത്മാവ് സംതൃപ്തമാകുന്നുമില്ല. നാം സ്വയം നൽകുന്ന വിലയുണ്ട്. അത് മറ്റുള്ളവരുമായി നാം നടത്തുന്ന താരതമ്യത്തിൽ നിന്നുണ്ടാകുന്ന അവബോധം മൂലമായിരിക്കാം. നമ്മെപ്പറ്റിത്തന്നെയുള്ള നമ്മുടെ കാഴ്ചപ്പാടിന്റെ ഫലവുമായിരിക്കാം. നാമാരും അത്ര മോശക്കാരല്ല - സൗന്ദര്യത്തിൽ, കഴിവിൽ, നേട്ടത്തിൽ എന്ന ചിന്തയായിരിക്കാം സാധാരണ ഉണ്ടാവുക. നമുക്കൊരു വിലയുമില്ല എന്നോ, നാമാണ് ഏറ്റവും മികച്ചവൻ എന്നോ വിലയിരുത്തുന്നവരും ഉണ്ടായേക്കാം. എന്നാൽ ഇവയൊന്നും പൂർണമല്ല, സത്യസന്ധവുമല്ല, ശരിയായ വിലയുമല്ല. അവയൊന്നും നമ്മെ തൃപ്തിപ്പെടുത്തുന്നുമില്ല.

നമ്മുടെ യഥാർത്ഥ വില കല്പിക്കാൻ ദൈവത്തിനുമാത്രമേ കഴിയുകയുള്ളു. കാരണം, ദൈവമാണ് നമ്മുടെ സ്രഷ്ടാവ്. സ്രഷ്ടാവാണ് സൃഷ്ടിക്ക് വിലയിടേണ്ടത്. അതുകൊണ്ട് മനുഷ്യന് എന്ത് വിലയുണ്ട് എന്ന് കാണണമെങ്കിൽ അവന് ദൈവം നൽകുന്ന വിലയെന്താണ് എന്ന് ഗ്രഹിക്കണം, ദൈവത്തിന്റെ കണ്ണുകളിൽ നാമാരാണെന്ന് മനസ്സിലാക്കണം. വീണ്ടും, നമുക്കു വില നൽകി വീണ്ടെടുത്തത് ദൈവം തന്നെയാണ്. അതിനാൽ വില നൽകിയവൻ പറഞ്ഞുതരുന്നു എന്തുവിലയാണുള്ളതെന്ന്. മൂന്നാമതായി നമ്മുടെ അന്ത്യം എന്താണെന്നും നാം എന്തായിത്തീരുമെന്നും നമുക്ക് എന്തു മഹത്വമാണ് കൈവരാൻ പോകുന്നതെന്നും അറിയുന്നവൻ ദൈവമാണ്. ആയതിനാൽ ദൈവം കല്പിച്ചുനൽകുന്നതാണ് ഒരാത്മാവിന്റെ യഥാർത്ഥ വില. അവിടുത്തെ കൺമുൻപിൽ സ്ത്രീയ്ക്കും പുരുഷനും, മക്കൾക്കും മാതാപിതാക്കൾക്കും, ധനവാനും, ദരിദ്രനും, വിദ്യാഭ്യാസമുള്ളവനും ഇല്ലാത്തവനും സത്യക്രിസ്ത്യാനിക്കും അക്രൈസ്തവനും വില വ്യത്യാസമുണ്ടാകുമോ?

ഓ ദൈവമേ "അങ്ങ് മനുഷ്യനെ ഓർക്കാൻ അവൻ ആരാണ്? അങ്ങു ശ്രദ്ധിക്കാൻ മനുഷ്യപുത്രൻ ആരാണ്? ദൂതന്മാരേക്കാൾ അല്പം താഴ്ന്നവനായി അങ്ങ് അവനെ സൃഷ്ടിച്ചു. മഹിമയും ബഹുമാനവും കൊണ്ട് അവനെ കിരീടമണിയിച്ചു. സമസ്തവും അവന്റെ പാദങ്ങളുടെ കീഴിലാക്കി" (ഹെബ്രാ 2 : 5-8). ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും നമ്മെ സൃഷ്ടിച്ചു. അമർത്യമായ ആത്മാവിനെ നൽകി നിത്യജീവനിൽ പങ്കുചേർക്കുന്നു എന്നതാണ് ദൈവം മനുഷ്യന് നൽകിയ വിലയുടെ പ്രഥമ അടിസ്ഥാനം.

പിതാവ് നമുക്കായി പുത്രനെ നൽകി നമ്മെ വീണ്ടെടുത്തു എന്നത് നമുക്ക് ദൈവത്തിന്റെ കണ്ണുകളിൽ എത്രമാത്രം വിലയുണ്ട് എന്ന് സ്പഷ്ടമാക്കുന്നു. "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ. 3:16). പിതാവ് പുത്രനു നൽകിയ വിലയാണ് നമുക്കായി നൽകിയത്. ഒരാത്മാവ് അതിന്റെ വിലയറിയാൻ പിതാവിന്റെ ഹൃദയഭാവം ഗ്രഹിക്കണം.

ഈശോ നമുക്കായി കുരിശിൽ ജീവനർപ്പിച്ചു എന്നതിൽനിന്ന് നമ്മുടെ വില എന്താണെന്ന് വ്യക്തമാകുന്നു. ദൈവപുത്രന്റെ ജീവരക്തത്തിന്റെ വിലയാണ് നമ്മുടെ വില! ആയതിനാൽ ഒരാത്മാവ് തന്റെ വിലയെന്താണെന്നറിയാൻ കുരിശിലേയ്ക്ക് നോക്കണം. 1 പത്രോ. 1 : 18-20ൽ ഇത് വ്യക്തമാക്കുന്നു: "പിതാക്കന്മാരിൽ നിന്ന് നിങ്ങൾക്ക് ലഭിച്ച വ്യർത്ഥമായ ജീവിത രീതിയിൽ നിന്ന് നിങ്ങൾ വീണ്ടെടുക്കപ്പെട്ടത് നശ്വരമായ വെള്ളിയോ സ്വർണ്ണമോ കൊണ്ടല്ല എന്നു നിങ്ങൾക്കറിയാമല്ലോ. മറിച്ച്, കറയോ കളങ്കമോ ഇല്ലാത്തതും കുഞ്ഞാടിന്റേതുപോലുള്ളതുമായ ക്രിസ്തുവിന്റെ അമൂല്യ രക്തത്താലത്രേ".

ആത്മാവിന്റെ വിലയെക്കുറിച്ച് ഈശോ ഓർമ്മിപ്പിക്കുന്നു: "ഒരുവൻ ലോകം മുഴുവൻ നേടായാലും തന്റെ ആത്മാവിനെ നഷ്ടമായാൽ അവന് എന്തുപ്രയോജനം? ഒരാത്മാവിനുപകരമായി അവൻ എന്തുകൊടുക്കും?" സൃഷ്ടപ്രപഞ്ചത്തിന്റെ മുഴുവൻ വസ്തുലോകത്തേക്കാൾ വിലയുള്ളവനാണ് മനുഷ്യൻ!

ഈശോ നമ്മെ താക്കീതുചെയ്യുന്നു: "ഈ ചെറിയവരിൽ ആരെയും നിന്ദിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുക. സ്വർഗത്തിൽ അവരുടെ ദൂതന്മാർ എന്റെ സ്വർഗസ്ഥനായ പിതാവിന്റെ മുഖം എപ്പോഴും ദർശിച്ചുകൊണ്ടാണിരിക്കുന്നത്" (മത്താ. 18 : 10). ദൈവം തന്റെ ദൂതരെ നമുക്കു സംരക്ഷകരായി നൽകാൻ മാത്രം വിലയു

ള്ളവരാണ് നാം എന്നു സാരം. അമൂല്യനിധികൾ നാം സൂക്ഷിച്ച് കാവലേർപ്പെടുത്താറുള്ളതുപോലെ ദൈവം അമൂല്യനിധിയായി നമ്മെ പരിഗണിച്ച് നമുക്കായി തന്റെ ദൂതരെ കാവൽ നിയമിച്ചിരിക്കുന്നു.

ഈശോ തന്റെ ശരീരത്തോട് നമ്മെ ഐക്യപ്പെടുത്തുകയും നമ്മെ അവിടുത്തെ ശരീരത്തിലെ അവയവങ്ങളായി മാറ്റുകയും ചെയ്തിരിക്കുന്നു. മിശിഹാ ശിരസ്സും നാം അവിടുത്തെ ശരീരത്തിലെ അവയവങ്ങളുമാണ്. അവിടുന്ന് മുന്തിരിച്ചെടിയും നാം ശാഖകളുമാണ്. ദൈവപുത്രന്റെ ആത്മാവ് നമ്മിൽ കുടികൊള്ളുന്നതിനാലാണ് ഇത് സാധ്യമാകുന്നത്.

നാം ദൈവമക്കളും സ്വർഗത്തിനവകാശികളുമായിരിക്കുന്നു എന്നത് നമ്മുടെ വിലയെ വിളിച്ചോതുന്നു. "കണ്ടാലും എത്ര വലിയ സ്നേഹമാണ് പിതാവ് നമ്മോട് കാണിച്ചിരിക്കുന്നത്. ദൈവമക്കളെന്നു നാം വിളിക്കപ്പെട്ടിരിക്കുന്നു. നാം അങ്ങനെയാണുതാനും" (1 യോഹ 3 : 1-2). "പുത്രസ്വീകാര്യതയുടെ ആത്മാവിനെയാണ് നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. ആ ആത്മാവുമൂലമാണ് നാം ആബ്ബാ-പിതാവേ എന്നുവിളിക്കുന്നത്. നാം ദൈവത്തിന്റെ മക്കളാണെന്ന് ഈ ആത്മാവ് നമ്മുടെ ആത്മാവിനോടുചേർന്ന് സാക്ഷ്യം നൽകുന്നു" എന്ന് പൗലോസപ്പസ്തോലൻ നമ്മെ ഓർമിപ്പിക്കുന്നു. ഒരു പടികൂടി കടന്ന് ഈശോ അരുൾ ചെയ്യുന്നു. "നിങ്ങൾ ദൈവങ്ങളാണെന്ന് ഞാൻ പറഞ്ഞു എന്ന് നിങ്ങളുടെ നിയമത്തിൽ എഴുതപ്പെട്ടിട്ടുണ്ടല്ലോ? വിശുദ്ധ ലിഖിതം നിറവേറാതിരിക്കുകയില്ലല്ലോ. ദൈവവചനം ആരുടെ അടുത്തേക്ക് വന്നുവോ അവരെ ദൈവങ്ങൾ എന്ന് അവൻ വിളിച്ചു" (യോഹ 10 : 34-35)

ദൈവം മനുഷ്യാത്മാവിന് നൽകാനിരിക്കുന്ന മഹത്വം മനസ്സിലാക്കുകയാണ് ആത്മാവിന്റെ വില ഗ്രഹിക്കാനുള്ള മറ്റൊരുപാധി. യേശുവിന്റെ മഹത്വം തന്നെയാണ് ഓരോ മനുഷ്യാത്മാവിനുമായി ദൈവം ക്രിസ്തുവിൽ കരുതിവച്ചിരിക്കുന്നത്. യോഹ 17 : 22 ൽ നാം കാണുന്നു: "നാം ഒന്നായിരിക്കുന്നതുപോലെ.. അങ്ങ് എനിക്കുതന്ന മഹത്വം അവർക്കു ഞാൻ നൽകിയിരിക്കുന്നു". പിതാവ് പുത്രനുമായി പങ്കുവച്ച മഹത്വമാണ് പുത്രൻ നാമുമായി പങ്കുവയ്ക്കുന്നത് എന്നർത്ഥം. യോഹ 17 : 24 ൽ വീണ്ടും നാം കാണുന്നു: "പിതാവേ ലോകസ്ഥാപനത്തിനുമുൻപ്, എന്നോടുള്ള അവിടുത്തെ സ്നേഹത്താൽ, അങ്ങ് എനിക്ക് മഹത്വം നൽകി. അങ്ങ് എനിക്കു നൽകിയവരും അത് കാണാൻ ഞാൻ ആയിരിക്കുന്നിടത്ത് എന്നോടുകൂടെ അവരും ആയിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു".

ഉത്ഥിതനായ യേശുവിന്റെ മഹത്വത്തിൽ നാമും അവിടുത്തോ

ടൊപ്പമായിരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്നതാണ് ആത്മാവിന്റെ മഹത്വം. വീണ്ടും ഈശോ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു: “ഞാൻ ആയിരിക്കുന്നിടത്ത് എന്റെ ശുശ്രൂഷകനും ആയിരിക്കും. എന്നെ ശുശ്രൂഷിക്കുന്നവനെ പിതാവ് ബഹുമാനിക്കും” (യോഹ. 12 : 26). ഈ ലോകത്ത് ഈശോയെ മഹത്വപ്പെടുത്തുന്ന മനുഷ്യാത്മാവിനെ പിതാവ് ബഹുമാനിക്കുന്നു. 2 തെസ 2: 14ൽ നാം കാണുന്നു. “നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വം നിങ്ങൾക്ക് ലഭിക്കുന്നതിനുവേണ്ടി ഞങ്ങളുടെ സുവിശേഷത്തിലൂടെ അവിടുന്ന് നിങ്ങളെ വിളിച്ചു”. 2 കൊറി. 3:18 ൽ ഇപ്രകാരം പറയുന്നു: “കർത്താവിന്റെ മഹത്വം, കണ്ണാടിയിലെന്നതുപോലെ, മൂടുപടമണിയാത്ത മുഖത്ത് പ്രതിഫലിക്കുന്ന നാമെല്ലാവരും അവിടുത്തെ സാദൃശ്യത്തിലേക്ക്, മഹത്വത്തിൽനിന്ന് മഹത്വത്തിലേക്ക്, രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുകയാണ്.

മനുഷ്യാത്മാവും ക്രിസ്തുവുമായി നിലനിൽക്കുന്ന രൂപസാദൃശ്യബന്ധവും സത്താപരമായ ബന്ധവും ആത്മാവിലുള്ള ബന്ധവും മനുഷ്യാത്മാവിന്റെ മഹത്വത്തിന് അടിസ്ഥാന കാരണമാണ്. ഹെബ്രാ 2 : 11 “വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവനും ഉത്ഭവിക്കുന്നത് ഒരുവനിൽ നിന്നുതന്നെ. അതിനാൽ അവരെ സഹോദരർ എന്ന് വിളിക്കാൻ അവൻ ലജ്ജിച്ചില്ല. ക്രിസ്തുവും നാമും ഓരേ പിതാവിൽ നിന്ന് ഉത്ഭവിച്ചിരിക്കുന്നു. ആയതിനാൽ ക്രിസ്തു നമുക്ക് സഹോദരനായിരിക്കുന്നു. യേശുവിന്റെ മനുഷ്യാവതാരം അത് നമുക്ക് വ്യക്തമാക്കിത്തരുന്നു. വീണ്ടും റോമാലേഖനം 8 : 29–30 ൽ നാം ഇങ്ങനെ വായിക്കുന്നു: “അവിടുന്ന് മുൻകൂട്ടി അറിഞ്ഞവരെ തന്റെ പുത്രന്റെ സാദൃശ്യത്തോട് അനുരൂപരാകാൻ മുൻകൂട്ടി നിശ്ചയിക്കുകയും ചെയ്തു. ഇത് തന്റെ പുത്രൻ അനേകം സഹോദരരിൽ ആദ്യജാതനാകുന്നതിനുവേണ്ടിയാണ്. താൻ മുൻകൂട്ടി നിശ്ചയിച്ചിരുന്നവരെ അവിടുന്ന് വിളിച്ചു. വിളിച്ചവരെ നീതീകരിച്ചു. നീതീകരിച്ചവരെ മഹത്വപ്പെടുത്തി”.

നമുക്ക് ലഭിക്കാനിരിക്കുന്ന നിത്യസമ്മാനത്തെക്കുറിച്ച് ബോധ്യപ്പെടുന്നതും ആത്മാവിന്റെ വില എന്തെന്നുഗ്രഹിക്കാൻ സഹായകമാണ്. 1 യോഹ 3 : 2 ൽ ഇങ്ങനെ പറയുന്നു: “നാം എന്തായിത്തീരുമെന്ന് നമുക്കറിഞ്ഞുകൂടാ.. എന്നാൽ ഒരു കാര്യം നാമറിയുന്നു. അവിടുന്ന് പ്രത്യക്ഷപ്പെടുമ്പോൾ നാം അവിടുത്തെപ്പോലെയാകും”. ഉത്ഥിത ജീവിതത്തിൽ നാം ഈശോയെപ്പോലെ ആകാനുള്ളവരാണ്.

മരണാനന്തരമുള്ള ഉത്ഥിത ജീവിതത്തിൽ മാത്രമല്ല, ഈ ലോകത്തിൽതന്നെയും നാം ഈശോയെപ്പോലെ ആയിരിക്കുന്നു എന്ന

താണ് സത്യം. 1 യോഹ. 4 : 17 "എന്തെന്നാൽ ഈ ലോകത്തിൽ തന്നെ നാം അവനെപ്പോലെ ആയിരിക്കുന്നു".

ഒരു വ്യക്തി പാപം ചെയ്യുമ്പോൾ പോലും ദൈവസന്നിധിയിൽ അവന് വില കുറയുന്നില്ല! വഴിതെറ്റിപ്പോയ ഓരാടിന് വില കുറയാത്തതിനാലല്ലയോ ബാക്കി 99നെയും മരുഭൂമിയിൽ വിട്ടിട്ട് ഇടയൻ അന്വേഷിച്ച് കണ്ടെത്തി തോളിലേറ്റിയത്. ധൂർത്തപുത്രന് പിതാവിന്റെ കണ്ണിൽ വിലകുറഞ്ഞില്ലല്ലോ. ചേറ്റിൽവീണാലും സ്വർണ്ണാഭരണത്തിന് വിലകുറയുന്നില്ല. നാം അതെടുത്ത് കഴുകി ഉപയോഗിക്കുന്നു. മൂല്യത്തിൽ വ്യത്യാസം വരുന്നില്ല. പാപിക്ക് ദൈവസന്നിധിയിൽ വില കുറയുന്നില്ല. ദൈവം സ്വർഗം വിട്ട് ഭൂമിയിലിറങ്ങി രക്ഷിക്കാൻ മാത്രം മനുഷ്യന് ദൈവദൃഷ്ടിയിൽ വിലയുണ്ട്! ഭൂമിയിലിറങ്ങിയ ദൈവപുത്രൻ കുരിശിൽ മരിക്കാൻ മാത്രം വിലയുണ്ട് മനുഷ്യാത്മാവിന്.

ലോകത്തിലെ എല്ലാ മതങ്ങളും മതഗ്രന്ഥങ്ങളും ബൈബിളിലെ പഴയനിയമവും ദൈവത്തെ തേടുന്ന മനുഷ്യനെയും ദൈവത്തെ പ്രീതിപ്പെടുത്താൻ വ്യഗ്രത കാട്ടുന്ന മനുഷ്യനെയും അവതരിപ്പിച്ച് ദൈവമഹത്വത്തെ വിവരിക്കുമ്പോൾ ക്രിസ്തുമതവും പുതിയ നിയമവും മനുഷ്യനെ തേടിയിറങ്ങുന്ന ദൈവത്തെയും മനുഷ്യനെ കേന്ദ്രീകരിച്ചുള്ള ദൈവീക പദ്ധതിയും അവതരിപ്പിച്ചുകൊണ്ട് മനുഷ്യമഹത്വത്തെ ഉയർത്തിക്കാണിക്കുന്നു. കാത്തോലിക്കാവിശ്വാസത്തിന്റെ ശ്രേഷ്ഠത അത് ദൈവമഹത്വവും ദൈവത്തിന്റെ ശ്രേഷ്ഠതയും പഠിപ്പിക്കുന്നു എന്നു മാത്രമല്ല, അത് മനുഷ്യമഹത്വവും പഠിപ്പിക്കുന്നു എന്നതാണ്. ജോൺപോൾ രണ്ടാമൻമാർപാപ്പാ മനുഷ്യരക്ഷകൻ എന്ന ചാക്രിക ലേഖനത്തിൽ എട്ടാം ഖണ്ഡികയിൽ പഠിപ്പിക്കുന്നു: "മനുഷ്യന് ദൈവം സ്വപുത്രനെ നൽകിയെങ്കിൽ... ദൈവത്തിന്റെ കണ്ണിൽ മനുഷ്യന് ഏറെ വിലയുണ്ട്" ദൈവം സ്വയം ദാനമായി നൽകി സ്നേഹിക്കാൻ മാത്രം വിലപ്പെട്ടവനാണ് മനുഷ്യൻ!

നിത്യതയിൽ ദൈവം മനുഷ്യന് ഒരുക്കിയിരിക്കുന്ന പ്രതിസമ്മാനത്തെക്കുറിച്ചുള്ള വെളിപ്പെടുത്തലുകൾ മനുഷ്യന് ദൈവം നൽകുന്ന വില വ്യക്തമാക്കുന്നു. ഉത്ഥിതനായ ഈശോ അവിടുത്തെ ഏഴു സഭകൾക്ക് നൽകിയ ഈ വാഗ്ദാനങ്ങൾ മനുഷ്യാത്മാവിന് കൈവരാനിരിക്കുന്ന ഭാവിഭാഗ്യത്തെ വെളിവാക്കുന്നു. ഈ വാഗ്ദാനങ്ങൾ ഹൃദയത്തിൽ കെടാതെ സൂക്ഷിക്കുന്നത് പ്രത്യാശയിൽ വളരാൻ സഹായകമാണ്.

"വിജയം വരിക്കുന്നവന് ദൈവത്തിന്റെ പറുദീസായിലുള്ള ജീവവൃക്ഷത്തിൽ നിന്ന് ഞാൻ ഭക്ഷിക്കാൻ കൊടുക്കും" (വെളി. 2 :7)

"മരണം വരെ വിശ്വസ്തനായിരിക്കുക; ജീവന്റെ കിരീടം നിനക്കുഞാൻ നൽകും" (വെളി 2 : 10)

"വിജയം വരിക്കുന്നവന് ഞാൻ നിഗൂഢ മന്ന നൽകും. അവന് ഞാൻ ഒരു വെള്ളക്കല്ലുകൊടുക്കും. അതിൽ ഒരു പുതിയ നാമം കൊത്തിയിരിക്കും" (വെളി. 2 : 17)

വിജയം വരിക്കുന്നവനും അവസാനം വരെ എന്റെ പ്രവൃത്തികൾ ചെയ്യുന്നവനും ജനപദങ്ങളുടെ മേൽ ഞാൻ അധികാരം നൽകും. ഇരുമ്പു ദണ്ഡുകൊണ്ട് അവൻ അവരെ മേയ്ക്കും. മൺപാത്രങ്ങൾ പോലെ അവരെ തകർക്കും. ഞാൻ എന്റെ പിതാവിൽ നിന്ന് അധികാരം സ്വീകരിച്ചതുപോലെതന്നെ പുലർകാല നക്ഷത്രം ഞാൻ അവന് നൽകും" (വെളി. 2 : 26-28)

"വിജയം വരിക്കുന്നവനെ ശുഭ്രവസ്ത്രം ധരിപ്പിക്കും. ജീവന്റെ പുസ്തകത്തിൽ നിന്ന് അവന്റെ നാമം ഞാൻ ഒരിക്കലും മായ്ച്ചുകളയുകയില്ല. എന്റെ പിതാവിന്റേയും അവിടുത്തെ ദൂതന്മാരുടേയും സന്നിധിയിൽ അവന്റെ നാമം ഞാൻ ഏറ്റുപറയും" (വെളി. 3 : 5).

"വിജയം വരിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിലെ ഒരു സ്തംഭമാക്കും. അവൻ പിന്നെ ഒരിക്കലും പുറത്തുപോവുകയില്ല. അവന്റെ മേൽ എന്റെ ദൈവത്തിന്റെ നാമവും ദൈവസന്നിധിയിൽ നിന്ന് സ്വർഗ്ഗം വിട്ട് ഇറങ്ങിവരുന്ന പുതിയ ജറുസലേമാകുന്ന ദൈവനഗരത്തിന്റെ നാമവും എന്റെ പുതിയ നാമവും ഞാൻ എഴുതും" (വെളി 3 : 12).

"ഞാൻ വിജയം വരിച്ച് എന്റെ പിതാവിനോടൊത്ത് അവിടുത്തെ സിംഹാസനത്തിൽ ഇരിക്കുന്നതുപോലെ, വിജയം വരിക്കുന്നവനെ എന്നോടൊത്ത് എന്റെ സിംഹാസത്തിൽ ഞാൻ ഇരുത്തും. (വെളി. 3 : 21)

ഈ മഹാഭാഗ്യത്തെ നോക്കിപ്പാർത്ത് തന്റെ അമൂല്യ വില ഗ്രഹിച്ച് ഇഹത്തിൽ സൗഭാഗ്യവതിയായിരിക്കാൻ മനുഷ്യാത്മാവിന് കഴിയണം. നാം ലക്ഷ്യമില്ലാതെയല്ല മുന്നേറുന്നത് എന്ന ഉറപ്പ് ലക്ഷ്യപ്രാപ്തി ത്വരിതപ്പെടുത്താൻ ആത്മാവിൽ പ്രേരണയായി നിൽക്കുന്നു.

08

## പുണ്യങ്ങളാൽ ആത്മാവ് അലംകൃതയാകുന്നു

ദൈവഹിതം മാത്രം അന്വേഷിക്കുന്ന ആത്മാവ് തന്റെ ദിവ്യമണവാളനായ ഈശോയെ എങ്ങനെ പ്രസാദിപ്പിക്കാമെന്ന് വ്യഗ്രചിത്തയാകുന്നു. അതിനുള്ള ഉപാധി കണ്ടെത്തുന്നു. അങ്ങനെ ആത്മാവ് പുണ്യങ്ങളാൽ സ്വയം അലംകൃതയാക്കുന്നു. ദൈവകൃപയാൽ ഉണർന്ന ആത്മാവ് വിശുദ്ധരുടെ സഹവാസവും മാലാഖമാരുടെ സാന്നിധ്യവും അനുഭവിക്കുകയും കൂടുതൽ ഉത്തേജിതയാവുകയും ചെയ്യും.

ആത്മാവ് സ്വയം ഏറ്റം പൂർണ്ണതയിൽ അലങ്കരിക്കപ്പെടാൻ ആഗ്രഹിക്കുന്നു "കാഴ്ചകളുമായി അവിടുത്തെ അങ്കണത്തിൽ പ്രവേശിക്കുവിൻ, വിശുദ്ധ വസ്ത്രങ്ങളണിഞ്ഞ് അവിടുത്തെ ആരാധിക്കുവിൻ" (സങ്കീ 96/8-9) എന്ന ഉൾവിളിയാൽ ആത്മാവ് പുണ്യങ്ങൾ തേടുന്നു. "എന്റെ ഹൃദയം ഒരുങ്ങിയിരിക്കുന്നു. ദൈവമേ, എന്റെ ഹൃദയം ഒരുങ്ങിയിരിക്കുന്നു, ഞാൻ അങ്ങയെ പാടിപ്പുകഴ്ത്തും. എന്റെ ആത്മാവേ ഉണരുക, വീണയും കിന്നരങ്ങളും ഉണരട്ടെ" (സങ്കീ 108/1) എന്ന് ആത്മാവ് സ്വയം ഉദ്ബോധിപ്പിക്കുന്നു. ദൃഢനിശ്ചയത്തോടെ ആത്മാവ് ഇങ്ങനെ തീരുമാനം ഉറപ്പിക്കും: "എന്റെ അധരങ്ങൾ ജ്ഞാനം പ്രഘോ

ഷിക്കും. എന്റെ ഹൃദയം വിവേകം മന്ത്രിക്കും. സുഭാഷിതത്തിന് ഞാൻ ചെവിചായ്ക്കും" (സങ്കീ 49 : 3).

തപക്രിയങ്ങളാലും ഇന്ദ്രിയ നിഗ്രഹങ്ങളാലും അനുതാപകണ്ണീരാലും ശുദ്ധീകരിക്കപ്പെട്ട് പിന്നിട്ടുകഴിഞ്ഞ നാളുകളെയും ഈശോ സ്വന്തമാക്കി ദൈവസാന്നിധ്യാനുഭവം സമ്മാനിച്ച ഈ അവസരത്തെയും ഓർത്ത് ആത്മാവ് മൗനം വെടിഞ്ഞ് ആത്മഗതം ചെയ്യും: "അവിടുന്ന് എന്റെ വിലാപത്തെ ആനന്ദ നൃത്തമാക്കിമാറ്റി. അവിടുന്നെന്നെ ചാക്കുവസ്ത്രമഴിച്ച്, ആനന്ദമണിയിച്ചു; ഞാൻ മൗനം പാലിക്കാതെ അങ്ങയെ പാടിപ്പുകഴ്ത്തും" (സങ്കീ 30 : 11). പുണ്യത്തിലേക്ക് വളരുന്നതനുസരിച്ച് ആത്മാവ് ഇതെല്ലാം കൃപയായി കണ്ടു തുടങ്ങുന്നു. "അവിടുന്ന് സ്നേഹവും കരുണയും കൊണ്ട് എന്നെ കിരീടമണിയിക്കുന്നു" (സങ്കീ. 103:4) എന്ന് ആത്മാവ് അഭിമാനത്തോടെ വിളിച്ചോതുന്നു.

ഈ ഘട്ടത്തെക്കുറിച്ച് തിയറിയിലെ വില്യം ഇങ്ങനെ വിവരിക്കുന്നു. "ജ്ഞാനം അതിന്റെ ഊട്ടുമേശയിൽ ഉപവിഷ്ടനായിരിക്കുന്നതു കണ്ട് മനുഷ്യാത്മാവ് മറ്റ് അതിഥികളോടൊപ്പം വിരുന്നിനിരിക്കുന്നു. ആതിഥേയനായ ജ്ഞാനം അതിഥികളോട് 'സ്നേഹിതരെ ഭക്ഷിച്ച് തൃപ്തരാകുക. മതിയാവോളം പാനം ചെയ്യുക' എന്നു പറയുന്നത് അനുവർത്തിക്കുന്നു" (ഉത്തമ 5 : 1) അപ്പോൾ ആത്മാവ് ലൗകീക വഴികളിൽ നിന്നൊഴിഞ്ഞ് ദാരിദ്ര്യം, പ്രാർത്ഥന, സങ്കീർത്തനങ്ങൾ ഇവയിലൂടെ വീണ്ടും പുതുചൈതന്യം പ്രാപിക്കും. ജ്ഞാനത്തിന്റെയും അറിവിന്റെയും നിധികൾ ഒളിഞ്ഞുകിടക്കുന്നത് ഈശോയിലാണെന്ന് ആത്മാവ് തിരിച്ചറിഞ്ഞ് അവയെ തേടിയിറങ്ങുന്നു.

തനിക്ക് ഏറ്റവും പ്രയാസമുള്ളതും, ലോകദൃഷ്ട്യാ നികൃഷ്ടവും എന്നാൽ ഈശോയ്ക്ക് ഏറ്റവും പ്രിയപ്പെട്ടതുമായ പുണ്യങ്ങൾ പോലും തേടി കണ്ടെത്തി ആത്മാവ് അനുവർത്തിക്കുന്നു. ലോകദൃഷ്ട്യാ നിന്ദ്യമെന്നും വിലയില്ലാത്തതെന്നും കരുതപ്പെടുന്ന എളിമ, വിട്ടുവീഴ്ച, ക്ഷമ, ശാന്തത ഇവ ധീരതയോടെ ചെയ്തു തുടങ്ങുന്നു. ഈശോയെ പ്രീതിപ്പെടുത്തുക എന്ന ഏക ലക്ഷ്യത്തിലേയ്ക്ക് ആത്മാവ് ഏകാഗ്രയാകുന്നു. ലോകത്തിന്റെ പ്രീതി അത് അന്വേഷിക്കുന്നില്ല. ശ്ലീഹാ നമ്മെ ഉദ്ബോധിപ്പിക്കുന്നു. "കർത്താവിന് പ്രസാദകരമായിട്ടുള്ളവ എന്തെന്ന് വിവേചിച്ചറിയുവൻ" (എഫേ 5 : 10). ആത്മാവ് ഇക്കാര്യത്തിൽ ബദ്ധശ്രദ്ധയാകുന്നു.

ഈയവസരത്തിൽ ആത്മാവ് സ്നേഹം രുചിച്ചറിഞ്ഞു തുടങ്ങും. സ്നേഹത്തോടൊപ്പം ഇതര പുണ്യങ്ങളും വന്നുചേരുന്നു. വി. ഫ്രാൻസിസ് സാലസ് വിശദമാക്കുന്നതുപോലെ "തേനീച്ചകളുടെ

റാണി അതിന്റെ കൊച്ചുപ്രജകളാൽ പരിസേവിതയായി മാത്രമേ സഞ്ചരിക്കുന്നുള്ളൂ. അതുപോലെ ഉപവിയും മറ്റു പുണ്യങ്ങളുടെ അകമ്പടിയോടുകൂടി മാത്രമാണ് മനുഷ്യഹൃദയങ്ങളിൽ നിവസിക്കുന്നത്". പുണ്യങ്ങൾ ആത്മാവിൽ നിറയുമ്പോൾ അത് ഒരു ആരാമം തന്നെ ആയിത്തീരും. അതിൽ വിരിയുന്നത് ഒരു പുണ്യപുഷ്പമായ ഒരായിരം സുകൃത കുസുമങ്ങളായിരിക്കും.

ഇതിന് 'പ്രത്യുപകാര' മെന്ന നിലയിലോ പ്രോത്സാഹനമെന്ന നിലയിലോ ദൈവം ആത്മാവിൽ അതിവിശിഷ്ട ദാനങ്ങൾ വർഷിക്കുന്നു. ദൈവിക സ്വഭാവം ആത്മാവിൽ നിറച്ചുനൽകും. ആത്മാവിൽ ദൈവം വർഷിച്ചുതരുന്ന വരങ്ങൾ നിരവധിയാണ്. ഭാഷാവരം, ദർശനവരം, രോഗശാന്തിവരം, അത്ഭുതപ്രവർത്തനവരം, പ്രവചനവരം, വ്യാഖ്യാനവരം, ഉപദേശവരം, ശുശ്രൂഷാവരം എന്നിവയൊക്കെ അവയിൽ പ്രധാനപ്പെട്ടതാണ്. ഇവയുടെ ലക്ഷ്യങ്ങളും ഉപയോഗങ്ങളിൽ പാലിക്കപ്പെടേണ്ട ക്രമങ്ങളും വിശുദ്ധ പൗലോസ് അപ്പസ്തോലൻ വിവരിക്കുന്നുണ്ട് (1 കൊറി. 14; റോമാ 12: 6-8). ഇവയൊക്കെയും ഓരോ ആത്മാവിന്റെയും ആത്മീയ ഉത്കർഷത്തിനും സഭയുടെ പൊതുനന്മയ്ക്കും അപരന്റെ ആത്മാവിന്റെ രക്ഷയ്ക്കും ദൈവമഹത്വത്തിനും വേണ്ടിയുള്ളതാണ്. വിശുദ്ധാത്മാക്കൾ അവരുടെ ആത്മീയ വളർച്ചയിൽ ഇപ്രകാരമുള്ള വരങ്ങൾ പ്രാപിച്ചിട്ടുള്ളവരാണ്. ഇതോടൊപ്പം സ്വർഗീയ ദർശനങ്ങൾ, പരഹൃദയജ്ഞാനം, സ്ഥലകാലങ്ങളെ അതിജീവിക്കാനുള്ള കഴിവ് ഇവയൊക്കെയും സിദ്ധിച്ചു എന്നു വരാം. ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുമായി അവയെ ഉപയോഗിക്കുന്നതനുസരിച്ച് വരങ്ങളിൽ അഭിവൃദ്ധിപ്പെടാനും നമുക്ക് കഴിയും. എന്നിരുന്നാലും ഇവ ആത്മീയ വളർച്ചയുടെ മാനദണ്ഡങ്ങളായി കരുതാനാകുകയില്ല. ഈ ഘട്ടത്തിൽത്തന്നെ ആത്മാവ് അതിസ്വാഭാവികമായ ആനന്ദത്താൽ പൂരിതയാകാൻ ദൈവം കൃപ തരും. ദൈവിക പുണ്യങ്ങളായ വിശ്വാസം, ശരണം, സ്നേഹം എന്നിവ നൽകിക്കൊണ്ട് ദൈവം ആത്മാവിനെ വളർത്തും. സഹനങ്ങൾ ഏറ്റെടുക്കാനുള്ള ശക്തി കൂടുതലായി ലഭിക്കും. ശുദ്ധത വരമായി ലഭിക്കും. ഇവയെല്ലാം ആത്മാവിൽ ദൈവം ചെയ്യുന്ന അതിസ്വാഭാവിക പ്രവർത്തനങ്ങളാണ്. "ദൈവം ഒരാത്മാവിൽ ആനന്ദിക്കുവാൻ തുടങ്ങിയാൽ അതിനെ അവിടുന്ന് എത്രമാത്രം ഉയർത്തുന്നുവെന്ന് വിവരിക്കാനാവില്ല... കൂടുതലുള്ളവന് കൂടുതൽ ലഭിക്കും" (കിരിശിന്റെ വി.യോഹന്നാൻ)

ഇവ സ്വീകരിക്കുന്ന ആത്മാവ് എല്ലാം ദൈവകൃപയാണെന്ന് തിരിച്ചറിഞ്ഞ് കൂടുതൽ എളിമയും വിശ്വസ്തതയും പുലർത്തും.

ദൈവൈക്യത്തിനായി അദമ്യമായി ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യും. ആത്മീയ വളർച്ചയും പുണ്യങ്ങളിലുള്ള അഭിവൃദ്ധിയുമൊക്കെ ദൈവകൃപ മാത്രമാണെന്ന് ആത്മാവിന് ജ്ഞാനം കൈവരുന്ന ഘട്ടവുമാണിത്. "ഒരാത്മാവ് എത്രകണ്ട് ഉയർന്ന പൂർണ്ണത കൈവരിക്കാൻ ആഗ്രഹിക്കുന്നുവോ അത്രകണ്ട് അത് ദൈവകൃപയിൽ ആശ്രയിക്കും" എന്ന് ബ്രദർ ലോറൻസ് പറഞ്ഞുതരുന്നു. ദൈവത്തെ പ്രസാദിപ്പിക്കുക എന്നത് മാത്രമാണ് നമ്മുടെ ജീവിതത്തിന്റെ ഏക ധർമ്മം എന്ന ജ്ഞാനം സിദ്ധിക്കുന്നതോടുകൂടി അതിനായി അക്ഷീണം യത്നിക്കുകയും ദൈവത്തിൽ നിന്നല്ലാത്തതായി ഏറ്റം നിസ്സാരമായ എന്തെങ്കിലും പോലും അവശേഷിക്കുന്നുവെങ്കിൽ അതും ഏറ്റം തീക്ഷ്ണതയോടെ പെറുക്കിക്കളയുകയും ചെയ്യും. "പുണ്യപുഷ്പങ്ങളാൽ നിറയുന്ന ആത്മാവ് ഒരു ആരാമം തന്നെയായി മാറുന്നു" എന്ന് കുരിശിന്റെ വി. യോഹന്നാൻ.

എളിമ സാത്താനെ ദൂരെയകറ്റി പ്രസാദവരത്തെയും പരിശുദ്ധാരൂപിയുടെ ദാനങ്ങളെയും നമ്മിൽ സൂക്ഷിക്കുന്നു. ദൈവസാന്നിധ്യത്താൽ ഉണർന്ന് ദൈവവുമായി അഭേദ്യമായബന്ധത്തിലായിക്കഴിഞ്ഞാൽ ആത്മാവ് പിന്നെ തുടർച്ചയായി ദൈവത്തെ സ്തുതിക്കുന്നതിലും ആരാധിക്കന്നതിലും കരുണാർദ്രമായ അവിടുത്തെ അനന്തസ്നേഹത്തിന്റെ പ്രവൃത്തികളെ പ്രതി അവിടുത്തെ സ്നേഹിക്കുന്നതിലും നിന്ന് ഒരിക്കലും വിരമിക്കുകയില്ല.

പുണ്യാഭ്യസനത്തിന്റെ നാളുകളിൽ നാം ജാഗരൂകതയോടെ ചില വിശിഷ്ട പുണ്യങ്ങളെ പ്രത്യേകം തേടി കണ്ടെത്തി വളർത്തിയെടുക്കേണ്ടതുണ്ട്. നമുക്ക് ഇഷ്ടമുള്ള സുകൃതങ്ങൾ എന്നതിനേക്കാൾ നമ്മുടെ കർത്തവ്യ നിർവഹണത്തിന് കൂടുതൽ അനുയോജ്യമായ പുണ്യത്തിനാണ് നാം മുൻഗണന നൽകേണ്ടത്. അതോടൊപ്പം ഈശോയ്ക്ക് കൂടുതൽ പ്രസാദകരങ്ങൾ എന്ന് ആത്മാവിൽ പ്രചോദനമുണ്ടാകുന്ന പുണ്യങ്ങളെയും നാം കരുതലോടെ വളർത്തണം. നമുക്ക് ആനന്ദകരവും സംതൃപ്തി നൽകുന്നതും അനായാസവുമായവ എന്നതിലുപരി വിഷമകരവും ദൈവഹിതകരവും പരസ്നേഹപരവുമായവ ശീലിക്കുക. നമ്മുടെ പ്രധാന ദുർഗുണങ്ങൾക്കെതിരായ പുണ്യങ്ങളെ കൂടുതൽ കാര്യക്ഷമമായി വളർത്തിയെടുക്കാൻ ശ്രമിക്കുന്നതും ഏറെ പ്രയോജനകരമാണ്. ഉദാഹരണമായി, അഹങ്കാരത്തിന് വിപരീതമായി എളിമ അഭ്യസിക്കുക; കോപത്തിനു പകരം ശാന്തതയും ഭക്ഷണാസക്തിക്കുപകരം മിതഭോജനവും ജഡികാസക്തിക്കുപകരം ശുദ്ധതയും സ്വാർത്ഥതയ്ക്കുപകരം പരസ്നേഹ പ്രവൃത്തിയും പിടിവാശിക്കു പകരം വിട്ടുവീഴ്ചയും അല

സതയ്ക്കു പകരം ഉത്സാഹശീലവും ആഢംബരഭ്രമത്തിനുപകരം ലാളിത്യവും അഭ്യസിക്കുക. അധികാരഭ്രമത്തിനുപകരം ശുശ്രൂഷയും ധിക്കാരത്തിനുപകരം അനുസരണവും കുറ്റം പറച്ചിലിനു പകരം നന്മ പറയലും ശീലിക്കുക.

പുണ്യാഭ്യസനത്തിൽ ശ്രദ്ധിക്കുന്ന ഒരാത്മാവ് ഓർത്തിരിക്കേണ്ട കാര്യങ്ങൾ സാലസ് പുണ്യവാൻ പഠിപ്പിക്കുന്നത് ശ്രദ്ധേയമാണ്. “ആനന്ദ പാരവശ്യമോ, ഷർഷോന്മാദമോ, നിർവ്വികാരാനുഭൂതിയോ, നിശ്ചലാവസ്ഥയോ, ഈശ്വര സായൂജ്യമോ, ശരീര ലാഘവത്വം മൂല മുള്ള ഉയർച്ചയോ, രൂപാന്തരീകരണമോ, അതുപോലുള്ള മറ്റ് അനു ഭവങ്ങളോ അല്ല പുണ്യങ്ങൾ. അവ സുകൃതങ്ങളല്ല, സുകൃതങ്ങൾക്ക് ദൈവം നൽകുന്ന സമ്മാനങ്ങളായിരിക്കാം. അതിലുപരി ഇവയിൽ അതിന്റെ പൂർണ്ണതയ്ക്കുവേണ്ടി തീവ്രമായി ആഗ്രഹിക്കുന്നതിനാണ് ഇവ നൽകപ്പെട്ടിരിക്കുന്നത്. ഈ വരങ്ങൾ ഒരിക്കലും അന്വേഷി ക്കരുത്. കാരണം നമ്മുടെ ഏക ലക്ഷ്യമായിരിക്കേണ്ട ദൈവത്തെ നന്നായി സേവിക്കുന്നതിനും സ്നേഹിക്കുന്നതിനും അത് ഒരു വിധ ത്തിലും ആവശ്യമില്ല. ഈ പ്രത്യേക വരങ്ങൾ പ്രതീക്ഷിച്ചിരിക്കുന്ന സമയം സുകൃതങ്ങൾ സ്വായത്തമാക്കാൻ പരിശ്രമിക്കാം. ക്ഷമാശീ ലം, സത് സ്വഭാവം, ആന്തരിക പരിത്യാഗം, വിനയം, ദാരിദ്ര്യം, അനുസരണം, ബ്രഹ്മചര്യം, അയൽക്കാരോടുള്ള ആർദ്രത, അവ രുടെ അപൂർണതകൾ സഹിക്കുന്നത്” (എന്നിവയ്ക്കായി ശ്രമി ക്കാം..)

വളർച്ചയുടെ ഈ ഘട്ടത്തിലും രണ്ടുവിധ പ്രലോഭനങ്ങൾ ഉണ്ടാ കാമെന്ന് സാലസ് പുണ്യവാളൻ ഓർമ്മിപ്പിക്കുന്നു. ഒന്നാമത്, ഇനിയും ധാരാളം അപൂർണതകളും പ്രലോഭനങ്ങളും ഉണ്ടെന്ന റിഞ്ഞ് ചിലർ ആകുലചിത്തരും ക്ലേശിതരും ഭഗ്നാശരും ആകാനി ടയുണ്ട്. രണ്ടാമത് തങ്ങൾ എല്ലാവിധ കുറവുകളിൽനിന്നും വിമു ക്തരാണെന്നു കരുതി, ചിറകുകളില്ലാതെ പറക്കാൻ ശ്രമിക്കുന്ന പക്ഷിയെപ്പോലെ, അപകടത്തിൽ ചെന്നു ചാടുന്നു. കുരിശിന്റെ വി. യോഹന്നാൻ നമുക്ക് ഇപ്രകാരം മുന്നറിയിപ്പുനൽകുന്നു “കുറു ക്കന്മാർ ഇരയെ പിടിക്കൻ വേണ്ടി ഉറക്കഭാവം നടിക്കാറുണ്ടല്ലോ. അതുപോലെ ഇച്ഛകളും ഐന്ദ്രിയ ശക്തികളും പുണ്യങ്ങളാകുന്ന പുഷ്പങ്ങൾ ആത്മാവിൽ വിരിഞ്ഞു തുടരുന്നതുവരെയും മങ്ങിയ മട്ടിൽ ഒതുങ്ങിക്കിടക്കും. തക്കസമയത്ത് അവ തലയുർത്തുകയും ആത്മാവിനെ ആക്രമിച്ച് അധീനപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യും”

ഈ ഘട്ടത്തിൽ തന്നെ ചിലപ്പോൾ ആത്മീയാനന്ദവും ദർശന ങ്ങളും പിൻവലിക്കപ്പെട്ടേക്കാം. ഈശോ തന്നെ മറഞ്ഞിരിക്കുന്നു

വെന്നും തോന്നാം. അതും ആത്മാവിനെ കൂടുതൽ വിശ്വാസത്തിലും തീക്ഷ്ണതയിലും ഉറപ്പിച്ച് പുതിയ അഭിഷേകത്തിലേയ്ക്ക് വളർത്താൻ ഈശോ സ്വീകരിക്കുന്ന മാർഗ്ഗവുമായിരിക്കാം. മറ്റുചിലപ്പോൾ ആത്മാവിൽ ദൈവസാന്നിധ്യമുണർത്തി ദൈവകൃപയിൽ പൂർണ്ണമായും ആശ്രയിക്കേണ്ടതിന് ശരീരത്തിൽ രോഗങ്ങളോ, മനസ്സിൽ ഏകാന്തത കട്ടപിടിച്ച രാത്രികളോ ആത്മാവിൽ ചെറുസംശയങ്ങളോ ബലഹീനതകളോ പോലും അനുവദിച്ചെന്നു വരാം. സ്വന്തമായി ആത്മീയാഭിവൃദ്ധി പ്രാപിക്കാനാവില്ല എന്നു ബോധ്യപ്പെട്ട് എളിമയിൽ ദൈവകൃപയ്ക്ക് പൂർണ്ണമായി കീഴ്‌വഴങ്ങാൻ ഇവയൊക്കെയും സഹായകമാകും.

വി. ചെറുപുഷ്പം തന്റെ ആത്മീയാനുഭവം പങ്കുവയ്ക്കുന്നതിങ്ങനെയാണ്. "ഞാനൊരു രാജാളിയല്ല; എന്നാൽ അതിന്റെ കണ്ണുകളും ഹൃദയവും എനിക്കുണ്ട്. ഞാൻ തീരെ കുഞ്ഞാണെങ്കിലും സ്നേഹമാകുന്ന സൂര്യന്റെ നേരെ നോക്കാൻ തുനിയുന്നു... ഇരുണ്ട കാർമേഘങ്ങൾ വന്ന് സ്നേഹസൂര്യനെ മറച്ചാലും അത് സ്ഥലം വിടുകയില്ല. മേഘപടലങ്ങൾക്കപ്പുറത്ത് സ്നേഹസൂര്യൻ സദാ തെളിഞ്ഞു നില്പുണ്ടെന്നും ആ തെളിവിന് ഒരു നിമിഷത്തേയ്ക്ക് പോലും മങ്ങലുണ്ടാവുകയില്ലെന്നും അതിനറിയാം. ചില അവസരങ്ങളിൽ ആ കുഞ്ഞുപറവയുടെ ഹൃദയം തന്നെയും കൊടുങ്കാറ്റിനു വിധേയമായിത്തീരും എന്നത് വാസ്തവമാണ്. തന്നെ വലയം ചെയ്യുന്ന മേഘനിരയാളല്ലാതെ വേറെ എന്തെങ്കിലും ഉള്ളതായി വിശ്വസിക്കേണ്ടതില്ലെന്നു പോലും അതിനു തോന്നിപ്പോകും. അപ്പോഴാണ് ആ സാധുവായ നിസ്സാരജീവിയുടെ ആനന്ദം അതിന്റെ ഉച്ചകോടിയിലെത്തുന്നത്".

ദൈവത്തോടുള്ള ബന്ധത്തിൽ മാത്രമാണ് ആത്മീയ മനുഷ്യന്റെ ആനന്ദം. അങ്ങനെ തന്നെയായിരിക്കേണ്ടതിന് ദൈവം ഓരോ ആത്മാവിനും അനുവദിക്കുന്ന വഴികൾ വ്യത്യസ്തങ്ങളും അജ്ഞാതങ്ങളുമാണ്. നിയമങ്ങളോ, ബാഹ്യമായ ഇടപെടലുകളോ നിയന്ത്രണങ്ങളോ കൂടാതെ തന്നെ ആത്മാവ് ദൈവത്തോടൊപ്പമായിരിക്കാൻ പരിശീലിക്കുകയാണീ ഘട്ടത്തിൽ. ആത്മീയ മനുഷ്യൻ പുണ്യ പ്രവൃത്തികളൊക്കെയും സ്വന്തം കടമയെന്നപോലെ ഏറ്റം തീക്ഷ്ണതയോടും ഔദാര്യപൂർവ്വവും സ്വാഭാവികമായും ചെയ്തു ശീലിക്കുന്നു. അതാണ് ഇഹത്തിലെ ഏറ്റവും ആനന്ദകരവും സുന്ദരവുമായ കാര്യമെന്നയാൾ തിരിച്ചറിയുകയും അതിൽ മുഴുകുകയും ചെയ്യുന്നു.

09

## ആത്മാവ് സ്തുതിപ്പിൽ ലയിക്കുന്നു

ദൈവസാന്നിധ്യത്താൽ ഉണർന്ന ആത്മാവ് ദൈവത്തെ ദർശിക്കവെ ഉണ്ടാകുന്ന സ്വാഭാവിക പ്രതികരണമാണ് സ്തുതി-ആരാധന. ദൈവത്തോടുള്ള സ്നേഹം സൃഷ്ടി പ്രകടമാക്കുന്ന മുഖ്യമായ മാർഗ്ഗമാണ് സ്തുതിയും ആരാധനയും. സൃഷ്ടി മറ്റൊരു സൃഷ്ടിയെ സ്നേഹിക്കും വിധമല്ല, ആത്മാവ് ദൈവത്തെ സ്നേഹിക്കുന്നത്. അത് ആരാധനയിലൂടെ സ്നേഹം പ്രകടിപ്പിക്കുന്നു. സ്തുതിക്കുക വഴിയായി ദൈവസാന്നിധ്യം കൂടുതൽ ആഴത്തിൽ അനുഭവിക്കാൻ ആത്മാവിൽ കൃപ നിറയുന്നു. സ്തുതിപ്പ് ഒരു നിമിഷം പോലും കെട്ടുപോകാതെ സദാ ആത്മാവ് സ്തുതിപ്പിൽ ലയിക്കുന്നു. ദൈവസ്തുതി ആത്മാവിന് ഏറ്റം ഇഷ്ടമുള്ളതും ആനന്ദപ്രദവുമായ പ്രവൃത്തിയാണ്. അത് ആത്മാവിന് 'ഭോജന'മാണ്. അത് സ്വർഗീയാനന്ദം തന്നെ പ്രദാനം ചെയ്യുന്നു. ഈ സ്തുതി-ആരാധന വഴി ദൈവൈക്യത്തിലേയ്ക്ക് ആത്മാവ് പടിപടിയായി അടുക്കുന്നു. പാപചിന്തകളും താത്പര്യങ്ങളും ക്രമേണ ആത്മാവിൽ നിന്ന് വിട്ടകലാൻ തുടങ്ങും. ലൗകീകമായതൊന്നും ഇനി മോഹിപ്പിക്കാത്തവിധം ആത്മാവിന്റെ മോഹം ദൈവസാന്നിധ്യം മാത്രമായി മാറുന്നു. ദൈവത്തോടു ചേർന്നിരിക്കുന്നതാണ് തന്റെ ആനന്ദം എന്ന് ആത്മാവ് രുചിച്ചറിയുന്നു. സ്തുതിപ്പിന്റെ ആദ്യ

ഘട്ടമെന്നോണം സൃഷ്ടപ്രപഞ്ചത്തോടു കൂടിയും സൃഷ്ട പ്രപഞ്ചത്തെ പ്രതിയും ആത്മാവ് സ്തുതിയുയർത്തുന്നു. ദൈവത്തിന്റെ കരവേലയാണിവയൊക്കെയും എന്ന് ജ്ഞാനത്താൽ തിരിച്ചറിയുന്നതാണ് സ്തുതിപ്പിന് ഈ തലത്തിൽ പ്രചോദനകാരണം. "ഭൂമി മുഴുവൻ കർത്താവിന് ആനന്ദഗീതം ആലപിക്കട്ടെ. ആഹ്ലാദാരവത്തോടെ അവിടുത്തെ സ്തുതിക്കട്ടെ" (സങ്കീ 98 :4). ആത്മാവിൽ ദൈവം ചെയ്ത മഹത്കാര്യങ്ങളെക്കുറിച്ചുള്ള ചിന്ത നിറയും; ദൈവത്തിന്റെ അത്ഭുതപ്രവർത്തികൾ ആത്മാവിന്റെ ധ്യാനവിഷയമായിരിക്കും. "ഞാൻ കർത്താവിന്റെ പ്രവൃത്തികൾ ഓർമിക്കും. പണ്ട് അങ്ങു ചെയ്ത അത്ഭുതങ്ങൾ ഞാൻ അനുസ്മരിക്കും; ഞാൻ അങ്ങയുടെ സകല പ്രവൃത്തികളെപ്പറ്റി ധ്യാനിക്കും, അങ്ങയുടെ ആത്ഭുതകരമായ പ്രവൃത്തികളെപ്പറ്റി ചിന്തിക്കും" (സങ്കീ 77 : 11) എന്തെന്നാൽ "അവിടുന്ന് കല്പിച്ചപ്പോൾ അവയെല്ലാം ഉണ്ടായി. അവിടുന്ന് ആജ്ഞാപിച്ചപ്പോൾ അവയെല്ലാം സൃഷ്ടിക്കപ്പെട്ടു". ആത്മാവുണർന്ന് ഉദ്ഘോഷിക്കും: "ഭൂമി മുഴുവൻ കർത്താവിന്റെ മുൻപിൽ ആനന്ദഗീതം ഉതിർക്കട്ടെ" (സങ്കീ : 100 : 1). സൃഷ്ടപ്രപഞ്ചം മുഴുവനും, സകലജീവജാലങ്ങളും പക്ഷിമൃഗാദികളും അചേതനവസ്തുക്കൾപോലും ദൈവമഹത്വം പ്രകീർത്തിക്കുന്നതായി ആത്മാവ് അനുഭവിച്ചുതുടങ്ങും.

തുടർന്ന് ആത്മാവ് കർത്താവിന്റെ അത്ഭുതപ്രവർത്തികൾ ഓരോന്നായി ഉദ്ഘോഷിക്കുകയും ദൈവത്തിന് നന്ദിയും സ്തുതിയും സമർപ്പിക്കുകയും ചെയ്യും. ആത്മാവിൽ ദൈവം ചെയ്ത മഹാകാര്യങ്ങൾ ആത്മാവ് തിരിച്ചറിയുന്നതോടെ സ്തുതിയുടെ അടുത്ത മേഖലയിലേക്ക് ആത്മാവ് പ്രവേശിക്കുന്നു. പാപാന്ധകാരത്തിൽ നിന്ന് പിടിച്ചുകയറ്റി ദൈവസാന്നിദ്ധ്യം നൽകി രക്ഷിച്ച് സന്തോഷഭരിതമാക്കിയത് സ്തുതിയുടെ വിഷയമായി മാറുന്നു. "ഞാൻ ക്ഷമാപൂർവ്വം കർത്താവിനെ കാത്തിരുന്നു. അവിടുന്ന് ചെവി ചായ്ച്ച് എന്റെ നിലവിളി കേട്ടു. ഭീകരമായ ഗർത്തത്തിൽ നിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും അവിടുന്ന് എന്നെ കരകയറ്റി. എന്റെ പാദങ്ങൾ പാറയിൽ ഉറപ്പിച്ചു. കാൽവയ്പ്പുകൾ സുരക്ഷിതമാക്കി. അവിടുന്ന് ഒരു പുതിയഗാനം എന്റെ അധരങ്ങളിൽ നിക്ഷേപിച്ചു. നമ്മുടെ ദൈവത്തിന് ഒരു സ്ത്രോത്രഗീതം" (സങ്കീ 40 : 1-3). വീണ്ടും ആത്മാവിന് ദൈവം നൽകിയ രക്ഷയെ ഓർത്ത് ആത്മാവിൽ സ്തുതി നിറയുന്നു: "കർത്താവേ ഞാൻ അങ്ങയെ പാടിപ്പുകഴ്ത്തും. അവിടുന്നെന്നെ രക്ഷിച്ചു... എന്റെ ശത്രു എന്റെമേൽ വിജയം ഘോഷിക്കാൻ ഇടയാക്കിയില്ല. ഞാനങ്ങയെ വിളിച്ചപേക്ഷിച്ചു. അവിടുന്ന് എന്നെ സുഖപ്പെടുത്തുകയും ചെയ്തു.. അവിടുന്ന് എന്നെ

പാതാളത്തിൽ നിന്ന് കരകയറ്റി. മരണഗർത്തത്തിൽ പതിച്ചവരുടെ ഇടയിൽ നിന്ന് എന്നെ ജീവനിലേയ്ക്ക് ആനയിച്ചു... കർത്താവിന്റെ വിശുദ്ധരേ, അവിടുത്തെ പാടിപ്പുകഴ്ത്തുവിൻ. അവിടുത്തെ പരിശുദ്ധ നാമത്തിന് കൃതജ്ഞതയർപ്പിക്കുവിൻ (സങ്കീ 30 : 1 -4). തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും നാളുകൾ പിന്നിട്ട് ആനന്ദം അനുഭവിക്കുന്ന ആത്മാവ് ഇങ്ങനെ പറഞ്ഞുതുടങ്ങും. "അവിടുന്ന് എന്റെ വിലാപത്തെ ആനന്ദ നൃത്തമാക്കി മാറ്റി. അവിടുന്ന് എന്നെ ചാക്കു വസ്ത്രമഴിച്ച് ആനന്ദമണിയിച്ചു. ഞാൻ മൗനം പാലിക്കാതെ അങ്ങയെ പാടിപ്പുകഴ്ത്തും" (സങ്കീ 30 : 11). ആത്മാവിൽ ചൊരിയപ്പെട്ട നന്മകളും വരദാനങ്ങളും വിശുദ്ധിക്കായുള്ള അഭിലാഷവും സ്തുതിക്ക് വിഷയമായി മാറുന്നു. എല്ലാറ്റിന്റെയും പിന്നിൽ ദൈവകരം ദർശിച്ച് ആത്മാവുണർന്ന് സ്തുതിക്കുന്നു. "അവിടുന്ന് ശക്തികൊണ്ട് എന്റെ അരമുറുക്കുന്നു. എന്റെ മാർഗ്ഗം സുരക്ഷിതമാക്കുന്നു. അവിടുന്ന് എന്റെ കാലുകൾക്ക് മാൻപേടയുടെ വേഗത നൽകി. ഉന്നതഗിരികളിൽ എന്നെ സുരക്ഷിതനായി നിർത്തി. എന്റെ കൈകളെ അവിടുന്ന് യുദ്ധമുറ അഭ്യസിപ്പിച്ചു. എന്റെ കരങ്ങൾക്ക് പിച്ചളവില്ലു കുലയ്ക്കുവാൻ കഴിയും. അങ്ങ് എനിക്ക് രക്ഷയുടെ പരിച നൽകി. അവിടുത്തെ വലതുകൈ എന്നെ താങ്ങിനിറുത്തി. അവിടുത്തെ വാത്സല്യം എന്നെ വലിയവനാക്കി. എന്റെ പാത അങ്ങു വിശാലമാക്കി, എന്റെ കാലുവഴുതിയില്ല'' (സങ്കീ 18 : 32-36). ആത്മാവ് ആത്മാവിനോട് മന്ത്രിക്കുന്നു. " എന്റെ ആത്മാവേ കർത്താവിനെ വാഴ്ത്തുക. എന്റെ അന്തരംഗമേ അവിടുത്തെ വിശുദ്ധനാമത്തെ പുകഴ്ത്തുക. എന്റെ ആത്മാവേ കർത്താവിനെ വാഴ്ത്തുക. അവിടുന്നു നൽകിയ അനുഗ്രഹമൊന്നും മറക്കരുത്" (സങ്കീ 103 : 1).

സ്തുതിപ്പിന്റെ അടുത്ത ഘട്ടത്തിലേക്കുയരുമ്പോൾ ആത്മാവ് വിശുദ്ധരുടെയും മാലാഖമാരുടെയും സാന്നിധ്യവും സഹവാസവും തേടുകയും അവരോടൊപ്പം സ്തുതിപ്പിൽ പങ്കുചേരുകയും ചെയ്യുന്നു. സ്വർഗീയ സ്തുതിപ്പിന്റെ അനുഭവം രുചിച്ചുതുടങ്ങുന്നു. "കർത്താവിനെ സ്തുതിക്കുവിൻ, ആകാശത്തുനിന്ന് കർത്താവിനെ സ്തുതിക്കുവിൻ, ഉന്നതങ്ങളിൽ ദൈവത്തെ സ്തുതിക്കുവിൻ, കർത്താവിന്റെ ദൂതന്മാരേ അവിടുത്തെ സ്തുതിക്കുവിൻ, കർത്താവിന്റെ സൈന്യങ്ങളെ അവിടുത്തെ സ്തുതിക്കുവിൻ" (സങ്കീ 148 : 1). ദൈവസ്തുതിപ്പ് അതിന്റെ പൂർണ്ണതയിൽ 'ഭൂമിയുടെതല്ല' ഭൗമീകമല്ല, സ്വർഗീയമാണ് എന്ന തിരിച്ചറിവിൽ ആത്മാവ് ഭൂമിയിൽ നിന്ന് സ്വർഗ്ഗത്തേയ്ക്ക് പറന്നുയരാൻ വെമ്പുകയും സ്വർഗീയ വൃന്ദങ്ങളുടെ സ്തുതിപ്പിൽ പങ്കുചേർന്നുതുടങ്ങുകയും ചെയ്യുന്നു.

"കർത്താവിനെ സ്തുതിക്കുവിൻ, കർത്താവിന് പുതിയ കീർത്തനം ആലപിക്കുവിൻ. വിശുദ്ധരുടെ സമൂഹത്തിൽ അവിടുത്തെ പാടിപ്പുകഴ്ത്തുവിൻ" (സങ്കീ 149 : 1). മാലാഖമാർക്കും വിശുദ്ധർക്കും സഹജമായിരിക്കുന്ന സ്തുതിപ്പിലേക്ക് ആത്മാവ് ഉയരുന്നു. മാലാഖമാർ സ്വർഗ്ഗത്തിൽ പ്രത്യക്ഷ ദർശനത്തിന്റെ പരമാനന്ദമനുഭവിച്ചുകൊണ്ടും മനുഷ്യർ ഭൂമിയിൽ പ്രത്യാശാ നിർഭരമായ ദൈവസ്നേഹം മൂലവും ഇതര വ്യഗ്രതകൾ വെടിഞ്ഞ് ദൈവത്തിനകമ്പടി സേവിക്കുന്നു. ഇതാണ് സ്തുതിപ്പ്.

മാലാഖമാരും വിശുദ്ധരും ദൈവത്തെ സ്തുതിക്കുന്നത് സൃഷ്ടപ്രപഞ്ചത്തിൽ അവിടുന്ന് എന്തുചെയ്തു എന്നതിലുപരി ദൈവം ആരായിരിക്കുന്നു എന്നതിനെപ്രതിയാണ്. ദൈവം ആര്/എന്ത് ആയിരിക്കുന്നു എന്ന ചോദ്യത്തിന് രണ്ടുവിധത്തിലുള്ള ഉത്തരം ആത്മാവിൽ തെളിയുന്നു. ഒന്നാമതായി സൃഷ്ടിയും ദൈവവും തമ്മിലും അഥവാ മനുഷ്യാത്മാവും ദൈവവും തമ്മിലുള്ള ബന്ധത്തിൽ ദൈവം എങ്ങനെ വെളിപ്പെട്ടിരിക്കുന്നുവെന്നത്. രണ്ടാമതായി ദൈവം ദൈവത്തിൽ തന്നെ ആര്/എന്ത് ആയിരിക്കുന്നു എന്ന വിധത്തിൽ. ആത്മാവ് ആദ്യമായി ദൈവം ആത്മാവിന് ആരായിരിക്കുന്നു എന്ന് തിരിച്ചറിഞ്ഞ് സ്തുതിക്കുന്ന ഘട്ടമുണ്ട്. "കർത്താവേ എന്റെ ശക്തിയുടെ ഉറവിടമേ, ഞാനങ്ങയെ സ്നേഹിക്കുന്നു. അങ്ങാണ് എന്റെ രക്ഷാശിലയും, കോട്ടയും, വിമോചകനും, എന്റെ ദൈവവും, എനിക്ക് അഭയം തരുന്ന പാറയും, എന്റെ പരിചയും രക്ഷാശൃംഗവും, അഭയകേന്ദ്രവും (സങ്കീ 18 : 1-2). "കർത്താവ് എന്റെ പ്രകാശവും രക്ഷയുമാണ്. കർത്താവ് എന്റെ ജീവിതത്തിന്റെ കോട്ടയാണ്" (സങ്കീ 27 :1).

ഈശോയെ രുചിച്ചറിഞ്ഞ ആത്മാവ് ഈശോയെ രക്ഷകനും നാഥനും കർത്താവുമായി സ്വീകരിച്ച് ഏറ്റുപറഞ്ഞ് സ്തുതിക്കുന്നു. "യേശുവിന്റെ നാമത്തിനുമുൻപിൽ സ്വർഗ്ഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള സകലരും മുട്ടുകൾ മടക്കുന്നതിനും യേശുക്രിസ്തു കർത്താവാണ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി എല്ലാ നാവുകളും ഏറ്റുപറയുന്നതിനും" (ഫിലി 2 : 10-11) പിതാവ് തിരുവുള്ളമായിരിക്കുന്നതിൻപ്രകാരം ആത്മാവ് ഈശോയെ കർത്താവായി സ്വീകരിച്ച് ആരാധനാസ്തുതിയർപ്പിക്കുന്നു. കുരിശുൽ മരിച്ചവനും ഉത്ഥിതനും പിതാവിന്റെ വലതുഭാഗത്തുപവിഷ്ടനായിരിക്കുന്നവനും വീണ്ടും വരുവാനിരിക്കുന്നവനുമായവനെ – അവതരിച്ച വചനത്തെ – ആത്മാവ് സ്തുതിച്ചുമഹത്വപ്പെടുത്തുന്നു. ഇതിനായിട്ടാണ് താൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഇതുതന്നെയാണ് ആനന്ദദായകം എന്ന് ആത്മാവ് തിരിച്ചറിയുന്നു.

ഏറെത്താമസിയാതെ ആത്മാവ് ദൈവത്തെ ദൈവമായിരിക്കുന്ന അവസ്ഥയിൽ കണ്ട് മാലാഖാമാരുടെ സ്തുതിപ്പിലേക്കുയരുന്നു. ഇത് ദൈവസ്തുതിയിൽ ആത്മാവ് പങ്കുചേരുകയോ, ആത്മാവിൽ സതുതി നിറയുകയോ ചെയ്യുന്ന അവസ്ഥയല്ല, അതിലുപരി ആത്മാവ് സ്തുതിപ്പിൽ 'ലയിക്കുക'യാണ്. ദൈവത്തിന്റെ പരിശുദ്ധിയെ ദർശിച്ച് "പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ" എന്നു പ്രകീർത്തിക്കുന്ന ദൂതന്മാരുടെ സ്തുതിപ്പിൽ ലയിക്കുന്നു. (ഏശയ്യ 6 : 3). കർത്താവിന്റെ നന്മയെയും കരുണയേയും ഓർത്ത് ആത്മാവ് സ്തുതിക്കുന്നു. "കർത്താവിനെ സ്തുതിക്കുവിൻ, കർത്താവിന് നന്ദി പറയുവിൻ, അവിടുന്ന് നല്ലവനാണ്. അവിടുത്തെ കാരുണ്യം എന്നേയ്ക്കും നിലനിൽക്കുന്നു" (സങ്കീ 106 : 1–2). ആയിരുന്നവനും ആയിരിക്കുന്നവനുമായ ദൈവത്തിന് ആരാധന സ്തുതി, "നമ്മുടെ ദൈവത്തിന് സ്തുതിയും മഹത്വവും ആരാധനയും കൃതജ്ഞതയും ബഹുമാനവും അധികാരവും ആധിപത്യവും എന്നേയ്ക്കുമുണ്ടായിരിക്കട്ടെ" (വെളി 7 : 12). തുടർന്ന് സ്തുതിപ്പിൽ വാക്കുകൾ ചുരുങ്ങി "ആമ്മേൻ ഹാലേല്ലൂയ്യ" എന്നായിത്തീരുന്നു. (വെളി 19 : 4). സ്വർഗ്ഗീയ സ്തുതിപ്പിൽ ലയിക്കുമ്പോൾ വാക്കുകൾക്കും ഭാഷകൾക്കുമപ്പുറം സ്തുതിപ്പിന്റെ ലോകത്ത് ആത്മാവിന് സ്തുതിപ്പിന്റെ ഭാഷ കിട്ടുന്നു. മതബോധനഗ്രന്ഥം സ്തുതിപ്പിനെക്കുറിച്ച് ഇങ്ങനെ പഠിപ്പിക്കുന്നു. "സ്തുതിപ്പ് ദൈവവും മനുഷ്യനും തമ്മിലുള്ള സമാഗമമാണ്. അതിൽ ദാതാവായ ദൈവവും ദാനം സ്വീകരിക്കുന്ന മനുഷ്യനും പരസ്പരം ഐക്യപ്പെടുന്നു" (മതബോ. 1078.) വീണ്ടും സഭ പഠിപ്പിക്കുന്നു. "ദൈവത്തെ ദൈവമായി നേരിട്ട് അംഗീകരിക്കുന്ന പ്രാർത്ഥനാരൂപമാണ് സ്തുതിപ്പ്. അത് ദൈവത്തെ അവിടുത്തെ പ്രതിമാത്രം പ്രകീർത്തിക്കുന്നു. ദൈവം എന്തു ചെയ്യുന്നു എന്നതിനപ്പുറം അവിടുന്ന് ആകുന്നു എന്ന കാരണം മുൻനിർത്തിയുള്ള പുകഴ്ത്തലാണത്" (മതബോ. 2639). ദൈവം ദൈവമായിരിക്കുന്നു എന്ന കാരണത്താൽ സൃഷ്ടി സ്രഷ്ടാവിനു നൽകുന്ന മഹത്വമാണ് സ്തുതിപ്പ്.

ഏതെങ്കിലും കാര്യസാധ്യത്തിനുവേണ്ടി മനുഷ്യൻ നടത്തുന്ന അധരവ്യായാമമല്ല സ്തുതിപ്പ്. ദൈവത്തെ പ്രീതിപ്പെടുത്തി കാര്യങ്ങൾ സാധിച്ചെടുക്കുക എന്നതല്ല സ്തുതിപ്പിന്റെ ലക്ഷ്യം. അതുപോലെ, രോഗശാന്തിയോ ഭൗതികനേട്ടങ്ങളോ സ്തുതിപ്പിന്റെ പ്രേരകഘടകങ്ങളാകാൻ പാടില്ല. എന്നാൽ സ്തുതിപ്പിൽ ലഭിക്കുന്ന ആത്മാവിൽ ഇവയൊക്കെയും ദൈവം വർഷിച്ചു എന്നു വരാം.

സ്തുതിപ്പിന് വിശുദ്ധീകരണശക്തിയുണ്ട്. യേശുവിന്റെ നാമത്തിന്, അവിടുത്തെ വചനത്തിന് അത്ഭുതകരമായ വിശുദ്ധീകരണ ശക്തി

യുണ്ട്. അത്ഭുതങ്ങളും രോഗശാന്തിയും സംഭവിക്കുന്നത് അത് ദൈവപുത്രന്റെ വചനമായതിനാലാണ്. അതേ നാമവും അവിടുത്തെ വചനവും ഉച്ചരിച്ചുകൊണ്ട് മനുഷ്യാത്മാവ് ദൈവത്തെ സ്തുതിക്കുമ്പോൾ യേശുതന്നെയാണ് സൗഖ്യവും വിശുദ്ധീകരണവും സംഭവിപ്പിക്കുന്നത്. പ്രപഞ്ചത്തെയും ലോകത്തെയും വിശുദ്ധീകരിക്കാൻ യേശുനാമവും അവിടുത്തെ വചനവും പ്രഘോഷിക്കുന്നതു വഴിയായും അവിടുത്തെ സ്തുതിക്കുന്നതു വഴിയായും സാധ്യമാക്കുന്നു. സ്തുതിപ്പ് ആത്മാവിന് സംരക്ഷണകവചം കൂടിയാണ്. തിന്മയിൽനിന്നും രോഗപീഢകളിൽനിന്നും യേശുനാമ പ്രകീർത്തനത്തിലൂടെ സംരക്ഷിതരായിത്തീരുന്നു.

ദൈവത്തെ സ്തുതിച്ചു മഹത്വപ്പെടുത്തുക എന്നത് സൃഷ്ടിയുടെ ദൗത്യം തന്നെയാണ്. അവിടുത്തെ സ്വർഗീയമഹത്വത്തിന് കുറവുകളുള്ളതുകൊണ്ടല്ല നാം സ്തുതിച്ച് മഹത്വപ്പെടുത്തുന്നത്. കാരണം ദൈവമഹത്വം പൂർണം തന്നെയാണ്, മറിച്ച് നമ്മിൽ ദൈവം മഹത്വം കൊള്ളാനും ഭൂമിയിൽ 'സ്വർഗത്തിലെന്നതുപോലെ' തിരുഹിതം നിറവേറ്റപ്പെടാനും അഭിലഷിച്ചാണ് ആത്മാവ് ദൈവമഹത്വം പ്രകീർത്തിക്കുന്നത്. ആ വിധത്തിൽ ചിന്തിച്ചാൽ മനുഷ്യാത്മാവ് ദൈവത്തെ സ്തുതിച്ച് മഹത്വപ്പെടുത്തുന്നു എന്നതിലുപരി ദൈവമഹത്വം പ്രകീർത്തിക്കുകയാണ് സ്തുതിപ്പിൽ.

സ്തുതിപ്പിന് രണ്ടു ചലനങ്ങൾ ഉണ്ട്. ആരോഹണതലത്തിൽ സ്തുതിപ്പ് പരിശുദ്ധാത്മാവിൽ ക്രിസ്തുവിലൂടെ പിതാവിങ്കലേക്ക് ഉയരുന്നു. അവരോഹണതലത്തിൽ, അത് പിതാവിൽ നിന്ന് ക്രിസ്തുവിലൂടെ ഇറങ്ങിവരുന്ന പരിശുദ്ധാത്മാവിന്റെ കൃപാവരം നമ്മിൽ നിറയ്ക്കുന്നു (മതബോധ 1083). ചുരുക്കത്തിൽ, ഭൂമി സ്വർഗ്ഗത്തിലേക്കുയർത്തപ്പെടുകയും സ്വർഗ്ഗം ഭൂമിയിലേയ്ക്ക് ഇറക്കപ്പെടുകയും ചെയ്യുന്നു. ഭൂസ്വർഗ്ഗങ്ങൾ സ്തുതിപ്പിൽ പരസ്പരം സമാഗമിക്കുന്നു. സ്വർഗ്ഗീയ നന്മകളും കൃപകളും ഭൂമിയിലേയ്ക്ക് വർഷിക്കപ്പെടുന്നു. ആത്മാവിൽ ദൈവീക സ്വഭാവങ്ങളും നന്മകളും നിറയപ്പെടുന്നു. ആത്മാവ് ഭൗമീകം എന്നതിനേക്കാൾ സ്വർഗീയവും ദൈവീകവുമായി മാറുന്നു.

ജീവിതം തന്നെ സ്തുതിയാക്കി മാറ്റിക്കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുന്നത് ബലി തന്നെയാണ്. "അവനിലൂടെ എല്ലായ്പ്പോഴും ദൈവത്തിന് സ്തുതിയുടെ ബലി - അവന്റെ നാമത്തെ ഏറ്റുപറയുന്ന അധരങ്ങളുടെ ഫലങ്ങൾ - അർപ്പിക്കാം" എന്ന് തിരുവചനം ആഹ്വാനം ചെയ്യുന്നു. (ഹെബ്രാ 13 : 15). ഇപ്രകാരം സ്തുതി അനുഭവമായ ആത്മവ് ഇങ്ങനെ പറയും. "അത്യുന്നതനായ കർത്താവേ അങ്ങേയ്ക്ക് കൃതജ്ഞതയർപ്പിക്കുന്നതും അങ്ങയുടെ നാമത്തിന് സ്തുതികൾ ആലപിക്കുന്നതും എത്ര ശ്രേഷ്ഠം" (സങ്കീ. 92 : 1) അഥവാ "അങ്ങയെ സ്തുതിക്കാൻ വേണ്ടി ഞാൻ ജീവിക്കട്ടെ" (സങ്കീ 119 : 175).

# 10

## ആത്മാവ് വിശുദ്ധിയിലേക്ക് പറന്നുയരുന്നു

ദൈവസാന്നിധ്യമനുഭവിച്ച് ഉണർന്ന ആത്മാവ് ശുദ്ധീകരിക്കപ്പെട്ട് സ്വയം ദൈവഹിതത്തിന് സമർപ്പണം നടത്തുന്നു എന്നു നാം കണ്ടുകഴിഞ്ഞു. ആത്മാവ് ഈശോയുടെ തിരുമുഖത്തേയ്ക്ക് നോക്കവേ ആ പരിശുദ്ധിയുടെ ദിവ്യപ്രകാശത്തിൽ നിന്നുകൊണ്ട് വിശുദ്ധി തീവ്രമായി ആഗ്രഹിക്കുകയും അതിനായി അക്ഷീണം പ്രയത്നിച്ചു തുടങ്ങുകയും ചെയ്യുന്നു.

എന്തിനായിട്ടാണ് നാം സൃഷ്ടിക്കപ്പെട്ടത് എന്നു ചോദിച്ചാൽ ആത്മാവ് അതിനുത്തരം കണ്ടെത്തിക്കഴിഞ്ഞിരിക്കും. പരമനന്മയും സ്രഷ്ടാവും രക്ഷകനും അന്ത്യവുമായ ദൈവത്തെ അറിഞ്ഞ് സ്നേഹിച്ച് നിത്യഭാഗ്യം പ്രാപിക്കാനാണ് എന്ന്. ഇതിനുള്ള വഴിയും അതിലെത്തിച്ചേരലുമാണ് വിശുദ്ധി. ലക്ഷ്യം ഉറപ്പിച്ച് യാത്രചെയ്യുന്നവരെപ്പോലെയാണ് വിശുദ്ധിയെ ലക്ഷ്യംവെച്ച് ആത്മാവ് മുന്നേറുന്നത്. ട്രെയിൻ മാറിക്കയറിയ വ്യക്തിയുടെ അങ്കലാപ്പ് അപാരംതന്നെ. ലക്ഷ്യമുറപ്പിക്കാതെ ജീവിതയാത്രയിലായിരിക്കുന്ന ഒരാത്മാവിന്റെ അവസ്ഥ ഇതിനേക്കാൾ ശോചനീയം തന്നെ! ദൈവത്തിന് ഓരോ ആത്മാവിനെക്കുറിച്ചുള്ള പദ്ധതിയാണ്

അവിടുത്തെ പരിശുദ്ധിയിൽ പങ്കുപറ്റുക എന്നത്. എല്ലാ മനുഷ്യരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടിരിക്കുന്നു. ലോകത്തിൽ ക്രിസ്ത്യാനികൾ മാത്രമോ, പ്രത്യേകം ക്രിസ്ത്യാനികളിൽ കത്തോലിക്കർ മാത്രമോ, കത്തോലിക്കരിൽ വൈദികരും സന്യസ്തരും മാത്രമോ, അവരിൽതന്നെ ചിലർ മാത്രമോ അല്ല, എല്ലാ മനുഷ്യരും ദൈവത്തെ പ്രാപിക്കാനും വിശുദ്ധരാകാനും വിളിക്കപ്പെട്ടിരിക്കുകയാണ്. സഭ ചിലരെ മാത്രം ഉദാത്തമാതൃകളായി നമ്മുടെ മുൻപിൽ അവതരിപ്പിക്കുന്നു എന്നേയുള്ളൂ. വിശുദ്ധിയിലേയ്ക്കുള്ള വിളി സാർവ്വത്രികമായിരിക്കുന്നതിനാലാണ് സഭ തന്നെയും സാർവ്വത്രികമായ പ്രേഷിത ദൗത്യം നിർവ്വഹിക്കുന്നത് എന്നു മനസ്സിലാക്കാവുന്നതാണ്.

"തന്റെ മുൻപാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോക സ്ഥാപനത്തിനു മുമ്പുതന്നെ അവിടുന്ന് നമ്മെ ക്രിസ്തുവിൽ തെരഞ്ഞെടുത്തു" (എഫേ 1 : 4) ഈ തെരഞ്ഞെടുപ്പാകട്ടെ യേശുക്രിസ്തുവഴി നാം പുത്രരായി ദത്തെടുക്കപ്പെടുക എന്ന ദൈവഹിതവും തീരുമാനവുമാണ്. ഇതാകട്ടെ ക്രിസ്തുവിൽ പ്രത്യാശവച്ചുകൊണ്ട് നാം അവിടുത്തെ മഹത്വത്തിനും സ്തുതിയ്ക്കും വേണ്ടി ജീവിക്കുന്നതിനാണ് (എഫേ. 1 : 5, 12). വീണ്ടും 1 തെസ 4: 3 ൽ നാം കാണുന്നു: "നിങ്ങളുടെ വിശുദ്ധീകരണമാണ് ദൈവം അഭിലഷിക്കുന്നത്."

ലൗകീക മനുഷ്യൻ "ഓ എനിക്ക് വിശുദ്ധനൊന്നും ആകേണ്ടതില്ല, ഇതുപോലെയൊക്കെ ജീവിച്ചാൽ മതി" "എല്ലാവരും ഇങ്ങനെയൊക്കെയാണ്. ഞാനായിട്ട് നന്നായിട്ട് കാര്യമില്ല" എന്നീത്യാദിചിന്ത പുലർത്തും. അഥവാ ആരെങ്കിലും നന്മയിൽ വളരുന്നുത കണ്ടാൽ "ഓ ഒരു പുണ്യാളൻ വരുന്നു... മാറി നിൽക്കെടാ" എന്ന് മറ്റുള്ളവരെക്കുറിച്ച് പരിഹാസമായി. ഇപ്രകാരമൊരു പരിഹാസം കേൾക്കവെ താൻ പുണ്യാളൻ ആയില്ല എന്നു കാണിക്കാനുള്ള വ്യഗ്രതയിലായി മറ്റെയാൾ. എന്നാൽ "വിശുദ്ധനാവുക" എന്നത് ദൈവം ഒരാത്മാവിന് നൽകിയിട്ടുള്ള ദൈവപദ്ധതിയും ആ ആത്മാവ് ഉറപ്പിച്ച് തീരുമാനിക്കേണ്ട ലക്ഷ്യവുമാണ്. അതിൽ നിന്ന് മാറി നിൽക്കുന്നവർ സ്വയം നശിക്കാൻ ഉറച്ചുകഴിഞ്ഞിരിക്കുന്നു.

മനുഷ്യാത്മാവിനെ സംബന്ധിച്ചിടത്തോളം വിശുദ്ധി എന്നത് "ശുദ്ധമായിരിക്കുക" എന്ന അവസ്ഥ മാത്രമല്ല. അഴുക്കില്ലാത്ത അവസ്ഥയാണ് ശുദ്ധമായ അവസ്ഥ. വസ്തുക്കളെ സംബന്ധിച്ചിടത്തോളം ഇത് ശരിയാണ്. ശുദ്ധമായ സ്വർണ്ണം, ശുദ്ധമായ പഞ്ചസാര, ശുദ്ധമായ വെളിച്ചെണ്ണ എന്നൊക്കെ നാം കേട്ടിട്ടുണ്ടല്ലോ. മായമോ, അഴുക്കോ, ഇല്ലാതെ ശുദ്ധീകരിക്കപ്പെട്ടുകിട്ടിയത് എന്ന

താണത്. മനുഷ്യാത്മാവ് പാപമില്ലാതെ ശുദ്ധമായിരുന്നാൽ മാത്രം പോരാ. ശുദ്ധീകരണം എന്നത് വിശുദ്ധിയിലേയ്ക്കുള്ള ആദ്യപടി മാത്രമാണ്. പാപം ചെയ്തില്ല എന്നതുകൊണ്ടുമാത്രം ആരും വിശുദ്ധരാകുന്നില്ല.

ദൈവം മനുഷ്യനെ വിളിച്ചിരിക്കുന്നത് ദൈവത്തിന്റെ തന്നെ പരിശുദ്ധിയിലേക്കാണ്, ദൈവത്തിന്റെ പരിപൂർണതയിലേക്കാണ്. 1 പത്രോ. 1 : 15 "നിങ്ങളെ വിളിച്ചവൻ പരിശുദ്ധനായിരിക്കുന്നതു പോലെ എല്ലാ പ്രവൃത്തികളിലും നിങ്ങളും പരിശുദ്ധരായിരിക്കുവിൻ" വീണ്ടും നാം ഇങ്ങനെ വായിക്കുന്നു."ഞാൻ പരിശുദ്ധനായിരിക്കുന്നതുകൊണ്ട് നിങ്ങളും പരിശുദ്ധരായിരിക്കുവിൻ (1 പത്രോ. 1 : 16, ലേവ്യ 11 : 44). "പ്രിയപ്പെട്ടവരേ വാഗ്ദാനങ്ങൾ നമുക്ക് ഉള്ളതിനാൽ ശരീരത്തിന്റെയും ആത്മാവിന്റെയും എല്ലാ അശുദ്ധിയിലും നിന്ന് നമ്മെത്തന്നെ ശുദ്ധീകരിക്കുകയും ദൈവഭയത്തിൽ വിശുദ്ധി പരിപൂർണമാക്കുകയും ചെയ്യാം" (2 കൊറി. 7:1). ഈശോ നമ്മോടാവശ്യപ്പെട്ടിരിക്കുന്നതും ഇതുതന്നെ. "നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (മത്താ 5/48) പിതാവ് പരിശുദ്ധനായിരിക്കുന്നു എന്നതാണ് മക്കൾ പരിശുദ്ധരായിരിക്കാൻ കാരണമായി നൽകിയിരിക്കുന്നത്. യേശുവിന്റെ ബലിയിൽ നാം ഈ പരിപൂർണ്ണതയിലേയ്ക്ക് പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നു. "വിശുദ്ധീകരിക്കപ്പെട്ടവരെ, അവൻ ഏക ബലി സമർപ്പണം വഴി എന്നേയ്ക്കുമായി പരിപൂർണ്ണരാക്കിയിരിക്കുന്നു" (ഹെബ്രാ 10 : 14). ദൈവത്തെ ദർശിക്കണമെങ്കിൽ വിശുദ്ധി കൂടിയേ കഴിയൂ എന്ന് വി. ഗ്രന്ഥം പഠിപ്പിക്കുന്നു. "വിശുദ്ധി കൂടാതെ ആർക്കും കർത്താവിനെ ദർശിക്കാൻ കഴിയുകയില്ല" (ഹെബ്ര 12 : 14) എന്നും "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും" (മത്താ.5 : 8) എന്നും പ്രബോധനം. ദൈവത്തിന്റെ അത്ഭുതങ്ങളും സൗഖ്യങ്ങളും ഏറ്റുവാങ്ങുവാൻ മനുഷ്യൻ വിശുദ്ധിയിൽ വളരണം: "ഇന്ന് നിങ്ങൾ നിങ്ങളെ തന്നെ വിശുദ്ധീകരിക്കുക, ഞാൻ നിങ്ങളുടെ ഇടയിൽ അത്ഭുതം പ്രവർത്തിക്കും" (ജോഷ്വാ 3 : 5). ശ്രേഷ്ഠമായ ഉപയോഗത്തിന് നമ്മെ ഗൃഹനാഥൻ ഉപയോഗിക്കത്തക്കവിധം പ്രയോജനകരമായ പാത്രമായിരിക്കുക. അപ്പോൾ വിശുദ്ധ പാത്രമായി മാറും. "ഒരുവൻ നികൃഷ്ടമായ അവസ്ഥയിൽ നിന്ന് തന്നെത്തന്നെ ശുദ്ധീകരിക്കുന്നെങ്കിൽ അവൻ ശ്രേഷ്ഠമായ ഉപയോഗത്തിനുപറ്റിയതും ഗൃഹനാഥന് പ്രയോജനകരവും ഏതൊരു നല്ല കാര്യത്തിനും ഉപയോഗയോഗ്യവുമായ വിശുദ്ധ പാത്രമാകും" (2 തിമോ. 2 : 21). വിശുദ്ധി ആത്മാവിന് ശക്തമായ സംരക്ഷണം നൽകുന്ന പരിചയാണ്: "വിശു

ദ്ധിയെ അജയമായ പരിചയാക്കാം" (ജ്ഞാനം 5:19).

**വിശുദ്ധിയും ശുദ്ധതയും :** വിശുദ്ധിയും, ശുദ്ധതയും ഏറെ ബന്ധപ്പെട്ടിരിക്കുന്നു. ലൈംഗിക കഴിവുകളെ ജീവിതാന്തസ്സിനു യോജിച്ചവിധം ദൈവഹിതപ്രകാരം ഉപയോഗിക്കുന്നതിലാണ് ശുദ്ധതാപാലനം അടങ്ങിയിരിക്കുന്നത്. സംശുദ്ധമായ സ്നേഹം നിറയലാണ് ശുദ്ധത. സംശുദ്ധ സ്നേഹത്തിൽനിന്നേ ശുദ്ധതയുടെ മലരുകൾ വിരിയുകയുള്ളൂ; ശുദ്ധതയിൽ നിന്നേ യഥാർത്ഥ സ്നേഹം ജനിക്കുകയുള്ളൂ. ശുദ്ധതയുടെ ഫലമായി ആത്മശക്തിയും ധൈര്യവും ലഭിക്കുന്നു. ആത്മവിശ്വാസം ചോർന്നുപോകാൻ അശുദ്ധികാരണമാവുകയും ചെയ്യുന്നു. ഈശോയെ മാത്രം ഏക സ്നേഹവിഷയമായി സ്വീകരിക്കുകയും ഈശോയെ ആനന്ദമായി അനുഭവിക്കുകയും ചെയ്യാതെ ശുദ്ധതാപാലനം ഒരു പുണ്യമെന്ന നിലയിൽ സാധ്യമല്ല. സ്നേഹം പരിശീലിക്കുകയാണ് ശുദ്ധത പാലിക്കാനുള്ള ഏകവും സുനിശ്ചിതവുമായ വഴി. അപരനിൽ നിന്നും പിൻവാങ്ങുന്നതല്ല, എല്ലാവരിലേയ്ക്കും സംശുദ്ധമായ സ്നേഹത്താൽ പ്രവേശിക്കുന്നതാണ് ശുദ്ധത. ബ്രഹ്മചാര്യ ജീവിത്തതിൽ പ്രത്യേകമാംവിധം ശുദ്ധത പാലിക്കുന്നു. കുടുംബജീവിതത്തിലേയ്ക്ക് പ്രവേശിച്ചവർ ലൈംഗികതയെ നിയമാനുസൃതവും ദൈവഹിതാനുസാരവുമായി ഉപയോഗിച്ചുകൊണ്ടുതന്നെ ശുദ്ധതയിൽ വളരുന്നു. ശുദ്ധതാ പാലനത്തിന് ഉള്ളിൽ ഉണരേണ്ടത് ഈശോയോടുള്ള സ്നേഹവും മനുഷ്യമഹത്വത്തെക്കുറിച്ചുള്ള ബോധ്യവുമാണ്. ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തെയും പ്രപഞ്ചത്തിലുള്ള സൃഷ്ടികളെയും ദൈവം ആവശ്യപ്പെടുന്നതുപോലെ സ്നേഹിക്കാനുള്ള കഴിവ് ലഭിക്കുന്നതാണ് ശുദ്ധത. ദൈവത്താൽ നിറയലാണ് വിശുദ്ധി. ദൈവം നിറഞ്ഞ വ്യക്തിയെ മറ്റാർക്കും സ്നേഹിച്ച് വശീകരിക്കാനാവില്ല. അതാണ് ശുദ്ധത നൽകുന്ന ശക്തി. അശുദ്ധിയുടെ കൂട്ടുകെട്ടുകൂടാതെ ഇന്നത്തെ ലോകത്ത് ജീവിതം സാധ്യമാണ് എന്ന് ബോധ്യപ്പെടണം. മനുഷ്യജീവിതം ലൈംഗികതയ്ക്കുവേണ്ടിയുള്ള ജീവിതമാണെന്നും ജീവിതത്തിന് അർത്ഥം തരുന്നത് ലൈംഗീകതയാണെന്നുമുള്ള ചിന്താഗതികൾ അബദ്ധ ധാരണയാണെന്ന് ബോധ്യപ്പെടണം. അശുദ്ധി കൂടാതെ ജീവിക്കുന്നത് കൂടുതൽ ആനന്ദകരവും സൗഭാഗ്യകരവുമാണെന്ന് ബോധ്യപ്പെണം.

സുഖിക്കുന്ന ഒരു ശരീരത്തിന് ശുദ്ധതാപാലനം അസാധ്യംതന്നെ. ഭക്ഷണാസക്തിയും, ജഢീകാസക്തിയും പരസ്പര പൂരകങ്ങളായി വർത്തിക്കുന്നു. ഇതര സുഖങ്ങളുടെ ആസ്വാദനം കൂട്ടിക്കൊണ്ട് ആർക്കും ശുദ്ധതാപാലനം സാധ്യമല്ല എന്നതാണ്

ആത്മീയ സത്യം. ദൈവസ്നേഹാനുഭവത്തിൽ ആഴപ്പെടുക എന്ന തുമാത്രമാണ് വഴി. ശുദ്ധത ശരീരത്തിൽമാത്രം പാലിക്കപ്പെടേണ്ട പുണ്യമെന്നതിനെക്കാൾ മനസ്സിലും ഭാവനയിലും ഹൃദയത്തിലും ചിന്തയിലും ആത്മാവിലും പുലരേണ്ട പുണ്യമാണ്.

ദൈവിക ദർശനങ്ങളിലും ഇതരപുണ്യങ്ങളിലും വളരാൻ ശുദ്ധ താപാലനം അത്യന്താപേഷിതമാണ്. വിശുദ്ധികൂടാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ല. തിന്മയ്ക്കെതിരെ ശക്ത മായ ആയുധമാണ് വിശുദ്ധി. "വിശുദ്ധിയെ ഞാൻ അജയ്യമായ പരി ചയാക്കും" എന്നും "വിശുദ്ധമായവ വിശുദ്ധിയോടെ ചെയ്യുന്നവൻ വിശുദ്ധരാകും" (ജ്ഞാനം 5 : 19, 6 : 10) തിരുവചനം പഠിപ്പിക്കു ന്നു.

വിശുദ്ധരുമായുള്ള സഹവാസം ആത്മാവ് കൊതിക്കുന്ന കാര്യ മാണ്. ആ കൂട്ടുകെട്ട് ലൗകീക സ്നേഹബന്ധങ്ങളുടെ കുറവുകൾ പരിഹരിക്കാൻ സഹായകമാകും. ആത്മാവിൽ വിശുദ്ധിയെക്കുറി ച്ചുള്ള ബോധ്യം നിറയാനും ഏകാന്തത അകലാനും ഇത് സഹാ യകമാണ്. അവരാകെയും വിശുദ്ധിയെ അമൂല്യ നിധിയായി കരുതി കാത്തുപാലിച്ചതും സാഹസികമായ വിധം ത്യാഗങ്ങൾ സ്വീകരിച്ച് ശുദ്ധത പാലിച്ചതും നമ്മെ പ്രോത്സാഹിപ്പിക്കും.

ശരീരത്തിന്റെ വിശുദ്ധിയെക്കുറിച്ച് തിരുവചനം പഠിപ്പിക്കുന്നു. "നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിന് പ്രീതികരവു മായ സജീവ ബലിയായി സമർപ്പിക്കുവിൻ. ഇതായിരിക്കണം നിങ്ങ ളുടെ യഥാർത്ഥമായ ആരാധന" (റോമ. 12 : 1) ശരീരം ദൈവ ത്തിന്റെ ആലയമാണെന്ന ബോധ്യമാണ് ശരീരത്തിന്റെ പവിത്രത പാലിക്കാൻ നമുക്ക് പ്രേരണ നൽകുന്നത്. "നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങളുടെ ശരീ രമെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടെ? നിങ്ങൾ നിങ്ങളുടെ സ്വന്തമ ല്ല. നിങ്ങൾ വിലയ്ക്ക് വാങ്ങപ്പെട്ടവരാണ്. ആകയാൽ നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ (1 കോറി. 6 : 19-20). തിരുവചനം വീണ്ടും ഇതേ ദർശനം ആവർത്തിച്ചുറപ്പിക്കുന്നു. "നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങ ളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ? ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവനെ ദൈവവും നശിപ്പിക്കും. എന്തെന്നാൽ ദൈവത്തിന്റെ ആലയം പരിശുദ്ധമാണ്. ആ ആലയം നിങ്ങൾതന്നെ (1 കോറി 3 : 16-17)

നമ്മുടെ മർത്യശരീരത്തെ വിശുദ്ധിയിൽ സൂക്ഷിക്കാൻ പ്രേരണ നൽകുന്നത്. "സകലത്തേയും തനിക്കു കീഴ്പ്പെടുത്താൻ കഴിയുന്ന ശക്തിവഴി അവൻ നമ്മുടെ ദുർബലശരീരത്തെ തന്റെ മഹത്വമുള്ള

ശരീരം പോലെ രൂപാന്തരപ്പെടുത്തും (ഫിലി 3 : 21) എന്ന പ്രത്യാശയാണ്. മനസ്സും അഭിലാഷങ്ങളും ചിന്തയും ഓർമ്മയും ഭാവനയും ശുദ്ധമായി പാലിക്കപ്പെടണം എന്ന് തിരുവചനം ഓർമ്മിപ്പിക്കുന്നു."നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്. പ്രത്യുത നിങ്ങളുടെ മനസ്സിന്റെ നവീകരണം വഴി രൂപാന്തരപ്പെടുവിൻ, ദൈവഹിതം എന്തെന്നും നല്ലതും പ്രീതിജനകവും പരിപൂർണ്ണവും എന്തെന്നും വിവേചിച്ചറിയാൻ അപ്പോൾ നിങ്ങൾക്കു സാധിക്കും" (റോമ 12 : 2); "അഭിലാഷങ്ങൾക്ക് അടിപ്പെടരുത്. അവ നിന്നെ കാളക്കുറ്റനെപ്പോലെ കുത്തിക്കീറും. ദുഷിച്ച ഹൃദയം അവനെതന്നെ നശിപ്പിക്കുന്നു (പ്രഭാ. 6 : 2,4) വാക്കും പെരുമാറ്റവും വിശുദ്ധവും പക്വതയുള്ളതുമായിരിക്കണം." "വില കെട്ടവ പറയാതെ സദ് വചനങ്ങൾ മാത്രം സംസാരിച്ചാൽ നീ എന്റെ നാവുപോലെയാകും" (ജെറ 15 : 19). "വാക്കുകളിലും പെരുമാറ്റത്തിലും സ്നേഹത്തിലും വിശ്വാസത്തിലും വിശുദ്ധിയിലും നീ വിശ്വാസികൾക്ക് മാതൃകയായിരിക്കുക" (1 തിമോ 4 : 12) എന്ന് ശ്ലീഹാ ഉപദേശിക്കുന്നു.

നമ്മുടെ ബുദ്ധിയ്ക്കും വിശുദ്ധീകരണം ആവശ്യമുണ്ട്. തെറ്റായ ആശയ ഗതികളിൽ നിന്നും ബോധ്യങ്ങളിൽ നിന്നും ബുദ്ധിയെ വിശുദ്ധീകരിക്കണം. ചില തെറ്റായ ആദർശങ്ങൾ, തത്വചിന്തകൾ, ബൗദ്ധീക വിശകലനങ്ങൾ ഇവ ബുദ്ധിയെ സ്വാധീനിക്കുകയും ജീവിതം തെറ്റായ വഴിയിൽ ചരിക്കുകയും ചെയ്യാനിടയുണ്ട്. ഉദാഹരണമായി ഇക്കാലഘട്ടത്തിൽ ഏറെ സ്വാധീനിക്കുന്ന ഒരു ചിന്തയാണ് "മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി" അല്ലെങ്കിൽ "ഈശ്വരവിശ്വാസം എന്നത് മതാനുഷ്ഠാനത്തിൽ അടങ്ങിയിരിക്കുന്നു" "സ്വർഗ്ഗവും നരകവുമൊക്കെ ഈ ഭൂമിയിൽത്തന്നെ", "പ്രാർത്ഥിച്ചിട്ട് കാര്യമില്ല മനുഷ്യന് ഉപകാരപ്രദമായവ എന്തെങ്കിലും ചെയ്യണം" "ഏതു ദൈവത്തോട് പ്രാർത്ഥിച്ചാലെന്താ, ദൈവം ഒന്നല്ലേയുള്ളൂ." ഈ ലോക സുഖങ്ങളിലെല്ലാം മനുഷ്യന് ഇഷ്ടംപോലെ ആസ്വദിക്കാനുള്ളതാണ്. ഈ വിധം തെറ്റായ ആശയങ്ങൾ നമ്മുടെ ജീവിതക്രമത്തെ സ്വാധീനിക്കുംവിധം ബുദ്ധിയെ ഇരുളടഞ്ഞതാക്കുന്നു. അവയിൽ നിന്നും നാം ശുദ്ധീകരിക്കപ്പെടണം.

## വിശുദ്ധി എന്നത് ദൈവഹിതം നിറവേറ്റലിൽ അടങ്ങിയിരിക്കുന്നു.

ശുദ്ധീകരണത്തിലൂടെ നമ്മുടെ ഇന്ദ്രിയങ്ങളെയും ശരീരത്തെയും മനസ്സിനെയും ബുദ്ധിയെയും നിയന്ത്രിക്കുന്നതിലും പാപകരമായ കാര്യങ്ങൾ ഉപേക്ഷിക്കുന്നതിലും മാത്രമാണ് വിശുദ്ധി എന്ന് ചിന്തിക്കരുത്. അത് വിശുദ്ധിക്കായുള്ള ഒരുക്കം മാത്രമാണ്. വിശുദ്ധി

ദൈവഹിതം നിറവേറ്റലിൽ അടങ്ങിയിരിക്കുന്നു. "കർത്താവേ, കർത്താവേ, എന്ന് എന്നോട് വിളിച്ചപേക്ഷിക്കുന്നവനല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്" (മത്താ. 7 : 21) ദൈവഹിതം നിറവേറ്റലിലൂടെ മാത്രമേ ദൈവത്തെ പ്രീതിപ്പെടുത്താൻ ആത്മാവിന് കഴിയുകയുള്ളൂ. "ആരാണ് എന്റെ അമ്മ? ആരാണ് എന്റെ സഹോദരർ ? ... "സ്വർഗ്ഗസ്ഥായ എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവാരോ അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും" (മത്താ. 12 : 50)

ദൈവഹിതം നിറവേറ്റിയില്ല എന്നതായിരുന്നു ആദിപാപം. അത് അനുസരണക്കേട് തന്നെ. ദൈവഹിതത്തിന് സ്വയം സമർപ്പിച്ചുകൊണ്ട് മരണം വരെ അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി എന്നതായിരുന്നു പരിഹാരബലി (ഫിലി 2 : 7) പുസ്തകത്തിന്റെ ആരംഭത്തിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നതുപോലെ, ഞാൻ പറഞ്ഞു, ദൈവമേ, അവിടുത്തെ ഇഷ്ടം നിറവേറ്റാൻ ഇതാ ഞാൻ വന്നിരിക്കുന്നു" (ഹെബ്രാ 10 : 7) യേശുവിന്റെ കുരിശിലെ മരണം ദൈവഹിതത്തിനുള്ള സ്വയം സമർപ്പണത്തിന്റെ പാരമ്യമായിരുന്നു. അതുകൊണ്ടാണ് ആ മരണം ബലിയായിത്തീർന്നത്.

വിശുദ്ധ ചെറുപുഷ്പം പറയുന്നു. "ഏതെങ്കിലും തിന്മകളുടെ ഉന്മൂലനത്തിലോ പുണ്യങ്ങളുടെ സമ്പാദനത്തിലോ അല്ല സ്വർഗ്ഗപ്രവേശനം, വിശുദ്ധി, അടങ്ങിയിരിക്കുന്നത്. ദൈവേഷ്ടം നിറവേറ്റുന്നതിലാണ്.

സത്യമിതാണ്, ഓരോ മനുഷ്യാത്മാവിനെ സംബന്ധിച്ചും ദൈവത്തിന് വളരെ വ്യക്തിപരവും കൃത്യവുമായ ഇഷ്ടമുണ്ട്. അതുചെയ്താൽ മാത്രമേ ആത്മാവിന് വിശുദ്ധി കൈവരികയുള്ളൂ. ഏതെങ്കിലും വിശുദ്ധനോ വിശുദ്ധയോ ചെയ്തതുപോലെ ചെയ്തു എന്നതുകൊണ്ട് നാം വിശുദ്ധരായിത്തീരുന്നില്ല. ദൈവം എന്നിൽ നിന്നാവശ്യപ്പെടുന്നത് ഞാൻ നിറവേറ്റുമ്പോഴാണ് വിശുദ്ധിയിൽ വളരാനാകുന്നത്. വിശുദ്ധിയെന്നാൽ കേവലം അനുകരണമല്ല. ദൈവതിരുമുമ്പിൽ തിരുഹിതം പോലെ നാം നാമായി വളരുന്നതാണ്. കൊച്ചുത്രേസ്യായിൽ നിന്ന് അമ്മത്രേസ്യായേയോ, അമ്മ ത്രേസ്യായിൽ നിന്ന് മദർ തെരേസയെയോ, അസീസിയിലെ ഫ്രാൻസീസിൽ നിന്ന് ഡാമിയനെയോ, ഡാമിയനിൽ നിന്ന് അന്തോനീസിനെയോ ദൈവം ആവശ്യപ്പെടുന്നില്ല.

പുണ്യങ്ങളുടെ പൂർണതയല്ല, ദൈവഹിതം നിറവേറ്റലിന്റെ പൂർണതയാണ് വിശുദ്ധി. അത് ദൈവഹിതത്തിനുള്ള സമ്പൂർണ്ണ

സമർപ്പണവും സ്വാർത്ഥതയുടെ പരിപൂർണ്ണ ത്യജിക്കലും ശൂന്യവത്ക്കരണവും ആവശ്യപ്പെടുന്നു.

കഴിവുകളുടേയോ പുണ്യങ്ങളുടേയോ പൂർണ്ണത6 വച്ചല്ല ദൈവം നമ്മെ വിധിക്കുക. ഹൃദയസമർപ്പണത്തിന്റേയും ദൈവഹിതം നിറവേറ്റലിന്റേയും അളവ് പരിഗണിച്ചായിരിക്കും. വാസുല റീഡർ ഇങ്ങനെ പറയുമായിരുന്നു. "ഈശോയേ, നീ എനിക്കായി തെരഞ്ഞെടുത്തുകൊള്ളുക. നീ തരുന്നതുമതി എനിക്ക്. അതായിരിക്കട്ടെ എന്റെ തെരഞ്ഞെടുപ്പ്"

നാം പ്രാർത്ഥനയിൽ അന്വേഷിക്കേണ്ടത് ആഗ്രഹിക്കുന്ന കാര്യങ്ങൾ സാധിച്ചുകിട്ടുക എന്നതിലുപരി ആ കാര്യത്തിന്മേലുള്ള ദൈവഹിതം വെളിപ്പെട്ടുകിട്ടാനും ദൈവഹിതപ്രകാരം ആ കാര്യം നിർവ്വഹിക്കാനുമുള്ള കൃപയ്ക്കുവേണ്ടിയാകണം. പീഢാസഹനവും കുരിശുമരണവും പിതാവിന്റെ ഹിതമാണെന്നറിഞ്ഞ ഈശോ അത് മാറിപ്പോകാൻ പ്രാർത്ഥിച്ചില്ല, അതിനെതിരെ വന്ന പ്രലോഭനങ്ങളെ മാറ്റിക്കളയുകയാണ് ചെയ്തത്. കുരിശുമാറ്റാൻ ഉപദേശിച്ച പത്രോസിനെ 'സാത്താനേ' എന്നും കുരിശു നൽകിയ യൂദാസിനെ സ്നേഹിതാ എന്നും ഈശോ വിളിക്കുന്നു! ദൈവഹിതം ഏറ്റം വേദനാജനകമായി വെളിപ്പെടുമ്പോഴും മരണം തന്നെ ആവശ്യപ്പെടുമ്പോഴും "ഇതാ ഞാൻ" എന്നു പറയുന്നതാണ് ദൈവഹിതം നിറവേറ്റൽ. പ്രത്യക്ഷത്തിൽ നന്മയായി നമുക്കു തോന്നുന്നതെല്ലാം നന്മയോ ദൈവഹിതമോ ആയിരിക്കണമെന്ന് നിർബന്ധമില്ല "ഞങ്ങൾ നിന്റെ നാമത്തിൽ പ്രവചിച്ചിട്ടുണ്ട്", "ഞങ്ങൾ നിന്റെ നാമത്തിൽ അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്", "ഞങ്ങൾ നിന്റെ നാമത്തിൽ പിശാചുക്കളെ പുറത്താക്കിയിട്ടുണ്ട്", "ഞങ്ങളുടെ തെരുവുകളിൽ നീ പഠിപ്പിച്ചിട്ടുണ്ട്". എല്ലാം നല്ലതുതന്നെ. എങ്കിലും അവിടുന്ന് പറയുന്നു: "നിങ്ങളെ ഞാൻ ഒരിക്കലും അറിയുന്നില്ല". ദൈവഹിതം പ്രവർത്തിക്കാത്തതിനാൽ അവർ പുറംതള്ളപ്പെടുന്നു!

**വിശുദ്ധിയെന്നാൽ ദൈവൈക്യം തന്നെ**

മനുഷ്യാത്മാവ് കൊതിക്കുന്നത് ദൈവസാന്നിധ്യത്തിനുവേണ്ടി എന്നതിലുപരി ദൈവൈക്യത്തിനുവേണ്ടിയാണ്. മനുഷ്യാത്മാവിന്റെ ലക്ഷ്യം ദൈവം തന്നെയാണ്. സ്നേഹമാണ് ഐക്യം സാധ്യമാക്കിത്തീർക്കുന്ന ശക്തി. ദൈവം സ്നേഹമാണ്. സ്നേഹത്തിൽ പൂർണ്ണത പ്രാപിക്കുക എന്നാൽ ദൈവവുമായി ഐക്യത്തിന്റെ പാരമ്യത്തിലാവുക എന്നതുതന്നെ. ദൈവൈക്യത്തിനുള്ള ഏകമാർഗ്ഗം സ്നേപൂർണ്ണതയാണ്. അതുതന്നെയാണ് വിശുദ്ധിയുടെ പൂർണ്ണതയും. നാം സ്നാനം സ്വീകരിച്ചിരിക്കുന്നതു തന്നെ ക്രിസ്തുവിനാൽ ഐക്യപ്പെടാനാണ്

"ക്രിസ്തുവിനോട് ഐക്യപ്പെടാൻവേണ്ടി സ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു" (ഗലാ. 3:27).

ദൈവം ഒരാത്മാവിനെരക്ഷിക്കുന്നു എന്നുപറഞ്ഞാൽ അർത്ഥം ദൈവം സ്വന്തമാക്കുന്നു എന്നാണ്, ദൈവൈക്യത്തിൽ സൂക്ഷിക്കുന്നു എന്നാണ്. "ഭയപ്പെടേണ്ട, ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു. നീ എന്റേതാണ്" (ഏശ 43 : 1) ഈശോയുടേതു മാത്രമായിത്തീരുന്നതാണ് വിശുദ്ധി. അതാണ് ദൈവൈക്യതലം.

നമ്മുടെ ആത്മാവിനെ വിശുദ്ധീകരിച്ച് സന്മാർഗികവും ദൈവികവുമായ പുണ്യങ്ങൾകൊണ്ട് അതിനെ അലങ്കരിച്ചുകഴിയുമ്പോൾ ഐക്യമാർഗ്ഗത്തിലേയ്ക്ക് ആത്മാവ് പ്രവേശിക്കുന്നു. തന്നിൽ സദാ വസിക്കുന്ന ത്രിതൈ്വക ദൈവത്തിനായി മാത്രം ആത്മാവ് ജീവിക്കുന്നു. ദൈവത്തെ സ്തുതിക്കുകയും സേവിക്കുകയും സ്നേഹിക്കുകയും ചെയ്തുകൊണ്ട് ആത്മാവ് ദൈവവുമായി ഗാഢമായ ഐക്യത്തിലാകുന്നു. ഉജ്ജ്വലമായ ഉപവിയിൽ അധിഷ്ഠിതമാണ് ദൈവൈക്യം. ആത്മാവ് ചില പ്രത്യേകതകൾ ഈ ഘട്ടത്തിൽ കൈവരിക്കുന്നു. 1. ആത്മാവ് നിരന്തരം ദൈവസാന്നിധ്യാനുഭവത്തിൽ മുഴുകന്നു. 2. ദൈവസ്നേഹം ഏറ്റം പ്രധാനപുണ്യം മാത്രമല്ല ഏക പുണ്യം ആയിത്തീരുന്നു. 3. പ്രാർത്ഥന ദൈവൈക്യ അനുഭവമായി മാറുന്നു. 4. ജീവിതം മുഴുവൻ പ്രാർത്ഥനയായിത്തീരുന്നു.

ദൈവൈക്യത്തിന്റെ ആദ്യഘട്ടത്തിൽത്തന്നെ ആത്മാവ് പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ കൊണ്ട് നിറയുന്നു. പുണ്യങ്ങളും, ദാനങ്ങളും പ്രവർത്തിക്കുന്നത് ഒരേ വിഷയത്തിൽത്തന്നെയാണെങ്കിലും ഓരേ വിധത്തിലല്ല. പുണ്യങ്ങൾ നമ്മുടെ മാനുഷിക വ്യാപാരങ്ങൾക്കനുയോജ്യമായി നമ്മിൽ പ്രവർത്തിക്കുന്നു. ദാനങ്ങളാകട്ടെ പ. ആത്മാവിന്റെ ഹിതാനുസാരം നമ്മെക്കൊണ്ടു പ്രവർത്തിപ്പിക്കുന്നു എന്ന് വി. തോമസ് അകിനാസ് പഠിപ്പിക്കുന്നു. രണ്ടിലും പ്രവർത്തകവരപ്രസാദത്തിന്റെ പ്രേരണയോടുള്ള നമ്മുടെ സഹകരണം ആവശ്യമുണ്ട്. എന്നാൽ പുണ്യങ്ങളിൽ പ്രവർത്തനം ആരംഭിക്കുന്നത് നാമാണ്. ദാനങ്ങളിൽ നമ്മുടെ ആലോചനയോ പ്രവർത്തനമോ ആരംഭിക്കുന്നതിന് മുമ്പ് ദൈവം അതാരംഭിക്കുന്നു. നമുക്കിഷ്ടമുള്ളപ്പോൾ പുണ്യങ്ങൾ അഭ്യസിക്കാം. എന്നാൽ പ. ആത്മാവ് തിരുമനസ്സാകുമ്പോൾ മാത്രമേ ദാനങ്ങൾ പ്രവർത്തിക്കുകയുള്ളൂ. പുണ്യങ്ങളുടെ പ്രവൃത്തികൾ സ്വാഭവാതീതമായ വിവേകത്തിന്റെ നിയമങ്ങളാൽ നയിക്കപ്പെടുന്നു. ദാനങ്ങളുടെ പ്രവൃത്തികൾ ദൈവനിവേശനത്താൽ നയിക്കപ്പെടുന്നു. പുണ്യങ്ങളുടെ പ്രവർത്തനത്തെക്കാൾ കൂടുതൽ പൂർണ്ണതയുള്ളതായിരിക്കും ദാനങ്ങളുടെ പ്രവൃ

ത്തി. അത് കൂടുതലായും പ്രസാദവരത്തിന്റെ പ്രവൃത്തിയാണ്. ഉദാഹരണത്തിന് പുണ്യങ്ങളുടെ പ്രവൃത്തി ഒരു വഞ്ചി തുഴഞ്ഞുകൊണ്ടുപോകുന്നതുപോലെയും ദാനങ്ങളുടേത് അത് പായ കെട്ടി ഓടിക്കുന്നതുപോലെയുമാണ്. പുണ്യങ്ങളുടെ പ്രവൃത്തി അമ്മയുടെ കൈയ്യിൽ പിടിച്ച് സഞ്ചരിക്കുന്നതുപോലെയും ദാനങ്ങളുടെ പ്രവൃത്തി അമ്മയുടെ കയ്യിലിരുന്ന് സഞ്ചരിക്കുന്നതുപോലെയുമാണ്. ദാനങ്ങൾ ഇത്രമേൽ ശ്രേഷ്ഠമായിരിക്കുമ്പോൾ തന്നെയും അത് ദൈവികപുണ്യങ്ങളേക്കാൾ, വിശിഷ്യ ഉപവിയേക്കാൾ ശ്രേഷ്ഠമല്ല എന്ന് തോമസ് അക്വിനാസ് പഠിപ്പിക്കുന്നു. പ്രാർത്ഥിക്കുന്നത് ഈഘട്ടംവരെ ശ്രമകരമായ കാര്യമായിരുന്നുവെങ്കിൽ ഇപ്പോഴത് സ്വഭാവം തന്നെയായിമാറിയിരിക്കുന്നു. ഇന്ദ്രിയനിഗ്രഹങ്ങൾ പരിശ്രമംമൂലം ചെയ്തിരുന്നെങ്കിൽ ഇപ്പോൾ സഹജഭാവമായി മാറിയിരിക്കുന്നു. ക്ലേശകരമായി അഭ്യസിച്ചിരുന്ന എല്ലാ പുണ്യങ്ങളും സ്വാഭാവികമായി ചെയ്യുകയും ആത്മാവ് അവയൊന്നും ശ്രദ്ധിക്കാതെ അവയ്ക്കുമപ്പുറത്തേക്ക് പറന്നുയരുകയും ചെയ്യുന്നു.

ദാനങ്ങളെ പൊതുവെ രണ്ടായി തിരിക്കാം. ബുദ്ധിയെ വിശുദ്ധീകരിക്കുന്നവയെന്നും മനസ്സിനെ വിശുദ്ധീകരിക്കുന്നവയെന്നും. വിവേചനം, ബോധജ്ഞാനം, ബുദ്ധിസാമർത്ഥ്യം, അറിവ് എന്നിവ ബുദ്ധിയെയും ആത്മശക്തി, ഭക്തി ദൈവഭയം എന്നിവ മനസ്സിനെയും വിശുദ്ധീകരിക്കുന്നു.

അറിവ് : അറിവ് എന്നതുകൊണ്ട് വിവക്ഷിക്കുന്നത് ബുദ്ധിയുടെ വ്യാപാരത്താൽ ലഭിക്കുന്ന താത്വികജ്ഞാനമോ വിശ്വാസം വഴി ലഭിക്കുന്ന സത്യങ്ങളെ ബുദ്ധിപൂർവ്വം പഠിക്കുന്ന ദൈവശാസ്ത്ര അറിവോ അല്ല, പ്രത്യുത സൃഷ്ടി കർത്താവിന് സൃഷ്ടികളുമായുള്ള ബന്ധത്തെപ്പറ്റി പ്രതിപാദിക്കുന്ന വിശുദ്ധാത്മാക്കളുടെ ശാസ്ത്രമാണ്. ഇത് വിശ്വാസമെന്ന പുണ്യത്തെ പരിപുഷ്ടമാക്കുന്നു. ഈ ദാനത്തിന്റെ വിഷയം സൃഷ്ടവസ്തുക്കളാണ്. അവയ്ക്ക് സ്രഷ്ടാവിനോടുള്ള ബന്ധം വ്യക്തമാക്കിക്കൊണ്ട് നമ്മെ ദൈവത്തിലേയ്ക്ക് ആകർഷിക്കുന്നു.

ബുദ്ധിസാമർത്ഥ്യം: പരിശുദ്ധാത്മാവിന്റെ പ്രകാശത്താൽ ആവിഷ്കൃത സത്യങ്ങളിൽ നമുക്ക് അഗാധജ്ഞാനം നൽകുന്ന ദാനമാണ് ബുദ്ധിസാമർത്ഥ്യം. അറിവ് സൃഷ്ടവസ്തുക്കളെ മാത്രം സ്പർശിക്കുന്നു. ബുദ്ധിസാമർത്ഥ്യമാകട്ടെ എല്ലാ ആവിഷ്കൃത സത്യങ്ങളേയും പരാമർശിക്കുന്നു. വിശ്വാസരഹസ്യങ്ങളുടെ ആന്തരികാർത്ഥം നമുക്ക് വ്യക്തമാക്കിത്തരുന്നു.

വിവേചനം - നാം എന്താണ് ചെയ്യേണ്ടത് എന്ന് വിഷമകരമായ സാഹചര്യങ്ങളിൽ ഒരു സ്വർഗീയ ദർശനം കൊണ്ടെന്നപോലെ

ഉടനെ ശരിയായി വിധിക്കുവാൻ നമ്മെ സഹായിച്ചുകൊണ്ട് വിവേകമെന്ന പുണ്യത്തെ പൂർണമാക്കുകയാണ്. വിവേകമെന്ന പുണ്യത്തിന് ഭൂതവർത്തമാന ഭാവികാലങ്ങളിലെ അനുഭവങ്ങൾ പരിശോധിക്കേണ്ടതുണ്ടെങ്കിൽ വിവേചനം ഇങ്ങനെ ഒന്നും ചെയ്യുന്നില്ല. എന്താണ് ചെയ്യേണ്ടത് എന്ന് പ. ആത്മാവിൽ നിന്ന് പെട്ടെന്ന് ഗ്രഹിക്കുന്നു. (മത്താ 10:19)

ബോധജ്ഞാനം : ദൈവത്തെ അറിയുന്നതിനും ദൈവിക കാര്യങ്ങളെ അവയുടെ ആരംഭവും അന്ത്യവും ആസ്പദമാക്കി ഗ്രഹിക്കുന്നതിനും നമ്മെ സഹായിക്കുകയും ദിവ്യസത്യങ്ങളിൽ നമുക്ക് അഭിരുചി ജനിപ്പിച്ച് ഉപവിയെ പോഷിപ്പിക്കുന്ന ദാനമാണിത്. എല്ലാ പുണ്യങ്ങളും ഉപവിയിൽ അടങ്ങിയിരിക്കുന്നതുപോലെ എല്ലാ ദാനങ്ങളും ബോധജ്ഞാനത്തിൽ അടങ്ങിയിരിക്കുന്നു.

ദിവ്യസത്യങ്ങളേയും അവയ്ക്ക് പരസ്പരമുള്ള ബന്ധങ്ങളേയും കുറിച്ചാണ് ബുദ്ധിസാമർത്ഥ്യം നമുക്കറിവുനൽകുന്നത്. എന്നാൽ ബോധജ്ഞാനം മറ്റു സത്യങ്ങളുടെ ഉൽപ്പത്തി, പരമാന്ത്യം, എന്നവയെ ആസ്പദമാക്കി നമ്മെ പഠിപ്പിക്കുന്നു. ബുദ്ധിസാമർത്ഥ്യം, ദൈവിക കാര്യങ്ങിൽ നേരിട്ട് അഭിരുചി ജനിപ്പിക്കുന്നില്ല, ബോധജ്ഞാനമാകട്ടെ അവയെ സ്നേഹിക്കാനും നേരിട്ട് ആസ്വദിക്കാനും സഹായിക്കുന്നു.

സൂര്യരശ്മി ഒരേ സമയം ചൂടും പ്രകാശവും നൽകുന്നതുപോലെയാണ് ബോധജ്ഞാനം പ്രവർത്തിക്കുന്നത്. അത് ദൈവത്തെക്കുറിച്ചും സൃഷ്ടവസ്തുക്കളെക്കുറിച്ചും ബുദ്ധിക്ക് പ്രകാശം നൽകുന്നതോടുകൂടി ദൈവിക കാര്യങ്ങളിൽ അഭിരുചി ജനിപ്പിച്ച് മനസ്സിനെ സ്നേഹത്താൽ ജ്വലിപ്പിക്കുകയും ആനന്ദം കൊണ്ട് നിറയ്ക്കുകയും ചെയ്യുന്നു

ഭക്തി : ദൈവത്തോട് പുത്രസഹജമായ സ്നേഹവും അവിടുത്തോട്ട് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന വസ്തുക്കളോടും വ്യക്തികളോടും ബഹുമാനവും വണക്കവും ഉളവാക്കി മതപരമായ കാര്യങ്ങളെ അലൗകീകമായ ആനന്ദത്തോടെ അനുഷ്ഠിക്കാൻ പ്രേരിപ്പിക്കുന്ന ദാനമാണ് ഭക്തി. ക്ലേശകരമായി അനുഷ്ഠിക്കുന്ന ദൈവഭക്തി എന്ന പുണ്യത്തെ പൂർണ്ണമാക്കി അനായാസവും ആനന്ദകരവുമാക്കുകയാണ് ഭക്തി.

ആത്മശക്തി : ഭയലേശം കൂടാതെ വലിയ കാര്യങ്ങൾ സന്തോഷസമേതം ചെയ്യുവാൻ പര്യാപ്തമാംവിധം മനസ്സിന് പ്രേരണയും ശക്തിയും നൽകിക്കൊണ്ട് സ്ഥൈര്യമെന്ന പുണ്യത്തെ പോഷിപ്പിക്കുന്ന ദാനമാണ് ആത്മശക്തി. സ്ഥൈര്യം പ്രയത്നത്താൽ സമ്പാദിക്കാവുന്ന പുണ്യമാണ്, ആത്മശക്തിയാകട്ടെ ദാനമായി നിലകൊ

ള്ളുന്നു.

ദൈവഭയം : പാപത്തെപ്പറ്റിയുള്ള ബോധത്തിൽ നിന്നോ നരക ശിക്ഷയെക്കുറിച്ചുള്ള ചിന്തയിൽ നിന്നോ ഉളവാകുന്ന ഭയമല്ലിത്. പ്രത്യുത പുത്രസഹജമായ പിതാവിന്റെ അഭീഷ്ടം നിറവേറ്റുന്ന ചുമതലാബോധത്തിൽനിന്നുളവാകുന്ന ഭയമത്രെ. ഈ ദാനം ഭരണത്തെയും മിതത്വത്തെയും പൂർണതയിലെത്തിക്കുന്നു. ദൈവത്തിൽ നിന്ന് നമ്മെ അകറ്റുന്ന പാപത്തെപ്പറ്റി ഭീതി ജനിപ്പിച്ചുകൊണ്ട് ശരണത്തെയും പാപകാരണമാകുന്ന സുഖസന്തോഷങ്ങൾ ത്യജിക്കാൻ പ്രേരിപ്പിച്ചുകൊണ്ട് മിതത്വത്തെയും പൂർണ്ണമാക്കുന്നു.

പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സമ്പാദിക്കുന്നതോടുകൂടി നാം ഐക്യത്തിന്റെ മാർഗ്ഗത്തിലേയ്ക്ക് പ്രവേശിക്കുന്നു. കാരണം ദാനങ്ങൾ ദൈവഹിതമെന്തെന്ന് നമ്മെ അറിയിക്കുകയും അവ അനുവർത്തിക്കാൻ നമ്മെ സഹായിക്കുകയും ചെയ്യുന്നു. ഇക്കാരണത്താൽ ദൈവൈക്യത്തിൽ മുന്നേറാൻ അവ സഹായകമാണ്. വിശുദ്ധിക്ക് അനുവാര്യമായി ദാനങ്ങൾ നിലകൊള്ളാൻ കാരണമിതാണ്. വിശുദ്ധിയിലേയ്ക്ക് വളരുന്ന ഒരാത്മാവ് പ്രകടിതമാക്കുന്ന പ്രതികരണങ്ങളാണ് ഫലങ്ങൾ. അവ വിശുദ്ധിയുടെ മാനദണ്ഡങ്ങളായി പരിഗണിക്കപ്പെടാവുന്നവയാണ്. വിശുദ്ധിയിൽ വളരുന്നതനുസരിച്ച് ഫലങ്ങൾ പുറപ്പെടുവിച്ചേ മതിയാവൂ. ഇത്തരം ഫലങ്ങൾ തനിക്കുവേണ്ടി എന്നതിനേക്കാൾ അപരനുവേണ്ടിയുള്ളവയാണ്.

**വിശുദ്ധിയുടെ ഉപരി അഭിഷേകം**

ശുദ്ധീകരണഘട്ടം പിന്നിട്ട് വിശുദ്ധിയിൽ വളർന്ന് ദൈവൈക്യത്തിലേക്ക് പ്രവേശിക്കുന്നതോടുകൂടെ അഭിഷേകത്തിന്റെ പുതിയ മേഖലയിലേക്ക് ആത്മാവ് ഉയരുന്നു. അഭിഷേകത്തിനുവേണ്ടി ദാഹിച്ചുകൊണ്ടാണ് ആത്മാവ് സ്വയം സമർപ്പിക്കുന്നത്. ഇവിടെ അഭിഷേകം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഏതെങ്കിലും അഭിഷേക കർമ്മം വഴി ലഭിക്കുന്ന പ്രത്യേക അനുഗ്രഹത്തെയോ കൗദാശികമായ അഭിഷേകത്തെയോ അല്ല. ആത്മാവിൽ ദൈവം നല്കുന്ന പ്രത്യേക കൃപയെയാണ്. നമ്മുടെ ഭാവന വിശുദ്ധീകരിക്കപ്പെട്ട് സ്വർഗ്ഗീയഭാവനകൾ നിറയുന്നു. സ്വർഗ്ഗീയ ജീവിതം, നിത്യസത്യങ്ങൾ ഭാവനയിൽ സൂക്ഷിക്കപ്പെടുന്നു. ദർശനവരങ്ങൾ സ്വീകരിക്കാൻ ഒരുങ്ങുന്നു.

ബുദ്ധി വിശുദ്ധീകരിക്കപ്പെട്ട് ദൈവികജ്ഞാനം കൊണ്ട് നിറയുന്നു. വിശ്വാസസത്യങ്ങൾ, ദൈവീക രഹസ്യങ്ങൾ ഗ്രഹിക്കാൻ പ്രാപ്തമാകുന്നു. തെറ്റായ ചിന്താരീതികൾ മാറുന്നു.

ഹൃദയം ശുദ്ധീകരിക്കപ്പെട്ട് സ്നേഹം നിറയുന്നു. സ്നേഹരാ

ഹിത്യത്തിന്റെ മുറിവുകൾ മാറി നിരുപാധികസ്നേഹത്തിലേയ്ക്ക് പ്രവേശിക്കാൻ സാധിക്കുന്നു. ദൈവസ്നേഹം സ്വീകരിക്കുന്നു.

മനസ്സ് വിശുദ്ധീകരിക്കപ്പെട്ട് ദൈവത്തിന്റെ തിരുമനസ്സിനോട് ഐക്യപ്പെടുന്നു. സ്വാർത്ഥതാൽപര്യങ്ങൾ, അഹംഭാവങ്ങൾ മാറുന്നു. ദൈവഹിതത്തിന് വിട്ടുകൊടുക്കാൻ കഴിവുകിട്ടുന്നു.

ഓർമ വിശുദ്ധീകരിക്കപ്പെടുന്നതുവഴി ദൈവസാന്നിധ്യസ്മരണയിൽ വളരുന്നു. ഓർമ്മയിലെ കളങ്ങൾ മാറുന്നു.

ഇച്ഛാശക്തി വിശുദ്ധീകരിക്കപ്പെട്ട് ദൈവഹിതം അനുവർത്തിക്കാൻ കഴിവുള്ളതായി മാറുന്നു. നന്മയിൽ ഉറച്ചുനിൽക്കാൻ സ്ഥൈര്യവും ധീരതയും ലഭിക്കുന്നു.

ആത്മാവ് വിശുദ്ധീകരിക്കപ്പെട്ട് പുണ്യങ്ങൾ കൊണ്ട് നിറയുന്നു. വരങ്ങളും ദാനങ്ങളും സ്വീകരിക്കുന്നു.

ശരീരവും പഞ്ചേന്ദ്രിയങ്ങളും വിശുദ്ധീകരിക്കപ്പെട്ട് നിയന്ത്രണവിധേയമാകുന്നു. ദൈവവേലയ്ക്കായി വിട്ടുകൊടുക്കപ്പെടുന്നു. വാക്കുകളുടെ അഭിഷേകമുണ്ട്:- വാക്കുകൾക്ക് അഭിഷേകം കിട്ടിയ വ്യക്തികൾ സംസാരിക്കുമ്പോൾ ജനം ശ്രദ്ധിച്ചു കേൾക്കും. അദ്ദേഹം സംസാരിക്കുന്നത് ആത്മീയ സത്യങ്ങളും ഉൾക്കാഴ്ചകളുമായിരിക്കും. എല്ലാ അഭിഷേകവും അതിന്റെ പൂർണതയിൽ യേശുവിൽ പ്രകടമായിരിക്കുന്നു. കാരണം ദൈവപുത്രൻ എന്ന നിലയിൽ അവിടുന്ന് അഭിഷേകത്തിന്റെ ഉറവിടം തന്നെയാണ്. അഭിഷേകം സിദ്ധിക്കുന്ന ആത്മാക്കൾ യേശുവിൽ പ്രകടമായിരുന്നതുപോലെയുള്ള ഒരു അഭിഷേകത്തിലേക്ക് വളരുകയാണ്. അഭിഷേകത്തിൽ ഉപരി വളരുന്നതനുസരിച്ച് നമ്മുടെ വ്യാപാരങ്ങളിലും ചിന്തയിലും യേശുവിനോടുള്ള ഒരു സമാനത പ്രകടമായിക്കൊണ്ടിരിക്കുന്നു. “ആളുകളെല്ലാം അവന്റെ വാക്കുകൾ കേൾക്കാൻ അടുത്തു വന്നുകൊണ്ടിരുന്നു” എന്ന് യേശുവിനെ കുറിച്ച് നാം വായിക്കുന്നു. അവിടുത്തെ പ്രബോധനം കേൾവിക്കാരെയും ശത്രുക്കളെപ്പോലും അമ്പരപ്പിച്ചു. (ലൂക്കാ 7:14-15; മത്തായി 8:4 ലൂക്കാ 20:39) വാക്കുകളുടെ അഭിഷേകം ആളുകളെ സ്വാധീനിക്കും, മാനസാന്തരത്തിന്റെ സത്ഫലങ്ങൾ ഉളവാക്കും. പത്രോസിന്റെ ആദ്യപ്രസംഗം കേട്ട് മൂവായിരത്തോളം പേർ അന്നുതന്നെ മാനസാന്തരപ്പെട്ടു. (അപ്പ. പ്രവ. 2:41) പിലിപ്പോസിന്റെ വാക്ക് കേട്ട് ഷണ്ഢൻ മാനസാന്തരപ്പെട്ടു.(അപ്പ. പ്രവ. 8:35-39), സമരിയാക്കാരി സ്ത്രീയുടെ വാക്ക് കേട്ട് പട്ടണത്തിലുണ്ടായിരുന്നവരിൽ അനേകർ വിശ്വസിച്ചു; (യോഹ 4:39). അഭിഷേകമുള്ള വാക്കുകൾ അത്ഭുതങ്ങൾ സംഭവിപ്പിക്കുന്നു. അപ്പ. പ്രവ. 9:39 ൽ നാം വായിക്കുന്നു. “അവിടെ ഐനെയാസ് എന്ന ഒരുവനെ അവൻ കണ്ടുമുട്ടി. അവൻ

എട്ടുവർഷമായി തളർവാതം പിടിപെട്ട് രോഗശയ്യയിലായിരുന്നു. പത്രോസ് അവനോട് പറഞ്ഞു. ഐനെയാസേ, യേശു നിന്നെ സുഖപ്പെടുത്തുന്നു. എഴുന്നേറ്റ് കിടക്കു ചുരുട്ടുക. ഉടൻ തന്നെ അവൻ എഴുന്നേറ്റു.'' ഏലിയാ പ്രവാചകൻ ആഹാബിനോട് പറഞ്ഞു: "ഞാൻ സേവിക്കുന്ന ഇസ്രായേലിന്റെ ദൈവമായ കർത്താവാണേ, വരും കൊല്ലങ്ങളിൽ ഞാൻ പറഞ്ഞാൽ അല്ലാതെ മഴയോ മഞ്ഞോ പെയ്യുകയില്ല" (1 രാജാ. 17:1). പ്രവാചകന്റെ വാക്കുകൾ അന്വർത്ഥമായതായി നാം കാണുന്നു. ജോഷ്വാ പറയുന്നു: "സൂര്യാ, നീ ഗിബയോനിൽ നിശ്ചലമായി നിൽക്കുക, ചന്ദ്രാ, നീ അയ്യലോൺ താഴ്‌വരയിലും നിൽക്കുക... സൂര്യൻ നിശ്ചലമായി നിന്നു, ചന്ദ്രൻ അനങ്ങിയതുമില്ല" (ജോഷ്വാ 10:12-13). അഭിഷേകം വാക്കുകൾക്ക് ശക്തിയും ആധികാരികതയും തരുന്നു: "അവരുടെ നിയമജ്ഞരെപ്പോലെയല്ല അധികാരമുള്ളവനെപ്പോലെയാണ് അവൻ പഠിപ്പിച്ചത്" (മത്താ 7:28). അഭിഷേകമുള്ള വാക്കുകൾ വിവേകത്തിന്റെ വാക്കുകളായിരിക്കും, ജ്ഞാനത്തിന്റെ നിദർശനങ്ങളായിരിക്കും. ഉദാഹരണമായി "നിങ്ങളിൽ പാപമില്ലാത്തവർ ഇവളെ കല്ലെറിയട്ടെ" (യോഹ 8 : 7), "സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും നൽകുക" (ലൂക്കാ 20 : 25), എന്നിവ വിവേചനത്തിന്റെ അഭിഷേകം സിദ്ധിച്ച വാക്കുകളായിരുന്നു. അഭിഷേകത്തിന്റെ വാക്കുകൾ അനുസരണത്തിലേയ്ക്ക് എത്തിക്കുന്നു. "എന്നെ അനുഗമിക്കുക" എന്നരുൾചെയ്തപ്പോൾ ലോവി (മത്തായി) യേശുവിനെ അനുഗമിക്കുന്നു. "എന്നെ അനുഗമിക്കുക ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം" എന്ന വാക്കുകേട്ട് പത്രോസും അന്ത്രയോസും യേശുവിനെ അനുഗമിക്കുന്നു. (മത്താ. 4 : 19)

നോട്ടത്തിന്റെ അഭിഷേകമുണ്ട്. അഥവാ അഭിഷേകമുള്ള നോട്ടമുണ്ട്. യേശു പത്രോസിനെ നോക്കവേ അനുതാപക്കണ്ണീർ പൊഴിച്ച് പത്രോസ് മനം നൊന്തുകരഞ്ഞു. അവിടുന്ന് യുവാവിനെ നോക്കി പറയുന്നു: "നിനക്ക് ഒരു കുറവുണ്ട്" അപ്പസ്തോല നടപടിയിൽ നാം കാണുന്നു'' പത്രോസ് യോഹന്നാനോടൊപ്പം അവനെ സൂക്ഷിച്ചു നോക്കികൊണ്ട് പറഞ്ഞു... " (അപ്പ. പ്രവ. 3 : 4). നോട്ടം വിശുദ്ധിയും കാരുണ്യവും സൗഖ്യവും ആശ്വാസവും ആത്മാവിലേയ്ക്ക് സംവേദിപ്പിക്കുമ്പോൾ അത് അഭിഷേകമുള്ളതാണെന്ന് തിരിച്ചറിയുന്നു. സാന്നിധ്യത്തിന്റെയും സ്പർശനത്തിന്റെയും അഭിഷേകമുണ്ട്. "ജനങ്ങളെല്ലാം അവനെ ഒന്നു സ്പർശിക്കാൻ അവസരം പാർത്തിരുന്നു. എന്തെന്നാൽ അവനിൽനിന്ന് ശക്തിപുറപ്പെട്ട് എല്ലാവരെയും സുഖപ്പെടുത്തിയിരിക്കുന്നു" (ലൂക്കാ 6 : 19). കുഷ്ഠ

രോഗിയെ അവന്റെ മുറിവിൽ സ്പർശിച്ചുകൊണ്ട് ഈശോ സൗഖ്യം നൽകുന്നു. (മത്താ. 8 : 4).ധരിക്കുന്ന വസ്ത്രവും ഉപയോഗിക്കുന്ന വസ്തുക്കൾപോലും അഭിഷേകമുള്ളതായിത്തീരുന്നു. രക്തസ്രാവക്കാരി സ്ത്രീ യേശുവിന്റെ വസ്ത്രത്തിന്റെ വെളുമ്പിൽ തൊട്ടപ്പോൾത്തന്നെ സൗഖ്യശക്തി അവളിലേയ്ക്ക് പ്രവേശിക്കുന്നു (ലൂക്കാ 8 : 44). വിശുദ്ധരുടെ തിരുശേഷിപ്പുകളിൽ നിന്ന് അവരുടെ മരണശേഷം നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും സൗഖ്യം ഒഴുക്കുന്ന ദൈവം നൽകുന്ന അഭിഷേകം മനുഷ്യബുദ്ധിക്ക് അഗ്രാഹ്യംതന്നെ.

നിഴലിനുപോലും അഭിഷേകത്തിന്റെ അത്ഭുതസൗഖ്യശക്തി ലഭിക്കുന്നു: "അവർ രോഗികളെ തെരുവീഥിയിൽ കൊണ്ടുവന്ന് കിടക്കയിലും കട്ടിലുകളിലും കിടത്തിയിരുന്നു. പത്രോസ് കടന്നുപോകുമ്പോൾ അവന്റെ നിഴലെങ്കിലും അവരിൽ ഏതാനും പേരുംടെ മേൽ പതിക്കുന്നതിനുവേണ്ടിയായിരുന്നു ഇത്" (അപ്പ. പ്രവ. 5 : 15). മരണത്തിനപ്പുറം അസ്ഥികൾക്കും കല്ലറയ്ക്കും പോലും അഭിഷേകമുളവാകുന്നു. ഏലീഷായുടെ ശവകുടീരത്തിൽ നിന്നും അഭിഷേകം പുറപ്പെടുന്നു. "ഒരുവനെ സംസ്ക്കാരിക്കാൻ കൊണ്ടുപോകവെ, അക്രമിസംഘത്തെക്കണ്ട് അവർ ജഢം ഏലീഷായുടെ കല്ലറയിലേയ്ക്ക് എറിഞ്ഞു. ഏലീഷായുടെ അസ്ഥികളെ സ്പർശിച്ചപ്പോൾ ജഢം ജീവൻ പ്രാപിച്ച് എഴുന്നേറ്റുനിന്നു" (2 രാജാ 13 : 21). സഭയിലെ വിശുദ്ധർ ഈ ലോകജീവിതത്തിനുശേഷം അനേകവർഷങ്ങൾ കഴിഞ്ഞ് ഇന്നും അഭിഷേകമായി നിലകൊള്ളുന്നു.

അഭിഷേകം തലമുറകളിലേയ്ക്ക് അനുഗ്രഹമായി ദൈവം അനുവദിച്ചു നൽകുന്നു. "നിന്റെ മേലുള്ള എന്റെ ആത്മാവും, നിന്റെ അധരങ്ങളിൽ ഞാൻ നിക്ഷേപിച്ച വചനങ്ങളും നിന്റെയോ നിന്റെ സന്താനങ്ങളുടെയോ അവരുടെ സന്താനങ്ങളുടെയോ അധരങ്ങളിൽ നിന്നും ഒരിക്കലും അകന്നുപോവുകയില്ല" (ഏശയ്യ 59 : 21). വിശുദ്ധിയെ ആഗ്രഹിച്ച് ആത്മാവ് കൊതിക്കുന്നത് ഇപ്രകാരമുള്ള അഭിഷേകത്തിനായിട്ടാണ്. അത് ഭൗതീകമായ സമ്പത്തോ സ്ഥാനമാനങ്ങളോ സുഖസമൃദ്ദിയോ കൊണ്ട് സംതൃപ്തമാകുന്നില്ല. ഈ അഭിഷേകത്തിനായി ആത്മാവുണർന്ന് പരിശുദ്ധാത്മാവിനോട് ദാഹിച്ചുകേഴുകയാണ് ചെയ്യേണ്ടുന്നത്.

11

# ദൈവം ആത്മാവിന്റെ ഏക സ്നേഹവിഷയമായി മാറുന്നു

ആത്മാവ് ഈശോയെ സ്നേഹിച്ചു തുടങ്ങുന്നതനുസരിച്ച് ഈ ലോക സന്തോഷങ്ങളൊക്കെയും ആത്മാവിന് മടുപ്പുളവാകും. ദൈവൈക്യം മാത്രമായിത്തീരും അതിന്റെ ഏക അഭിലാഷ വിഷയം. ഇഹലോകത്തിലെ ഭൗതീക നേട്ടങ്ങൾ എത്ര വിലയുള്ളതും മഹത്തരവുമായിരുന്നാലും അതിൽ യാതൊരു താത്പര്യവും ആത്മാവ് പ്രകടിപ്പിക്കുന്നില്ല. ദൈവസ്നേഹത്തിൽ ആത്മാവ് ജ്വലിക്കുന്നു, സ്വയം മറക്കന്നു. ആത്മാവ് തിരിച്ചറിയുകയും അഭിലഷിക്കുകയും ചെയ്യുന്ന സത്യമിതാണ്. "സ്വർഗ്ഗത്തിൽ അങ്ങല്ലാതെ ആരാണ് എനിക്കുള്ളത് ? ഭൂമിയിലും അങ്ങയെ അല്ലാതെ ഞാനാരെയും ആഗ്രഹിക്കുന്നില്ല" (സങ്കീ 73 : 25) "ദൈവമല്ലാതെ മറ്റെന്തിലെങ്കിലും സംതൃപ്തിയടയുന്നുണ്ടോ എന്നതാണ് ഒരാൾ ദൈവത്തെ യഥാർത്ഥത്തിൽ സ്നേഹിക്കുന്നുണ്ടോ എന്നറിയാനുള്ള മാനദണ്ഡം"

(കുരിശിന്റെ വി. യോഹന്നാൻ). "ലോകത്തിലെ സുഖസന്തോഷങ്ങൾ, ഐന്ദ്രിക സുഖസംതൃപ്തികൾ, ആദ്ധ്യാത്മികാനന്ദ മാധുര്യങ്ങൾ ഇവയൊന്നും തന്നെ സംതൃപ്തിപ്പെടുത്താൻ പര്യാപ്തമല്ല എന്നും ആകയാൽ ദൈവത്തെ സംപൂർണ്ണമായി സ്വന്തമാക്കണമെന്നും ആത്മാവ് തിരിച്ചറിയുന്നു" (കുരിശിന്റെ വി. യോഹന്നാൻ)

ആത്മീയ വരങ്ങളും ദർശനങ്ങളും സ്വർഗം പോലും ആത്മാവിന്റെ അഭിലാഷ വിഷയമല്ലാതാവുകയും ദൈവം മാത്രം സ്നേഹവിഷയമാവുകയും ചെയ്യുന്നു. ദൈവത്തെപ്രതി മാത്രം ദൈവത്തെ സ്നേഹിക്കുന്ന അവസ്ഥയിൽ ആത്മാവ് എത്തിച്ചേരുന്നു. ആത്മാവിന്റെ കണ്ണും കാതും ശ്രദ്ധ മുഴുവനും ഈശോയിൽ മാത്രമായി കേന്ദ്രീകൃതമാകുന്നു. ആത്മാവ് സങ്കീർത്തകനോടുചേർന്നു പറയും. "എന്റെ കണ്ണുകൾ സദാ കർത്താവിങ്കലേക്ക് തിരിഞ്ഞിരിക്കുന്നു" (സങ്കീ 25:15). "ദൈവത്തെ കൂടുതൽ അറിയുംതോറും ഇനിയും തങ്ങൾ അറിയാനുള്ളത് അനന്തമാണ് എന്ന് ജ്ഞാനികൾ അറിയുന്നു. അല്പംമാത്രം ദൈവത്തെ ദർശിച്ചവർക്ക് തങ്ങൾ ദർശിക്കാതിരിക്കുന്നത് എന്തുമാത്രമാണെന്ന് കൂടുതൽ ദർശിക്കുന്നവരോളം വ്യക്തമായി കാണാൻ കഴിയുന്നില്ല" (കു. വി. യോഹന്നാൻ). ഇതാണ് ദൈവാനുഭവത്തിലെ സത്യം.

ഈ അവസ്ഥയിൽ ഈശോ ആത്മാവിന് 'പൂർണത' യിൽ സ്വീകരിക്കാൻ പറ്റുംവിധം കൂടുതൽ കൂടുതലായി വെളിപ്പെടുത്തുന്നു. ഈശോ ആത്മാവിനെ സ്വന്തമാക്കുന്നു. ദൈവസ്നേഹത്തിന്റെ നിറവിൽ ആത്മാവ് സ്വയം ബലിയാകാൻ തുടിക്കുന്നു. "രക്തസാക്ഷി ഹൃദയം" രൂപപ്പെടുന്നു.

സ്നേഹം സ്നേഹത്തിന്റെ ഉറവിടമായ ദൈവത്തിൽ മാത്രം കേന്ദ്രീകരിക്കപ്പെടണം. സ്ഥിരവും സുനിശ്ചിതവുമായ ഒരു സ്നേഹത്താൽ ദൈവത്തെ സ്നേഹിക്കണം. ഇതാണ് സ്നേഹത്തിന്റെ ആത്മീയ തത്വം. ഈശോയാണ് സ്നേഹത്തിന് ഏറ്റവും യോഗ്യമായ വിഷയവും വ്യക്തിയുമെന്ന് ആത്മാവ് അവസാനം കണ്ടെത്തുന്നു. ഈശോയെ ഈശോയെ പ്രതി സ്നേഹിക്കുക എന്ന തലത്തിലേയ്ക്ക് ആത്മാവ് പറന്നുയരുന്നു. കുരിശിന്റെ വി. യോഹന്നാൻ പറയുന്നത് കേൾക്കുക: "ദൈവമേ, നരകത്തെ ഭയന്നാണ് ഞാൻ അങ്ങയെ സ്നേഹിക്കുന്നതെങ്കിൽ എന്നെ അതിലേയ്ക്ക് തള്ളിയിടുക. സ്വർഗ്ഗത്തോടുള്ള സ്നേഹം കൊണ്ടാണെങ്കിൽ എന്റെ മുൻപിൽ അതിന്റെ വാതിൽ അടച്ചേക്കുക. അങ്ങയോടുള്ള സ്നേഹം കൊണ്ടാണെങ്കിൽ എന്നെ അങ്ങ് ആശ്ലേഷിക്കുക". ആത്മാവിന് ഒരു സ്നേഹവിഷയം ആവശ്യമാണ്. അത് ക്രമേണ

ആത്മാവിന് ഉടമയായി മാറുന്നു. ഇത് സ്വാഭാവിക തത്വം. ആത്മാവ് ദൈവത്തെ യഥാവിധി സ്നേഹിക്കുന്നുണ്ടോ  എന്ന് കൃത്യമായി അറിയാനുള്ള ലക്ഷണമിതാണ്. ആത്മാവിന് ദൈവം ഏക സ്നേഹ വിഷയമാണെങ്കിൽ അതിന്റെ ഹൃദയം സ്വന്തം ഉടമസ്ഥതയിലായിരിക്കുകയില്ല. ഹൃദയം എത്രയധികം സ്വപക്ഷത്തായിരിക്കുന്നുവോ അത്രയും കുറച്ചുമാത്രമേ അതിൽ ദൈവത്തിന് സ്വാധീനമുണ്ടായിരിക്കുകയുള്ളൂ. ഈശോ ഏക സ്നേഹവിഷയമായിത്തീരുമ്പോൾ ആത്മാവിന്റെ അനുഭവം സ്വർഗ്ഗീയാനുഭവം തന്നെ. ദൈവം അതിനെ പൂർണ്ണതയിൽ പ്രകാശിപ്പിക്കുന്നു. "നഗരത്തിന് പ്രകാശം നൽകാൻ സൂര്യന്റേയോ ചന്ദ്രന്റേയോ ആവശ്യമുണ്ടായിരുന്നില്ല. ദൈവതേജസ്സ് അതിനെ പ്രകാശിപ്പിച്ചു. അതിന്റെ ദീപം കുഞ്ഞാടാണ്" (വെളി. 21 : 23). "ദൈവത്തെ എന്നിലേക്ക് ആകർഷിക്കുന്നത് എന്നിലെ അറിവല്ല എന്നിലെ സ്നേഹമാണ്. അഗ്നി അഗ്നിയെ ഉജ്വലിപ്പിക്കുന്നതുപോലെ സ്നേഹം സ്നേഹത്തെ ഉജ്ജ്വലിപ്പിക്കുന്നു. ഉപരിയായ സ്നേഹമതൊന്നുകൊണ്ടുമാത്രം ആത്മാവ് ദൈവത്തെ പ്രീതിപ്പെടുത്തുന്നു, വശീകരിക്കുന്നു.

ഈശോയുടെ സ്നേഹം ആസ്വദിച്ചും ഈശോയെ മാത്രം സ്നേഹിച്ചും വളരുന്ന ഒരാത്മാവിന് ഇനി ഒറ്റ ചിന്തയേയുള്ളൂ. കൂടുതലായി ആ സ്നേഹത്തിന്റെ ആഴങ്ങളിലേയ്ക്കെത്താൻ ഞാനിനി എന്തു ചെയ്യണം? സ്നേഹത്തിന്റെ കലവറ കൺമുൻപിൽ തുറക്കപ്പെട്ടിരിക്കുന്നതായി ആത്മാവ് കാണുന്നു. സ്നേഹത്തിന്റെ ശാശ്വത പ്രവാഹത്തിനരികെ എത്തിയിരിക്കുന്നെന്നോ, സ്നേഹസാഗരത്തിൽ താനും നീന്തിത്തുടിക്കുന്നെന്നോ ആത്മാവ് അനുഭവിച്ചു തുടങ്ങുന്നു. അത് ആത്മാവിന് ആനന്ദനിറവായിത്തീരുന്നു. ഇനിയും എന്തൊക്കെ ഞാനുപേക്ഷിക്കണം, എന്തൊക്കെ ഞാൻ വില്ക്കണം ഈ നിധി സ്വന്തമാക്കാൻ എന്ന വ്യഗ്രതയിലായിരിക്കുന്നു ആത്മാവ്. സ്നേഹത്തെപ്രതി ഉപേക്ഷിച്ചതൊന്നും പോരാ, സ്നേഹത്തെ പ്രതി ചെയ്തു കൂട്ടിയതൊന്നും പോരാ, സ്നേഹത്തെ പ്രതി അദ്ധ്വാനിച്ചതൊന്നും പോരാ, സ്നേഹത്തെ പ്രതി നഷ്ടപ്പെടുത്തിയതൊന്നും പോരാ, ഇത്യാദി ചിന്തകളാൽ ആത്മാവ് ഒരേ സമയം നൊമ്പരപ്പെടുകയും ഒപ്പം സ്നേഹത്തിന്റെ ആനന്ദ ലഹരിയിലാഴുകയും ചെയ്യുന്നു.

ലോകം മുഴുവൻ സ്വന്തമാക്കാൻ പ്രകടിപ്പിച്ച വ്യഗ്രത ഇപ്പോൾ പതിന്മടങ്ങായി വർദ്ധിച്ച് ലോകം മുഴുവൻ ഉപേക്ഷിക്കാനുള്ള വ്യഗ്രതയായി മാറുന്നു. ലോകം മുഴുവൻ നേടാൻ കൊതിച്ചപ്പോൾ അനുഭവിച്ച സുഖസന്തോഷം ഇപ്പോൾ സ്നേഹത്തെപ്രതി എല്ലാം ത്യജിച്ചപ്പോൾ അതിരറ്റ ആനന്ദമായി മാറിയിരിക്കുന്നു. ഇങ്ങനെ

'സ്നേഹം' 'സ്നേഹത്തെ' കണ്ടുമുട്ടിയപ്പോൾ – മനുഷ്യാത്മാവ് ദൈവത്തെ കണ്ടുമുട്ടിയപ്പോൾ – അത് അതിന്റെ പൂർണ്ണത നുകരുന്നു. മനുഷ്യാത്മാവ് അതിന്റെ അസ്ഥിത്വത്തിന്റെ സാക്ഷാത്ക്കാരം പ്രാപിക്കുന്നു. ആരെ കൊതിക്കും വിധമാണോ താൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് അതാണ് ഈശോ എന്നറിയുന്നു. ആരുടെ പൂർണ്ണതയിലേയ്ക്ക് നോക്കി വളരാനാണോ വിളിക്കപ്പെട്ടിരിക്കുന്നത് അതാണ് ഈശോ എന്ന് തിരിച്ചറിയുന്നു. ആരാൽ താൻ രക്ഷിക്കപ്പെടുകയും ആര് തന്നെ സ്വന്തമാക്കിയോ അവൻ തന്നെയാണ് ഈശോ എന്ന് ആത്മാവ് തിരിച്ചറിയുന്നു. ആർക്കായി ഉള്ളം തുടിച്ചുവോ അവനാണ് ഈശോ എന്ന സത്യം ഗ്രഹിക്കുന്നു.

ഈശോയെ കണ്ടെത്തിയ ഒരാത്മാവ് തനിക്ക് ഏറ്റം ഉറപ്പുള്ള സ്നേഹിതനെ കണ്ടെത്തിയിരിക്കുന്നു. തന്റെ പ്രകൃതി എന്താഗ്രഹിക്കുന്നുവോ, തന്റെ അസ്തിത്വം എന്തിനായി ദാഹിക്കുന്നുവോ അതാണ് ഈശോ എന്ന് തിരിച്ചറിയുന്നു. ദൈവത്തിന്റെ ഇഷ്ടം, ഈശോയുടെ സാന്നിധ്യം, ആത്മാവിന് കയ്പല്ല, അത് തന്റെ അത്യന്തിക ഇഷ്ടം തന്നെയാണെന്ന് ആത്മാവറിയുന്നു. ലോകമോഹങ്ങളുടെയും ലൗകീക സ്നേഹങ്ങളുടെയും പിന്നാലെ ഓടിയ നാളുകളിലെല്ലാം ഈശോയുടെ സാന്നിധ്യം ആത്മാവിന് കയ്പാണെന്ന തെറ്റിദ്ധാരണയിലായിരുന്നു. ഇപ്പോഴാകട്ടെ ഈശോ എന്റെ ആന്ദമായിരിക്കുന്നു എന്ന അവസ്ഥയിൽ ആത്മാവ് ഏറ്റം സൗഭാഗ്യവതിയായിത്തീരുന്നു. ആത്മാവ് ഇപ്രകാരം ഉദ്ഘോഷിക്കുന്നു. "ദൈവത്തോട് ചേർന്നു നില്ക്കുന്നതാണ് എന്റെ ആനന്ദം" (സങ്കീ 73 : 28)

"ആത്മാവിന്റെ ഇന്ദ്രിയങ്ങൾ ദൈവത്തോട് സ്നേഹം മുഖേന യോജിച്ചിരിക്കുന്നു" എന്ന അവസ്ഥ ആത്മാവ് പ്രാപിക്കുന്നു. തിയറിയിലെ വില്യം പഠിപ്പിക്കുന്നു. "ഒരു മനുഷ്യാത്മാവിന്റെ ഏറ്റം സുരക്ഷിതമായ അവസ്ഥ അത് സ്നേഹത്തിൽ ദൈവവുമായി ഒന്നായിരിക്കുന്ന അവസ്ഥയാണ്. ഇതര പുണ്യങ്ങൾ വിശ്വാസം, എളിമ, ഒന്നും ഇത്ര സുരക്ഷിതത്വം ഉറപ്പു തരുന്നില്ല. ഇവിടെ ജ്ഞാനം ആത്മാവിനെ വഴി നടത്തും. സ്നേഹശക്തി ധൈര്യവും സ്ഥൈര്യവും തരും. ആത്മാവ് ദൈവത്തോടു ചേർന്നു നില്ക്കുന്നതിനാൽ നിർഭയമായിരിക്കും. സ്നേഹം നിറഞ്ഞിരിക്കുന്നതിനാൽ വീഴില്ല. വീണാലും വീഴ്ചയാകില്ല".

ഒരിക്കൽ താൻ കടന്നുവന്ന ഏകാന്തതയുടെ യാമങ്ങളിൽ, 'ആത്മീയാന്ധകാരം' നിറഞ്ഞിരുന്നു എന്നുകരുതി ആത്മാവ് ഇങ്ങനെ വിലപിച്ചിരുന്നു: "അവിടുത്തെ കരുണ എന്നേയ്ക്കുമായി നിലച്ചുവോ? അവിടുത്തെ വാഗ്ദാനങ്ങൾ എന്നേക്കുമായി അവ

സാനിച്ചുവോ? കൃപകാണിക്കാൻ ദൈവം മറന്നുപോയോ? അവിടുന്ന് കോപത്താൽ തന്റെ കരുണയുടെ വാതിൽ അടച്ചുകളഞ്ഞുവോ? അത്യുന്നതന്റെ ശക്തി പ്രകടമാകാത്തതാണ് എന്റെ ദു:ഖകാരണം" (സങ്കീ 77:8-10). ആത്മാവ് നൊമ്പരപ്പെട്ട് ആവലാതിപ്പെട്ടിരുന്നു. "സ്നേഹിതരെയും അയൽക്കാരെയും അങ്ങ് എന്നിൽ നിന്ന് അകറ്റിയിരിക്കുന്നു. അന്ധകാരം മാത്രമാണ് എന്റെ സഹചരൻ" (സങ്കീ 88 : 18). എന്നാലിന്നോ സ്നേഹസൂര്യൻ കൂടുതൽ തേജോമയനായി ആത്മാവിന് പ്രകാശകിരണം അയച്ചുകൊടുത്തിരിക്കുന്നു. അങ്ങനെ സ്നേഹത്തിൽ ഈശോയോട് ഒട്ടിച്ചേർന്ന ആത്മാവ് തന്റെ ജീവിതാനുഭവങ്ങളെയെല്ലാം ദിവ്യസ്നേഹത്തിന്റെ വെളിച്ചത്തിൽ വീക്ഷിക്കാൻ പഠിച്ചു കഴിഞ്ഞിരിക്കുന്നു. അതോടെ ദൈവസന്നിധിയിൽ ആത്മാവ് ഇങ്ങനെ പ്രാർത്ഥന ഉതിർക്കും. "സ്നേഹത്തിന്റെ ഉറവിടമായ ഈശോയെ, ഞാൻ മറ്റാരിലും നിന്ന് സ്നേഹമന്വേഷിക്കാതെയും ആശ്വാസം തേടാതെയും അങ്ങയുടെ തിരുമടിയിൽ ഓടി വന്നിരിക്കേണ്ടതിനും ആ ദിവ്യമായ സ്നേഹത്തിൽ ഉറയ്ക്കുന്നതിനും അങ്ങയുടെ തിരുമുഖത്തേയ്ക്ക് മാത്രം നോക്കിയിരിക്കേണ്ടതിനും വേണ്ടി ഞാൻ ഇഷ്ടപ്പെട്ടിരുന്ന സ്നേഹിതരെയെല്ലാം എന്നിൽനിന്നും നീ അകറ്റി. അവരൊക്കെയും പലവിധ മുറിവുകൾ സമ്മാനിച്ച് അകന്നപ്പോൾ എന്നെ സ്വന്തമാക്കാനുള്ള അങ്ങയുടെ പദ്ധതി വിജയിക്കുകയായിരുന്നുവല്ലോ. ആ തിരിച്ചറിവ് എന്നെയിപ്പോൾ ആശ്വസിപ്പിക്കുകയും ആനന്ദഭരിതനാക്കുകയും ചെയ്യുന്നു. ഞാൻ വിലപ്പെട്ടവയെന്നു കരുതി എന്റെ അന്തരംഗം സ്വന്തമാക്കാൻ കൊതിച്ച എല്ലാറ്റിനെയും ഏങ്ങ് ബലമായി പിടിച്ചകറ്റി. അങ്ങയുടെ 'ക്രൂരമായ' ഈ പ്രവൃത്തി എന്തിനെന്ന് ഇപ്പോൾ എന്റെ ആത്മാവ് തിരിച്ചറിയുന്നു. അങ്ങു മാത്രമാണ് എന്റെ ആത്മാവിനാനന്ദവിഷയം എന്ന് എന്നെ ബോധ്യപ്പെടുത്തി വളർത്തുകയായിരുന്നല്ലോ അങ്ങ് ചെയ്തത്. അങ്ങ് അനുവദിച്ചുതരുന്ന ഇത്തരം മധുരിക്കുന്ന നൊമ്പരങ്ങൾ ഇനിയും എന്റെ ആത്മാവിന് ആവശ്യമെന്നു തോന്നുന്നപക്ഷം നൽകാൻ മടിക്കരുതേ. ദൈവീക ജ്ഞാനത്തിൽ മാത്രം ആശ്രയിക്കേണ്ടതിന് എനിക്കനുവദിച്ചുതരുന്ന ഇരുണ്ട രാത്രികളുടെ ദൈർഘ്യം ആവശ്യമെങ്കിൽ ഇനിയും വർദ്ധിപ്പിച്ചുകൊള്ളുക. അതൊക്കെയും അങ്ങയുടെ സ്നേഹത്തിന്റെ മറ്റൊരു രീതിയാണല്ലോ. എല്ലാവരേയും എനിക്കുതന്ന അങ്ങു തന്നെയാണ് എല്ലാവരേയും എന്നിൽ നിന്ന് പറിച്ചകറ്റിയത്. അങ്ങ് "നൽകുന്നവൻ" മാത്രമല്ല "തിരിച്ചെടുക്കുന്നവനു"മാണെന്ന തിരിച്ചറിവ് എനിക്ക് മധുരിക്കുന്ന നൊമ്പരമേകുന്നു. അങ്ങയെ വിസ്മരിക്കാൻ പ്രേരിപ്പിക്കുന്ന എന്റെ 'നല്ല' കളിപ്പാട്ട

ങ്ങളും അക്കൂട്ടത്തിലുണ്ടായിരുന്നു. എനിക്ക് അനിവാര്യമാണെന്നും അവയൊക്കെ കൂടാതെയുള്ള ലോകജീവിതം ബോറടിപ്പിക്കുന്ന തുമാണെന്ന് കരുതി കാത്തുസൂക്ഷിച്ചവയും അക്കൂട്ടത്തിലുണ്ടായി രുന്നു. അങ്ങ് ആരെയൊക്കെ സ്വന്തമാക്കുന്നുവോ അവരോടൊ ക്കെയുള്ള അങ്ങയുടെ ദാക്ഷണ്യമില്ലാത്ത പെരുമാറ്റ രീതി ഇങ്ങ നെതന്നെ. ഇവയൊക്കെ അങ്ങ് എന്നിൽ നിന്നകറ്റിയത് അങ്ങേയ്ക്ക് അവയെ ആവശ്യമുണ്ടായിരുന്നതുകൊണ്ടല്ല എന്നെ അങ്ങേയ്ക്ക് ആവശ്യമുള്ളതുകൊണ്ടാണെന്നും എന്നോടുള്ള സ്നേഹമൊന്നു കൊണ്ടുമാത്രമാണെന്നും ഞാൻ മറക്കാതിരിക്കട്ടെ. ആ ബോധ്യം എന്നെ നന്ദിയുള്ളവനാക്കിത്തീർക്കട്ടെ. അവയെക്കുറിച്ചുള്ള താത്പ ര്യങ്ങളും ഓർമ്മകളും കൊണ്ട് അങ്ങയുടെ തിരുമുഖത്തുനിന്നും ശ്രദ്ധമാറ്റി ജീവിതവും സമയവും ഞാൻ പാഴാക്കുന്നതുകണ്ട് അങ്ങേയ്ക്ക് എന്നോടുള്ള അതിരറ്റ സ്നേഹവും അനുകമ്പയും കൊണ്ട് ഇവയൊക്കെ എനിക്കനുവദിച്ചുതന്നു. എന്നാൽ അങ്ങോ, എന്നിൽനിന്ന് പറിച്ചകറ്റിയവയൊക്കെയും പുതിയ ഭാവത്തിൽ വിശു ദ്ധീകരിച്ച് പതിന്മടങ്ങ് വർദ്ധിപ്പിച്ച് എനിക്കു നൽകുന്നവനുമാണെന്ന സത്യം എന്നെ വിസ്മയിപ്പിക്കുന്നു."

ഭക്താത്മാക്കളെ ആമോദിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കു ന്നതിനും വേണ്ടി ദൈവം അവരെ സന്ദർശിക്കാറുണ്ട്. അനന്തരം തന്റെ അസാന്നിധ്യത്തിന്റെ ആകുലതയാൽ അവരെ പരിശോധി ക്കുന്നതിനും വിനീതരാക്കുന്നതിനും പഠിപ്പിക്കുന്നതിനും വേണ്ടി മറഞ്ഞുപോകുന്നതും അപൂർവ്വമല്ല ഇപ്രകാരം സംഭവിക്കുമ്പോൾ ആത്മാവിന്റെ അല്ലൽ കുരിശിന്റെ വി. യോഹന്നാൻ പ്രകടമാക്കു ന്നു.

"എങ്ങുനീ ഒളിച്ചെന്നെ കേഴുവാൻ വിട്ടു നാഥാ?
എന്നെ ഹാ! മുറുവേല്പിച്ചോടി നീ മാനെന്നപോൽ
കരഞ്ഞു വിളിച്ചു ഞാൻ പുറകേ പുറപ്പെട്ടു
തിരിഞ്ഞുനോക്കാതെ നീ ദൂരവേയകന്നുപോയ്"

ആത്മാവിനെ ഈശോ കൈവിട്ടോ എന്നു തന്നെയും സംശയ മുയരാം. "കവർന്ന ശേഷമെന്തേ കൈവശം സൂക്ഷിക്കാത്തൂ?" ദൈവം സ്നേഹത്താൽ ആത്മാവിനെ കവർന്നെടുത്ത് സ്വന്തമാക്കി എന്നു തോന്നിയിട്ടും എന്തുകൊണ്ട് കൈവിട്ടിരിക്കുന്നു എന്നതാണ് ഇത്തരുണത്തിൽ ആത്മാവിന്റെ ആശങ്ക.

ഇനിയും ഏറെ വൈകാതെ ഈശോയുടെ കൂടെ നടക്കുന്ന ഒരാത്മാവ് മനസ്സിലാക്കും തന്റെ ബലഹീനതകളും വീഴ്ചകളും പോലും അവിടുന്ന് സ്നേഹത്താൽ ന്യായീകരിക്കുന്നുവെന്ന്. ധാന്യ ക്കതിരുകൾ പറിച്ചുതിന്ന ശിഷ്യർ നിയമത്തിന്റെ കണ്ണുകളിൽ കുറ്റ

ക്കാരായിരുന്നിട്ടും അവിടുന്ന് ന്യായീകരിച്ചു. ഉപവസിക്കാതിരുന്ന ശിഷ്യരെ, ഭക്ഷണം കഴിക്കുന്നതിനു മുൻപ് കൈ കഴുകാതിരുന്ന വരെ ഈശോ ന്യായീകരിക്കുന്നു. കൂടെ നടന്നു സ്നേഹിച്ചവരെ വീഴ്ചയിൽ പഴിക്കാതെ കൊണ്ടുനടക്കുന്നു. അതും ഈശോയുടെ സ്നേഹത്തിന്റെ പുതിയ മുഖമായി ആത്മാവ് അനുഭവിക്കുന്നു. ആത്മാവിന്റെ കഴിഞ്ഞകാല വീഴ്ചകളെ ന്യായീകരിക്കുന്നവൻ കൂടി യാണ് ഈശോ. തന്നെ ക്രൂശിച്ചവരെപ്പോലും പിതാവിന്റെ സന്നി ധിയിൽ ന്യായീകരിച്ചുകൊണ്ട് അറിവില്ലായ്മയാലാണ് ഇവരിത് ചെയ്യുന്നത് (ആകയാൽ ഗൗരവതരമല്ല) ക്ഷമിക്കണേ പിതാവേ എന്നു പറഞ്ഞെങ്കിൽ സ്നേഹത്താലെരിയുന്ന ഓരോ ആത്മാവി ന്റെയും വീഴ്ചകളെ എത്രയധികമായി ഈശോ ന്യായീകരിക്കാതി രിക്കയില്ല!

ദൈവത്തിൽ ദൃഷ്ടിയുറപ്പിക്കുന്ന ആത്മവ് ദൈവദാനങ്ങളിലും വരങ്ങളിലും ആനന്ദം കണ്ടെത്തുന്നതിനു പകരം അവയെ 'നിരാ കരിക്കുകയും' അവയ്ക്കുപരി ദൈവത്തിങ്കലേയ്ക്ക് മുഴുശ്രദ്ധയും കേന്ദ്രീകരിക്കുകയും ചെയ്യുന്നു. "നശിച്ചാലും രക്ഷിക്കപ്പെട്ടാലും അവിടുത്തെ സ്നേഹത്തിനു വേണ്ടി ജീവിക്കുക എന്നത് ഏക ആഗ്രഹമാകുന്നു" എന്ന് ബ്രദർ ലോറൻസ്.

"പരിപൂർണ്ണ സ്നേഹം" അഭ്യസിക്കാൻ ആത്മാവ് പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. പരിപൂർണ്ണ സ്നേഹം അഭ്യസിക്കാനുള്ള മാർഗ്ഗങ്ങൾ ആവിലായിലെ വി. അമ്മ ത്രേസ്യ നിർദ്ദേശിക്കുന്നത് ശ്രദ്ധിക്കുക.

1. ആത്മീയ സ്നേഹമൊഴികെ മറ്റെല്ലാ സ്നേഹപ്രകടനങ്ങളും നിഷ്പ്രയോജനങ്ങളും ഹാനികരവുമാണെന്ന് തിരിച്ചറിയുന്നു. മറ്റു ള്ളവർ തങ്ങളെ സ്നേഹിക്കുന്നത് കർത്താവ് തങ്ങളെ സ്നേഹി ക്കുന്നതുകൊണ്ടാണ് എന്നുഗ്രഹിച്ച് അതിന്റെ കടപ്പാട് കർത്താ വിൽ അവർ കാണുന്നു.

2. പുണ്യപൂർണതയുടെ മാർഗ്ഗത്തിൽ നമ്മെ സഹായിക്കുന്ന വരൊഴികെ മറ്റുള്ളവർ നമ്മെ സ്നേഹിക്കണമെന്ന് ആഗ്രഹിക്കാ തിരിക്കുന്നു.

3. ജഢവും ലോകവും എത്ര സുന്ദരമായിരുന്നാലും അതിനെ അലങ്കരിക്കുന്ന ഗുണവിശേഷങ്ങൾ എത്ര മഹത്തരമെന്നുതോന്നി യാലും അതിൽ ശ്രദ്ധപതിപ്പിക്കാതെ അവയുടെ കാഴ്ചയിൽ നിന്നു ളവാകുന്ന ആഹ്ലാദം ദൈവസ്തുതിപ്പിനായി ചിലവഴിക്കുന്നു.

4. പ്രതിസ്നേഹത്തിന്റെ പേരിൽ മുൻപ് ഉണ്ടായിട്ടുള്ള പ്രശ്ന ങ്ങൾ എത്രയോ ബാലിശം എന്ന് ഗ്രഹിച്ച് പിൻമാറുന്നു. പ്രതി സ്നേഹം ആഗ്രഹിക്കുന്ന വ്യക്തി അത് ശേഖരിക്കാൻ വ്യഗ്രത

കാണിച്ചു തുടങ്ങും. ദൈവത്തെ സ്നേഹിക്കുക, ദൈവത്താൽ സ്നേഹിക്കപ്പെടുക എന്നതുമാത്രമാണ് പരിപൂർണ്ണസ്നേഹം.

5 സ്നേഹം സ്വീകരിക്കുന്നതിനേക്കാൾ സ്നേഹം കൊടുക്കാൻ വ്യഗ്രചിത്തരാവുന്നു, സ്രഷ്ടാവിന്റെ നേർക്കുപോലും അങ്ങനെ തന്നെ ആയിരിക്കട്ടെ.

6. ആരെ സ്നേഹിക്കുന്നുവോ അവരെല്ലാം ആത്മീയ-സ്വർഗ്ഗീയ അനുഗ്രഹങ്ങളാൽ സമ്പന്നമായി കാണണമെന്നുമാത്രമാണ് പരിപൂർണസ്നേഹം അഭ്യസിക്കുന്നയാളുടെ ആഗ്രഹം.

7. മറ്റുള്ളവർ സഹിക്കാതെ നാം തന്നെയും സഹിക്കാൻ പരിപൂർണ്ണ സ്നേഹം നമ്മെ പ്രാപ്തരാക്കുന്നു. പരിപൂർണ്ണസ്നേഹത്തിൽ മിത്രങ്ങളുടെ നേർക്ക് പൊയ്മുഖമണിഞ്ഞുള്ള പെരുമാറ്റരീതി ഉണ്ടാവുകയില്ല. തെറ്റുകൾ തിരുത്തും. അവരുടെ തെറ്റുകളെ താങ്ങിപ്പറയുകയില്ല. കുറ്റങ്ങൾ ചൂണ്ടിക്കാണിക്കാൻ മടിക്കുകയില്ല. അങ്ങനെ ഒന്നുകിൽ മിത്രങ്ങൾ നന്നാകും അല്ലെങ്കിൽ അവർ മൈത്രി ഉപേക്ഷിക്കും.

8. ഹൃദയത്തിൽ ദൈവത്തിനുമാത്രം ഇരിപ്പിടം കൊടുക്കുന്നു. സ്നേഹിതർ, ഉപകാരികൾ, ബന്ധുക്കൾ ഇവരെ കാണാൻ ആഗ്രഹമുണ്ടാകുമ്പോൾ നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി കർത്താവിൽ നിന്ന് ആത്മീയ സ്വാതന്ത്ര്യം പ്രാപിച്ചെന്ന് ബോധ്യം വരുന്നതുവരെയും കാണാതിരിക്കുന്നു. (ഇത് സന്യാസജീവിതത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കൂടിയാണ് എന്നത് ശ്രദ്ധേയമാണ്)

9. നാം സ്വയം നീതികരിക്കുകയും വാദിക്കുകയും ചെയ്യുന്നില്ലെങ്കിൽ നമുക്കായി വാദിക്കാൻ ആരുമുണ്ടാവില്ല എന്ന് കരുതരുത്. ശെമയോന്റെ പൂമേടയിലും, മാർത്താ കുറ്റപ്പെടുത്തിയപ്പോഴും ഈശോ മറിയത്തെ ന്യായീകരിച്ചതോർക്കുക. കല്ലെറിയാൻ കൊണ്ടുവരപ്പെട്ട വ്യഭിചാരിണിയെ ഈശോ സംരക്ഷിച്ചതോർക്കുക.

10. തെറ്റുചെയ്തിട്ടും, അന്യായമായ കുറ്റാരോപണങ്ങൾ ഉണ്ടാകുമ്പോൾ പ്രതികരിച്ചിട്ടും "ഞങ്ങൾ പുണ്യവാന്മാരൊന്നുമല്ല; പച്ചമനുഷ്യരാണ്, മാലാഖയല്ല" എന്നീ നീതീകരണങ്ങൾ നടത്തുന്നത് പരിപൂർണ്ണസ്നേഹാഭ്യസനത്തിന് തടസ്സമാണ്.

"എനിക്ക് ദൈവത്തെ മാത്രം മതി, ഞാൻ പൂർണ്ണമായും ദൈവത്തിന്റേതുമാത്രമായിരിക്കുന്നു" എന്ന അനുഭവമാണ് ഈ തലത്തിൽ ആത്മാവ് സ്വന്തമാക്കുന്നത്.

പരിപൂർണ്ണ സ്നേഹത്തെക്കുറിച്ച് കുരിശിന്റെ വി. യോഹന്നാൻ ഉപദേശിക്കുന്നത് കേൾക്കുക. "സ്നേഹഭാജനത്തിനുവേണ്ടിയല്ലാതെ സ്വന്തം പേരിൽ എന്തെങ്കിലും ആനുകൂല്യമോ ബഹുമതിയോ ചാരിതാർത്ഥ്യമോ നേടണമെന്ന താത്പര്യം അശേഷം

ഇല്ലാതിരിക്കുക, പരിപൂർണസ്നേഹത്തിന്റെ ലക്ഷണമത്രേ.. തന്മൂലം തന്റെ പേരിൽ എന്തെങ്കിലും അർഹതയോ, പ്രശംസയോ ആരോപിക്കപ്പെട്ടേക്കുമെന്ന ഉത്കണ്ഠയാൽ അതിനുള്ള സർവ്വസാധ്യതകളെയും ആത്മാവ് അകറ്റുന്നു... ദൈവത്തെ യഥാർത്ഥത്തിൽ സ്നേഹിക്കുന്ന ആത്മാവ് അവഗണനകളെയും നിന്ദനങ്ങളെയും അത്യന്തം വിലമതിക്കുന്നു”

വി. ഫിലിപ്പുനേരി ഇങ്ങനെ ഓർമിപ്പിക്കുന്നു; “ഈശോയെയല്ലാതെ മറ്റെന്തെങ്കിലും ആഗ്രഹിക്കുന്നവൻ താനെന്താഗ്രഹിക്കുന്നുവെന്നറിയുന്നില്ല. ഈശോയെയല്ലാതെ മറ്റെന്തെങ്കിലും ആവശ്യപ്പെടുന്നവൻ താനെന്താവശ്യപ്പെടുന്നു എന്നറിയുന്നില്ല. ഈശോയ്ക്ക് വേണ്ടിയല്ലാതെ അദ്ധ്വാനിക്കുന്നവൻ താനെന്തിനു വേണ്ടി അദ്ധ്വാനിക്കുന്നു എന്നറിയുന്നില്ല” “എല്ലാം ഈശോയ്ക്കു വേണ്ടി” എന്നുറപ്പിച്ച ആത്മാവിന് സൗഭാഗ്യം. ദൈവം തനിക്ക് സമർപ്പിക്കപ്പെടുന്ന ആത്മാക്കളെ പൂർണമായും തന്റെ സ്വന്തമാക്കുന്നു. ദൈവം സ്വന്തമാക്കിയവൻ അനുഗ്രഹീതൻ. ദൈവത്തെ ഓഹരിയായി ലഭിച്ചവനും അനുഗ്രഹീതൻ!

# 12

## സ്നേഹം കരുണയായി ഔന്നത്യം പ്രാപിക്കുന്നു

സ്നേഹത്തിന് അതിൽത്തന്നെ പ്രകടിത ഭാവങ്ങളില്ല. അത് അനേകം രൂപഭാവങ്ങളിൽ പ്രകടിതമാകുകയാണ് ചെയ്യുന്നത്. സ്നേഹത്തിന്റെ പ്രകടിതഭാവങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായതാണ് കരുണ. അർഹിക്കാത്തതും അവകാശമില്ലാത്തതും കുറവുകൾ പരിഗണിക്കാത്തതുമാണ് കരുണാർദ്രസ്നേഹം. “സ്നേഹം ശക്തിപ്രാപിക്കുകയും, പ്രബുദ്ധമാവുകയും, സ്ഥിരീകരിക്കപ്പെടുകയും പുതിയനാമം സ്വീകരിക്കുകയും ചെയ്യുന്നു. ഇതാണ് കാരുണ്യം” (തിയറിയിലെ വില്യം) സ്നേഹത്തിന്റെ കവിഞ്ഞൊഴുകലാണ് കരുണ.

ദൈവം സ്നേഹമാണ് എന്ന് മനുഷ്യൻ അനുഭവിക്കുന്നത് മുഖ്യമായും അവിടുത്തേ കാരുണ്യം അനുഭവിക്കന്നതുവഴിയാണ്, സ്നേഹം അതിന്റെ പൂർണ്ണതയിൽ ബലിയാകുകയാണ്, അപരനുവേണ്ടി മാത്രമായിത്തീരുകയാണ്. ഇത് സാധ്യമാകുന്നത് കരുണയാലാണ്. ദൈവം ദൈവമായിരിക്കുന്നത് അവിടുന്ന് സ്നേഹമായതിനാലാണ്. സ്നേഹിക്കുക എന്നാൽ ദൈവീകനായിത്തീരുക

എന്നർത്ഥം. ദൈവികനായിരിക്കുന്നു എന്നാൽ സ്നേഹത്തിൽ പൂർണ്ണത പ്രാപിച്ചിരിക്കുന്നു എന്നർത്ഥം. ഈശോ പ്രകടമാക്കിയ സ്നേഹം കരുണാർദ്ര സ്നേഹമാണ്. പാപികളോടും രോഗികളോടും അനുകമ്പാർദ്രമായ സ്നേഹത്തോടെ അവിടുന്ന് വർത്തിച്ചു. ആത്മീയ പൂർണ്ണത എന്നാൽ കരുണാർദ്ര സ്നേഹത്തിന്റെ നിറവാണ്. "നീതിപൂർവമായ സ്നേഹം" എന്നത് സ്നേഹപൂർണതയല്ല. നാം മറ്റുള്ളവരോട് സാധാരണ പുലർത്തുന്നത് നീതിപൂർവമായ സ്നേഹഭാവമാണ് നാം മറ്റുള്ളവരിൽനിന്ന് പ്രതീക്ഷിക്കുന്നതാകട്ടെ കരുണയും. കരുണാദ്രസ്നേഹമാണ് സ്നേഹപൂർണത. അത് ക്ഷമയും ശുശ്രൂഷയും ഔദാര്യപൂർവകമായ സ്നേഹമാണ്.

വിവിധ തരത്തിലുള്ള പൂർണതയുണ്ട്. തെറ്റുകൾ ഇല്ലാതിരിക്കുന്നത് കേവലം ധാർമ്മിക പൂർണ്ണതയാണ് (Moral Perfection ) അതുപോലെ കഴിവുകളുടെ പൂർണ്ണതയുണ്ട് ( Philosophical or Metaphysical perfection), ക്രമങ്ങളുടെ പൂർണ്ണതയുണ്ട് (Perfection of order) ആത്മീയ പൂർണ്ണതയുമുണ്ട് (Spiritual Perfection) അതാകട്ടെ സ്നേഹത്തിന്റെ പൂർണ്ണതയാണ്, അത് കാരുണ്യത്തിന്റെ നിറവാണ്. ദൈവം പൂർണ്ണനായിരിക്കുന്നു എന്നതിനർത്ഥം അവിടുന്ന് ഇതെല്ലാമാണ് എന്നിരിക്കലും മനുഷ്യാത്മാവുമായുള്ള ബന്ധത്തിൽ അവിടുന്ന് കരുണസമ്പന്നനായിരിക്കുന്നു എന്നതാണ്. ദൈവത്തോട് നാം പ്രാർത്ഥിക്കേണ്ടത് ഈ കരുണാർദ്രസ്നേഹത്തന്റെ നിറവിനായിട്ടാണ്. ഇതാണ് സ്നേഹാഭിഷേകത്തിലേക്കുള്ള വളർച്ച. ദൈവം മനുഷ്യാത്മാവിൽ നിന്ന് പ്രതീക്ഷിക്കുന്നത് ധാർമ്മിക പൂർണ്ണതയോ, കഴിവുകളുടെ പൂർണ്ണതയോ ക്രമങ്ങളുടെ പൂർണ്ണതയോ അല്ല പ്രത്യുത കരുണാർദ്ര സ്നേഹത്തിന്റെ പൂർണ്ണതയാണ്.

"നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" എന്ന ഈശോയുടെ ഉപദേശം (മത്തായി 5 : 48) ലൂക്കാ സുവിശേഷകൻ വ്യാഖ്യാനിച്ചുനൽകുന്നത് "സ്വർഗ്ഗസ്ഥനായ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുക" (ലൂക്ക 6 : 36) എന്നാണ്. ദൈവപിതാവിന്റെ 'പൂർണ്ണത' ദൈവപിതാവിന്റെ 'കരുണ' യായി ഗ്രഹിക്കാവുന്നതാണ്. "ഭൂമിക്കുമേൽ ഉയർന്നിരിക്കുന്ന ആകാശത്തോളം ഉന്നതമാണ് തന്റെ ഭക്തരോട് അവിടുന്ന കാണിക്കുന്ന കാരുണ്യം" (സങ്കീ : 103 : 11)

സ്നേഹം കരുണയായി ഉന്നതി പ്രാപിക്കുമ്പോൾ മനുഷ്യാത്മാവിന് സ്നേഹത്തിന്റെ വിഷയം സഹോദരനായി മാറുന്നു. ദൈവ

ത്തിന് മനുഷ്യനോടുള്ള ബന്ധത്തിൽ അവിടുന്ന് കരുണയുള്ളവനായിരിക്കുന്നു. മനുഷ്യനാകട്ടെ ഇതര മനുഷ്യരോടുള്ള ബന്ധത്തിലാണ് കരുണ കാണിക്കേണ്ടത്. അങ്ങനെ സ്നേഹം പാരമ്യത്തിൽ കരുണാർദ്രമായ പരസ്നേഹമായി മാറുന്നു. അങ്ങനെ ഈ കരുണാർദ്രസ്നേഹമാണ് ക്രിസ്തീയ പരസ്നേഹത്തിന്റെ കാതൽ. അപരനുവേണ്ടി ബലിയായിത്തീരുവാനുള്ള വിളി, സ്നേഹിക്കുവാനുള്ള വിളി അതാണ് ക്രിസ്തീയ ജീവിതം.

ദൈവസ്നേഹം ആഴത്തിൽ രുചിച്ചറിയുകയും ദൈവം ഏക സ്നേഹ വിഷയമായിത്തീരുകയും ചെയ്യവേ ആത്മാവിൽ ഒരഗ്നി ജ്വലിച്ചുതുടങ്ങും. പരസ്നേഹത്തിന്റെ അഗ്നി. പരസ്നേഹത്തിൽ ദൈവസ്നേഹം ഫലം ചൂടാൻ ആത്മാവ് വെമ്പൽ കൊള്ളുന്നു. പരസ്നേഹത്തിന്റെ തികവിൽ ആത്മാക്കളെ തേടിയിറങ്ങാൻ ഹൃദയം കൊതിക്കുന്നു. ലോകം മുഴുവനെയും ഈശോയെ പ്രതി ഉപേക്ഷിച്ച ആത്മാവ് ലോകം മുഴുവനെയും ഈശോയ്ക്കായി നേടാൻ പോരുന്ന തീക്ഷ്ണതയാൽ നിറയുന്നു. “പ്രേഷിത ഹൃദയം” രൂപപ്പെടുന്നു. ആത്മാക്കളുടെ രക്ഷയ്ക്കും ദൈവമഹത്വത്തിനുമായി ത്യാഗമെടുത്ത് അധ്വാനിക്കാനും, പ്രാർത്ഥിക്കാനും, സഹനങ്ങൾ സ്വീകരിക്കാനും ആത്മാവ് അവസരം അന്വേഷിച്ചിറങ്ങുന്നു. താബോറിൽ നിന്ന് താഴ് വരയിലേയ്ക്കുള്ള അതിന്റെ യാത്രയാരംഭിക്കുന്നു.

സ്നേഹത്തിൽ ഈശോയുമായി ഐക്യപ്പെട്ട മനുഷ്യാത്മാവ് ഒരു സത്യം തിരിച്ചറിയുന്നു. തനിക്കായി മാത്രം ഈശോയെ സ്വന്തമാക്കാനാവുകയില്ല. ഈശോയുടേതായിതീർന്നവരോ ഈശോയുടേതായി തീരാനിരിക്കുന്നവരോ ആയ എല്ലാവരോടുമുള്ള ഐക്യം മൂലം മാത്രമേ തനിക്ക് അവിടുത്തേതായിരിക്കാൻ സാധിക്കുകയുള്ളൂ. അപരനെ സ്നേഹിക്കുകയെന്നത് ഒരു പ്രത്യുത്തരമാണ്. ദൈവസ്നേഹം അറിഞ്ഞ വ്യക്തിയുടെ സ്വാഭാവിക പ്രതികരണം.

ദൈവപ്രീതിക്കും ദൈവമഹത്വത്തിനുമുള്ള ഏറ്റവും സുനിശ്ചിതമായ മാർഗ്ഗവും ഈ പരസ്നേഹമാണ്. കാരണം അത് നിയമത്തിന്റെ പൂർത്തീകരണം തന്നെയാണ്. അത് എല്ലാ പുണ്യങ്ങൾക്കും ഉപരിനിൽക്കുന്നു. സുവിശേഷസാക്ഷ്യവും പ്രേഷിത ജീവിതവും ഈ സ്നേഹജീവിതം തന്നെയാണ്. യേശുവിന് സാക്ഷിയാകുക എന്നാൽ സ്നേഹത്തിന് സാക്ഷിയാവുക എന്നു സാരം. അങ്ങനെ സ്നേഹത്തിന്റെ ഉറവിടത്തിങ്കലേക്ക് ആത്മാക്കളെ ആകർഷിച്ചടുപ്പിക്കാനാകും. പൗലോസപ്പസ്തോലൻ ഇങ്ങനെ പഠിപ്പിക്കുന്നു. “പരസ്പരം സ്നേഹിക്കുക എന്നതൊഴികെ നിങ്ങൾക്ക് ആരോടും ഒരു കടപ്പാടും ഉണ്ടാകരുത്. എന്തെന്നാൽ അയൽക്കാരനെ സ്നേഹി

ക്കന്നവൻ നിയമം പൂർത്തീകരിച്ചുകഴിഞ്ഞു. നിയമത്തിന്റെ പൂർത്തീകരണം സ്നേഹമാണ്" (റോമ. 13 : 8 – 10). എല്ലാറ്റിലുമുപരിയായി പരസ്നേഹതീക്ഷ്ണതയാൽ നിറയാൻ വി. പത്രോസ് തിരുവചനത്തിലൂടെ ഉപദേശിക്കുന്നു. "സർവ്വോപരി നിങ്ങൾക്ക് ഗാഢമായ പരസ്പരസ്നേഹം ഉണ്ടായിരിക്കട്ടെ" (1 പത്രോ. 4 : 8). വി. പൗലോസപ്പസ്തോലനും ഇങ്ങനെ തന്നെ പ്രഖ്യാപിക്കുന്നു. "സർവ്വോപരി എല്ലാറ്റിനേയും കൂട്ടിയിണക്കി പരിപൂർണ്ണമായ ഐക്യത്തിൽ ബന്ധിക്കുന്ന സ്നേഹം പരിശീലിക്കുവിൻ" (കൊളോ 3 : 14). പരസ്നേഹം എല്ലാ പുണ്യങ്ങൾക്കും ഉപരി നിൽക്കുന്നു. "ഏറ്റം ഉത്തമമായ മാർഗ്ഗം ഞാൻ നിങ്ങൾക്ക് കാണിച്ചുതരാം", എന്ന് പറഞ്ഞ് ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നതും സ്നേഹത്തെക്കുറിച്ചുതന്നെയാണല്ലോ (1 കൊറി 12 : 31 –13 : 1–13).

ക്രിസ്തീയ പരസ്നേഹം പരോപകാരപ്രവർത്തികളിലേയ്ക്ക് ഒഴുകിയിറങ്ങുന്ന പ്രായോഗികതയാകണം എന്നതാണ് തത്വം. "ക്രിസ്തുവിന് വേണ്ടി ക്രിസ്തുവിനെ ഉപേക്ഷിക്കലാണ് ക്രിസ്തുവിനോടുള്ള യഥാർത്ഥ സ്നേഹം" എന്ന് വി. ഫിലിപ്പുനേരി പറയുമ്പോഴും "ദൈവവുമായി ആത്മബന്ധം പുലർത്താൻ അപരനെ ഉപേക്ഷിക്കേണ്ടതില്ല, അവനെ അന്വേഷിക്കുകയാണ് വേണ്ടത്" എന്ന് കാർഡിനൽ വാൻതുവാൻ ഉപദേശിക്കുമ്പോഴും ഇതുതന്നെയല്ലേ അർത്ഥമാക്കുന്നത്? "ഈശോയുടെ ഹൃദയത്തിൽ സഹോദരങ്ങളെ കൂടി കാണുന്നില്ലെങ്കിൽ നാം അപകടം പിടിച്ച ആദ്ധ്യാത്മികതയിലാണ്" എന്ന് വി. ഫ്രാൻസീസ് സാലസ് ഓർമ്മപ്പെടുത്തുന്നു. ഒരു പടികൂടി കടന്ന്, "നിങ്ങൾ വി. കുർബ്ബാന ചൊല്ലിക്കാൻ വച്ചിരിക്കുന്ന പണം, ആഹാരത്തിനുവേണ്ടി വിശക്കുന്നവനെ കണ്ടാൽ എടുത്ത് കൊടുക്കുക" എന്ന് വി. ജോൺ മരിയ വിയാനി ഉപദേശിക്കുന്നു. യഥാർത്ഥത്തിൽ അപരന്റെ അത്യാവശ്യങ്ങളുടെ മുൻപിൽ സ്വന്തം ആവശ്യങ്ങൾ പരിത്യജിക്കുന്നിടത്ത് പരസ്നേഹജീവിതം ആരംഭിക്കും. ദൈവപുത്രൻ എന്നു പരിഗണിക്കപ്പെടാനുള്ള വഴിയും ഇതുതന്നെ. "അനാഥർക്കു പിതാവും അവരുടെ അമ്മയ്ക്ക് ഭർതൃതുല്യനുമായിരിക്കുക. അപ്പോൾ അത്യുന്നതൻ നിന്നെ പുത്രനെന്നു വിളിക്കും" (പ്രഭാ. 4 : 10). പരസ്നേഹ പ്രവൃത്തിയായ ദാനധർമ്മത്തെ തിരുവചനം ഏറെ വിലയുള്ളതായി കരുതുന്നു. "ദാനധർമ്മം ആയിരിക്കട്ടെ നിന്റെ നിക്ഷേപം. എല്ലാ തിന്മകളിൽ നിന്നും അതുനിന്നെ രക്ഷിക്കും. ശത്രുവിനെതിരെ യുദ്ധം ചെയ്യാൻ ബലമേറിയ പരിചയെക്കാളും കനത്ത കുന്തത്തെക്കാളും അത് ഉപകരിക്കും" (പ്രഭാ. 29 : 12).

ക്രിസ്തീയ പരസ്നേഹം ഒരുവിധത്തിൽ പറഞ്ഞാൽ ഏക

കല്പനയും നിത്യരക്ഷ പ്രാപിക്കാനുള്ള 'നിർബന്ധിത' വഴിയുമായിരിക്കുന്നു. ധനവാന് സ്വർഗ്ഗത്തിലെത്താൻ ലാസർ ഒരു നിർബന്ധിത വഴിയായിരുന്നു. ഇത് മാറ്റിവെച്ച ധനവാൻ സ്വർഗ്ഗപ്രാപ്തി നേടിയില്ല. മുറിവേറ്റ മനുഷ്യൻ ആ വഴി കടന്നുപോയ പുരോഹിതനും ലേവായനും ഒരു നിർബന്ധിതവഴിയായിരുന്നു. എന്നാൽ അവർ അത് കൂട്ടാക്കിയില്ല. സമരിയാക്കാരനാകട്ടെ ആ വഴി തിരഞ്ഞെടുത്തു. പരസ്നേഹം ദൈവൈക്യത്തിനുള്ള നിർബന്ധിതവഴിയായിരിക്കുന്നു. "ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്ന് ആരെങ്കിലും പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൻ അവൻ കള്ളം പറയുന്നു. കാരണം കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുവാൻ സാധിക്കുകയില്ല" (1 യോഹ. 4 : 20)

പരസ്നേഹം ഇത്രകണ്ട് ഒരു നിർബന്ധിതവഴിയായിത്തീരാൻ കാരണമെന്തായിരിക്കാം? പുതിയനിയമം ഇതിനുത്തരം നൽകുന്നു. "ഏറ്റം എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തു തന്നത്..." ഈ ഏറ്റവും എളിയവരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്യാതിരുന്നപ്പോൾ എനിക്ക് തന്നെയാണ് ചെയ്യാതിരുന്നത്" (മത്തായി 25 : 40,45). പരസ്നേഹം അതിൽത്തന്നെ ഉത്ഭവിക്കുന്നതല്ല. അത് ദൈവസ്നേഹത്തിന്റെ പ്രായോഗികതയാണ് എന്നതാണതിനുകാരണം. അപരനിൽ - ഏറ്റം എളിയ സഹോദരരിൽ-കുടികൊള്ളുന്നത് ഈശോ തന്നെയാണെന്നും, അവരിൽ ഒരുവന് ചെയ്യുന്ന ശുശ്രൂഷ ഈശോയ്ക്ക് ചെയ്യുന്ന ശുശ്രൂഷ തന്നെയാണെന്നും വെളിപ്പെട്ടിരിക്കുന്നു. ക്രിസ്തുവിൽ ദൈവവും മനുഷ്യനും ആരെന്ന് വെളിപ്പെട്ടതുപോലെ "സ്നേഹവും" വെളിപ്പെട്ടിരിക്കുന്നു. സ്നേഹം ദൈവസ്നേഹമെന്നും പരസ്നേഹമെന്നും വേർതിരിക്കാനാവാത്തവിധം വ്യത്യസ്തമല്ലെന്നും വെളിപ്പെട്ടിരിക്കുന്നു. കാരണം അപരന് നൽകുന്ന ശുശ്രൂഷ ഈശോയ്ക്ക് നൽകുന്ന ശുശ്രൂഷ തന്നെ. അതുപോലെ തന്നെ എല്ലാ അതിർവരമ്പുകൾക്കും അപ്പുറത്തേയ്ക്ക് പ്രവഹിക്കേണ്ടതാണ് സ്നേഹമെന്നും ഒരു വ്യവസ്ഥയും അതിനെതിരെ നിലകൊള്ളാൻ പാടില്ലയെന്നും ക്രിസ്തുവിൽ വെളിപ്പെട്ട സ്നേഹം നിർബന്ധിക്കുന്നു. സമരിയാക്കാരന്റെ ഉപമ ഇത് എത്രയും സ്പഷ്ടമാക്കുന്നു. "ദൈവാരാധനയ്ക്കായുള്ള വ്യഗ്രത" പോലും ആവശ്യത്തിലായിരിക്കുന്ന സഹോദരനെ മറന്നുകൊണ്ടായിരിക്കരുത് എന്ന് സ്നേഹം കൽപ്പിക്കുന്നു. "മനുഷ്യരെ സ്നേഹിക്കുന്നതാണ് നമ്മുടെ ദൈവാരാധന. അപ്രകാരമാണ് നാം ദൈവത്തെപ്പോലെയാകുന്നത്" എന്ന് പരിശുദ്ധപിതാവ് ബനഡിക്ട്

പതിനാറാമൻ പാപ്പ പറഞ്ഞപ്പോൾ ഇത് തന്നെയാണല്ലോ വ്യക്ത മാകുന്നതും.

പരസ്നേഹപ്രവൃത്തിക്ക് ബലിയേക്കാൾ ഔന്നിത്യം തിരുവചനം കല്പിച്ചിരിക്കുന്നു. "ദൈവത്തെ പൂർണ്ണമനസ്സോടും, പൂർണ്ണഹൃദ യത്തോടും പൂർണ്ണാത്മാവോടും സർവ്വശക്തിയോടും കൂടെ സ്നേഹിക്കുകയും തന്നെപ്പോലെതന്നെ തന്റെ അയൽക്കാരനെ സ്നേഹിക്കുകയും ചെയ്യുന്നത് എല്ലാ ദഹനബലികളെക്കാളും യാഗ ങ്ങളെക്കാളും ശ്രേഷ്ഠം തന്നെ" (മർക്കോ. 12 : 28-34). വി. യാക്കോ ബുശ്ലീഹാ തന്റെ ലേഖനത്തിൽ ഇങ്ങനെ ഉപദേശിക്കുന്നു:"പിതാ വായ ദൈവത്തിന്റെ മുൻപിൽ പരിശുദ്ധവും നിഷ്കളങ്കവുമായ ഭക്തി ഇതാണ്, അനാഥരുടെയും വിധവകളുടെയും ഞെരുക്കങ്ങളിൽ അവ രുടെ സഹായത്തിനെത്തുക, ലോകത്തിന്റെ കളങ്കമേശാതെ തന്നെ ത്തന്നെ കാത്തുസൂക്ഷിക്കുക" (യാക്കോ. 1 : 27) വീണ്ടും ഹെബ്രായ ലേഖനം 13 : 16ൽ നാം കാണുന്നു. "നന്മചെയ്യുന്നതിലും നിങ്ങൾക്കു ള്ളവ പങ്കുവയ്ക്കുന്നതിലും ഉപേക്ഷ വരുത്തരുത്. അത്തരം ബലി കൾ ദൈവത്തിന് പ്രീതികരമാണ്." "കരുണയ്ക്കുപകരം കരുണ കാണിക്കുന്നത് ധാന്യബലിക്കുതുല്യമാണ്. ഭിക്ഷകൊടുക്കുന്നവൻ കൃതജ്ഞതാബലി അർപ്പിക്കുന്നു. അനീതി വർജ്ജിക്കുന്നത് പാപ പരിഹാരബലിയാണ്." (പ്രഭാ 35 : 3-5).

പരസ്നേഹപ്രവൃത്തിതന്നെ യഥാർത്ഥ ഉപവാസം. അത് കർത്താ വിൽ നിന്ന് സൗഖ്യവും സംരക്ഷണവും നേടിത്തരുന്നു."വിശക്കു ന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ യഥാർത്ഥ ഉപവാസം. അപ്പോൾ നിന്റെ വെളിച്ചം പ്രഭാതം പോലെ പൊട്ടിവിരിയും. നീ വേഗം സുഖം പ്രാപിക്കും. നിന്റെ നീതി നിന്റെ മുൻപിലും കർത്താ വിന്റെ മഹത്വം നിന്റെ പിമ്പിലും നിന്നെ സംരക്ഷിക്കും. നീ പ്രാർത്ഥിച്ചാൽ കർത്താവ് ഉത്തരമരുളും. നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ, എന്ന് അവിടുന്ന് മറുപടിതരും... കർത്താവ് നിന്നെ നിരന്തരം നയിക്കും. മരുഭൂമിയിലും നിനക്ക് സമൃദ്ധി നൽകും" (ഏശ 58 : 7-11).

എന്താണ് ക്രിസ്തീയ പരസ്നേഹത്തിന്റെ മാതൃക? യോഹന്നാൻ 15 : 9 ൽ നാം ഇങ്ങനെ വായിക്കുന്നു. "പിതാവ് എന്നെ സ്നേഹി ച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു" വീണ്ടും യോഹന്നാൻ 15 : 12ൽ നാം കാണുന്നു. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ പരസ്പരം സ്നേഹിക്കണം" അതായത് പിതാവ് പുത്രനെ സ്നേഹിച്ചതുപോലെ, പുത്രൻ നമ്മെ സ്നേഹിച്ചതുപോലെ, നാം

പരസ്പരം സ്നേഹിക്കണം. ഇതിൽ കുറഞ്ഞതൊന്നും ക്രിസ്തീയ പരസ്നേഹമാകുന്നില്ല.

ദൈവം ഒരു വ്യക്തിയെ സ്നേഹിക്കുന്നത് അവിടുന്ന് തന്നെ ത്താൻ സ്നേഹിക്കുന്നതുപോലുള്ള സ്നേഹത്താലാണ്. അല്ലാതെ വിലകുറഞ്ഞ സ്നേഹത്താലല്ല. ദൈവം സമസ്തവും സ്നേഹിക്കുന്നത് തനിക്കുവേണ്ടിയാണ്. അവിടുന്ന് സൃഷ്ടിയെ സ്നേഹിക്കുന്നത് അവയിലെ ഗുണമേന്മനോക്കിയല്ല. ദൈവം ആത്മാവിനെ സ്നേഹിക്കുന്നത് അതിനെ തന്നോടു 'സമമാക്കി' തന്നിൽത്തന്നെ സ്ഥാപിച്ചുകൊണ്ടാണ്. അങ്ങനെ ദൈവം ആത്മാവിനെ സ്നേഹിക്കുന്നത് തന്നിൽത്തന്നെയും തന്നോടൊന്നിച്ചുമാണ്. അതായത് താൻ തന്നെത്താൻ സ്നേഹിക്കുന്ന സ്നേഹം കൊണ്ടുതന്നെ. ഇപ്രകാരം ദൈവത്തെ ലക്ഷ്യം വച്ചുകൊണ്ട് ദൈവം സ്നേഹിക്കുന്ന സ്നേഹത്താൽ മറ്റുള്ളവരെ സ്നേഹിക്കുന്നതാണ് ക്രിസ്തീയ പരസ്നേഹം. സംശുദ്ധമായ പരസ്നേഹമാണ് ദൈവസ്നേഹം അഭ്യസിക്കാനുള്ള യഥാർത്ഥസാധന. അപരനോടുള്ള വെറുപ്പ് അകറ്റി സ്നേഹം നിറയുന്നതുപോലെ തന്നെ പ്രധാനപ്പെട്ടതാണ് അപരനോടുള്ള ആസക്തിയുള്ള സ്നേഹം മാറ്റി സംശുദ്ധ സ്നേഹം അഭ്യസിക്കുന്നത്.

സ്നേഹം നമ്മെ 'ദൈവത്തെപ്പോലെ' യാക്കി തീർക്കുന്നു എന്നതാണ് സ്നേഹത്തിന്റെ വൈശിഷ്യം. സ്നേഹിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും ആയിരിക്കുന്നു. ദൈവത്തിൽ ആയിരിക്കാനുള്ള വഴി സ്നേഹത്തിൽ ആയിരിക്കുക എന്നതാണ്.

ത്യാഗപൂർണ്ണമായ പരസ്നേഹം അഭ്യസിക്കാൻ ക്രിസ്തീയ കുടുംബങ്ങൾ വേദിയായിത്തീരേണ്ടതുണ്ട്. സ്നേഹമെന്നാൽ എല്ലാം നൽകി സ്നേഹിക്കുകയാണെന്നുകരുതി മക്കളെ വളർത്തുമ്പോഴാണ് അവർ പക്വത പ്രാപിക്കുന്നതെന്ന വ്യാമോഹത്താൽ മാതാപിതാക്കൾ അവർക്ക് ആവശ്യവും അനാവശ്യവുമായതെന്തും നൽകാൻ ശ്രവിക്കുന്നു. എന്നാൽ സ്വന്തം ആവശ്യങ്ങൾ ത്യജിച്ച് മറ്റുള്ളവരെ, വിശിഷ്യാ ദരിദ്രരെ, സഹായിക്കാൻ മക്കളെ അഭ്യസിപ്പിക്കുന്ന കുടുംബങ്ങളിൽ മാത്രമേ ദൈവകൃപ സമൃദ്ധമായി വർഷിക്കപ്പെടുകയുള്ളൂ, സ്നേഹാഭിഷേകത്തിൽ വളരുന്ന വ്യക്തികൾ രൂപപ്പെടുകയുള്ളൂ.

ഭാവിയിൽ വിശുദ്ധരെ രൂപപ്പെടുത്താൻ ബാല്യത്തിലെ പരിത്യാഗപൂർണ്ണമായ പരസ്നേഹം അഭ്യസിപ്പിക്കാതെ എല്ലാം വാങ്ങികൂട്ടുന്നതും നേടിയെടുക്കുന്നതും വെട്ടിപ്പിടിക്കുന്നതും ആസ്വദിക്കുന്നതുമാണ് ജീവിതത്തിന്റെ നേട്ടമെന്ന മിഥ്യാബോധം ഇന്നത്തെ തലമുറയിൽ വളരാൻ കാരണം ത്യാഗപൂർണ്ണമായ പരസ്നേഹം

കുടുംബത്തിൽ അഭ്യസിക്കുന്നില്ല എന്നതാണ്. കുടുംബത്തിൽ മാത്ര മല്ല, സന്യാസഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും ഇത്തരം ത്യാഗപൂർണ്ണമായ സ്നേഹത്തിന്റെ പരിശീലനം ആവശ്യമാണ്. നാം വാങ്ങുന്ന വസ്ത്രത്തിന്റെ വില അല്പം കുറച്ചും, നാം കഴിക്കുന്ന ആഹാരത്തിന്റെ പങ്ക് ത്യജിച്ചും നാം നിർമ്മിക്കുന്ന ഭവനങ്ങളുടെ കമനീയത അൽപ്പം ചുരുക്കിയും, അപരനെ സ്നേഹിക്കുമ്പോൾ പരിത്യാഗപൂർണ്ണമായ സ്നേഹം വളരും. ദശാംശം കൊടുത്ത് നീതി മാനായി സ്വയം വിലയിരുത്തുന്നത് ക്രിസ്തീയ സ്നേഹമല്ലെന്ന് ബോധ്യപ്പെടണം. ആദിമ ക്രൈസ്തവർ പരസ്നേഹത്തിൽ ഏവർക്കും മാതൃകയായിരുന്നു. "അവരുടെ ഇടയിൽ ദാരിദ്ര്യ ദു:ഖമ നുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല" (അപ്പ. പ്രവർ 4 : 34). ഇത് ത്യാഗോജ്ജ്വലമായ പരസ്നേഹത്തിന്റെ ഉദാത്ത മാതൃകയാ ണ്. സ്നേഹം ത്യാഗമായി മാറാത്തിടത്ത് സ്നേഹത്തിന് സാക്ഷ്യ ത്തിന്റെ വിലയില്ലാതാകുന്നു. സഭയുടെ പല പരസ്നേഹപ്രവർത്ത നങ്ങളും സാക്ഷ്യമായി ഉയരാത്തതിന്റെ കാരണം ഈ ത്യാഗത്തിന്റെ കുറവല്ലേ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

പരസ്നേഹപ്രവർത്തികൾക്കായി ഇറങ്ങിത്തിരിക്കുന്ന ആത്മാ ക്കൾ പ്രത്യേകം ബോധ്യപ്പെട്ടിരിക്കേണ്ട വസ്തുതയുണ്ട്. ക്രിസ്തീയ സ്നേഹം മനുഷ്യനെ മനുഷ്യനുവേണ്ടി മാത്രം സ്നേഹിക്കുകയും മാനവികതയുടെ പേരിൽ ദൈവത്തെ മറക്കുകയും ചെയ്യുന്ന ഹ്യുമ നിസമല്ല. ക്രിസ്തുവിനെ പ്രതിയും ക്രിസ്തുവിലും ക്രിസ്തുവി നോടു കൂടിയുമാണ് ക്രിസ്ത്യാനി പരസ്നേഹ പ്രവർത്തനങ്ങളിൽ വ്യാപൃതനാകുന്നത്. ഏറ്റം വലിയ പരസ്നേഹപ്രവൃത്തി എന്നത് അപരന്റെ ആത്മാവിന്റെ രക്ഷയ്ക്കുവേണ്ടി അദ്ധ്വാനിക്കുക എന്ന താണ്. ക്രിസ്തുവിനെ കൊടുക്കുക, ക്രിസ്തുവിലേയ്ക്ക് ആനയി ക്കുക എന്നത് പരസ്നേഹത്തിന്റെ പൂർണ്ണത തന്നെയാണ്.

പരസ്നേഹം എന്നത് കേവലം സാമ്പത്തിക സഹായത്തിലോ ദാനധർമ്മത്തിലോ ഭൗതിക വിഭവങ്ങളുടെ പങ്കുവയ്ക്കലിലോ മാത്ര മായി ഒതുക്കി നിർത്തി മനസ്സിലാക്കിയാൽ പോരാ. അത് അപ രന്റെ ആത്മാവിന്റെ വില മനസ്സിലാക്കി അവനെ നേടുന്നതിൽ അട ങ്ങിയിരിക്കുന്നു.

അതുകൊണ്ടുതന്നെ പരിശുദ്ധ പിതാവ് ബനഡിക്ട് മാർപാപ്പ നമ്മെ പഠിപ്പിക്കുന്നതുപോലെ "ദൈവത്തോടുള്ള പ്രാർത്ഥന യ്ക്കായി മാറ്റിവെച്ചിട്ടുള്ള സമയം നമ്മുടെ അയൽക്കാർക്ക് ഫല പ്രദവും സ്നേഹപൂർണവുമായ സേവനത്തിൽ നിന്ന് നമ്മെ മാറ്റു ന്നില്ല. അത് സേവനത്തിന്റെ ശക്തി സ്രോതസ്സാണ്... സാഹചര്യം നിരാശാജനകമായി തോന്നുകയും പ്രവർത്തനം മാത്രം ആവശ്യ

പ്പെടുന്നതായി തോന്നുകയും ചെയ്താലും പ്രാർത്ഥിക്കുന്ന മനുഷ്യൻ സമയം പാഴാക്കുകയല്ല ചെയ്യുന്നത്.... ദൈവത്തിന്റെ നിശബ്ദത അഗ്രാഹ്യമായി നിലകൊള്ളുമ്പോൾ പോലും ദൈവം നമ്മുടെ പിതാവാണെന്നും അവിടുന്ന് നമ്മെ സ്നേഹിക്കുന്നുവെന്നുമുള്ള അചഞ്ചലമായ ഉറപ്പിൽ നിലകൊള്ളണം". പ്രാർത്ഥന, വിശിഷ്യാ അപരനുവേണ്ടിയുള്ള പ്രാർത്ഥന പരസ്നേഹത്തിന്റെ ഉന്നതരൂപമാണ്.

പരസ്നേഹം ഏത് അതിരുവരെ പോകണം എന്നു ചോദിച്ചാൽ പരസ്നേഹത്തിന് അതിരുകളില്ല എന്ന് ഉത്തരം. അത് എല്ലാവരെയും ഉൾക്കൊള്ളുന്നു. ഏതു സാഹചര്യത്തിലും പ്രായോഗികമാകണം. പരസ്നേഹം സാധ്യമാണോ എന്ന് സംശയം തോന്നത്തക്കവിധം സാഹചര്യങ്ങൾ അത്രമേൽ പകയുടെ വിഷം ചീറ്റുന്നതായിരിക്കുമ്പോഴും സ്നേഹിക്കുക എന്നതാണ് ക്രിസ്തീയ സ്നേഹം. വീണ്ടും എന്തുവില നൽകിയും സ്നേഹത്തെ വിജയിപ്പിക്കണം. ഏറ്റവും വലിയ വിലയായ സ്വജീവൻ നൽകിയും സ്നേഹിക്കലാണ് ക്രിസ്തീയസ്നേഹം.

# 13

## സ്നേഹാഭിഷേകത്തിലേയ്ക്ക്

മനുഷ്യഹൃദയങ്ങളെ സ്പർശിക്കുന്ന ഏറ്റവും തീവ്രമായ ശക്തിയാണ് സ്നേഹം. മനുഷ്യൻ പ്രകൃത്യാ തന്നെ സ്നേഹത്തിലേക്ക് തിരിഞ്ഞിരിക്കുന്നു. അവൻ പ്രകൃത്യാ സ്നേഹാമ്പേഷിയാണ്. സ്നേഹം സ്വീകരിക്കാനും സ്നേഹം കൊടുക്കാനുമുള്ള തീവ്രമായ അഭിവാഞ്ചയിലാണ് ഓരോ മനുഷ്യനും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. സ്നേഹമില്ലായ്മയിൽ അസ്തിത്വത്തിന് ശൂന്യതയും സ്നേഹഭാവങ്ങളിൽ മനുഷ്യാസ്തിത്വത്തിന് അർത്ഥവും അനുഭവിക്കാൻ കഴിയുംവിധമാണ് മനുഷ്യ പ്രകൃതി നിലകൊള്ളുന്നത്. സ്നേഹമാകട്ടെ പ്രകൃതിയിൽതന്നെ വിവിധങ്ങളായ രൂപഭാവങ്ങളിലാണ് പ്രകടിതമാകുന്നത്. വിവിധങ്ങളായ സ്നേഹഭാവങ്ങൾ അനുഭവിക്കാൻ മനുഷ്യന് കഴിയും. എങ്കിലും, സ്നേഹത്തിന്റെ പൂർണ്ണതയിലെത്തും വരെ മനുഷ്യാത്മാവിൽ ഈ സ്നേഹാമ്പേഷണം ഒരു നൊമ്പരവും അപൂർണതയിലുള്ള അസംതൃപ്തിയും ജനിപ്പിച്ചുകൊണ്ടിരിക്കുന്നു. സ്നേഹം അതിന്റെ ഏറ്റം പൂർണവും

സുനിശ്ചിതവുമായ ഭാവത്തിൽ അനുഭവിക്കാൻ മനുഷ്യാത്മാവ് കൊതിക്കുന്നുണ്ട്.

സ്നേഹത്തിന്റെ പ്രാപഞ്ചിക രൂപഭാവങ്ങളിൽ പ്രധാനമായവ ഇവയാണ് : മാതൃരാജ്യത്തോടും, പ്രസ്ഥാനങ്ങളോടും, ആദർശങ്ങളോടുമുള്ള സ്നേഹം, പ്രകൃതിയോടും അതിലെ വിഭവങ്ങളോടും ജീവജാലങ്ങളോടുമുള്ള സ്നേഹം, സുഹൃദ് സ്നേഹം, മാതാപിതാക്കളോട് മക്കൾക്കും മക്കൾക്ക് മാതാപിതാക്കളോടുമുള്ള സ്നേഹം, ഭാര്യാഭർത്താന്മാർ തമ്മിലുള്ള സ്നേഹം. ഇപ്രകാരമുള്ള മാനുഷിക സ്നേഹഭാവങ്ങളിൽ ഏറ്റവും ശക്തമായതാണ് ദമ്പതികൾ തമ്മിലുള്ള സ്നേഹം എന്നാൽ ഈ സ്നേഹഭാവങ്ങൾ ഒന്നും മനുഷ്യനെ ശാശ്വതമായി തൃപ്തിപ്പെടുത്തുന്നില്ല. ഇവയിലെല്ലാം അപൂർണതകൾ ഉണ്ട്. സ്വാർത്ഥത, സുഖേച്ഛ, ആധിപത്യഭ്രമം ഇവയെല്ലാം ഇവയിൽ കടന്നുകൂടാനിടയുണ്ട്. ഈ മാനുഷിക സ്നേഹഭാവങ്ങൾക്കുമപ്പുറം നിലകൊള്ളുന്ന മറ്റൊരു സ്നേഹമുണ്ട്. അതാണ് അർപ്പണപരമായ സ്നേഹം - അഗാപ്പെ സ്നേഹം - ദൈവീക സ്നേഹം. ഇതാകട്ടെ സ്വാർത്ഥതയില്ലാത്തതും സ്വയം ത്യജിക്കുന്നതും ക്ഷമയും ശുശ്രൂഷയും നിറഞ്ഞതും കരുണാദ്രവുമായ സ്നേഹമാണ്. സംശുദ്ധമായ ക്രിസ്തീയ സ്നേഹമാണിത്.

യേശുവിലൂടെ മാനവരാശിക്ക് വെളിപ്പെട്ടു കിട്ടിയതും അനുഭവിക്കാനിടയായതും ഈ ദൈവിക സ്നേഹമാണ്. സ്നേഹത്തെക്കുറിച്ചുള്ള വെളിപ്പെടുത്തലും ദൈവത്തെക്കുറിച്ചുള്ള വെളിപ്പെടുത്തലും ഒന്നായിത്തീരും വിധം “ദൈവം സ്നേഹമാകുന്നു” എന്ന് വെളിപ്പെട്ടു. “ദൈവം സ്നേഹമാണ്” (1 യോഹ: 4:16) എന്നതിൽ പ്രഥമത ദൈവത്തെക്കുറിച്ചുള്ള ക്രിസ്തീയ വീക്ഷണം അടങ്ങിയിരിക്കുന്നു. അതോടൊപ്പം തന്നെ മനുഷ്യന്റെ അസ്തിത്വം തേടുന്ന പൂർണമായ സ്നേഹം ദൈവത്തിലാണ് എന്നും ഇതുവഴി വ്യക്തമാകുന്നു. “സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു” (1 യോഹ: 4:16 ). മനുഷ്യാസ്തിത്വം കൊതിക്കുന്നതെന്തോ അത് ദൈവത്തിൽ സുനിശ്ചിതമായിരിക്കുന്നു എന്നർത്ഥം. ദൈവീക സ്നേഹം സ്നേഹപൂർണ്ണത തന്നെയാണ്.

എന്നാൽ മനുഷ്യന് ഈ സ്നേഹം എങ്ങനെ പ്രാപ്യമാകുന്നു എന്ന ചോദ്യമുയരുന്നു. ഉത്തരം വളരെ ലളിതമാണ്. ദൈവത്തിന്റെ സ്നേഹത്തിനും മനുഷനുമിടയിൽ പൂർണ്ണസ്നേഹമായി കടന്നു വന്ന ഒരേ ഒരു വ്യക്തി ദൈവപുത്രനായ ഈശോ മാത്രം. ഈ ഈശോയെ അനുഭവിക്കുക എന്നതാണ് ദൈവസ്നേഹാനുഭവം. ഏകജാതനായ ഈശോ മാത്രമാണ് ദൈവസ്നേഹം അതായി

രിക്കും വിധം വെളിപ്പെടുത്തിയത്. അവിടുന്നിൽ മാത്രമാണ് മാന വരാശിക്ക് അതനുഭവിക്കാൻ സാധ്യമാകുന്നതും. ചുരുക്കത്തിൽ പറ ഞ്ഞാൽ, മനുഷ്യാത്മാവ് കൊതിക്കുന്നതെന്തോ അതാണ് ഈശോ. സ്നേഹത്തിനു വേണ്ടിയുള്ള ദാഹം ഈശോയിൽ ശമിക്കുന്നു; ഈശോയിൽ മാത്രം.

സ്നേഹത്തിന്റെ സ്വാഭാവിക ഭാവങ്ങളെല്ലാം മനുഷ്യാസ്തിത്വ ത്തിന് അർത്ഥം തരുന്നതും മനുഷ്യന്റെ വളർച്ചക്ക് ആവശ്യവുമാ ണ് എന്നിരുന്നാലും ഈ സ്നേഹങ്ങൾകൊണ്ടൊന്നും സ്നേഹ പൂർണതയ്ക്കായുള്ള മനുഷ്യന്റെ അന്തർദാഹം ശമിക്കുന്നില്ല. ഈ സ്നേഹഭാവങ്ങളെല്ലാം അഗാപ്പെ സ്നേഹത്താൽ നിറയപ്പെടണം. അർപ്പണപരമായ ഈ ദൈവിക സ്നേഹം ഇവയെ വിശുദ്ധീകരി ക്കുകയും പരിപക്വമാക്കുകയും ചെയ്യുന്നു. സ്വാഭാവിക സ്നേഹ ങ്ങളിലുള്ള സ്വാർത്ഥതയുടെ ചെറുകണികകളെപ്പോലും ഇല്ലാ താക്കി നിസ്വാർത്ഥ സ്നേഹത്തിന്റെ ഭാവങ്ങൾ കൊണ്ട് നിറയ്ക്കു ന്നു. ഈ സ്നേഹഭാവങ്ങളെ ഇല്ലായ്മ ചെയ്യുകയോ അവയെ എടുത്തു നീക്കുകയോ അല്ല, അവയിൽ ദൈവികത നിറച്ച് സംശു ദ്ധമല്ലാത്തതിനെ മാറ്റിക്കളയുകയാണ് "അഗാപ്പെ" ചെയ്യുന്നത്. ഇതാണ് സ്നേഹാഭിഷേകത്തിലൂടെ സംഭവിക്കേണ്ട പ്രഥമ കാര്യം. അങ്ങനെ സ്വാഭാവിക സ്നേഹങ്ങളിൽ നിന്ന് സ്വാർത്ഥത മാറ്റി, ക്ഷമയും, ശുശ്രൂഷയും, ത്യാഗവും നിറച്ച് അതിനെ പവിത്രീകരിച്ച് പരിപക്വമാക്കുന്നതാണ് ഈ അഭിഷേകം.

അഗാപ്പെ സ്നേഹം സ്വാഭാവിക സ്നേഹങ്ങളെ മാത്രമല്ല ഇതര പുണ്യങ്ങളെയും സംശുദ്ധമാക്കുന്നു. സ്നേഹത്താലാണ് വിശ്വാസം ഔന്നത്യം പ്രാപിക്കുന്നത്. വിശ്വസിക്കുന്നത് കേവലം ഭൗതീകനന്മകൾക്കായോ അത്ഭുതങ്ങൾക്കുവേണ്ടിയോ അല്ലാതെ ദൈവത്തിൽ കേന്ദ്രീകരിക്കാൻ സ്നേഹം സഹായിക്കുന്നു. പ്രത്യാ ശിക്കുന്നത് കാണപ്പെടുന്ന ഭൗതീക നന്മകൾക്കോ സ്വർഗ്ഗീയ ജീവി തത്തിനുവേണ്ടിയോ എന്നതിലുപരി ഈശോയിൽ തന്നെ പ്രത്യാശ ഉറപ്പിക്കാൻ സ്നേഹം നമ്മെ സഹായിക്കുന്നു. ഇതരപുണ്യങ്ങളായ എളിമ, ശുദ്ധത, ശാന്തത, ക്ഷമ, നീതി, മിതത്വം, ഇവയെല്ലാം പവി ത്രീകൃതമാകുന്നതും ദൈവസന്നിധിയിൽ സ്വീകാര്യമാകുന്നതും അവയിൽ സ്നേഹം നിറയുമ്പോഴാണ്. സ്നേഹാഭിഷേകമാണ് ഇതു സാധ്യമാക്കുന്നത്.

സ്നേഹത്തിന്റെ ഉറവിടം ദൈവമായിരിക്കുന്നതിനാലും സ്നേഹം ദൈവികമായിരിക്കുന്നതിനാലും സ്നേഹത്തിന്റെ ആത്യ ന്തിക ലക്ഷ്യം ദൈവം ആയിരിക്കുന്നതിനാലും മനുഷ്യൻ ദൈവ ത്തിൽ നിന്ന് കൃപയായി സ്വീകരിക്കേണ്ടതാണ് ഈ സ്നേഹാഭി

ഷേകം. എന്നിരിക്കിലും അത് സ്വന്തമാക്കാൻ മനുഷ്യാത്മാവ് സ്വയമേവ പ്രയത്നിക്കണം. സ്നേഹാഭിഷേകം തീഷ്ണമായ പ്രാർത്ഥനയിലൂടെ മാത്രം ലഭിക്കുന്നതാണ്. പ്രാർത്ഥനയിലൂടെ എല്ലാം ലഭിക്കുമെന്നുള്ള പ്രത്യാശയോടെ പ്രാർത്ഥിക്കുക. ദൈവത്തിന്റെ ഇടപെടലിനെ ത്വരിതപ്പെടുത്താൻ പോരുന്ന തീഷ്ണമായ പ്രാർത്ഥന ഉണ്ടായിരിക്കണം എന്ന് തിയറിയിലെ വില്യം നമ്മെ ഓർമ്മിപ്പിക്കുന്നു.

മനുഷ്യാത്മാവ് സ്നേഹത്തിനായുള്ള അടങ്ങാത്ത ദാഹം ഉൾക്കൊള്ളുന്നതുപോലെ തന്നെ ആനന്ദത്തിന്റെ പൂർണ്ണതക്കായും ദാഹിക്കുന്നു. ഇത് രണ്ടും ദൈവത്തിൽ മാത്രമാണ് കണ്ടെത്താൻ സാധിക്കുന്നത്. ദൈവപുത്രനായ ഈശോയിൽ മാത്രമാണ് ഇവ രണ്ടും അനുഭവിക്കാൻ ആത്മാവിന് ഇടയാക്കിയിരിക്കുന്നത്. നമ്മുടെയുള്ളിൽ നമുക്കിഷ്ടമുള്ള സ്നേഹവിഷയങ്ങളും വ്യക്തികളും ഉണ്ടാവാം. അവയൊക്കെയും നമ്മുടെ ഹൃദയത്തിൽ സ്ഥാനം പിടിക്കുന്നുമുണ്ടാകും. അവയെക്കുറിച്ചുള്ള ചിന്തകളും ഭാവനകളും ഹൃദയത്തിൽ നിറയുന്നു. അവ നല്കുന്ന ആനന്ദവും സംതൃപ്തിയും ഉണ്ടാകും. അവയ്ക്ക് വേണ്ടി ജീവിതവും സമയവും ചെലവഴിക്കാൻ നാം മടികാണിക്കാറുമില്ല. എന്നാൽ അവയൊക്കെയും ഉള്ളിൽ അവ ശേഷിപ്പിക്കുന്ന വിരസതതയും ശൂന്യതയും, നൊമ്പരവും നമ്മെ ഓർമ്മിപ്പിക്കുന്നസത്യമുണ്ട്. അവയൊന്നും സ്നേഹത്തിന്റെയോ ആനന്ദത്തിന്റെയോ അത്യന്തികഭാവവും ഉറവിടവും അല്ല എന്ന സത്യം. അവയൊക്കെയും അപൂർണ്ണതയുടെയും നശ്വരതയുടെയും നൊമ്പരങ്ങൾ-ഒട്ടുമിക്കപ്പോഴും വഞ്ചനയുടെ മുറിവുകളും - സമ്മാനിച്ച് കടന്നുപോകുന്നു. സ്നേഹപൂർണ്ണതയുടെ അനുഭവം ആനന്ദപൂർണ്ണതയാണ്. സ്നേഹവും ആനന്ദവും അവയുടെ പൂർണ്ണതയിൽ പരസ്പരം ഐക്യപ്പെട്ടിരിക്കുന്നു. ഇതാണ് ദൈവീക സ്നേഹാനുഭവം. ഇത് തന്നെയാണ് സ്വർഗ്ഗീയ ആനന്ദം. ഇതാണ് സ്നേഹാഭിഷേകം ലഭിച്ച വ്യക്തി നുകരുന്നത്. സ്നേഹവും ആനന്ദവും ഒന്നുചേരുന്നതാണ് ആത്മാവിന് സായൂജ്യം. ആത്മാവിന്റെ സൗഖ്യം (ആനന്ദം) സ്നേഹമതൊന്നുമാത്രമാണ്. സ്നേഹത്തിന് തൃപ്തിയുണ്ടാകാത്തപ്പോൾ (സൗഖ്യം) ഇല്ലാതാകുന്നു. സ്നേഹം ഇല്ലാതാകവേ ആത്മാവ് രോഗാതുരമാകുന്നു, മരിക്കുന്നു. സ്നേഹം പൂർണ്ണമാകുമ്പോൾ സൗഖ്യവും (ആനന്ദം) പൂർണ്ണമാകുന്നു. (കുരിശിന്റെ വി. യോഹന്നാൻ).

മനുഷ്യാത്മാവ് സ്നേഹത്തിനും ആനന്ദത്തിനുംവേണ്ടി ദാഹിക്കുന്നതുപോലെതന്നെ നിത്യതയ്ക്കായും ദാഹിക്കുന്നു. നിത്യതയ്ക്കായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള മനുഷ്യാത്മാവ് എങ്ങനെയാണ്

താല്ക്കാലികങ്ങളായവയിൽ പൂർണത അനുഭവിക്കുക ? പൂർണതയ്ക്കായി കൊതിക്കുന്ന മനുഷ്യാത്മാവ് എങ്ങനെ അപൂർണത കൊണ്ട് തൃപ്തിപ്പെടും ? ഇവയൊന്നും മനുഷ്യനെ ആത്യന്തികമായി തൃപ്തിപ്പെടുത്താത്തതിന്റെ കാരണവും, ദൈവത്തിനു മാത്രം മനുഷ്യന്റെ അന്തർദാഹം പൂർണമായും ശമിപ്പിക്കാൻ കഴിയുന്നതിന്റെ കാരണവും ഇതൊക്കെത്തന്നെയാണ്.

എല്ലാ മനുഷ്യരും ജീവിതത്തിനുമുൻപിൽ ഒരു മാതൃകയും ജീവിക്കാൻ ഒരാദർശവും തേടുന്നവരാണ്. മനുഷ്യൻ നയിക്കപ്പെടേണ്ടത് ഇന്ദ്രിയ വാസനകളാലല്ല, സ്നേഹത്താലാണ്, പരിപക്വമായ സ്നേഹത്താൽ. നമ്മുടെ ജീവിതാദർശങ്ങളും ജീവിത ശൈലിയും സ്നേഹത്താൽ രൂപീകൃതമാകണം. ആദർശങ്ങളെക്കുറിച്ചും ജീവിതപ്രവർത്തനത്തെക്കുറിച്ചും തെറ്റാണോ എന്ന് സംശയമുദിക്കുമ്പോൾ നാം പരിശോധിക്കേണ്ടത് സ്നേഹം എന്ന മാനദണ്ഡം വച്ചാണ്. സ്നേഹപൂർണതയാൽ രൂപീകൃതമല്ലാത്ത ആദർശങ്ങളും പ്രവൃത്തികളും അപൂർണ്ണങ്ങളാണ് എന്നതിൽ സംശയമില്ല. സ്നേഹം എന്ന മാനദണ്ഡം കൊണ്ട് ജീവിതത്തെ അളക്കാൻ സാധിക്കുന്ന കൃപയാണ് സ്നേഹാഭിഷേകം വഴി ലഭിക്കുന്നത്. മനുഷ്യൻ ഈ ആദർശം പൂർണതയിൽ കണ്ടെത്തുന്നത് ഈശോ മാത്രമാണ്. ആകയാൽ ഈശോ മാത്രമാണ് മനുഷ്യജീവിതത്തിന് മാതൃക.

സ്നേഹാഭിഷേകം ആഗ്രഹിക്കുന്ന വ്യക്തി ബോധ്യപ്പെട്ടിരിക്കേണ്ട കാര്യങ്ങളുണ്ട്. ഒന്നാമതായി സ്നേഹത്തിന്റെ ലോകത്ത് മനുഷ്യൻ അന്ധനാവുകയും വഴിതെറ്റുകയും ചെയ്യാൻ സാധ്യത ഏറെയുണ്ട്. വികാര പ്രകടനം പോലെ തന്നെ വികാരനിയന്ത്രണവും ഏറെ പ്രധാനപ്പെട്ടതാണ്. "അകത്ത് കള്ളന്മാർ പതിയിരിക്കുന്നു എന്ന കാര്യമറിയാതെ, കള്ളൻ കയറാതെ വാതിൽ പൂട്ടിയിട്ട് ഉറങ്ങുന്നതുപോലെയാണ് സ്വയം നിഗ്രഹം കൂടാതെ ആത്മീയ സ്നേഹം അഭ്യസിക്കുന്നത്" (വി. അമ്മ ത്രേസ്യ). അതുപോലെ തന്നെ മനുഷ്യൻ സ്നേഹത്തെ വൈകാരികമായ സ്ത്രീ-പുരുഷ സ്നേഹവും (ഫ്ളീ) ലൈംഗിക ആകർഷണപരമായ സ്നേഹവും മാത്രമായി ലഘൂകരിച്ച് കാണുന്ന പ്രവണത ഇക്കാലഘട്ടത്തിൽ ഏറെയുണ്ട്. ആനന്ദത്തെ സ്നേഹത്തിൽനിന്ന് വേർതിരിക്കാനുള്ള ശ്രമം ഇന്ന് ലോകത്ത് നടന്നുകൊണ്ടിരിക്കുന്നു. പ്രത്യേകിച്ചും ലൈംഗിക മേഖലയിൽ. സ്നേഹം കൂടാതെ ലൈംഗികത ആസ്വദിക്കാനും അതിനെ സുഖം മാത്രമായി തരംതാഴ്ത്താനുമുള്ള പ്രവണതയാണിത്. ഇത് മനുഷ്യനെ മൃഗീയതയിലേക്ക് അധഃപതിപ്പിക്കലാണ്. ഇവിടെയാണ് അഗാപ്പെയുടെ ആവശ്യം. ഫ്ളീ ഉൾപ്പെ

ടെയുള്ള ഇതരസ്നേഹങ്ങൾ അഗാപ്പെയാൽ നയിക്കപ്പെടുകയും പരിപോഷിപ്പിക്കപ്പെടുകയും ചെയ്യുന്നില്ലെങ്കിൽ വഴിതെറ്റിപ്പോകും, ശക്തി ക്ഷയിച്ചു പോകും, അവ അവയിൽത്തന്നെ അവസാനിക്കും.

സ്നേഹാഭിഷേകം സ്വീകരിക്കുന്ന വ്യക്തി ബോധ്യപ്പെട്ടിരിക്കേണ്ട മറ്റൊരു വസ്തുത ഇതാണ് : ആത്മനിയന്ത്രണത്തിന്റെ കുറവു പോലും സ്നേഹപ്രകടനമാണെന്ന് തെറ്റിദ്ധരിക്കാനിടയുണ്ട്. അനാവശ്യങ്ങളായ കൂട്ടുകെട്ടുകളും, ഭാവപ്രകടനങ്ങളും, ചേഷ്ടകളും സ്നേഹത്തിൽ പക്വത പ്രാപിക്കാത്തതിന്റെ ലക്ഷണങ്ങളാണ്. മറ്റുള്ളവരുടെ സ്നേഹവും പരിഗണനയും കിട്ടാനുള്ള ശ്രമവും ആയിരിക്കാം അവ.

സ്നേഹമെന്നാൽ തെറ്റുതിരുത്തായ്കയോ, ശിക്ഷണം നൽകുകയോ, ആണെന്ന ഒരു ധാരണ ആധുനിക കുടുംബ സംവിധാനത്തിൽ കയറിക്കൂടിയിട്ടുണ്ട്. ജീവിതത്തെയും സ്വാതന്ത്ര്യത്തെയും കുറിച്ചുള്ള തെറ്റായ ധാരണയിൽ നിന്നാണിത് രൂപപ്പെടുന്നത്. ചില രാഷ്ട്രീയ നിയമങ്ങളും ഇതിനെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. സ്വാതന്ത്ര്യം എന്തും ചെയ്യാനുള്ള സ്വാതന്ത്ര്യമായി ചിത്രീകരിക്കപ്പെടുകയും നിയന്ത്രണങ്ങളെല്ലാം സ്വാതന്ത്ര്യ നിഷേധവും തന്മൂലം സ്നേഹമില്ലായ്മയുമാണെന്ന ധാരണ പുതിയ തലമുറയിൽ പരക്കെയുണ്ട്. ജീവിതം എന്നാൽ എന്തും ആസ്വദിക്കാനുള്ളതും എല്ലാറ്റിനോടും ''ഥലഎ'' പറയാനുമാണെന്ന ധാരണ ഇതിനെ പോഷിപ്പിക്കുന്നു.

യഥാർത്ഥത്തിൽ സ്നേഹം പൂർണമാകുന്നതെപ്പോഴാണെന്നും സ്നേഹത്തിന്റ ഉറവിടമേതെന്നും മനുഷ്യാത്മാവിന്റെ സ്നേഹത്തിന് ഏറ്റം യോഗ്യനായവൻ ആരെന്നും സ്നേഹത്തിന്റെ പരമമായ ലക്ഷ്യമെന്തെന്നും അറിയാതെ സ്നേഹത്തിൽ പക്വത പ്രാപിക്കാനോ സ്നേഹഭിഷേകം സ്വീകരിക്കാനോ കഴിയുകയില്ല. സ്നേഹാഭിഷേകത്തിലേയ്ക്ക് കൈപിടിച്ചുയർത്തപ്പെട്ട ആത്മാവ് സ്നേഹത്തിന്റെ പൂർണ്ണതയിലേയ്ക്ക് നോക്കി വിലപിക്കുന്നത് കുരിശിന്റെ വി. യോഹന്നാൻ വിവരിക്കുന്നത് ഇങ്ങനെ ''അടിമ തണൽകിട്ടാൻ നോക്കുന്നതുപോലെയും കൂലിക്കാരൻ വേലയുടെ ഒടുക്കം കാത്തിരിക്കുന്നതുപോലെയും ഞാൻ മാസങ്ങൾ കഴിച്ചുകൂട്ടി, രാത്രികൾ എനിക്ക് ക്ലേശകരമായി തോന്നി, ഉറങ്ങാൻ കിടന്നാൽ എഴുന്നേല്ക്കേണ്ട പ്രഭാതം എപ്പോൾ അണയുമെന്നായിരിക്കും എന്റെ ചിന്ത. അനന്തരം സന്ധ്യ വീണ്ടും വരാൻ നോക്കിക്കൊണ്ട് ഇരുളുന്നതുവരെയും സന്താപ നിമഗ്നനായിരിക്കുകയും ചെയ്യും (ജോബ് 7 : 2-4)'' ദൈവസ്നേഹത്തിൽ ജ്വലിക്കുന്ന ആത്മാവും ഇതുപോലയാണ്. ഇവിടെ ആത്മാവ് കൊതിക്കുന്നത്

കൂലിയല്ല, ആത്മാവിന്റെ ജോലിയായ സ്നേഹത്തിന്റെ ഒടുക്കമാണ് എന്നത് ശ്രദ്ധേയമാണ്.

ദൈവത്തിന്റെ സൗന്ദര്യം ദർശിക്കാനും എന്നെന്നും അതിൽ ആനന്ദിക്കാനും വേണ്ടി ആത്മാവ് ഈ ഘട്ടത്തിൽ മരണം ആഗ്രഹിക്കുകപോലും ചെയ്തേക്കാം. "സ്നേഹപരവശയായ ഒരാത്മാവിന് മരണം തിക്തമായി തോന്നുകയില്ല. സ്നേഹത്തിന്റെ മാധുര്യവും ആനന്ദവുമെല്ലാം മരണത്തിലാണ് അവൾക്കനുഭൂതമാകുന്നത്. സ്ഥാനാരോഹണത്തിന് രാജപുത്രന്മാർക്കുള്ള കൗതുകത്തെ അതിശയിക്കുന്ന ആകാംക്ഷയോടുകൂടെയാണ് സ്നേഹപൂരിതയായ ആത്മാവ് മരണത്തിന്റെ ദിവസവും നിമിഷവും എണ്ണിക്കൊണ്ടിരിക്കുന്നത്.. കാരണം മരണം സ്നേഹത്തിനുള്ള അഭിലാഷമെല്ലാം നിവൃത്തിയാക്കുന്നു. സ്നേഹിക്കുന്ന ആത്മാവ് മരണത്തെ ഭയപ്പെടുന്നില്ല. കാരണം ദൈവത്തെ സ്നേഹിക്കുന്ന ആത്മാവ് ഇഹത്തിലായിരിക്കുമ്പോഴും അതിലുപരി പരത്തിലാണ് ജീവിക്കുന്നത്. മുകളിൽ നിന്ന് പതിക്കുന്ന കല്ലിന് കേന്ദ്രത്തെ സമീപിക്കുന്തോറും ഗതിവേഗത വർദ്ധിക്കുന്നതുപോലയാണ് ദൈവത്തിന്റെ പക്കലേയ്ക്ക് പ്രയാണം ചെയ്യുന്ന ആത്മാവിന്റെ കാര്യവും" (കുരിശിന്റെ വി. യോഹന്നാൻ)

ദൈവം സ്നേഹിക്കുന്ന സ്നേഹത്തിന്റെ ഭാവം അഭ്യസിക്കുക വഴിയാണ് യഥാർത്ഥ സ്നേഹം സാധ്യമാകുന്നത്. സ്നേഹാഭിഷേകമാണ് ഈ അവസ്ഥയിലേയ്ക്ക് നയിക്കുന്നത്. സ്നേഹത്തിന്റെ പാത പരിത്യജിക്കലിന്റെയയും ത്യാഗത്തിന്റെയും സ്വയം ശൂന്യമാക്കലിന്റെയും പാതയാണ്. സ്നേഹം അപരനോടുള്ള ശ്രദ്ധയും താല്പര്യവും നിറഞ്ഞതാണ്. സ്വാർത്ഥ സുഖത്തിനും താല്പര്യത്തിനുമായി പ്രവർത്തിക്കാതിരിക്കുക, അപരന്റെ നന്മമാത്രം അന്വേഷിക്കുക ഇവയെല്ലാം ഉൾക്കൊള്ളുന്നതാണ് അഗാപ്പെ സ്നേഹം. ക്രിസ്തു മതത്തിന്റെ സാരസത്തയും ഇതുതന്നെ. യോഗ്യതയില്ലാതിരിക്കെ സൗജന്യമായി സ്നേഹിക്കുന്നു എന്നതാണ് സ്നേഹപൂർണതയുടെ അടയാളം. അതാകട്ടെ കുറവുകളെ പരിഹരിക്കുന്നതും തെറ്റുകളെ ക്ഷമിക്കുന്നതുമാണ്. അത്തരമൊരു സ്നേഹത്തിനു മാത്രമേ മുറിവുകളെ, ഉണക്കാനാവൂ. സ്നേഹമാണ് മുറിവുണക്കുന്ന യഥാർത്ഥ ഔഷധം. ഏതെങ്കിലും അത്യാവശ്യങ്ങളിൽ സഹായിക്കുന്നതു മാത്രമായി സ്നേഹത്തെ ഒതുക്കിക്കാനാവില്ല ; ഹൃദയപൂർവ്വകമായ ശുശ്രൂഷ നല്കുന്നതിലാണ് സ്നേഹം അടങ്ങിയിരിക്കുന്നത്. സ്വയം ത്യജിക്കത്തക്കവിധം സ്നേഹം അത്രമേൽ ധന്യമാണ്.

ഈശോയെയും സ്നേഹത്തെയും കൊതിക്കും വിധമാണ് മനു

ഷ്യാത്മാവ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്നതിനു പുറമേ ഈശോ യെപ്പോലെ ആയിത്തീരാനുള്ള ഒരു ആന്തിരക ദാഹവും അതി നുണ്ട് എന്ന സത്യം ഈശോയെ കണ്ടറിഞ്ഞ ആത്മാവ് അനുഭവി ക്കുന്നു. ഇതിനുള്ള ഏക വഴി വഴി സ്നേഹം ആയിത്തീരുക എന്നു ള്ളതാണ്. സ്നേഹം ഒരു ഐക്യപ്പെടലിനും ഒരു അനുരൂപപ്പെട ലിനുമുള്ള ദാഹം കൂടി ഉൾച്ചേർന്നതാണ്. ആത്മാവിന്റെ ദാഹം ഈ വിധമുള്ള ഒരു സ്നേഹത്തിനായുള്ള ദാഹമാണ്.

സ്നേഹിക്കുക എന്നാൽ ഈശോയെ സ്വന്തമാക്കുക എന്നാണ്. സ്നേഹിക്കുക എന്നാൽ ഈശോയുടെ സ്വന്തമായിത്തീരുക എന്ന തുമാണ്. സ്നേഹിക്കുക എന്നാൽ ഈശോയെപ്പോലെ ആയിത്തീ രുക എന്നതു കൂടിയാണ്. ഇതു മൂന്നും സംഭവിക്കുമ്പോഴാണ് സ്നേഹാഭിഷേകം പൂർണമാകുന്നത്.

സ്നേഹം പരസ്പരം അനുരൂപരാക്കുന്നു. സാധർമ്യത്തിലെ ത്തിക്കുന്നു. ഒരാൾ മറ്റേയാളെപ്പോലെയാകുന്നു. സ്നേഹ സായൂ ജ്യത്തിൽ ഒറ്റ ജീവിതമായിമാറുന്നു. ഇനി സ്വന്തം ജീവിതമല്ല. ദൈവ ത്തിന്റെ ജീവിതമത്രെ സ്നേഹാഭിഷേകം സിദ്ധിച്ച ആത്മാവ് ജീവി ക്കുന്നത് (കുരിശിന്റെ  വി. യോഹന്നാൻ).

സ്നേഹിക്കുക - സ്നേഹിക്കൽ മാത്രം-അത് ദൈവസാന്നിധ്യം അപരനിൽ ഉണർത്തലാണ്. ദൈവാനുഭവം പകരലാണ്. സ്നേഹ ം അതൊന്നു മാത്രമാണ് ഈശോയെ കൊടുക്കാനുള്ള ഏറ്റം വിജ യപ്രദമായ മാർഗ്ഗം. എന്തെന്നാൽ ഈശോ സ്നേഹമാണ്. മനുഷ്യ നാകട്ടെ സ്നേഹാന്വേഷിയുമാണ്. അതാണ് സുവിശേഷവത്ക്കര ണവും പ്രേഷിതപ്രവർത്തനവും. തീയിലേയ്ക്ക് വയ്ക്കപ്പെടുന്ന വിറക് കത്തി തീ തന്നെയായി രൂപാന്തരപ്പെടുന്നതുപോലെ ദൈവ സ്നേഹാഗ്നിയിലേയ്ക്ക് തന്നെതന്നെ സമർപ്പിച്ച ആത്മാവ് യഥാ സമയം സ്നേഹത്തിന്റെ ജ്വാലയായി രൂപാന്തരപ്പെട്ടിരിക്കും. ഇതാണ് “പ്രേഷിത ഹൃദയം”-“രക്തസാക്ഷി ഹൃദയം”-“സ്നേഹ ഹൃദയം”.

**സ്നേഹപൂർണ്ണതയുടെ പ്രത്യേകതകൾ**

സ്നേഹ പൂർണത പ്രാപിച്ച വ്യക്തിക്ക് സ്നേഹം അനേകം പ്രവർത്തനശൈലികളിൽ ഒന്നല്ല,  ഏക ജീവിത ശൈലിയും, ജീവിത പ്രമാണവും ആയിരിക്കും. പലരും കുറേയൊക്കെ സ്നേഹിക്കാൻ ശ്രമിക്കും. കാര്യങ്ങൾ നാം പ്രതീക്ഷിച്ച വിധം മുന്നോട്ടു പ്രാവർത്തിക മല്ലെന്നുകണ്ടാൽ സ്നേഹത്തെ മാറ്റിനിർത്തി, കോപവും അധികാരപ്രയോഗവും കർക്കശ്യഭാ വവും പുറത്തെടുക്കും. ഇവയെ ന്യായീകരിക്കാൻ ‘‘സ്നേഹം ഒരു

ബലഹീനതയാണെന്ന് ആരും കരുതണ്ട,'' ''ക്ഷമിക്കാൻ മാത്രമല്ല എനിക്കറി യാവുന്നത്'' എന്നിങ്ങനെയുള്ള പ്രതികരണ ങ്ങളും ഉണ്ടാകും. ഇത് സ്നേഹപൂർണതയല്ല. സ്നേഹാഭിഷേകം ലഭിച്ച വ്യക്തി സ്നേഹം മുറിപ്പെടുത്തികൊണ്ട് കാര്യങ്ങൾ സാധിച്ചെടുക്കാൻ ഇതരമാർഗങ്ങൾ അവലംബിക്കുന്നില്ല.

ഏതെങ്കിലും ഒരു വ്യക്തിയോടോ വസ്തുവിനോടൊ പ്രഥമദൃഷ്ട്യാ തോന്നുന്ന വികാരം സ്നേഹമല്ല, കേവലം ഇഷ്ടം മാത്രമാണ്. അത്തരം ഇഷ്ടങ്ങൾ പലപ്പോഴും നാമറിയാതെ തന്നെ നമ്മുടെ ഉള്ളിൽകിടക്കുന്ന സുഖേച്ഛയുടെ ഫലമായി പുറത്തുവരുന്നതാവാം. സ്നേഹത്തിനുവേണ്ടിയുള്ള നമ്മുടെ ആഗ്രഹമോ സ്നേഹരാഹിത്യത്തിന്റെ അനുഭവമോ മൂലം ഉണ്ടാകുന്നതുമാവാം. ഇത്തരം ഇഷ്ടങ്ങളായിരിക്കും നമ്മെ വഴിതെറ്റിക്കുന്നതും വൈകാരിക അന്ധതയിലേക്ക് എത്തിക്കുന്നതും. സ്നേഹപൂർണത പ്രാപിച്ച വ്യക്തികൾ ആരോടും പ്രഥമദൃഷ്ട്യാ പ്രത്യേക ഇഷ്ടത്തിൽ ചെന്നുപെടുന്നില്ല. അതുപോലെ തന്നെ നേരെമറിച്ചും, പ്രഥമദൃഷ്ട്യാ ആരോടെങ്കിലും സ്നേഹക്കുറവ് തോന്നുന്നുവെങ്കിൽ നാം സ്നേഹ പൂർണത പ്രാപിച്ചിട്ടില്ല എന്നതിന്റെ തെളിവാണത്. ഒരു വ്യക്തിയോട് കൂടുതൽ സ്നേഹം തോന്നുന്നതും, ഒരു വ്യക്തിയോട് അകൽച്ച തോന്നുന്നതും സ്നേഹാഭിഷേകത്തിന്റെ കുറവാണ്.

അതുപോലെതന്നെ, ഏതെങ്കിലും ഒരു വ്യക്തിയുടെ പ്രത്യേക സ്നേഹമോ പരിഗണനയോ ആഗ്രഹിക്കുന്നതും അതിനായി കരുനീക്കുന്നതും സ്നേഹപൂർണതുടെ ലക്ഷണമല്ല. ആരുടെയെങ്കിലും പ്രത്യേക സ്നേഹം ലഭിച്ചായിരുന്നെങ്കിൽ ജീവിതം സൗഭാഗ്യപൂർണമാകുമായിരുന്നു എന്നു കരുതുന്നത് സ്നേഹക്കുറവിന്റെ ലക്ഷണമാണ്. സ്നേഹപൂർണത ലഭിച്ച വ്യക്തി ആരുടെയും പ്രത്യേക സ്നേഹം കാംക്ഷിക്കുന്നില്ല.

സ്നേഹപൂർണത പ്രാപിച്ച വ്യക്തി മറ്റുള്ളവരുടെ കുറവുകൾ കാണുന്നതിനനുസരിച്ച് സ്നേഹം പിൻവലിക്കുന്നില്ല. കുറവുകളില്ലാതിരിക്കുമ്പോൾ മാത്രം സ്നേഹിക്കുന്നത് സ്നേഹ പൂർണതയല്ല. പലവ്യക്തികളും കുറവുകളില്ലാത്തവർ എന്നു കരുതി സ്നേഹിച്ചുതുടങ്ങി, എന്നാൽ കൂടുതൽ അടുത്തപ്പോഴാണ് പലകുറവുകളും ഉണ്ടെന്ന് മനസ്സിലായത്. അപ്പോൾ കുറവുകളെ പ്രതിസ്നേഹം പിൻവലിക്കാൻ പ്രേരിതരാകുന്നു. അത് സ്നേഹപൂർണതയുടെ ലക്ഷണമല്ല. മറ്റൊരാളുടെ ബലഹീനത കാണുമ്പോൾ സ്നേഹം കുറയാതിരിക്കാനും അയാളിൽനിന്ന് അകലാതിരിക്കാനും തരംതാഴ്ത്തി കാണാതിരിക്കാനും

സാധിക്കണമെങ്കിൽ സ്നേഹപൂർണത പ്രാപിച്ചിരിക്കണം.

ഒരാൾ എത്ര മോശമാണെന്നു തോന്നുമ്പോഴും അയാളെ ദൈവം തന്റെച്ഛായയിൽ സൃഷ്ടിച്ചതായതിനാലും ഈശോ തന്റെ തിരുതക്തത്താൽ വീണ്ടെടുത്തതിനായതിനാലും ഈശോ കാണുന്ന കണ്ണുകളോടെ കാണാനും സ്നേഹിക്കാനും കഴിയുന്ന അവസ്ഥയിലുള്ള വളർച്ചയാണ് സ്നേഹപൂർണത.

പലപ്പോഴും ആരും നമ്മെ സ്നേഹിക്കുന്നില്ലെന്നും ആർക്കും നമ്മെ വേണ്ടായെന്നും ചിന്തിച്ച് വിഷമിക്കുന്നത് നാം സ്നേഹ പൂർണത പ്രാപിച്ചില്ല എന്നതിന്റെ തെളിവാണ്. സ്നേഹാഭിഷേകം ലഭിച്ച വ്യക്തി സ്നേഹക്കുറവിൽ മുറിപ്പെടുന്നില്ല, പരാതിപ്പെ ടുന്നില്ല. മറ്റുള്ളവർ നമ്മെ സ്നേഹിക്കുന്നു എന്ന് അനുഭവിക്കാനു ള്ള കഴിവിലേയ്ക്കുള്ള വളർച്ച കൂടിയാണ് സ്നേഹാഭിഷേകംവഴി ലഭിക്കുന്നത്. സ്നേഹ കുറവുകൾ അനുഭവപ്പെടാത്തവിധം നാം സ്നേഹനിറവിലായിരിക്കും.

നാം സ്നേഹിക്കുന്നവരെയാണ് സ്നേഹിക്കേണ്ടത്. അഥവാ നാം ആരെയൊക്കെ സ്നേഹിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നുവോ അവരെ നാം സ്നേഹിക്കണം. നമ്മുടെ സ്നേഹം ലഭിച്ച് വളരാൻ ദൈവം അയയ്ക്കുന്നവരെ നാം സ്നേഹിക്കണം, അതല്ലാതെ, നമുക്ക് ഇഷ്ടം തോന്നുന്നവരെയും, തൃപ്തി നല്കുന്ന ബന്ധം സൂക്ഷിക്കുന്നവരേയും നാം സ്നേഹിക്കുകയാണെങ്കിൽ അത് സ്നേഹപൂർണതയല്ല.

നമുക്കിഷ്ടമുള്ളവരെ സ്നേഹിക്കാനും, നമ്മെ സ്നേഹി ക്കുന്നവരെ സ്നേഹിക്കാനുമുള്ള സ്വാഭാവിക പ്രേരണ നമുക്കുണ്ട്. എന്നാൽ അങ്ങനെ സ്നേഹിക്കുന്ന പക്ഷം നമ്മിലെ സ്നേഹം വളരുകയില്ല, സ്നേഹപൂർണത പ്രാപിക്കാനുള്ള ദൈവപദ്ധതി നാം തടസ്സപ്പെടുത്തുകയാണ് ചെയ്യുന്നത്. നമ്മിലെ സ്നേഹശക്തി വളരണമെങ്കിൽ ദ്രോഹിച്ചവരെ സ്നേഹിക്കണം.

സ്നേഹപൂർണത പ്രാപിക്കാൻ ആഗ്രഹിക്കുന്ന വ്യക്തി തന്നെ ദ്രോഹിച്ചവരോട് പിന്നീട് ക്ഷമിച്ച് സ്നേഹിക്കാം എന്നു കരുതി സ്നേഹം മാറ്റിവയ്ക്കരുത്. ദ്രഹിച്ചുകൊണ്ടിരിക്കെത്തന്നെ സ്നേഹിക്കുന്ന, വധിക്കുമ്പോൾ തന്നെ ക്ഷമിച്ച് അനുഗ്രഹിക്കുന്ന അവസ്ഥയിലേക്ക് ഉയരുമ്പോഴാണ് സ്നേഹപൂർണത പ്രാപിക്കുന്നത്. രക്തസാക്ഷികൾ ഇപ്രകാരം സ്നേഹപൂർണത പ്രാപിച്ചിരുന്നു. പിന്നീടേക്ക് ഒന്നും ക്ഷമിക്കാൻ ബാക്കിവയ്ക്കാതെ വധിക്കപ്പെട്ടപ്പോൾത്തന്നെ അവർ സ്നേഹിച്ചുകൊണ്ടിരുന്നു. ഇതാണ് സ്നേഹ പൂർണത.

മറ്റുള്ളവർ തിരിച്ചു സ്നേഹിക്കണമെന്നും എന്നും

സ്നേഹിതരായി ഉണ്ടാകണമെന്നും കരുതി സ്നേഹിക്കുന്നത് സ്നേഹപൂർണതയല്ല. കൂടുതൽ സ്നേഹം കിട്ടുമ്പോൾ അവർ നമ്മെ മറന്നേക്കാം, മാറ്റിനിർത്തിയേക്കാം. അപ്പോഴും പരാതിയില്ലാതെ, നമുക്കുവേണ്ടിയല്ലാതെ, മറ്റുള്ളവർക്കുവേണ്ടി സ്നേഹിക്കാനുള്ള കഴിവാണ് സ്നേഹാഭിഷേകംവഴി ലഭിക്കുന്നത്. നമ്മെ സ്നേഹിക്കുന്നവരും നാം സ്നേഹിക്കുന്നവരും മറ്റുള്ളവരെ സ്നേഹിക്കുകയോ സ്നേഹിക്കപ്പെടുകയോ ചെയ്യുമ്പോൾ അസ്വസ്ഥത തോന്നാതിരിക്കുകയും ചെയ്യണമെങ്കിൽ സ്നേഹാഭിഷേകം ലഭിച്ചിരിക്കണം.

സ്നേഹപൂർണതയാണ് ഒരുവന് യഥാർത്ഥ സ്വാതന്ത്ര്യം നല്കുന്നത്. സ്നേഹത്തിൽ പക്വത പ്രാപിക്കാത്തവൻ വരിഞ്ഞു മുറുക്കപ്പെടുന്നു. എവിടെയും എപ്പോഴും സ്വാതന്ത്ര്യകുറവ് അനുഭവിക്കുന്നു. സ്നേഹ പൂർണതയാണ് സ്വാതന്ത്ര്യപൂർണത.

ഒരു വ്യക്തി ആദ്യം അവനവനെത്തന്നെ സ്നേഹിക്കാൻ കഴിവുനേടിയാൽ മാത്രമേ മറ്റുള്ളവരെ വേണ്ടവിധം സ്നേഹിക്കാനുള്ള പക്വതയിലേക്ക് വളരുകയുള്ളൂ. തന്നെത്തന്നെ സ്നേഹിക്കാൻ കഴിയാത്തവർക്ക് മറ്റുള്ളവരെ ദൈവഹിതമനു സരിച്ച് സ്നേഹിക്കാൻ കഴിയുകയില്ല.

സ്നേഹാഭിഷേകം ലഭിച്ച വ്യക്തിയുടെ സ്നേഹത്തിൽ മൂന്നുപേരുണ്ടായിരിക്കും. അയാളും ഈശോയും സ്നേഹിക്കപ്പെടുന്ന വ്യക്തിയും. ഈശോ ഇല്ലാത്ത സ്നേഹം യഥാർത്ഥ സ്നേഹമായിരിക്കില്ല. അത് വികാര പ്രകടനം മാത്രമായിരിക്കും. സ്നേഹിക്കപ്പെടുന്ന വ്യക്തിയെക്കുറിച്ച് ഓർക്കുമ്പോൾ ഈശോയെ സ്മരിക്കാൻ സാധിക്കുന്നെങ്കിൽ സ്നേഹം അഭിഷേകമുള്ളതാണ്. സ്നേഹിക്കപ്പെടുന്ന വ്യക്തിയുടെ സാന്നിധ്യത്തിൽ ഈശോയെ മറക്കുന്നെങ്കിൽ അത് അപകടംപിടിച്ച സ്നേഹമാണ്. നീ അപരനെ സ്നേഹിക്കാൻ ശ്രമിക്കുമ്പോൾ ഈശോയോട്എന്തെങ്കിലും അകൽച്ച ഉണ്ടെങ്കിൽ പ്രസ്തുത സ്നേഹം അഭിഷേകപൂർണമായിരിക്കില്ല. ഈശോയ്ക്ക് പൂർണമായി സമർപ്പിക്കപ്പെട്ടതും ഈശോയോടുള്ള സ്നേഹത്തിൽ നിന്ന് ഉത്ഭവിക്കുന്നതും ഈശോയോടുള്ള സ്നേഹം വർദ്ധിപ്പിക്കുന്ന സ്നേഹമാണ് അഭിഷേക പൂർണമായ സ്നേഹം. മറ്റുള്ളവരെ സ്നേഹിക്കുമ്പോൾ അവർക്ക് പ്രീതിയുണ്ടാവുക, അവരെ സന്തോഷിപ്പിക്കുക എന്നതിലുപരി ഈശോയെ പ്രീതിപ്പെടുത്തുക എന്നാഗ്രഹിച്ചുകൊണ്ടു സ്നേഹിക്കാൻ കഴിയുന്നതാണ് സ്നേഹപൂർണത.

സ്നേഹത്തെ പലവിധത്തിൽ നമുക്ക് നിർവചിക്കാൻ കഴിയും. സ്നേഹമെന്നാൽ ത്യാഗമാണ്, സ്നേഹമെന്നാൽ ആത്മദാനമാണ്,

സ്നേഹമെന്നാൽ ശുശ്രൂഷയാണ് എന്നൊക്കെ നമുക്ക് പറയാൻ കഴിയും. ഇവയെല്ലാം ശരിതന്നെ. എന്നാൽ സ്നേഹത്തിന്റെ യഥാർത്ഥവും പൂർണവുമായ നിർവചനം ദൈവഹിതം നിറവേറ്റുന്ന പ്രവൃത്തി ഏതോ അതാണ് സ്നേഹം എന്നതായിരിക്കും.

ഏറ്റവും ക്രൂരവും സ്നേഹരഹിതവും നാരകീയവുമായ അവസ്ഥയിൽ കഴിയുമ്പോഴും പൈശാചിക പീഡനങ്ങൾക്ക് ഇരയാകുമ്പോഴും സ്നേഹം പരാജയപ്പെടുന്നതായി തോന്നുന്ന സാഹചര്യങ്ങളിൽ ജീവിക്കാൻ വിധിക്കപ്പെടുമ്പോഴും സ്നേഹം മാത്രമായിരിക്കുക, സ്നേഹത്തിന് വിരുദ്ധമായതൊന്നും ആകാതിരിക്കുക എന്നതാണ് സ്നേഹ പൂർണത. കാൽവരിയിലെ ഈശോയും പരിശുദ്ധ കന്യകാമറിയവും ഇപ്രകാരം നിലകൊണ്ടവരാണ്. കോൺസൺട്രേഷൻ ക്യാമ്പിൽ മാക്സിമില്ലൻ കോൾബെയും തടവറയിൽ കാർഡിനൽ വാൻത്വാമ സ്നേഹമായി നിലകൊണ്ടു. അലക്സാണ്ടർ ഉയർത്തിയ കഠാരയുടെ മുൻപിലും മരിയഗൊരേത്തി സ്നേഹ പൂർണതയിൽ ആയിരുന്നു. ക്രൈസ്തവ സാക്ഷ്യത്തിന്റെ ധീരമാതൃകകളായിരുന്ന അനേകായിരം രക്തസാക്ഷികൾ സ്നേഹപൂർണതയിൽ നിലകൊണ്ടവരാണ്.

സ്നേഹിക്കുക എന്നതല്ല സ്നേഹമായിത്തീരുക എന്നതാണ് സ്നേഹപൂർണത. സ്നേഹംതന്നെയായ ദൈവത്തോട് ഐക്യപ്പെടണമെങ്കിൽ ഒരു വ്യക്തി സ്നേഹമായിത്തീരണം. സ്നേഹമല്ലാത്തതൊന്നും ദൈവൈക്യം പ്രാപിക്കുകയില്ല. നമ്മുടെ യഥാർത്ഥ പ്രാർത്ഥന ഇതായിരിക്കണം“ ദൈവമേ എന്നെ സ്നേഹമായി മാറ്റണമേ.” സ്നേഹം ലക്ഷ്യം തന്നെയാണ്. അത് ലക്ഷ്യത്തിലെത്താനുള്ള മാർഗം മാത്രമോ, പല പുണ്യങ്ങളിൽ ഏക പുണ്യമോ, ഒരു സ്വഭാവ ഗുണം മാത്രമോ അല്ല. സ്നേഹമായിരിക്കട്ടെ നിങ്ങളുടെ ലക്ഷ്യം (1 കോറി 14:1) എന്നാണല്ലോ വചനം പറയുന്നത്. ആകയാൽ സ്നേഹം ലക്ഷ്യംവച്ച് സ്നേഹിച്ചുജീവിക്കുക. ഒരാൾ രക്ഷ പ്രാപിച്ചു എന്നതിനർത്ഥം അയാൾ സ്നേഹമായി മാറി എന്നതാണ്. വിശ്വാസം, പ്രത്യാശ എന്നീ ദൈവിക പുണ്യങ്ങൾ സ്വർഗത്തിലേക്കു നമ്മെ എത്തിക്കാൻ സഹായിക്കുമെങ്കിലും സ്നേഹം അതിന്റെ പൂർണതയിൽ സ്വർഗത്തിൽ അനുഭവിക്കുന്നു. മരണത്തോടെ ഒരത്മാവ് ഭൂമിയോട് വിടപറയുന്നതോടെ വിശ്വാസവും പ്രത്യാശയും വേണ്ടാതായിത്തീരുകയും സ്നേഹം മാത്രം നിലനില്ക്കുകയും ചെയ്യും.

സ്നേഹാഭിഷേകം ആഗ്രഹിക്കുന്ന വ്യക്തി ഇങ്ങനെയും

പ്രാർത്ഥിക്കേണ്ടതുണ്ട്: ''എന്നെ കൂടുതൽ സ്നേഹിക്കാൻ ആരെയും അനുവദിക്കരുതേ; ഞാൻ ആരെയും കൂടുതലായി സ്നേഹിക്കാൻ എന്നെ അനുവദിക്കരുത്.''

ക്രിസ്തീയ വെളിപാട് അനുസരിച്ച് സ്നേഹം ഒരു വികാരമോ, അനുഭക്തിയോ, ഒരു പുണ്യം മാത്രമോ അല്ല. സ്നേഹം ഒരു വ്യക്തിയണ്, ദൈവം എന്ന വ്യക്തി. കൃത്യമായി പറഞ്ഞാൽ നസ്രത്തിലെ ഈശോ എന്ന വ്യക്തി. ആകയാൽ സ്നേഹ പൂർണത പ്രാപിക്കണമെങ്കിൽ ഈശോയിൽ ഉറപ്പിക്കപ്പെടണം. സ്നേഹിക്കുക എന്നാൽ വികാരങ്ങളുടെ ഒക്കെമാറ്റമല്ല, ഈശോയെ നല്കലാണ്.

ഈശോയെ യഥാവിധി സ്വീകരിച്ചാൽ ഒരു വ്യക്തിക്ക് യഥാർത്ഥ സ്നേഹാഭിഷേകം പ്രാപിക്കാം. അഥവാ, സ്നേഹാഭിഷേകം പ്രാപിക്കാനുള്ള യഥാർഥവഴി ഈശോയെ യഥാവിധി സ്വീകരിക്കുക എന്നതാണ്. ഈശോയെ സ്വീകരിക്കാൻ മടിക്കുന്ന വ്യക്തി സ്നേഹത്തെ സ്വീകരിക്കാൻ മടിക്കുന്നു. സ്നേഹമായിത്തീരാൻ അയാൾക്ക് ഒരിക്കലും സാധിക്കുകയില്ല.

ദൈവത്തെ പ്രീതിപ്പെടുത്താൻ സ്നേഹത്തിനൊഴികെ മറ്റൊന്നിനും കഴിയുകയില്ല. സ്നേഹം മാത്രമാണ് ദൈവത്തെ പ്രസാദിപ്പിക്കാൻ പോരുന്നത്. നേർച്ച കാഴ്ചകളും സഹനവും പുണ്യങ്ങളും സ്നേഹത്തോടെ നിർവചിച്ചാൽ മാത്രമേ ദൈവപ്രീതിക്ക് അർഹമാകുകയുള്ളൂ. കുരിശിന്റെ വിശുദ്ധ യോഹന്നാൻ പറയുന്നു: ''അന്ത്യദിനത്തിൽ സ്നേഹമൊഴികെ മറ്റൊന്നും വിലപ്പോവുകയില്ല.'' വിശുദ്ധ തോമസ് അക്വീനാസ് പഠിപ്പിക്കുന്നു: ''സ്നേഹം ആത്മാവിൽ ഉണ്ടെങ്കിൽമാത്രമല്ലേ ആത്മാവ് നിത്യസമ്മാനത്തിന് അർഹത നേടുകയുള്ളൂ.''

സ്നേഹത്തിന്റെ തലത്തിൽ പക്വത നേടാത്ത വ്യക്തി വേഗം വീണുപോയേക്കും. പല ബലഹീനതകളുടെയും പിന്നിൽ സ്നേഹ പൂർണത പ്രാപിക്കുകയാണ് അടിസ്ഥാന കാരണമായി നിലകൊള്ളുന്നത്. സ്നേഹപൂർണത പ്രാപിച്ച വ്യക്തി സ്വാഭാവിക ബലഹീനതയിൽ നിന്നും മോചനം നേടിയിരിക്കും.

സ്നേഹാഭിഷേകം ലഭിച്ചാൽ മാത്രമേ രക്തസാക്ഷിത്വം സ്വീകരിക്കാൻ കഴിയുകയുള്ളൂ. ക്രിസ്തീയ രക്തസാക്ഷിത്വം ഭയത്തിൽ നിന്നുണ്ടായതല്ല. അത് സ്നേഹത്തിൽ നിന്നുണ്ടാകുന്നതാണ്. രക്തസാക്ഷിത്വത്തിലേക്ക് ഒരു വ്യക്തിയോ സഭയോ പ്രവേശിക്കുന്നതിനു മുൻപ് സ്നേഹത്തിന്റെ വലിയ അഭിഷേകം സ്വീകരിക്കേണ്ടതുണ്ട്. രക്തസാക്ഷിത്വത്തിന്റെ വിളി ലഭിച്ചിട്ടുള്ള

ആത്മാക്കൾ സ്നേഹപൂർണതയുടെ വിളി സ്വീകരിച്ചവരായിരിക്കും.

ആദിമ സഭയുടെ ജീവിത പ്രമാണം സ്നേഹപ്രമാണമായിരുന്നു. പിന്നീട് സഭയുടെ ജീവിതം വിശ്വാസ പ്രമാണത്തിൽ അധിഷ്ഠിതമായി. കാരണം, പലവിധ അബദ്ധപ്രബോധനങ്ങൾ ഉടലെടുത്തപ്പോൾ വിശ്വാസത്തെ നിർവചിച്ച് നല്കേണ്ടിവന്നു. അങ്ങനെ നിയമത്തിലൂടെ വിശ്വാസത്തെയും ധാർമികതെയും ഉറപ്പിക്കാൻ ശ്രമിച്ചു. യുഗാന്ത്യ സഭ വീണ്ടും സ്നേഹ പ്രമാണ ത്തിലേക്ക് തിരിച്ചുപോകുന്നതായിരിക്കും. വിശ്വാസ പ്രമാണങ്ങളെ മുറുകെപ്പിടിച്ചതുകൊണ്ടുമാത്രം വിശുദ്ധരുണ്ടാവുകയില്ല, സ്നേഹപ്രമാണത്തെ ജീവിക്കുന്നില്ലെങ്കിൽ. നാം വിശ്വസിക്കുന്നത് സ്നേഹത്തിലാണ്, സ്നേഹമായിരിക്കുന്ന ദൈവത്തിലാണ്. ആയതിനാൽ വിശ്വസിക്കുക എന്നാൽ സ്നേഹത്തിൽ ഉറപ്പിക്ക പ്പെടുക സ്നേഹിക്കുക എന്നർത്ഥം. സ്നേഹത്തിൽ ഉറപ്പിക്കപ്പെടാ ത്ത വിശ്വാസം ക്രിസ്തീയമായിരിക്കില്ല. "ക്രിസ്തീയ ജീവിതം സ്നേഹത്തിൽ നിന്ന് വ്യതിചലിക്കാതിരിക്കുന്നതാണ്" എന്നു പഠിപ്പിക്കുന്നതിൽ നിന്ന് സഭ പിന്നോട്ടുപോയി. "വിശ്വാസത്തിൽ നിന്ന് വ്യതിചലിക്കാതിരിക്കുന്നതാണ് ക്രിസ്തീയത" എന്ന് പഠിപ്പിക്കാൻ തുടങ്ങി. അതോടെ വിശ്വാസം പ്രചരിപ്പിക്കാൻവേണ്ടി സ്നേഹപ്രമാണത്തെ മറക്കുകയും പലപ്പോഴും അതിനെതിരായ മാർഗങ്ങൾ അവലംബിക്കുകയും ചെയ്തു. യഥാർത്ഥ വിശ്വാസം വളർത്തണമെങ്കിൽ സ്നേഹം നിറയണം. ആദ്യപ്രമാണത്തിൽ, ഏകകല്പനയിൽ, വീണ്ടും മുറുകെപ്പിടിക്കാനുള്ള സമയമായി.

സ്നേഹം അഭിഷേകമായിത്തീരുകയും സ്നേഹപൂർണത പ്രാപിക്കുകയും ചെയ്യുമ്പോൾ സ്നേഹപ്രവൃത്തികൾ ഓർമയിൽ കൊണ്ടുനടക്കാതെ, സ്വാഭാവിമായി ജീവിക്കും. നാം പലപ്പോഴും മറ്റുള്ളവർക്കു ചെയ്ത നന്മകളും സ്നേഹ ഉപകാരങ്ങളും ഓർമയി ൽ കൊണ്ടുപോയി നടക്കും. "നിന്റെ വലതുകൈ ചെയ്യുന്നതെ ന്തെന്ന് ഇടതുകൈ അറിയാതിരിക്കട്ടെ" എന്നാണല്ലോ തിരുവചനം പഠിപ്പിക്കുന്നത്. രാവിലെ കുളിച്ചതും ഭക്ഷണം കഴിച്ചതും ഓർമയിൽ വയ്ക്കലില്ലല്ലോ. സ്നേഹം സ്വാഭാവികമാകാ ത്തതുകൊണ്ടാണ് നാം ഏതോ പ്രത്യേക കാര്യം, ഏതോ വലിയ കാര്യം ചെയ്തു എന്നമട്ടിൽ സ്നേഹപ്രവൃത്തികളെയും ശുശ്രൂഷകളെയും ഓർമയിൽ കൊണ്ടുനടക്കുന്നത്. ഇത് സ്നേഹത്തിന്റഎ ലക്ഷണമല്ല, സ്നേഹക്കുറവിന്റെ ലക്ഷണമാണ്.

സ്നേഹം മനുഷ്യാസ്തിത്വത്തിന് വൈരുദ്ധ്യമായി പ്രത്യക്ഷ പ്പെടുന്നു. ഏതൊരു വ്യക്തിയും മറ്റുള്ളവരെ സ്നേഹിക്കാൻ

ആഗ്രഹിക്കുന്നു. സ്നേഹിക്കാൻ ശ്രമിക്കുന്നു. അത് അവന്റെ ഉള്ളിൽ നിന്നുള്ള പ്രേരണയാണ്. എന്നാൽ സ്നേഹിക്കുമ്പോൾ സ്വയം ബലിയായി നല്കുകയാണ്. സ്വയം ശൂന്യവത്ക്കരിക്കുക യാണ്, ആത്മദാനമായി മാറുകയാണ്. ഇതും അസ്തിത്വത്തിന്റെ പ്രേരണയ്ക്ക് എതിരു നില്ക്കുന്നു. അങ്ങനെഒരേ സമയംതന്നെ സ്നേഹിക്കാനും സ്നേഹിക്കാതിരിക്കാനുമുള്ള പ്രേരണയിൽ കുടുങ്ങികിടക്കുന്നവനാണു മനുഷ്യൻ. ആയതിനാൽ, സ്വാഭാവിക മനുഷ്യന് അവന്റെയുള്ളിൽ ദൈവം തന്നെ സ്നേഹ ശക്തിയായി വായിച്ച് സ്നേഹത്തിന്റെ ഉപരി അഭിഷേകം നല്കുന്നില്ലെങ്കിൽ സ്നേഹ പൂർണത പ്രാപിക്കാൻ കഴിയുകയില്ല.

ക്രിസ്തുവിന്റെ കുരിശ് സ്നേഹപൂർണതയിൽ നടത്തിയ ആത്മദാനമായിരുന്നു. അത് അസ്ഥിത്വത്തിന്റെ നിഷേധമല്ല, പൂർണത പ്രാപിക്കലായിരുന്നു. ഇതാണ് ക്രിസ്തീയ സ്നേഹ പൂർണത. ഇതിനായി, മനുഷ്യാസ്തിത്വത്തിലെ വൈരുദ്ധ്യത്തെ മറികടക്കേണ്ടതുണ്ട്. ഈ പരിശ്രമമാണ് സ്നേഹത്തിന്റെ രക്തസാക്ഷിത്വം. ഇതിന് സ്നേഹം തന്നെയായ ഈശോ ഉള്ളിൽ വസിച്ചുകൊണ്ട് നമ്മിലെ സ്നേഹശക്തിയെ ഉണർത്തി അഭിഷേകം കൊണ്ടു നിറയ്ക്കണം. ഉപ്പിന് ''അലിഞ്ഞ് ഇല്ലാതാകുക'' എന്നതും ദീപത്തിന് ''ജ്വലിച്ചെരിഞ്ഞ് ഇല്ലാതാകുക'' എന്നതും അസ്തിത്വത്തി ന്റെ നിയമമാണ്. അതോടെ അവ ഇല്ലാതാകുന്നു. എന്നാൽ അതുകൊണ്ടു മാത്രമാണ് അവയുടെ അസ്തിത്വം സാക്ഷാത്കരി ക്കപ്പെടുന്നത്. ക്രിസ്തുശിഷ്യൻ സ്നേഹത്താൽ ബലിയായിത്തീ രുന്നു. അതോടെ സ്വയം ഇല്ലാതാകുന്നു. എന്നാൽ സ്നേഹത്താൽ പ്രേരിതമാകുന്ന ആത്മദാനത്താൽ അസ്തിത്വം സാക്ഷാത്കരി ക്കപ്പെടുന്നു.

മറ്റു മനുഷ്യരിൽ സ്നേഹയോഗ്യമെന്നും, ഇഷ്ടമെന്നും നാം കാണുന്നവയാൽ ആകർഷിക്കപ്പെട്ട് സ്നേഹിക്കുന്നതിന്റെ കാരണം നമ്മിൽ സ്നേഹമുള്ളതുകൊണ്ടല്ല, സ്നേഹക്കുറവ് ഉള്ളതു കൊണ്ടും സ്നേഹിക്കപ്പെടാനുള്ള ദാഹം നമ്മിൽ അവശേഷി ക്കുന്നതിനാലുമാണ്. യഥാർത്ഥസ്നേഹപൂർണത പ്രാപിച്ചവർ തിരിച്ച് സ്നേഹം നല്കാൻ കഴിവില്ലാത്തവരെ സ്നേഹിക്കുന്ന തിലേക്ക് വളരുന്നു. മന്ദബുദ്ധികളെയും, അനാഥരെയും ഒക്കെ സ്നേഹിക്കുന്നതിലേക്ക് ഹൃദയം വളരുകയാണ് സ്നേഹത്തിന്റെ സ്വഭാവം. സ്നേഹം ഉള്ളിൽ കുറവുള്ളവരാണ് ഇഷ്ടങ്ങളെ തിരയുന്നത്. മദർതെരേസയും വി.ഡാമിയനും സ്നേഹപൂർണതയി ലായിരുന്നതിനാൽ അവർ തിരിച്ചു സ്നേഹം നല്കാൻ കഴിവില്ലാ യിരുന്നവരെ സ്നേഹിച്ചു. ഈശോ അരുൾചെയ്ത് ഓർമ്മിക്കുക

നിങ്ങൾ അത്താഴ വിരുന്നോ സദ്യയോ കൊടുക്കുമ്പോൾ ദരിദ്രർ, വികലാംഗർ, മുടന്തർ, കുരുടർ എന്നിവരെ വിളിക്കുക. അപ്പോൾ നീ ഭാഗ്യവാനായിരിക്കും; എന്തെന്നാൽ, പകരം നല്കാൻ അവരുടെ പക്കൽ ഒന്നുമില്ല (ലൂക്കാ 14:12-13). സ്നേഹപൂർണത പ്രാപിക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ, പകരം സ്നേഹിക്കാൻ കഴിവില്ലാത്തവരെ സ്നേഹിച്ചു തുടങ്ങണം.

ദൈവം സദാ പൂർണമായി എന്നെ സ്നേഹിക്കുന്നുണ്ടായിരുന്നിട്ടും എനിക്കത് തിരിച്ചറിയാനോ അനുവഭിക്കാനോ കഴിയുന്നില്ലെങ്കിൽ അതിനു കാരണം സ്നേഹം തന്നെയായ ഈശോയും പരിശുദ്ധാത്മാവും എന്നിൽ ഇല്ലാത്തതിനാലാണ്.

സ്നേഹം ഹൃദയത്തിൽ നിറയുന്നതനുസരിച്ച് ദൈവത്തിന്റെ സ്നേഹം മാത്രമല്ല, മറ്റൊരു വ്യക്തിയുടെ ഏറ്റവും നിസ്സാരമായ സ്നേഹപ്രകടനങ്ങൾ പോലും സ്നേഹാനുഭവങ്ങളായി തിരിച്ചറിയാൻ കഴിയും. ഇല്ലാത്ത പക്ഷം ദൈവം സ്നേഹിക്കുന്നതു പോലും സ്നേഹമായി തിരിച്ചറിയാൻ കഴിയാതെ പോകും. എന്റെയുള്ളിൽ സ്നേഹം ഉറവപ്പൊട്ടാതെ മറ്റൊരാളുടെ ഏറ്റം വലിയസ്നേഹം പോലും സ്നേഹമായി എനിക്ക് അനുഭവിക്കാനാവില്ല.

മനുഷ്യൻ സ്നേഹിക്കുന്നത് മറ്റുവ്യക്തികളുടെ നന്മകൾ കണ്ടിട്ടും അത് പ്രതീക്ഷിച്ചുകൊണ്ടുമാണ്. ദൈവം സ്നേഹിക്കുന്നതാകട്ടെ യാതൊരു നന്മയും നമുക്ക് ഇല്ലാതിരിക്കുമ്പോഴും നാം അവിടുത്തെ ദ്രോഹിക്കുമ്പോഴും നമുക്ക് നന്മകൾ നല്കിക്കൊണ്ടാണ്.

മനുഷ്യൻ സ്നേഹം പ്രകടിപ്പിക്കുമ്പോഴും അത് സ്നേഹമായി കൊള്ളണമെന്നില്ല. ദൈവം സഹനം അനുഭവിക്കുമ്പോഴും അത് സ്നേഹമായിരിക്കും. സ്നേഹിക്കാനല്ലാതെ മറ്റൊന്നിനും കഴിവില്ലാതിരിക്കുക എന്നതാണ് ദൈവം എന്നുതോന്നുന്നു. ഇപ്രകാരമൊരു സ്നേഹനിറവാണ് സ്നോഹാഭിഷേകം.

നമ്മെ ഇപ്പോൾ സ്നേഹിക്കുന്ന പലരും സ്നേഹിക്കുന്നത് നമ്മുടെ ഉള്ളിന്റെ ഉള്ളിൽ നാം ആരാണെന്ന് അറിയാത്തതുകൊണ്ടാണ്. അറിഞ്ഞാൽ നമ്മെ ഏറ്റവും വെറുക്കുന്നത് ഒരുപക്ഷേ അവരായിരിക്കും. സ്നേഹിക്കുന്നത് എന്റെ ഉള്ളം പൂർണമായി അറിഞ്ഞുകൊണ്ടുതന്നെയാണ്. അതുപോലെ ഞാൻ മറ്റൊരാളെ സ്നേഹിക്കുന്നത് അയാളുടെ ഉള്ളിന്റെ ഉള്ളം അറിയാത്തതുകൊണ്ടാകാം. അറിഞ്ഞാലും സ്നേഹത്തിന് കുറവു വരാത്തവിധം സ്നേഹിക്കുകയാണ് സ്നേഹപൂർണത.

ഓരോ മനുഷ്യനും സ്നേഹിക്കാൻ ഏറ്റം യോഗ്യനായവനെ

തിരഞ്ഞുകൊണ്ടിരിക്കുന്നു. തന്റെ സ്നേഹം കൊടുത്താൽ സ്വീകരിക്കാൻ ഏറ്റവും യോഗ്യനായവനെ ആത്മാവ് തിരയുന്നു. ഇത് ഈശോയാണ് എന്നു കണ്ടെത്തുകയാണ് സ്നേഹമായി ത്തീരാനുള്ള വഴി. അതുപോലെ ആരാലാണ് താൻ ഏറ്റവും നിർമ്മലവും പൂർണമായി സ്നേഹിക്കുന്നവൻ എന്ന് ആത്മാവ് കണ്ടെത്തുന്നു. ഈ രണ്ടു തിരിച്ചറിവാണ് ആത്മാവിനെ സ്നേഹത്തിൽ ഉറപ്പിക്കുന്നത്.

ഓരോ മനുഷ്യാത്മാവിൽ നിന്നും ദൈവം പ്രതീക്ഷിക്കുന്നതും ആഗ്രഹിക്കുന്നതും പദ്ധതിയിട്ടിരിക്കുന്നതും അത് സ്നേഹപൂർ ണതയിൽ സ്വയം ദൈവത്തിനായി സമർപ്പണം ചെയ്യുക എന്നതാണ്. ആത്മദാനം ആത്മബലിയായിത്തീരുന്നത് മറ്റുള്ള വർക്കുവേണ്ടി എന്നതിലുപരി ദൈവത്തിനുവേണ്ടി ആയിരിക്കു മ്പോഴാണ്. ഓരോ മനുഷ്യാത്മാവിനുവേണ്ടി ദൈവം പദ്ധതി ഇട്ടിരിക്കുന്നതാകട്ടെ സ്വയം സമ്മാനമായി ആത്മാവിന് നല്കാനാണ്. ഇങ്ങനെ ആത്മാവ് ദൈവത്തിനും ദൈവം ആത്മാവിനും സമർപ്പിക്കുന്നതാണ് സ്നേഹപൂർണത, ദൈവൈക്യം ദൈവത്തിന്റെ ഏറ്റവും സമുന്നകമായ ദാനങ്ങൾക്കോ, ഏറ്റം ഉയർന്ന വസ്തുവിനോ മനുഷ്യാത്മാവിനെ തൃപ്തിപ്പെടു ത്താനോ ആത്മാവിന്റെ ദാഹം ശമിപ്പിക്കാനോ കഴിയുകയില്ല, ദൈവത്തിനുമാത്രമേ കഴിയൂ. അതിനായി ദൈവം നമുക്ക് സ്വയം ദാനമായി നല്കുന്നു. അപ്രകാരം തന്നെ മനുഷ്യന്റെ ഏറ്റവും ഉന്നതമായ പുണ്യങ്ങൾക്ക് ദൈവത്തെ സംപൂർണമായി പ്രീതിപ്പെടുത്താനാവുകയില്ല. മനുഷ്യൻ സ്വയം സമർപ്പിക്കുന്നതു വഴി മാത്രമേ ദൈവത്തെ പ്രസാദിപ്പിക്കാനാവൂ. അതിനായി മനുഷ്യൻ ദൈവത്തിന് സ്വയം ബലിയായി സമർപ്പിക്കണം. ഈ പരസ്പരമുള്ള സമർപ്പണമാണ് ദൈവൈക്യതലം.

മതബോധനഗ്രന്ഥം 217 ൽ പറയുന്നു; ദൈവത്തോടുള്ള ഐക്യത്തിന് വിളിക്കപ്പെട്ടവനാണ് മനുഷ്യൻ എന്ന വസ്തുതയാണ് മനുഷ്യമഹത്വത്തിന് നിദാനം: ദൈവം തന്റെ കൃപാവരത്താൽ മനുഷ്യാത്മാവിനെ നിറച്ചുകൊണ്ട് അതിനെ ശോഭയുള്ളതാക്കി തനിക്കുതന്നെ പ്രതിഫലിക്കാൻ സഹായിച്ചുകൊണ്ട് ദൈവൈക്യത്തിന് യോഗ്യത നല്കുന്നു. ദൈവൈക്യം എന്നത് കൃപയുടെ പ്രവൃത്തിയായി നിലകൊള്ളുന്നു.

# 14

## കുടുംബം:
## വിശുദ്ധിയുടെ വിളനിലം

"പുണ്യമില്ലാത്ത മാതാപിതാക്കന്മാരായിരുന്നു എന്നെ വളർത്തിയിരുന്നെങ്കിൽ ഞാൻ വലിയ ദുഷ്ടനായിത്തീരുമായിരുന്നു. നശിച്ചു പോകാൻ തന്നെ ഇടയാകുമായിരുന്നു.... എന്റെ ചുറ്റിലും സന്മാതൃകകൾ മാത്രം ഉണ്ടായിരുന്നതിനാൽ അവയെ അനുഗരിക്കാൻ നൈസർഗികമായി ഞാൻ താൽപ്പര്യപ്പെട്ടു''...... ''എനിക്ക് വായിക്കാൻ സാധിച്ച ആദ്യത്തെ അക്ഷരം ''സ്വർഗം'' എന്നതായിരുന്നു!'' വിശുദ്ധ കൊച്ചുത്രേ്യസ തന്റെ ബാല്യകാലം അനുസ്മരിക്കുന്നതിങ്ങനെയാണ്.

വിശുദ്ധരെ വിരിയിക്കുന്നത് കുടുംബമാണ്. മാതാപിതാക്കന്മാർ തങ്ങളുടെ സുകൃതത്തിൽ മക്കളെയും പങ്കുകാരാക്കി വളർത്തുന്നു. ഈശോ ഓരോ ആത്മാവിനെയും വിശുദ്ധിയിൽ വളർത്താൻ വ്യത്യസ്തങ്ങളായ മാർഗങ്ങൾ സ്വീകരിക്കുന്നു. എന്നാൽ അവയൊക്കെയും സ്നേഹത്തിന്റെ വ്യത്യസ്ത മുഖങ്ങൾ പ്രതിബിംബിപ്പിക്കുന്നു.

"തന്റെമകൻ കല്ലിൽതട്ടി വീഴുന്നുകണ്ട് ഓടിവന്ന് പിതാവ് അവനെയെടുത്ത് ശുശ്രൂഷിക്കുകയും ആശുപത്രിയിലെത്തിച്ച് ചികിത്സിച്ച് മുറിവ് ഭേദമാക്കുകയും ചെയ്യുന്നുവെന്നിരിക്കുക. പിതാവിന്റെ സ്നേഹം അവൻ അനുഭവിക്കുന്നു. എന്നാൽ തന്റെ മകൻ വീഴുമെന്ന് മുൻകൂട്ടി കണ്ട് പിതാവ് അവൻ നടക്കുന്ന വഴിയിൽ നിന്ന് കല്ലെടുത്തുമാറ്റിയിരുന്നെങ്കിലോ? മകൻ കൃതജ്ഞത പ്രകാശിപ്പിക്കുമോ? അവനത് അറിയുന്നില്ല." ചെറുപുഷ്പം പറയുന്നു: "ഞാനാണ് ഈ കുട്ടി. ഞാൻ നടക്കുന്ന വഴിയിൽ ഉണ്ടായിരുന്ന കല്ലുകളിൽ തട്ടി വീഴാതിരിക്കാൻ എന്റെ വഴിയിലെ കല്ലുകൾ ഈശോ നേരത്തെ എടുത്തു നീക്കുകയായിരുന്നു. അസ്സീസിയിലെ ഫ്രാൻസിസും, അഗസ്റ്റിനും, മഗ്ദലനായുമൊക്കെ വീണപ്പോൾ ഈശോ അവരെ താങ്ങിയെടുത്തു രക്ഷിച്ചെങ്കിൽ കൊച്ചുത്രേ്യസയെ കൂടുതൽ സ്നേഹിച്ചതുകൊണ്ട് അവൾ വീഴാമായിരുന്ന സാഹചര്യം പോലും മാറ്റിക്കളഞ്ഞു. ദുഷ്ടതയ്ക്ക് എന്റെ വിചാരങ്ങളെ മലിനമാക്കാനും തിന്മയ്ക്ക് എന്റെ ഹൃദയത്തെ വശീകരിക്കാനും കഴിയും മുൻപ് അവിടുന്ന് ഈ ലോകമോഹത്തിൽ നിന്ന് എന്നെ സംരക്ഷിച്ച് അകറ്റി സൂക്ഷിച്ചു."

രണ്ടും ദൈവകൃപയുടെ പ്രവൃത്തികൾ തന്നെ. വിശുദ്ധരുടെ കാര്യത്തിൽ ഈ രണ്ടുവിധത്തിലും ദൈവം ഇടപെടുന്നതായി കാണാനാവും. ചിലർ ബാല്യത്തിൽതന്നെ സംരക്ഷിക്കപ്പെട്ടിരുന്നു. ചിലരാകട്ടെ പപത്തിന്റെ മുറിപ്പാടുകൾ ഏറ്റശേഷം സൗഖ്യത്തി ലൂടെ അനുഗ്രഹം പ്രാപിച്ചു.

കാലികളെ തീറ്റാൻ പോകുമ്പോഴും ഓക്കുവൃക്ഷത്തിൽ പരിശുദ്ധ കന്യകയുടെ രൂപം അലങ്കരിച്ചുവച്ച് പ്രാർത്ഥിച്ചിരുന്നു ആ ബാലൻ! കേവലം പന്ത്രണ്ടു വയസ്സുമാത്രം പ്രായമുള്ളപ്പോൾ സ്വയം അദ്ധ്വാനിച്ചു സമ്പാദിച്ചതും മിഠായി വാങ്ങാൻ ലഭിച്ചതുമായ തുക മുഴുവൻ ഒരു യാചകന് നൽകാൻ കഴിഞ്ഞതിൽ അവന് സന്തോഷമായിരുന്നു. ഫ്രാൻസിലെ "പോ" എന്ന സ്ഥലത്തു ജനിച്ചുവളർന്ന് വൈദികനായിത്തീർന്ന് പാവങ്ങൾക്കായി സ്വജീവിതം വ്യയം ചെയ്ത വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ ബാല്യകാലം ഇവ്വിധം പുണ്യപൂർണമായിരുന്നു.

അസ്സീസിയിൽ പ്രസിദ്ധമായ ഒഫ്രദുച്ചിയോ പ്രഭുകുടുംബത്തിൽ ജനിച്ചവളാണ് ക്ലാര! പേരു സൂചിപ്പിക്കുംപോലെ അവൾ പ്രകാശ മുള്ളവളായിരുന്നു. അമ്മ വലിയ ഭക്തയായിരുന്നു. വിശുദ്ധരുടെ കഥകളും ബൈബിൾ കഥകളും എന്നും പറഞ്ഞുകൊടുക്കുമായിരു ന്നു.

വിശുദ്ധ റോസല്ലോയുടെ ബാല്യം ആത്മീതസുകൃതങ്ങളാൽ ധന്യമായിരുന്നു. മുഭൂമിയിലെ താപസന്മാരെക്കുറിച്ച് കേട്ടറിഞ്ഞ അവൾ രണ്ടു കൂട്ടുകാരികളെയും സംഘടിപ്പിച്ച് ഇതാ വീട്ടിൽ നിന്ന് അകലെയല്ലാത്ത ഒരു വിജനപ്രദേശത്തേക്ക് താപസജിവിതത്തിനു പോകുന്നു! സ്കൂൾ ഭിത്തിയിൽ തൂക്കിയിട്ടിരിക്കുന്ന ക്രൂശിതരൂപം അനുവാദംകൂടാതെ എടുത്തു കൊണ്ടാണ് ഈ കൊച്ചുതപസ്വിനികൾ പോയത്. പ്രാർത്ഥിക്കണം, പ്രായശ്ചിത്തം ചെയ്യണം അതായിരുന്നു ഏകലക്ഷ്യം. അവിടെ എത്തിയപ്പോഴാണ് ക്രൂശിതരൂപം എടുത്തത് അനുവാദം കൂടാതെയാണല്ലോ എന്ന ഓർമ വന്നത്. പിന്നെ ഉടൻ സന്യാസം ഉപേക്ഷിച്ച് തിരിച്ചുനടന്നു. എന്നാൽ ഈശോ അവളുടെ അന്തരംഗത്തിൽ എന്തെല്ലാമോ നിർവഹിക്കുകയായിരുന്നു. മറ്റൊരവസരത്തിൽ, ഏകദേശം പന്ത്രണ്ടുവയസ്സു മാത്രം പ്രായമുള്ളപ്പോൾ അവൾക്ക് പുതിയൊരാഗ്രഹം ഉടലെടുത്തു. മുതിർന്നവർ പോകുന്നതുപോലെ മരിയൻ തീർത്ഥാടനം നടത്തണം. എന്നാൽ തീർത്ഥാടനകേന്ദ്രം വളരെ അകലെയാണ്. അവൾ മറ്റൊരുപായം കണ്ടുപിടിച്ചു. കൂട്ടുകാരെ സംഘടിപ്പിച്ച് പതാകയും കൈയ്യിലേന്തി, പ്രാർത്ഥനാ ഗീതങ്ങളുമായി ഇടവകയ്ക്കടുത്തുള്ള കാരുണ്യമാതാവിന്റെ അടുക്കലേക്ക് തീർത്ഥയാത്ര നടത്തി. അങ്ങനെ ഒരു ബാലതീർത്ഥാടക സംഘം മുന്നേറി.

ചെറുപ്പത്തിലെതന്നെ ത്യാഗത്തിന്റെ വഴിയിലൂടെ ചരിക്കാൻ ബെനെദെത്തോയ്ക്ക് ഉള്ളിൽ നിന്ന് ശക്തമായ പ്രേരണയുണ്ടായിരുന്നു. വലിയ ആഗ്രഹം, ഒരു മുള്ളരഞ്ഞാണം ധരിക്കാൻ. അവൾ ആ നാട്ടിലെ ഒരു കൊല്ലപണിക്കാരനെക്കൊണ്ട് അത് പണിയിച്ചെടുത്തു. എന്നാൽ കുമ്പസാരക്കാരൻ അനുവദിക്കായ്കയാൽ അത് ധരിക്കാൻ സാധിച്ചില്ല. ആഗ്രഹം മറ്റൊന്നായി.വലിയ സന്യാസികൾ ധ്യാനിക്കുന്നതുപോലെ തലയോട്ടിവച്ച് ധ്യാനിക്കണം. കുഴിവെട്ടുകാരനിൽ നിന്ന് അതും സംഘടിപ്പിച്ചു. ജീവിതകാലം മുഴുവൻ അത് പവിത്രനിധിയായി സൂക്ഷിച്ച് ധ്യാനിച്ചിരുന്നു. സുകൃതങ്ങളിൽ നിറഞ്ഞ ആ ബാലികയെക്കുറിച്ച് ആളുകൾ ചോദിച്ചുതുടങ്ങി: ‘‘ഇവൾ വന്നത് ഈ ഭൂമിയിൽ നിന്നോ അതോ സ്വർഗത്തിൽ നിന്നോ!’’

വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ ജീവിതവും ബാല്യത്തിൽ തന്നെ അത്ഭുതകരമാം വിധം ദൈവാനുഭവം നിറഞ്ഞതും ദൈവോന്മുഖവും ആയിരുന്നു. തറയിൽ ചരലുവിരിച്ച് തല കല്ലിൽ ചാരി കിടന്നുറങ്ങിയിരുന്നു. മുള്ളുവടികൊണ്ട് സ്വന്തം കൈയിൽ

അടിച്ചിരുന്നു. പുറത്ത് കല്ലുകയറ്റി വച്ച് കയ്യുംകാലും കുത്തി നടക്കും, ഈശോ കുരിശു ചുമന്നതിന്റെ ഓർമയിൽ! ഒരിക്കൽ ഉണ്ണിശോ വന്ന് കല്ലുമാറ്റി സ്വയം കയറിയിരുന്നത്രെ! കാതുകുത്തിയപ്പോൾ അവൾ കാതുപൊട്ടിച്ചു. കല്ല്യാണം കഴിപ്പിച്ചു വിടാതിരിക്കാൻ. പാതിരാത്രിയിൽ എഴുന്നേറ്റിരുന്ന് മുഴുവൻകൊന്ത ചൊല്ലിയിരുന്നു, അതും കേവലം പത്തും പതിനൊന്നും വയസ്സു മാത്രം പ്രായമുള്ളപ്പോൾ! പരിശുദ്ധ കന്യകാമറിയം നേരിട്ടുവന്നാണ് തന്നെ ജപമാല ചൊല്ലാൻ പഠിപ്പിച്ചത് എന്നവൾ സാക്ഷിക്കുന്നു. ഒരിക്കൽ ഉറക്കമളച്ചിരുന്ന് പ്രാർത്ഥിക്കുന്ന മകളെ കണ്ട് അമ്മ ഉറങ്ങാൻ പറഞ്ഞപ്പോൾ അവൾ മറുപടി നൽകി: ഈശോ ഉറങ്ങാൻ കഴിയാതിരിക്കുന്നു. പിന്നെ ഞാൻ എങ്ങനെ ഉറങ്ങും.?

വിശുദ്ധ ഫൗസ്റ്റീനയുടെ ബാല്യകാലം ഏറെ പ്രാർത്ഥനാനിർഭരമായിരുന്നു. കൊച്ചുനാളിൽത്തന്നെ രാത്രികാലങ്ങളിൽ ഉണർന്നിരുന്ന് പ്രാർത്ഥിച്ചിരുന്നു. അമ്മ ചോദിക്കുമ്പോൾ അവൾ പറഞ്ഞിരുന്ന മറുപടി: എന്റെ കാവൽമാലാഖ എന്നെ വിളിച്ചെഴുന്നേൽപ്പിച്ചു. മാലാഖ എന്നോട് പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടു. ഞായറാഴ്ചകളിൽ എല്ലാവർക്കും പള്ളിയിൽ പോകേണ്ടതിനായി അവൾ അതിരാവിലെ എഴുന്നേറ്റ് പശുക്കൾക്ക് തീറ്റികൊടുത്തും വീട്ടുജോലികൾ ക്രമീകരിച്ചും സഹായിച്ചിരുന്നു. പള്ളിയിൽ പോകുമ്പോൾ ധരിക്കാൻ കുട്ടികൾ പലർക്കുംകൂടി ഒരു നല്ല ഉടുപ്പു മാത്രമേ ഉണ്ടായിരുന്നുള്ളൂ. അത് മാറി മാറി ഉപയോഗിച്ചിരുന്നു. പള്ളിയിൽ പോകാൻ സാധിക്കാത്ത ദിവസങ്ങളിൽ വീട്ടിലിരുന്ന് ഹെലൻ തന്റെ പുസ്തകമെടുത്ത് പ്രാർത്ഥിച്ചിരുന്നു. പതിനഞ്ചാം വയസ്സിൽ അവൾ വീട്ടുജോലിക്കായി പോയി. തുച്ഛമായ കൂലിയേ ലഭിച്ചിരുന്നുള്ളൂ. ജോലിസമയത്തും അവൾ പ്രാർത്ഥിച്ചിരുന്നു. അവിടെ നിന്നാണ് ഈശോ അവളെ വിളിക്കുന്നത്.

പ്രേഷിതാഭിമുഖ്യം ബലിജീവിതത്തിന്റെ മർമമാണ്. ഏറ്റവും നിസ്സാരമെന്നു തോന്നാവുന്ന ആശയടക്കങ്ങളും ത്യാഗങ്ങളും പോലും ആത്മാക്കളുടെ രക്ഷയ്ക്കായി അനുഷ്ഠിക്കുന്ന ശീലം ശൈശവകാലം മുതൽ തന്നെ കുഞ്ഞുങ്ങളിൽ വളർത്തിയെടുക്കാൻ മാതാപിതാക്കളും ഗുരുഭൂതരും ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്. ക്രിസ്മസ്സിനും ഈസ്റ്ററിനും ഒരുക്കമായി നോമ്പാചരിച്ചും വിശുദ്ധ കുർബാനയിൽ പങ്കെടുത്തും പരിഹാര ചൈതന്യത്തോടെ ആത്മാക്കളുടെ രക്ഷയ്ക്കായി സമർപ്പിക്കുന്നത് വലിയ ആത്മീയ ഫലം ഉളവാക്കും. ഉണ്ണീശോയ്ക്കായി ആത്മീയ പുൽക്കൂട് ഒരുക്കുന്ന നല്ല പതിവ് കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുന്നതും, മിഠായിയും

മധുരപലഹാരങ്ങളും ത്യജിച്ച് ചില്ലിക്കാശുകൾ സൂക്ഷിച്ച് പാവങ്ങളെ സഹായിക്കുന്നതും മക്കളിൽ പ്രേഷിതാഭിമുഖ്യം വളരാനിടയാക്കും. വർദ്ധിച്ച സ്നേഹത്താൽ ചെയ്യുന്ന നിസ്സാരകാര്യങ്ങൾക്കും വലിയ വില നൽകുന്ന ഈശോ മക്കളിലൂടെ സഭയെയും കുടുംബങ്ങളേയും അനുഗ്രഹിക്കും. കേരളസഭയിലെ കുഞ്ഞുമിഷനറിമാർ വളർന്ന് ഇന്ന് ലോകമെമ്പാടും തീഷ്ണമതികളായി ഈശോയ്ക്കായി ജോലിചെയ്യുന്നെങ്കിൽ അതിനുപിന്നിൽ അവർ വളർന്ന കുടുംബത്തിൽ പരിശീലിച്ച ആത്മീയസുകൃതങ്ങളുണ്ട് എന്നതിൽ സംശയമില്ല. കേരളസഭയിൽ വരും കാലങ്ങളിൽ വിശുദ്ധരും രക്തസാക്ഷികളും ഉണ്ടാകണമെങ്കിൽ സുകൃതം നിറഞ്ഞ ബാല്യങ്ങൾ ഉണ്ടാകണം. ഒരു മിഠായി തന്റെ കൈയിൽ കിട്ടിയാൽ അത് എങ്ങനെ പുണ്യമാക്കി മാറ്റാം എന്നായിരുന്നു ചെറുപുഷ്പത്തിന്റെ വ്യഗ്രത. ആശയടക്കത്തിലൂടെ അവളത് സാധിച്ചെടുത്തിരുന്നു. ജീവിതത്തിന്റെ അവസാന നാളുകളിൽ കയ്യിൽ വന്നുചേർന്ന കയ്പുനിറഞ്ഞ സഹന മിഠായികളും രോഗമിഠായികളും ഏറ്റം മാധുര്യത്തോടെ സ്വീകരിക്കാൻ അങ്ങനെ അവൾ പരിശീലിക്കുകയായിരുന്നു.

വിശുദ്ധ ഡൊമിനിക് സാവിയോ അതിരാവിലെ പള്ളി തുറക്കുന്നതിനുമുൻപേ തന്നെ പള്ളിയിലെത്തി നടയിൽ മുട്ടുകുത്തി ഭക്തിപൂർവ്വം പ്രാർത്ഥിക്കുമായിരുന്നു. 1854 ഡിസംബർ 8 ന് പരിശുദ്ധ അമ്മയുടെ അമലോത്ഭവത്തിരുനാൾ ആദ്യമായി ആഘോഷിക്കുന്നതിന് സഭ ഒരുങ്ങുന്ന ദിനങ്ങൾ. കൊച്ചു ഡൊമിനിക് ആ തിരുനാളിന് പരിശുദ്ധ അമ്മയ്ക്ക് ഏറ്റം പ്രിയങ്കരങ്ങളായ ചില സമ്മാനങ്ങൾ നൽകാൻ തീരുമാനിച്ചു. മാതാവിന്റെ നവനാൾ ചൊല്ലി, ഒൻപത് സുകൃതങ്ങൾ എഴുതി ഓരോ ദിവസവും ഓരോ സുകൃതവും നറുക്കിട്ടെടുത്ത് അഭ്യസിച്ചു. അമലോത്ഭവത്തിരുനാൾ ദിവസം അമ്മയുടെ തിരുസ്വരൂപത്തിനു മുൻപിൽ മുട്ടുകുത്തി അവൻ പ്രാർത്ഥിച്ചു: ഓ മറിയമേ എന്റെ ഹൃദയത്തെ ഞാൻ അങ്ങേയ്ക്കു തരുന്നു. അത് എന്നെന്നും അവിടുത്തെതായി സൂക്ഷിക്കുക. ഓ ഈശോയെ, ഓ മറിയമേ എല്ലായ്പ്പോഴും എന്റെ സ്നേഹിതരായിരിക്കുക. ഒരു പാപം ചെയ്യുന്നതിനു മുൻപ് മരിക്കുന്നതിന് എനിക്ക് ഇടവരുത്തണമേ. സഭയിൽ എക്കാലവും കുഞ്ഞുങ്ങൾക്ക് മാതൃകയായി വിശുദ്ധിയുടെ പരിമളം പരത്തി ഡൊമിനിക് സാവിയോ നിലകൊള്ളുന്നു.

ഫാ. ഡാമിയാന്റെ ബാല്യകാലവും സുകൃതസമ്പന്നമായിരുന്നു. ഒരു ഞായറാഴ്ച കുടുംബസമേതം ദൈവാലയത്തിൽ പോയ

കൊച്ചുഡാമിയൻ തിരിച്ചുവന്ന വഴിക്ക് ഒരു സാധുവിനെ കണ്ടു. അവൻ ആ പാവത്തിനെ വീട്ടിൽകൊണ്ടുചെന്ന് ആരോടും ചോദിക്കാതെ അടുക്കളയിൽ കയറി ഭക്ഷണമെല്ലാം എടുത്തു കൊടുത്തു. മാതാപിതാക്കൾ എത്തിയപ്പോൾ ഭക്ഷണമില്ല! അവർ മക്കളെ ഓരോരുത്തരെയായി ചോദ്യം ചെയ്തു. കൊച്ചുഡാമിയൻ പറഞ്ഞു: ഇന്നു പള്ളിയിൽ അച്ചൻ പറഞ്ഞതു കേട്ടില്ലേ ദാനധർമ്മം ചെയ്യണമെന്ന് ഞാൻ ഭക്ഷണമെല്ലാം യാചകനു കൊടുത്തു. മാതാപിതാക്കൾക്ക് ആ കൊച്ചുകുഞ്ഞിന്റെ നിഷ്ക്കളങ്കമായ പ്രവൃത്തിക്കുമുൻപിൽ മറുപടി ഉണ്ടായില്ല. വരുംനാളുകളിൽ തനിക്കായി ഒന്നും മാറ്റിവയ്ക്കാതെ കുഷ്ഠരോഗികൾക്കായി തന്നെത്തന്നെ പൂർണമായും വിളമ്പി നൽകാൻ ഈശോ അവനെ ഒരുക്കുകയായിരുന്നു.

ഫ്രാൻസിസ്കോ എന്ന കൊച്ചുബാലൻ, പിന്നീട് മഹാവിശുദ്ധ നായിത്തീർന്ന പാദ്രെ പിയോ, ബാല്യത്തിൽത്തന്നെ പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുസ്വരൂപത്തിന്റെ മുൻപിൽ മുട്ടുകുത്തി മണിക്കൂറുകളോളം പ്രാർത്ഥിക്കുമായിരുന്നു. ഒൻപതു വയസ്സായ പ്പോഴേക്കും ആത്മപരിത്യാഗത്തിന്റെയും സഹനത്തിന്റെയും മാർഗം അവൻ പിൻചൊല്ലാൻ തുടങ്ങി. ഒരിക്കൽ അമ്മ കാണുന്നത് തന്റെ മകൻ സാഷ്ടാംഗം പ്രണമിച്ച് പ്രാർത്ഥനയിലായിരിക്കുന്നതാണ്. അമ്മ ചോദിച്ചു ഈ തണുത്ത തറയിലിരുന്ന് പ്രാർത്ഥിച്ചാലോ! ഇപ്പോൾ തന്നെ ഒരു പത്തു കുട്ടികൾക്കുള്ള അസുഖം നിനക്കുണ്ട്. ഇതുകേട്ട് ആ ബാലൻ പറഞ്ഞു പക്ഷേ, അമ്മേ, എന്റെ പ്രാർത്ഥന ആവശ്യമുള്ള ധാരാളം ആളുകൾ ഈ ലോകത്തുണ്ടല്ലോ. അവർക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കാതിരുന്നാൽ പിന്നെ അവർക്ക് എങ്ങനെ അനുഗ്രഹം കിട്ടും? മറ്റൊരിക്കൽ അമ്മ കാണുന്നത് തന്റെ ശരീരം ചാട്ടകൊണ്ട് അടിക്കുന്ന മകനെയാണ്. ഈശോ അടിക്കപ്പെട്ടപ്പോൾ എത്രയധികമായി വേദനിച്ചു എന്നായിരുന്നു അവന്റെ സങ്കടം!

ലൂയിജി ഗൊരേത്തിയുടേയും അസൂന്താ കാർളിനിയുടെയും മകളായിരുന്നു മരിയറ്റ എന്ന മരിയഗൊരേത്തി. പതിനൊന്നാം വയസ്സിൽ മരിയറ്റ അമ്മടോയു ചോദിച്ചു: അമ്മേ എനിക്ക് എന്നാണ് ആദ്യകുർബാന സ്വീകരിക്കാൻ കഴിയുക? ഈശോയെക്കൂടാതെ എനിക്കു ജീവിക്കാൻ സാധ്യമല്ല. ആ അമ്മ മകളെക്കുറിച്ച് പറഞ്ഞതിങ്ങനെയായിരുന്നു: എന്റെ മരിയറ്റ ഒരു വിശുദ്ധയെ പ്പോലെയാണ് ആദ്യകുർബാന സ്വീകരിച്ചത്. അസൂന്താ മകളെ ഓരോദിവസവും ഇങ്ങനെ ഓർമ്മിപ്പിക്കുമായിരുന്നു ഇന്നു നീ

ഈശോയെ സ്വീകരിച്ചവളാണ്. ഇന്നു മുഴുവൻ ഈശോയുടെ കൂടെയാണെന്ന ബോധ്യമുണ്ടായിരിക്കണം. ഇപ്രകാരം ഉപദേശിച്ച് വളർത്തുന്ന മാതാപിതാക്കളുള്ള കുടുംബങ്ങളിൽ ഈശോ ഇന്നും വിശുദ്ധരെ വിരിയിക്കുന്നു.

ദുഃഖപൂരിതമായ ബാല്യകാലാനുഭവത്തിൽ സഹനത്തിന്റെ കനൽ കട്ടകളിൽ പദമൂന്നി നടക്കാൻ വിളിക്കപ്പെട്ടവളായിരുന്നു വിശുദ്ധ ജർമിയൻ. ഫ്രാൻസിലെ തുളൂസ് നഗരത്തിനു സമീപം സ്ഥിതിചെയ്യുന്ന പിബ്രാക് ഗ്രാമത്തിൽ കുസീൻ കുടുംബത്തിലാണ് അവളുടെ ജനനം. മജിസ്ട്രേറ്റും മേയറും ആയിരുന്നു പിതാവ്. അമ്മ മരിച്ചതിനാൽ രണ്ടാനമ്മയാണ് വളർത്തിയത്. രണ്ടാനമ്മ വളരെ ക്രൂരമായി അവളോട് പെരുമാ ി. വിദ്യാഭ്യാസം നൽകിയില്ല. ജർമയിന്റെ കഴുത്തിനുചുറ്റും കുരുക്കൾ ഉണ്ടായി. മരണംവരെയും അതു ഭേദമാകാതെ തുടർന്നു. അവളുടെ വലതുകൈ ശുഷ്കിച്ചതും സ്വാധീനക്കുറവ് ഉള്ളതുമായിരുന്നു. അവളെ വടികൊണ്ട് തല്ലിച്ചതയ്ക്കുക, ദേഹത്തി ചൂടുവെള്ളം ഒഴിക്കുക എന്നിങ്ങനെയുള്ള പീഢനങ്ങൾ രണ്ടാനമ്മ ഏൽപ്പിച്ചുപോന്നു. വീട്ടിൽ കിടക്കാൻ അനുവാദമില്ല. ആടുകളെയും കോഴികളെയും പാർപ്പിച്ചിരുന്നിടത്ത് ഗോവണിക്കു താഴെ വൈക്കോലും കമ്പുകളും വിരിച്ചാണ് അവൾ കിടന്നിരുന്നത്. ഒരിക്കലും നല്ല ഉടുപ്പുകളോ നല്ല ആഹാരമോ നൽകിയില്ല. തണുപ്പിനുള്ള വസ്ത്രങ്ങളും ഇല്ലായിരുന്നു. എങ്കിലും ജർമിയന് പരാതിയില്ലായിരുന്നു. അവൾ രണ്ടാനമ്മയെ ആവുംവിധം സഹായിച്ചുപോന്നു. ചിലപ്പോഴെല്ലാം വളർത്തുനായ ഭക്ഷിച്ചതിനുശേഷമുള്ളവ അവൾ കഴിക്കേണ്ടി വന്നിട്ടുണ്ട്. തന്റെ അമ്മയും പിതാവിന്റെ സഹോദരിയും പഠിപ്പിച്ച കൊച്ചുപ്രാർത്ഥനകൾമാത്രം ചൊല്ലി അവൾ കണ്ണീരോടെ പ്രാർത്ഥിച്ചിരുന്നു. എല്ലാ ദിവസവും ആട്ടിൻപറ്റത്തെ മേയ്ക്കാൻ പോകണം. ആടുകളെ മേയ്ക്കുന്നതിനിടെ കമ്പിളിനൂൽ ഉണ്ടാക്കണം. തണുത്ത് മരവിച്ച കൈകൊണ്ട് നൂൽ ഉണ്ടാക്കിയിരുന്നു. തന്റെ രണ്ടാനമ്മയിൽ പിറന്ന സഹോദരങ്ങളോട് കൂട്ടുകൂടാനോ കളിക്കാനോ അനുവാദമുണ്ടിയിരുന്നില്ല. ജർമയിൻ ഭാവിയിൽ ഒരു ഭാരമായി മാറും എന്നു കരുതിയ രണ്ടാനമ്മ അവളെ ആടുമേയ്ക്കാൻ ചെന്നായ്ക്കൾ ഉള്ള വനപ്രദേശത്തിനടുത്ത് പോകണമെന്ന് നിർദേശിക്കുമായിരുന്നു. തന്റെ കയ്യിലുള്ള ഇടയദണ്ഡ് നിലത്തു കുത്തിനിർത്തി അവൾ ആടുകളെ വിളിച്ചുകൂട്ടി പറയും ഇവിടം വിട്ടു പോകരുത്. അവയൊക്കെ അവളെ അനുസരിച്ചിരുന്നു. തുടർന്ന് അവൾ പള്ളിയിൽ പോകും. കുർബാനയിൽ പങ്കെടുത്ത് തിരിച്ചു

വരും. ചെന്നായ്ക്കളുടെ മുരളലും ശബ്ദവും കേട്ട് അവൾ ഭയരഹിത രായി നിന്നു! ഓരോ ദിവസവും ജീവനോടെ തിരിച്ചുവരുന്നതു കാണുമ്പോൾ രണ്ടാനമ്മ അതിശയിച്ചു നിൽക്കും. ഈശോയ്ക്ക് അവളെ ഒരു വലിയ വിശുദ്ധിയാക്കാൻ പദ്ധതിയുണ്ടായിരുന്നു!

ബലിജിവിതത്തിനായി മദർതെരേസയെ രൂപപ്പെടുത്തിയ അമ്മയുടെ മാതൃക നാം അറിയുന്നത് തികച്ചും അനുഗ്രഹപ്രദ മായിരിക്കും. യുഗോസ്ലാവിയയിൽ അൽബേനിയൻ വംശജരായ മാതാപിതാക്കളിൽ നിന്നാണ് മദർതെരേസ പിറന്നത്. മാർക്സിസ ത്തിൽ മുങ്ങിയ മുസ്ലീം രാജ്യമായിരുന്നു അത്. 1919 ൽ നാൽപ്പത്തി യഞ്ചാം വയസ്സിൽ പിതാവ് മുൻസിപ്പൽ കൗൺസിലറായിരിക്കെ രാഷ്ട്രീയകാരണങ്ങളാൽ വിഷത്തിനിരയായി മരിച്ചു. പിതാവിന്റെ ബിസിനസ്സ് മുഴുവൻ മറ്റൊരാൾ തട്ടിയെടുത്തു. കൊച്ചുവീടുമാത്രം ബാക്കി. കുടുംബം പുലർത്താൻ അമ്മ തുണിവിൽപ്പനക്കാരിയായി. അമ്മ ദാരിദ്രത്തിന്റെ ക്ലേശമനുഭവിച്ചപ്പോഴും പാവങ്ങളോട് അതിരറ്റ കാരുണ്യം കാട്ടിയിരുന്നു. ഒരിക്കൽ കുറെ പാവങ്ങൾ വന്നപ്പോൾ അമ്മ മക്കൾക്കുള്ള ഭക്ഷണം പകുതിയെടുത്ത് അവർക്കു കൊടുത്തു. ആരും അറിയാതെ അമ്മ ഒരു സാധുകിഴവിയെ സഹായിച്ചിരുന്നു. വീട്ടിൽപോയി മുറിയും പരിസരവും വൃത്തിയാക്കി കൊടുക്കും, വസ്ത്രങ്ങൾ അലക്കും. അതുപോലെ ഫീലി എന്നൊരു അനാഥ സ്ത്രീയെയും അമ്മ ശുശ്രൂഷിച്ചിരുന്നു. ആഴ്ചയുടെ അവസാനം, വിശ്രമ ദിവസം അമ്മ മകളെയും കൂട്ടിക്കൊണ്ട് രോഗികളെ പരിചരിക്കാൻ പോയിരുന്നു. ആ അമ്മയിലൂടെ ഭാവിയിൽ താൻ നിർവഹിക്കാനിരുന്ന ശുശ്രൂഷയ്ക്കായി തന്റെ മനസ്സൊരുക്കുകയാ യിരുന്നു ദൈവം എന്നാണ് മദർതെരേസ ഇതിനെക്കുറിച്ച് പറയുന്ന ത്. മദർതെരേസ അനുസ്മരിക്കുന്നു: "എന്റെ പരിശുദ്ധയായ അമ്മ യുടെ മടിത്തട്ടായിരുന്നു എന്റെ പ്രാഥമിക വിദ്യാലയം. അവിടെനി ന്നാണ് ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും അവിസ്മരണീയ പാഠങ്ങൾ ഞാൻ പഠിച്ചത്."

ഇതാ, മറ്റൊരമ്മയുടെ വിശുദ്ധസാക്ഷ്യം, മമ്മാ മാർഗരറ്റിന്റേതാ ണത്. വൈദികനാകാൻ പോകുന്ന ഡോൺബോസ്കോയോട് അമ്മ മാർഗരറ്റ് പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്: "എല്ലാറ്റിലും ഉപരിയായി നാം ദൈവത്തെ കാണണം. ഞാൻ നിന്നോട് ഒന്നും ചോദിക്കുന്നില്ല. നിന്നിൽ നിന്ന് ഒന്നും പ്രതീക്ഷിക്കുന്നുമില്ല. ഞാൻ ദരിദ്രയായി ജനിച്ചു, ദരിദ്രയായി ജീവിച്ചു, ഒരു ദരിദ്രയായി മരിക്കാനും ആഗ്രഹിക്കുന്നു. നിർഭാഗ്യവശാൽ നീ ഒരു ധനികനായ വൈദികനായിത്തീർന്നാൽ ഞാൻ ഒരിക്കലും നിന്റെയടുക്കൽ

വരില്ല''. ഒരു വിശുദ്ധനെ വളർത്തിയ ആ അമ്മയുടെ ബോധ്യം എത്രയോ ഉന്നതമായിരുന്നു.

ഡോൺബോസ്കോ വൈദികവസ്ത്രം സ്വീകരിച്ച ദിവസം ആ അമ്മ മകനോടു പറഞ്ഞു. ''ഈ വസ്ത്രങ്ങളല്ല നിന്നെ പുരോഹിത നാക്കേണ്ടത്, നിന്റെ നല്ല ഗുണങ്ങളാണ്. ഇക്കാര്യത്തി ൽ നിനക്ക് സംശയമുണ്ടെങ്കിൽ ഇപ്പോൾതന്നെ ഈ വസ്ത്രം ഉപേക്ഷി ക്കേണ്ടതാണ്. തന്റെ കർത്തവ്യങ്ങൾ നന്നായി നിർവഹിക്കാത്ത ഒരു പുരോഹിതനാകുന്നതിനേക്കാൾ എന്റെ മകൻ ഒരു സാധാരണ കർഷകനായി കാണാനാണ് ഞാൻ ആഗ്രഹിക്കുന്നത്..... നീ പരിശുദ്ധ ദൈവമാതാവിനായി സ്വയം സമർപ്പിക്കണം.''

ഡോൺബോസ്കോ വൈദികനായ ദിവസം മമ്മാ മാർഗരറ്റ് ഇങ്ങനെ ഉപദേശിച്ചു: ''ജോൺ, നീ ഇപ്പോൾ ഒരു പുരോഹിത നായിരിക്കുകയാണ്. നീ ദൈവത്തോട് കൂടുതൽ അടുത്തിരിക്കുക യാണ്. നീ പഠിച്ച പുസ്തകങ്ങളൊന്നും ഈ അമ്മ വായിച്ചിട്ടില്ല. എങ്കിലും ഞാൻ ഒരു കാര്യം പറയട്ടെ. വിശുദ്ധ കുർബാന അർപ്പിക്കാൻ തുടങ്ങുന്നതോടുകൂടെ നിനക്ക് ഒരുപാട് പീഡനങ്ങളും ഉണ്ടാകും. പെട്ടെന്നൊന്നും നിനക്കത് തിരിച്ചറിയാൻ കഴിയില്ല. പക്ഷേ, ക്രമേണ അമ്മ പറഞ്ഞത് ശരായാണല്ലോ എന്നു നിനക്ക് തോന്നും. ഇപ്പോൾ മുതൽ ആത്മാക്കളെ രക്ഷിക്കുന്നതിനെപ്പറ്റിയാ യിരിക്കണം നിന്റെ ചിന്തകൾ. എന്നെ ഓർത്ത് അൽപ്പംപോലും നീ ഉൽക്കണ്ഠപ്പെടരുത്. പ്രാർത്ഥിച്ചാൽ മാത്രം മതി.''

രക്തസാക്ഷിത്വ മകുടമണിഞ്ഞ സിസ്റ്റർ റാണി മരിയയ്ക്കും നമ്മോടു പങ്കുവെയ്ക്കാനുള്ളത് പ്രാർത്ഥനാനിർഭരമായ ബാല്യത്തെക്കുറിച്ചാണ്. ഒരു മിഷനറിജീവിതം രൂപപ്പെടുത്താൻ പോരുന്ന കുഞ്ഞുമിഷനറിയായിട്ടാണവൾ വളർന്നുവന്നത്. വല്ല്യമ്മയുടെ കൂടെ എന്നും പള്ളിയിൽ പോകും. പോകും വഴി ''ഈശോ''യെന്ന തിരുനാമം സദാ വിളിച്ചു പ്രാർത്ഥിച്ചുകൊണ്ടു നടന്നു. വിശുദ്ധരുടെ ജീവചരിത്ര പുസ്തകങ്ങളായിരുന്നു മേരിക്കു ഞ്ഞിന് ഏറ്റവും പ്രിയങ്കരം. ''കുഞ്ഞുമിഷനറി'' എന്ന മാസികയാണ് മിഷൻ പ്രവർത്തനത്തിനുള്ള തീക്ഷ്ണതയും ചൈതന്യവും അവളിൽ അങ്കുരിപ്പിച്ചത്. തീപ്പെട്ടിയരി ശേഖരിച്ച് കിട്ടിയിരുന്ന പൈസത്തുട്ടുകൾ സൂക്ഷിച്ച് മിഷനുവേണ്ടി നൽകിയിരുന്നതിൽ ആ കുഞ്ഞുഹൃദയം സന്തോഷിച്ചിരുന്നു. വല്ല്യമ്മയിൽനിന്ന് പ്രാർത്ഥനയും അമ്മയിൽ നിന്ന് അദ്ധ്വാനശീലവും അപ്പനിൽനിന്ന് ഔദാര്യവും അവൾ മാതൃകയാക്കി പരിശീലിച്ചു.

കാസിയായിലെ വിശുദ്ധ റീത്തയുടെ ജീവിതമാതൃക ഏറ്റവും

വീരോചിത്രമാണ്. ഏകമകളായി വളർന്നുവന്ന റീത്തയെ മാതാപിതാക്കൾ വിവാഹം കഴിപ്പിച്ചു. ഭർത്താവ് ഫെർഡിനാർഡോ. കുടുംബത്തിൽ വഴക്കും പീഡനവും ദേഹോപദ്രവും നിത്യസംഭവമായി. റീത്ത ഭർത്താവിന്റെ മാനസാന്തരത്തിനായി പ്രായശ്ചിത്തം ചെയ്തു പ്രാർത്ഥിച്ചു. റീത്തയുടെ പ്രാർത്ഥനയാൽ ഭർത്താവ് മാനസാന്തരപ്പെട്ടു. എന്നാൽ അധികം താമസിയാതെ അയാളുടെ മുൻവൈരികൾ അദ്ദേഹത്തെ കുത്തിക്കൊന്നു. റീത്ത വിധവയായി. എന്നാൽ റീത്ത മറ്റൊരു ദു:ഖസത്യം തിരിച്ചറിഞ്ഞു. വളർന്നുവരുന്ന രണ്ട് മക്കൾ പിതാവിന്റെ ഘാതകരോടുള്ള പകയാൽ നിറഞ്ഞവരായിരിക്കുന്നു. പ്രതികാരദാഹത്താൽ അവർ രക്തദാഹികളായി ത്തീർന്നു. റീത്ത കുരിശിൻ ചുവട്ടിൽ അഭയം തേടി. അവൾ മുട്ടുകുത്തി പ്രാർത്ഥിച്ചു. "ക്രൂശിതനാഥാ, ഒന്നുകിൽ എന്റെ മക്കളുടെ മനസ്സുമാറ്റിത്തരിക അല്ലെങ്കിൽ അവരെ അങ്ങ് തിരികെ വിളിക്കുക. ഒരു പാതകം ചെയ്യാൻ അങ്ങ് അവരെ കൈവെടിയരുതേ. അവരുടെ ആത്മാവ് നശിക്കുന്നതിനേക്കാൾ, അങ്ങ് അവരെ തിരികെ വിളിക്കണമെന്ന് ആഗ്രഹിക്കുന്നു!" ദൈവം ആ പ്രാർത്ഥന കേട്ടു. ആ വർഷം തന്നെ രണ്ട് ആൺമക്കളും മരണമടഞ്ഞു! രക്തസാക്ഷി കളെ വെല്ലുന്ന ധീരത കാട്ടിയ മാതാവ്! ഇന്ന് സഭയ്ക്ക് ആവശ്യം രക്തസാക്ഷികളെ ഒരുക്കാൻ കഴിവുള്ള മാതാക്കളെയാണ്.

ബലിജീവിതങ്ങളെ രൂപപ്പെടുത്തുന്നതിൽ പിതൃത്വത്തിന്റെ പങ്കും എത്രയും ഉൽകൃഷ്ടം തന്നെ. ജോൺപോൾ രണ്ടാമന്റെ രൂപീകരണത്തിൽ അപ്പൻ നിർവഹിച്ച പങ്ക് നിസ്തുലമാണ്. ലോലക് എന്നുപേരുള്ള കരോൾ ജോസഫാണ് പിൽക്കാലത്ത് സഭയുടെ സാരഥിയായിത്തീർന്ന ജോൺപോൾ രണ്ടാമൻ. അമ്മ എമിലിയെ 45-ാം വയസ്സിൽ അതായത് ലോലകിന് ഒൻപതു വയസ്സുമാത്രം പ്രായമുള്ളപ്പോൾ മരണമടഞ്ഞു. ലോലകിന് അപ്പനും സുഹൃത്തും സഹോദരനും അദ്ധ്യാപകനുമായി പിതാവുമാത്രം. ആ അപ്പന്റെ മാതൃക കൊച്ചുലോലകിനെ സ്വാധീനിച്ചു. കിടക്കുന്നതിനു മുൻപും രാവിലെ എഴുന്നേൽക്കുമ്പോഴും മുട്ടുകുത്തി പ്രാർത്ഥിക്കുന്ന അപ്പൻ. അപ്പനും മകനും ഒരുമിച്ചായിരുന്നു ബൈബിൾ വായന. ജപമാല ചൊല്ലിയത് ഒരേ കൊന്തയിൽ പിടിച്ചുകൊണ്ട്! അമ്മ വേർപിരിഞ്ഞതിൽ പിന്നെ അപ്പൻ ലോലകിനെ പരിശുദ്ധ ദൈവമാതാവിന്റെ തീർത്ഥാടനകേന്ദ്രത്തിൽ കൂടെക്കൂടെ കൊണ്ടുപോകുമായിരുന്നു. അങ്ങനെ മാതൃവാത്സല്യത്തിന്റെ കുറവു നികത്തി. പരിശുദ്ധ അമ്മയുടെ തിരുസ്വരൂപത്തിനു മുൻപിൽ നിർത്തി അപ്പൻ പറഞ്ഞിരുന്നു "മകനേ, ഇതാണ് നിന്റെ സ്വർഗീയ

അമ്മ. ആവശ്യമുള്ളതെല്ലാം അമ്മയെ അറിയിക്കുക''. മാർപാപ്പ ആയശേഷം ജോൺപോൾ രണ്ടാമൻ ഇങ്ങനെ പറഞ്ഞിരുന്നു: ''അപ്പന്റെ ജീവിത മാതൃകയായിരുന്നു എന്റെ യഥാർത്ഥ സെമിനാരി പരിശീലനം''. പിതൃത്വം അനുഗൃഹീതമാകുമ്പോൾ ലോകത്തിന് ധീരരായ വിശുദ്ധാത്മാക്കളെ ലഭിക്കുന്നു.

വിശുദ്ധ അൽഫോൻസാമ്മയുടെ പ്രാർത്ഥനജീവിതത്തിലും ഏറെ സ്വാധീനം ചെലുത്തിയ വ്യക്തി സ്വപിതാവായിരുന്നു. അപ്പൻ ആരുടെയും ശ്രദ്ധയിൽപെടാത്ത മണലിൽ മുട്ടുകുത്തി കൈകൾ വിരിച്ച് പ്രാർത്ഥിക്കുമായിരുന്നു. കന്യാസ്ത്രീയാകാനും മഠത്തിൽ ചേരാനും അനുവാദം കിട്ടാനായി അൽഫോൻസാമ്മയും ആ മാതൃകയനുസരിച്ചാണ് പ്രാർത്ഥിച്ചത്.

കുഞ്ഞുങ്ങളെ വിശ്വാസത്തിലും പ്രാർത്ഥനാരൂപിയിലും ത്യാഗചൈതന്യത്തിലും പ്രേഷിതാഭിമുഖ്യത്തിലും വളർത്തുന്നതിലൂടെ മാതാപിതാക്കൾ തങ്ങളുടെ ബലിജീവിതം പൂർത്തിയാക്കുകയാണ്. വിശുദ്ധ ചെറുപുഷ്പം തന്റെ പിതാവിനെ അനുസ്മരിക്കുന്നതിങ്ങനെ: ''ഒരു വിശുദ്ധൻ ദൈവാലയത്തിൽ എങ്ങനെ പെരുമാറുന്നു എന്നു കാണാൻ ഞാൻ എന്റെ അപ്പനെ നോക്കിയാൽ മതിയായിരുന്നു. വിശുദ്ധകുർബാനയിൽ പങ്കുകൊള്ളുന്നതും ദിവ്യകാരുണ്യ ആരാധനയുടെ സമയം മുഴുവൻ മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുന്നതും കണ്ടാൽ മതിയായിരുന്നു വിശുദ്ധരുടെ പ്രാർത്ഥനാചൈതന്യം എന്തെന്നറിയാൻ. ദൈവാലയത്തിൽ ഞായറാഴ്ച പ്രസംഗത്തിനിടയിൽ വൈദികൻ അമ്മത്രേസ്യയെക്കുറിച്ച് പറഞ്ഞാൽ അപ്പൻ എന്നോടു പറയുമായിരുന്നു: കൊച്ചുറാണീ, നന്നായി ശ്രദ്ധിക്ക്, നിന്റെ നാമകാരിണിയായ വിശുദ്ധയെക്കുറിച്ചാണ് അച്ചൻ പറയുന്നത് എന്ന്. അത് വിശുദ്ധ ജീവിതത്തിലേക്ക് വലിയൊരു പ്രോത്സാഹനമായിരുന്നു എനിക്ക്.'' ദൈവാലയത്തിൽ നിന്ന് തിരിച്ചുപോകുന്ന വഴി യാചകർക്ക് ഭിക്ഷ നൽകുന്നത് ചെറുപുഷ്പത്തിന്റെ കടമയായിരുന്നു. ''അതിനായി അപ്പൻ നാണയത്തുട്ടുകൾ എന്റെ കൊച്ചുകയ്യിൽ വച്ചുതന്നിരുന്നു. അങ്ങനെ സാധുക്കളോടുള്ള കരുണയും സ്നേഹവും എന്നിൽ നിറഞ്ഞു.'' ഒരു വിശുദ്ധ രൂപപ്പെടുന്നതിൽ മാതാപിതാക്കളുടെ പങ്ക് സ്തുത്യർഹം! ഇന്നിതാ ആ മക്കളോടൊപ്പം ആ മാതാപിതാക്കളും അഴ്ത്താരയിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നു!

തങ്ങളുടെ മക്കളുടെ നന്മയിലും വിശുദ്ധിയിലും ശ്രദ്ധിക്കാതെ പാപത്തിന്റെ പരസ്യങ്ങളാക്കി അവരെ വളർത്തുന്ന മാതാപിതാ

ക്കൾ മഹാപരാധം ചെയ്യുന്നു. അത്തരം മാതാപിതാക്കൾ മക്കളുടെ ആത്മരക്ഷയുടെ കണക്ക് ദൈവസന്നിധിയിൽ കേൾപ്പിക്കേണ്ടിവരും. ഇതാ ഒരുദാഹരണം: സ്വീഡനിലെ വിശുദ്ധ ബ്രിജിറ്റിന് ആ ദേശത്തു താമസിച്ചിരുന്ന ഒരു സ്ത്രീയെക്കുറിച്ച് ഒരു ദർശനമുണ്ടായി. സ്ത്രീയുടെ മരിച്ചുപോയ അമ്മ നരകത്തിലും, മരിച്ചുപോയ മകൾ ശുദ്ധീകരണസ്ഥലത്തും കിടന്നു വേദനയിൽ കഴിയുമ്പോൾ ഭൂമിയിലായിരിക്കുന്ന സ്ത്രീയെ കുറ്റപ്പെടുത്തി സംസാരിക്കുന്നതാണ് ദർശനം. നരകത്തിൽ നിന്ന് അമ്മ വിളിച്ചു പറഞ്ഞു. ‘‘സ്ത്രീകളിൽ വിഷപ്പാമ്പേ, നീ എന്നെ ശ്രവിക്കുക. ഞാൻ നിന്റെ അമ്മയായതുകൊണ്ട് ദുരിതമനുഭവിക്കുന്നു. നിന്നെ ഞാൻ പൊങ്ങച്ചത്തിന്റെ തൊട്ടിലിൽ കിടത്തി, ലോകമോഹങ്ങളുടെ കൂട്ടിൽ ഇട്ട് വളർത്തി. എല്ലായ്പ്പോഴും ചുറ്റുംനോക്കികൊണ്ട് ‘‘ഞാൻ എത്ര സുന്ദരി’’ എന്നു നീ സ്വയം പുകഴ്ത്തി. പുരുഷന്മാർ നിന്നെ പുകഴ്ത്തിപ്പറഞ്ഞതിൽ നീ മതിമറന്നു. നീ അഹങ്കാരീ, നീ ഇങ്ങനെ തിന്മ പറയുമ്പോഴെല്ലാം ഞാൻ സഹിക്കുന്നു. ഞാനോ നിന്നെ അമിതമായി ലാളിച്ചു. ഹാ! എനിക്കു ദുരിതം.’’ അതേസമയം ശുദ്ധീകരണസ്ഥലത്ത് വേദനിച്ചു കഴിഞ്ഞ മകൾ ഭൂമിയിലായിരിക്കുന്ന അമ്മയോടു പറയുന്നു: ‘‘അമ്മമാരിൽ തേൾ ആയവളേ, എന്നെ കേൾക്കൂ. നീ എനിക്ക് മൂന്ന് ചീത്ത ഉപദേശങ്ങൾ തന്നു. മാംസേച്ഛയോടെ സ്നേഹിക്കുക, പുകഴ്ത്തപ്പെടുന്നതിനായി പണം ധൂർത്തടിക്കുക, വിലകൂടിയ വസ്ത്രം ധരിച്ച് ആകർഷിക്കുമാറ് മാറും കക്ഷവും കാണിച്ച് നടക്കുക. ഞാൻ വിധിയാളന്റെ മുൻപിൽ നിന്നപ്പോൾ എല്ലാ മാനക്കേടും വന്നു. പിശാചുക്കൾ എന്നെ ഈ പീഡനസ്ഥലത്ത് എത്തിച്ചു. അമ്മയിൽ നിന്ന് ഞാൻ പഠിച്ചതെല്ലാം ദു:ഖകാരണമായി.’’ ആ സ്ത്രീ ആരാണെന്ന് ബ്രിജിറ്റ് വെളിപ്പെടുത്തുന്നില്ല. എന്നാൽ അവൾ പറയുന്നു. ഈ ദർശനം ആ സ്ത്രീയോട് പറഞ്ഞ ശേഷം അനുതപിച്ച് അവൾ ശിഷ്ടകാലം തപശ്ചര്യകളിൽ മുഴുകി. പിന്നീട് ഒരു മഠത്തിൽ വന്ന് ജീവിച്ചുവത്രെ.

ബലിയാത്മാക്കളുടെ മാതാപിതാക്കളും ബലിജീവിതത്തിൽ പങ്കുചേരുന്നു. ഒൻപതു കുഞ്ഞുങ്ങളുടെ മാതാവായിരുന്നു വാഴ്ത്തപ്പെട്ട മേരി സെലിഗ്വരിൻ. കൊച്ചുത്രേസ്യ അവരിൽ ഏറ്റവും ഇളയവൾ. ഒൻപതു മക്കളിൽ നാലുപേരുടെ മരണത്തിന് സാക്ഷിയാകേണ്ടിവന്നു ആ അമ്മയ്ക്ക്. മൂന്നു പെൺമക്കൾക്കു ശേഷം ഒരാൺകുഞ്ഞിനായി പ്രാർത്ഥിച്ചു കാത്തിരിക്കവെ, ദൈവം നൽകിയ കുഞ്ഞാണ് മരിയ ജോസഫ് ലൂയിസ്. എന്നാൽ മൂന്നുമാസങ്ങൾക്കുശേഷം അവൻ മരിച്ചു. അധികം വൈകാതെ

മറ്റൊരാൺകുഞ്ഞിനെ ദൈവം നൽകി. ജോൺ ബാപ്റ്റിസ്റ്റ്. എന്നാൽ ആറാം മാസം അവനും മരിച്ചു. വീണ്ടും അഞ്ചുവയസ്സുകാരി ഹെലനും മരിച്ചു. പിന്നീട് മരിയ തെരേസ് മെലാനി രണ്ടുമാസം കഴിഞ്ഞപ്പോൾ മരിച്ചു. തന്റെ നാലുമക്കളുടെ മൃതസംസ്കാര ചടങ്ങിൽ പങ്കുകൊണ്ട അമ്മ ഇങ്ങനെ എഴുതി. "മക്കളുടെ ജീവിതത്തിന്റെ അവസാനനിമിഷങ്ങളിൽ അവരുടെ അമ്മ കൂടി ഉണ്ടാവുക എത്രയോ ദു:ഖപൂർണമായഅവസ്ഥയാണ്! എങ്കിലും ദൈവതിരുമനസ്സ് നിറവേറട്ടെ എന്നു ഞാൻ പ്രാർത്ഥിച്ചു. ചിലരൊക്കെ എന്റെ സങ്കടം കണ്ട് പറയുന്നു, ഞാൻ ജനിക്കാതിരുന്നെങ്കിലെന്ന്. അവർ എന്റെ സങ്കടം മാത്രം കാണുന്നതുകൊണ്ടായിരിക്കാം അങ്ങനെ പറയുന്നത്. എന്നാൽ നാം നോക്കേണ്ടത് ദൈവത്തിലേക്കാണ്." സെലിഗ്വരിൻ എന്ന പുണ്യാത്മാവിൽ നിന്നും ഈശോ ആവശ്യപ്പെട്ട സമർപ്പണമതായിരുന്നു. ലോകത്തിന് വിശുദ്ധരെ നൽകിയ അമ്മമാരുടെ പട്ടികയിലേക്ക് അവളുടെ പേരും എഴുതി ചേർക്കപ്പെട്ടു. 46 വയസ്സുമാത്രം പ്രായം ഉണ്ടായിരിക്കെ സെലിഗ്വരിൻ 1877 ഓഗസ്റ്റ് 28ന് മരണമില്ലാത്ത ലോകത്തിലേക്ക് പ്രവേശിച്ചു. അവളുടെ മക്കൾ പൗളിൻ ലിസ്യുവിലെ കർമലമഠത്തിൽ ചേർന്നു. ലയോണിമാത്രം വിസിറ്റേഷൻ മഠത്തിലും പ്രവേശിച്ചു. സഭയ്ക്കും മിശിഹായ്ക്കുമായി സന്താനങ്ങളെ നൽകിയ ആ ധന്യജീവിതത്തെ സ്വർഗത്തിൽ ദൈവം മാനിച്ചിരിക്കുന്നു.

കൊച്ചുത്രേസ്യ മഠത്തിൽ ചേരാനുള്ള ആഗ്രഹം സ്വന്തം പിതാവിനെ അറിയിച്ചപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണം ഇങ്ങനെയായിരുന്നു. "എന്റെ മക്കളെ ഓരോന്നായി കാരുണ്യവനായ ദൈവം എന്നോട് ദാനം ചോദിക്കുന്നത് എനിക്ക് എത്ര വലിയ ഒരുബഹുമതിയാണ്." ഇന്ന് മക്കളെ സന്യാസത്തിനും വൈദികജീവിതത്തിനും പറഞ്ഞയക്കാൻ മാതാപിതാക്കൾ മടികാണിക്കുന്നത് ഈശോയോട് അത്രമാത്രം സ്നേഹമില്ലാഞ്ഞിട്ടു കൂടെയല്ലയോ?

ദൈവം വിശേഷവിധമായി വിളിച്ച് ബലിജീവിതത്തിനായി ഒരുക്കുന്ന വിശുദ്ധരുടെ മാതാപിതാക്കളും ബലിയുടെ അനുഭവത്തിലൂടെ കടന്നുപോകാൻ ദൈവം തിരുവുള്ളമാകുന്നു. മാക്സിമില്ല്യൻ കോൾബെയുടെ അമ്മയിൽ ധീരോദാത്തമായ ആ മാതൃക നാം കാണുക. തന്റെ മകൻ ഔഷ്വിറ്റ്സ് ക്യാമ്പിലെ പട്ടിണി മുറിയിൽ കിടന്ന് വിഷം കുത്തിവെയ്ക്കപ്പെട്ട് മരിച്ച വിവരം വളരെ താമസിച്ചാണെങ്കിലും അമ്മ മരിയാന്ന അറിഞ്ഞു. അന്ന് അവൾ

ക്രാക്കോവ് കന്യകാമഠത്തിൽ പാർത്തിരുന്നു. അവൾ പറഞ്ഞു. ''അതായിരുന്നു ദൈവഹിതം. എന്റെ മകൻ രക്തസാക്ഷിയാകുമെന്ന് എനിക്കറിയാമായിരുന്നു.'' പണ്ട് മകൻ കണ്ട പുഷ്പകിരീടങ്ങളുടെ ഓർമ്മ അവൾ ഹൃദയത്തിൽ മായാതെ സൂക്ഷിച്ചിരുന്നു. അപ്പൻ നാടിനുവേണ്ടി കഴുമരത്തിൽ കയറ്റപ്പെട്ടു. മറ്റൊരു മകനും മരിച്ചു. ഇപ്പോൾ മാക്സിമില്ല്യനും! വേദനയുടെ എരിതീയിൽ ആ അമ്മ തന്റെ കണ്ണീർക്കണങ്ങൾ തിരുക്കുരിശിൻ ചുവട്ടിൻ അർപ്പിച്ചു.

ബലിയാത്മാവായിത്തീർന്ന വിശുദ്ധ ബർണദീത്തയുടെ മാതാപിതാക്കൾക്കും ഈശോ വച്ചുനീട്ടിയത് സഹനത്തിന്റെ കാസയായിരുന്നു. അമ്മ ലൂയിസ ജോലിഭാരത്താൽ തളർന്ന് അടുപ്പിനടുത്തിരുന്ന് ഉറങ്ങിപ്പോയി. കത്തുന്ന വിറകു വീണ് പൊള്ളൽ ഏറ്റു. കുഞ്ഞിനെ മൂലയൂട്ടി വളർത്താൻ കഴിയാതായി. പിതാവ് ഫ്രാൻസിസിനെ 1857 മാർച്ച് 25ന് കള്ളക്കേസു ചുമത്തി അറസ്റ്റു ചെയ്തു. റൊട്ടിക്കടക്കാരനായിരുന്ന മയിസോൺ പ്രോസ് ആയിരുന്നു പരാതിക്കാരൻ. അദ്ദേഹത്തിന്റെ കീഴിൽ കൂലിപ്പണി ചെയ്യുകയായിരുന്നു ഫ്രാൻസിസ്. കടയിൽ നിന്ന് ഒരു ചാക്കു ധാന്യം മോഷണം പോയിരുന്നു. അത് ഫ്രാൻസിസാണ് മോഷ്ടിച്ചത് എന്ന് ആരോപിച്ചു. അങ്ങനെ ആ കുടുംബം എല്ലാവരാലും ഒറ്റപ്പെട്ടു. തീർന്നില്ല സഹനം, തന്റെ മകളെ കൊണ്ട് മാതാവു പ്രത്യക്ഷപ്പെട്ടെന്നു നുണ പറയിച്ച് പണമുണ്ടാക്കാൻ ശ്രമിക്കുകയാണ് ഫ്രാൻസിസ് എന്നായി അടുത്ത ആരോപണം. ഇതെല്ലാം നെഞ്ചിലേറ്റി അനുഭവിക്കാനായിരുന്നു ആ പിതാവിനെക്കുറിച്ചുള്ള ദൈവഹിതം. ഈശോ തന്റെ കുരിശിൽ താൻ, സ്നേഹിക്കുന്നവരെ പങ്കുകാരാക്കുന്നു.

ഇതാ മറ്റൊരു വിശുദ്ധൻ, ഡോൺബോസ്കോ അദ്ദേഹം തന്റെ അമ്മയെക്കുറിച്ച് നമ്മോടു പറയുമ്പോൾ ഈറനണിഞ്ഞ മിഴികളോടെയല്ലാതെ നമുക്കത് കേൾക്കാനാവില്ല. അമ്മ മാർഗരറ്റ്, അപ്പൻ ഫ്രാൻസിസ്. ജോൺ ഉണ്ടായി രണ്ടു വർഷം തികയുമ്പോഴേക്കും അപ്പൻ ലോകത്തോടു വിട പറഞ്ഞുകഴിഞ്ഞു. ആദ്യകുടിയിൽ അപ്പനുണ്ടായിരുന്ന ആന്റണി എന്ന മകനെയും നോക്കിവളർത്തേണ്ട ചുമതല കേവലം 29 വയസ്സു മാത്രം പ്രായമുള്ള മാർഗരറ്റിന്റെ ചുമതലയായി. ഒപ്പം ജോണിന്റെ സഹോദരൻ ജോസഫ് എന്ന കുട്ടിയുമുണ്ട്. മരണമടഞ്ഞ ഭർത്താവിന്റെ തളർന്നുകിടക്കുന്ന അമ്മയും. അവൾ അടുത്ത വീട്ടിൽ കൂലിപ്പണിക്കുപോയി കുടുംബം പുലർത്തി. ഇറ്റലി വിപ്ലവത്തിലും യുദ്ധത്തിലുമായിരുന്നതിനാൽ ദാരിദ്ര്യം

കൊടുമ്പിരികൊണ്ടിരുന്ന സമയമായിരുന്നു അത്. പലപ്പോഴും ഭക്ഷണം കഴിക്കാൻ ഒന്നുമില്ലാതായി. വീട്ടുജോലി മുഴുവൻ നോക്കി, മക്കളെയും വളർത്തി. നിലമുഴുതു വിതച്ചു, കൊയ്തു, ധാന്യം സംഭരിച്ചു, കന്നുകാലികളെ വളർത്തി. അദ്ധ്വാനഭാരത്താൽ മാർഗരറ്റ് വലഞ്ഞു. ഒരിക്കൽ ഭക്ഷിക്കാൻ ഒന്നുമില്ലാതിരുന്ന ദിവസം മക്കളുടെ വിശപ്പിന്റെ കണ്ണീരിനു മുൻപിൽ അവൾ തൊഴുത്തിലേക്കുചെന്ന് തന്റെ പശുക്കുട്ടികളിൽ ഒന്നിനെ കൊന്നു പാകം ചെയ്തു.

ഏറെ കഷ്ടപ്പെട്ട് മക്കളെ വളർത്തിയപ്പോഴും അവൾ മക്കളോടു പറഞ്ഞുകൊടുത്തു ദൈവം എല്ലാം കാണുകയും അറിയുകയും ചെയ്യുന്നു എന്ന്. കളിക്കാൻ വിടുമ്പോഴും, യാത്ര പുറപ്പെടുമ്പോഴും ജോലിക്കു പോകുമ്പോഴും അവൾ പറഞ്ഞുകൊടുത്തിരുന്നു ദൈവം നിന്നെ കാണുന്നു. മഞ്ഞും മഴയും മൂലം കൃഷിനാശം വന്ന് കഷ്ടപ്പെടുമ്പോൾ അവൾ പറഞ്ഞിരുന്നു. ദൈവം തന്നു, ദൈവം എടുത്തു. മക്കളുടെ മനസ്സിൽ ദൈവത്തോടു വിഷമം തോന്നരുത് എന്ന് അവൾക്ക് നിർബന്ധമുണ്ടായിരുന്നു, നന്നായി കൃഷി വിളവു നൽകുമ്പോൾ മാർഗരറ്റ് പറയും ദൈവം നല്ല വിളവ് നൽകിയിരിക്കുന്നു. ദൈവത്തോടു നന്ദി പറയാം. അങ്ങനെ വളർത്തിയതിനാൽ ജോൺ ദൈവ സാന്നിധ്യവും ദൈവപരിപാലനയും അനുഭവിക്കുന്ന കുഞ്ഞായി വളർന്നു. മതപഠനത്തിനുള്ള സാഹചര്യം ഇല്ലായിരുന്നു. അമ്മ തന്നെ ജോണിനു ഈശോയെക്കുറുച്ചും സഭയെക്കുറിച്ചും അറിവു പകർന്നു കൊടുത്തു. ഡോൺ ബോസ്കോ തന്റെ കുട്ടിക്കാലത്തെപ്പറ്റി എഴുതുന്നു. അമ്മ എന്നെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചു. സഹോദരന്മാർക്കൊപ്പം മുട്ടുകുത്തി രാവിലെയും വൈകിട്ടും ഞാൻ പ്രാർത്ഥനകൾ ചൊല്ലിയിരുന്നു.

പ്രേഷിത പ്രവർത്തനത്തിന്റെ മധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് സേവ്യറിനും പറയാനുണ്ട് ഭക്തിയിലും വിശ്വാസത്തിലും ദൈവപരിപാലനയിൽ ആശ്രയിക്കാൻ പഠിപ്പിച്ച അമ്മയെക്കുറിച്ച്. ശത്രുക്കളാൽ രാജ്യം ആക്രമിക്കപ്പെടുകയും പരമ്പരാഗതമായി കൈമാറിക്കിട്ടിയ കൊട്ടാരവും സേവ്യർ കോട്ടയും പിടിച്ചടക്കപ്പെടുകയും കുടുംബസ്വത്തുമുഴുവൻ നഷ്ടമാവുകയും ചെയ്തു. സേവ്യർ കുടുംബം പ്രതാപത്തിൽ നിന്ന് ദാരിദ്രത്തിലേക്ക് കൂപ്പുകുത്തി. പിതാവ് മരണമടഞ്ഞു. അപ്പോൾ ഫ്രാൻസിന്റെ അമ്മ അചഞ്ചലയായി വിശ്വാസത്തിൽ ഉറച്ചുനിന്ന് മക്കളെ വളർത്തി. അവൾ ഇങ്ങനെ പ്രതികരിച്ചു ദൈവം തന്നു,

ദൈവം എടുത്തു ദൈവത്തിനു സ്തുതി ഇതുകേട്ടു വളർന്ന മക്കളിൽ ദൈവപരിപാലനയെക്കുറിച്ചുള്ള ബോധ്യം നിറഞ്ഞു. പിന്നീട് ഭാരതത്തിന്റെ തീരപ്രദേശങ്ങളിലൂടെ ആത്മാക്കൾക്കായി ഓടി നടന്നപ്പോൾ തളരാതെ കാത്തു സൂക്ഷിച്ചത് ഈ അമ്മയുടെ മാതൃകയിൽ നിന്നു കിട്ടിയ ശക്തികൂടിയാണ്.

ഇതാ പരിഹാരത്തിന്റെ പര്യായമായിത്തീർന്ന മറ്റൊരമ്മ, മോനിക്ക എന്ന ബലിയാത്മാവാണ്! ആദ്യം സ്വഭർത്താവിന്റെ മാനസാന്തരം, അതായിരുന്നു അവളുടെ ലക്ഷ്യം. കടുത്ത മുൻകോപിയും അന്യമതവിശ്വാസിയുമായിരുന്നു പത്രീഷ്സ്. എന്നാൽ കഠിനമായ ഉപവാസവും പ്രായശ്ചിത്തവും അനുഷ്ഠിച്ച് മോനിക്ക പ്രാർത്ഥിച്ചു. ലളിതജീവിതം, പുണ്യകൃത്യങ്ങൾ ഇവയൊക്കെ കണ്ണീരിൽ ചാലിച്ച് കാഴ്ചവെച്ചു. ഫലമോ, അത്ഭുതകരമായി ഭർത്താവ് മാനസാന്തരപ്പെട്ട് ക്രിസ്തീയ വിശ്വാസം സ്വീകരിച്ചു.

ഗർഭിണിയായിരുന്ന മോനിക്ക, ഉദരത്തിൽ ഉരുവായിരിക്കുന്ന കുഞ്ഞിനെ സമർപ്പിച്ച് പ്രാർത്ഥിച്ചിരുന്നു. ഉറങ്ങുമ്പോഴും ഉണരുമ്പോഴും കുഞ്ഞിനായി പ്രാർത്ഥിച്ചു. എന്നാൽ കുഞ്ഞ് ജനിച്ചുവളർന്നതോടെ മോനികയ്ക്ക് ഒരു കാര്യം വ്യക്തമായി, തന്റെ ബലിജിവിതത്തിന്റെ രണ്ടാംഘട്ടം ആരംഭിക്കുകയാണെന്ന സത്യം. അവൻ ചീത്ത കൂട്ടുകെട്ടുകളിൽ മുഴുകി, മനിക്കേയൻ പാഷണ്ഡതയിൽ ജിവിച്ചു. മോനിക്കയാകട്ടെ തപശ്ചര്യകളും പ്രാർത്ഥനയും ഉപവാസവും പതിന്മടങ്ങ് വർദ്ധമാനമാക്കികൊണ്ട് മകനുവേണ്ടി കണ്ണീരൊഴുക്കി മാധ്യസ്ഥ്യം വഹിച്ചു. രൂപതാ മെത്രനോട് സങ്കടങ്ങൾ പറഞ്ഞു. മെത്രാൻ ആശ്വസിപ്പിച്ചു; മകളെ, ഈ കണ്ണീരിന്റെ പുത്രൻ നശിച്ചുപോവുക അസാധ്യം. എങ്കിലും മകൻ പാപജീവിതം നയിക്കുന്നുവെന്ന് ആ അമ്മ കേട്ടപ്പോൾ അവൾക്കു ഉറക്കമില്ലാതായി. അവനെ ചെന്നുകണ്ട് പാപത്തിൽ നിന്നു പിൻതിരിയാൻ നിർബന്ധിക്കണം. എന്നാൽ എങ്ങനെ അവിടം വരെ പോകും. മകൻ ഇപ്പോൾ മിലാനിലാണുള്ളത്. യാത്രാചെലവെടുക്കാൻ കൈയിൽ കാശില്ല. എങ്കിലും മകന്റെ പാപ ജീവിതം ഒഴിവാക്കാൻ എന്തു ത്യാഗവും ഏറ്റെടുക്കാൻ മോനിക്ക തീരുമാനിച്ചു. വീട്ടിലുണ്ടായിരുന്ന മെഴുകുതിരി കാലുകളും തിരുശേഷിപ്പു പേടകവും വിറ്റു മോനിക്ക കപ്പൽ യാത്രയ്ക്കുള്ള പണമുണ്ടാക്കി. ദാരിദ്രത്തിന്റെ നൊമ്പരം ബലിയായിയർപ്പിച്ച് ആ മകനെ വീണ്ടെടുക്കാൻ അമ്മ ഉരുകുകയായിരുന്നു. ആ അമ്മയുടെ പ്രാർത്ഥന സ്വർഗം കേൾക്കുക

തന്നെ ചെയ്തു. അഗസ്റ്റിൻ മാനസാന്തരപ്പെട്ടു. ജ്ഞാനസ്നാനം സ്വീകരിച്ചു, വൈദികനായി, മെത്രാനായി, വേദപാരംഗതനായി, വിശുദ്ധനായി. അഗസ്റ്റിൻ ഇങ്ങനെ തന്റെ അമ്മയെക്കുറിച്ച് എഴുതിയിരിക്കുന്നു കർത്താവേ ഞാൻ ഇന്ന് അങ്ങയുടെ ദാസനാണെങ്കിൽ അത് അങ്ങയുടെ ദാസിയുടെ മകനായതു കൊണ്ടാണ്. മാതൃത്വം ബലിയായപ്പോൾ ഇതാ ഭർത്താവും പുത്രനും വിശുദ്ധീകരിക്കപ്പെട്ടു. മാതൃത്വത്തിലേക്കും പിതൃത്വ ത്തിലേക്കുമുള്ള വിളി വിശുദ്ധരെ ജനിപ്പിക്കാനുള്ള വിളിയാണ്, വിശുദ്ധരെ രൂപപ്പെടുത്താനുള്ള വിളിയാണ്, വിശുദ്ധരാകാനുള്ള വിളിയാണ്. സ്വർഗത്തിൽ വിശുദ്ധരുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള വിളിയാണ് ഭൂമിയിലെ പിതൃത്വവും മാതൃത്വവും.

ബലിജീവിതത്തിന്റെ ഭാഗമാണ് ദൈവം തരുന്ന കുഞ്ഞുങ്ങളെ ദൈവകരങ്ങളിൽ നിന്ന് സ്വീകരിക്കുക എന്നത്. ബലിയാത്മാക്കളുടെ മാതാപിതാക്കൾ തങ്ങളെത്തന്നെ ഇക്കാര്യത്തിൽ ദൈവഹിത ത്തിന് വിട്ടുകൊടുത്തിരുന്നു. വിശുദ്ധ അമ്മത്രേസ്യ ജനിച്ചു വളർന്നത് പന്ത്രണ്ട് അംഗങ്ങളുള്ള കുടുംബത്തിലായിരുന്നു. ധനാഢ്യരായ മാതാപിതാക്കളുടെ 25 മക്കളിൽ 24-ാമത്തെ കുട്ടിയായിരുന്നു സിയന്നായിലെ വിശുദ്ധ കാതറിൻ. പതിമൂന്ന് മക്കളുള്ള ഭവനത്തിലെ അംഗമായിരുന്നു ഫ്രാൻസിസ് ഡി. സാലസ്. വിശുദ്ധ ബെനദെത്തോ റോസല്ലോ ഒൻപത് മക്കളുള്ള ഭവനത്തിലെ അംഗമായിരുന്നു. വിശുദ്ധ ഫൗസ്റ്റീനയുടെ വീട്ടിൽ പത്ത് മക്കളുണ്ടായിരുന്നു. ഏഴു മക്കളുള്ള വീട്ടിൽ നിന്നാണ് സിസ്റ്റർ റാണി മരിയ. വിശുദ്ധ ജിയന്ന ബരേറ്റ പതിമൂന്നു മക്കളിൽ പത്താമത്തെ മകളായി ജനിച്ചവളാണ്. ആഞ്ചലോ ജൂസെപ്പെ എന്ന വിശുദ്ധ ജോൺ 23-ാം പാപ്പ പതിമൂന്ന് മക്കളിൽ നാലാമത്തെ കുഞ്ഞായി പിറന്നവനാണ്. വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ കുടുംബത്തിലെ അഞ്ചാമത്തെ കുഞ്ഞായിരുന്നു. ദൈവദാസി മദർ പേത്രാ ദീനദാസി ആറുമക്കളുള്ള വീട്ടിൽ പിറന്നവളാണ്.

സ്പെയിനിലെ അസ്പേഷ്യാ ഗ്രാമത്തിലെ പ്രഭുകുടുംബത്തിൽ ബെൽട്രാൻ മരീനാ ദമ്പതികളുടെ പതിമൂന്നു മക്കളിൽ ഒരാളായിരുന്നു ഇനിഗോ ലോപ്പസ് എന്ന ഇഗ്നേഷ്യസ് ലയോള. സ്പെയിനിലെ തന്നെ നവേരയിലെ അരഗോസ നദീതീരത്തുള്ള ഡോൺ ഹുവാൻ പ്രഭുവിന്റെയും പത്നി ഡോണാ മരിയയുടെയും അഞ്ചു മക്കളിൽഇളയവനായിരുന്നു ഫ്രാൻസിസ് സേവ്യർ.

സ്വീഡനിലെ ഫിൻസ്റ്റ എന്ന സ്ഥലത്ത് പ്രഭുകുടുംബത്തിൽ എട്ടുമക്കളിൽ ഏഴാമത്തവളായി ജനിച്ചവളാണ് വിശുദ്ധ ബ്രിജിറ്റ്.

ഇറ്റലിയുടെ വടക്ക് റീസ് എന്ന ഗ്രാമത്തിൽ സാർത്തോ ഭവനത്തിൽ ജിയോവാനി ബാറ്റിസ്റ്റയുടെയും മാർഗരീത്ത സാൻസൺന്റെയും പത്തുമക്കളിൽ ഒന്നാമനായി പിറന്ന ജോസഫാണ് പത്താം പിയൂസ് പാപ്പായായിത്തീർന്നത്. യഹൂദ കുടുംബത്തിൽ ജനിച്ചുവളർന്ന ഇഡിത്സ്റ്റെയിൻ പതിനൊന്ന് മക്കളുള്ള ഭവനത്തിലെ അംഗമായിരുന്നു.

ബലിജീവിതത്തെയും ക്രിസ്തീയതയെയും തകർക്കാൻ സാത്താൻ നടത്തുന്ന കുതന്ത്രങ്ങളുടെ ഭാഗമാണ് കുഞ്ഞുങ്ങൾ വേണ്ട എന്ന പ്രലോഭനം. കുടുംബങ്ങളെ തകർക്കാൻ സാത്താൻ ഏറെ ശ്രദ്ധാലുവാണ്. കുടുംബങ്ങൾ തകർന്നാൽ ധാർമ്മികത തകരും, ദൈവവിളി ഇല്ലാതാകും, വിശ്വാസവും മതജീവിതവും ഇല്ലാതാകും എന്ന് സാത്താനറിയാം. ആകയാൽ ക്രൈസ്തവ വിശ്വാസികൾ ഒന്നുചേർന്ന് തിരുക്കുടുംബത്തിന്റെ മാധ്യസ്ഥ്യം യാചിച്ച് ആധുനിക കുടുംബങ്ങൾക്കായി പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. മക്കളെ വിശുദ്ധിയലേക്ക് പരിശീലിപ്പിച്ചു വളർത്തുന്ന മാതാപിതാക്കൾ ഇന്ന് എത്രയും ആവശ്യമാണ്. കുടുംബജീവിതമാകുന്ന ബലി ദൈവസന്നിധിയിൽ സ്വീകാര്യമാകുന്നത് മക്കൾ വിശുദ്ധരായിത്തീരുന്നതിലാണ്. ഈശോയ്ക്കായ് മക്കളെ വളർത്താത്ത മാതാപിതാക്കൾ എങ്ങനെ ദൈവസന്നിധിയിൽ നിൽക്കും? വിശുദ്ധിയിലും പ്രാർത്ഥനയിലും കുഞ്ഞുങ്ങൾ വളരുന്ന കുടുംബമാണ് പുണ്യപുഷ്പങ്ങൾ വിരിയുന്ന സുന്ദരാരാമം, വിശുദ്ധിയുടെ വിളനിലം.